28th Year of Service 2020

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 13, 2020 Vol. XXVIII No. 11 Periodicals Postage Paid


4 മന്ത്രി ജലീലിന്റെ അദാലത്ത് നിയമവിരുദ്ധം

4 മാധ്യമ വിലക്ക് പിൻവലിച്ചു

8 മുഖ്യമന്ത്രിക്കെതിരെ ആഞ്ഞടിച്ച് ഷാഫി

9 മിന്നൽ സമരത്തിൽപ്പെട്ട് യാത്രക്കാരൻ മരിച്ചു

13 ഗുരുവായൂർ ആനയോട്ടം: ഗോപീകണ്ണൻ വീണ്ടും


## കൊറോണ 100 രാജ്യങ്ങളിൽ: ഇറ്റലി ഒറ്റപ്പെട്ടു

കോട്ടയം: കൊറോണ വൈറസ് (കോവിഡ് –19) ബാധിച്ച രാജ്യങ്ങളുടെ എണ്ണം നൂറു കടന്നു. കൊളംബിയ, വത്തിക്കാൻ സിറ്റി, പെറു, ടോഗോ, സ്ലൊവാക്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിലും ആദ്യമായി രോഗമെത്തി. ആകെ മരണം 3,789. രോഗികളിൽ 107,000.

ഗുരുതരമായ സാഹചര്യമാണ് ഇറ്റലിയിൽ. രാജ്യത്തിന്റെ സാമ്പത്തിക തലസ്ഥാനമായ മിലാൻ അടക്കം അതിസമ്പന്നർ താമസിക്കുന്ന മേഖലകൾ 'ഐസലേഷനി'ലായി. വടക്കൻ ഇറ്റലിയിലെ ലൊമ്പാർഡി മേഖലയിലും മറ്റ് 4 മേഖലകളിൽ പെടുന്ന 14 പ്രവിശ്യകളിലും വരുന്ന 1.6 കോടി ജനങ്ങളോട് ഏപ്രിൽ 13 വരെ യാത്ര ഒഴിവാക്കാനും വീടുകളിൽ തന്നെ കഴിയാനും നിർദേശം. പൊതു ജനങ്ങൾ കൂടുന്ന സ്ഥാപനങ്ങളെല്ലാം അടച്ചിടാനും ഉത്തരവിട്ടിട്ടുണ്ട്. ആശുപത്രി ജീവനക്കാരുടെ അവധി റദ്ദാക്കി. ഇറ്റലിയിലെ പള്ളികളിൽ മാർച്ച് 8ന് കുർബാന ഓൺലൈനാക്കി. 1,200 പേർക്ക് പുതുതായി രോഗബാധയുണ്ടായി. ഇതുവരെ ഉണ്ടായതിൽ വലിയ വർധനയാണിത്. മരണം 366 ആയി. രോഗം ബാധിച്ച 5,883 പേരിൽ 589 പേർ സുഖം പ്രാപിച്ചു.



ഇറാനിൽ മാത്രം മാർച്ച് 8ന് 49 പേരാണ് മരിച്ചത്. ആകെ മരണം 194 ആയി. ആകെ രോഗികളിൽ 5823 ഇറാനിലെ 31 പ്രവിശ്യകളിലും രോഗമെത്തി.

യുഎസിൽ രോഗികളുടെ എണ്ണം 400 കടന്നതോടെ ന്യൂയോർക്കിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. 30 യുഎസ് സംസ്ഥാനങ്ങളിൽ രോഗമെത്തി. ഇതുവരെ 19 മരണമുണ്ടായി. 2,400 യാത്രക്കാരും 1,100 ജീവനക്കാരുമായി എത്തിയ ഗ്രാൻഡ് പ്രിൻസസ് എന്ന യുഎസ് കപ്പലിന് ഓക്‌ലൻഡ് തുറമുഖത്തിനടുത്ത് നങ്കൂരമിടാൻ അനുമതി നൽകി. കപ്പലിൽ 21 പേർക്ക് അണുബാധയുണ്ടായിട്ടുണ്ട്.

ചൈനയിൽ രോഗബാധ കുറയുന്നതായാണ് കണക്കുകൾ. മാർച്ച് 8ന് മരിച്ചത് 27 പേർ. ഇതോടെ ആകെ മരിച്ചവർ 3,097. പുതുതായി അണുബാധ കണ്ടത് 44 പേരിൽ മാത്രം. ആകെ രോഗം ബാധിച്ച 80,695 പേരിൽ 57,065 പേർ ആശുപത്രി വിട്ടു.

ദക്ഷിണ കൊറിയയിലും രോഗം കുറഞ്ഞു തുടങ്ങി. ഞായറാഴ്ച പള്ളികൾ തുറന്നില്ല.

ഇന്ത്യയിൽ വൈറസ് രോഗബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 40 ആയി.

## മൂന്നു വയസുള്ള കുട്ടിക്കും കൊറോണ

കൊച്ചി: മാതാപിതാക്കൾക്കൊപ്പം ഇറ്റലിയിൽ നിന്ന് എത്തിയ മൂന്ന് വയസുള്ള കുട്ടിക്ക് കൊറോണ (കോവിഡ്–19) സ്ഥിരീകരിച്ചു.

എറണാകുളം മെഡിക്കൽ കോളജിലെ ഐസോലേഷൻ വാർഡിൽ കഴിയുന്ന കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണ്. കഴിഞ്ഞ ഏഴിന് രാവിലെ 6.30ന് ദുബായ്–കൊച്ചി ഇകെ 530 വിമാനത്തിൽ നെടുമ്പാശേരിയിൽ വന്നിറങ്ങിയ കുട്ടിക്കാണ് രോഗം സ്ഥിരീകരിച്ചത്. വിമാനത്താവളത്തിൽ കഴിഞ്ഞ മൂന്ന് മുതൽ ഏർപ്പെടുത്തിയ യൂണിവേഴ്സൽ സ്ക്രീനിംഗ് സംവിധാനം വഴി പരിശോധിച്ചപ്പോൾ കുട്ടിക്ക് പനിയുണ്ടെന്ന് തിരിച്ചറിയുകയും ഉടൻ വിമാനത്താവളത്തിൽ സജ്ജീകരിച്ചിട്ടുള്ള (ശേഷം 28–ാം പേജിൽ)

## ഷാഫി പറമ്പിൽ പ്രസിഡണ്ട്

തിരുവനന്തപുരം: യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് ആയി ഷാഫി പറമ്പിൽ എംഎൽഎയെ പ്രഖ്യാപിച്ചു. വൈസ് പ്രസിഡണ്ടുമാരായി കെ.എസ്. ശബരീനാഥൻ എംഎൽഎ, റിജിൽ മാക്കുറ്റി, റിയാസ് മുക്കോളി, എൻ.എസ്.



നുസൂർ, എസ്.ജെ. പ്രേംരാജ്, എസ്. എം. ബാലു, വിദ്യാ ബാലകൃഷ്ണൻ എന്നിവരെയും ജനറൽ സെക്രട്ടറിമാരായി 38 പേരെയും തെരഞ്ഞെടുത്തു.

ഭാരവാഹികളുടെ പട്ടികയിൽ എ ഗ്രൂപ്പിനാണ് നേരിയ മുൻതൂക്കം. പ്രസിഡണ്ട് ഉൾപ്പെടെ 71 അംഗ സംസ്ഥാന ഭാരവാഹികളിൽ 37 പേർ എ ഗ്രൂപ്പിൽ നിന്നും 34 പേർ ഐ ഗ്രൂപ്പിൽ നിന്നുമാണ്.

പ്രസിഡണ്ട് സ്ഥാനത്തിനു പുറമേ 3 വൈസ് പ്രസിഡണ്ടുമാരും 14 ജനറൽ സെക്രട്ടറിമാരും

(ശേഷം 28–ാം പേജിൽ)

## കേരളത്തിൽ കൊറോണ വീണ്ടും എത്തി

കോട്ടയം: സംസ്ഥാനത്ത് അഞ്ചു പേർക്കു കൂടി കോവിഡ്– 19 രോഗബാധ സ്ഥിരീകരിച്ചു. അഞ്ചുപേരും പത്തനംതിട്ട ജില്ലയിലുള്ളവരാണ്. ഇവരിൽ മൂന്നു പേർ ഇറ്റലിയിൽ നിന്ന് മടങ്ങിയെത്തിയ ദമ്പതികളും മകനുമാണ്. മറ്റു രണ്ടുപേർ ഇവരുമായി സമ്പർക്കത്തിലേർപ്പെട്ട അയൽപക്കത്തെ ബന്ധുക്കളാണ്. ഇവരെല്ലാം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ചികിത്സയിലാണെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ അറിയിച്ചു.

കഴിഞ്ഞ ഫെബ്രുവരി 28ന് ക്യൂആർ 126 വെനീസ്– ദോഹ ഖത്തർ എയർവേസ് വിമാനത്തിൽ ഇവർ ദോഹയിലെത്തി. രാത്രി 11.20നാണ് ദോഹയിലെത്തിയത്. അവിടെ ഒന്നര മണിക്കൂറോളം ചെലവഴിച്ച ശേഷം 29നു ക്യുആർ 514 ദോഹ–കൊച്ചി ഖത്തർ എയർവേസ് വിമാനത്തിലാണ് നെടുമ്പാശേരിയിൽ എത്തിയത്.

ഇറ്റലിയിൽ നിന്നെത്തിവരുടെ വീട്ടിലുള്ള രണ്ടു പേരെ പനി ബാധയെ തുടർന്ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്. ഇവരുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചു. ഇവർക്ക് 90 വയസിൽ കൂടുതൽ പ്രായമുള്ള സാഹചര്യത്തിലാണ് ഇവരെ ആശുപത്രിയിലേക്ക് മാറ്റിയത്.

ഇറ്റലിയിൽ നിന്ന് വന്നവർ അക്കാര്യം വിമാനത്താവളത്തിൽ റിപ്പോർട്ട് ചെയ്തില്ല. ഇവരുടെ വീടിനു സമീപത്തെ ബന്ധുവീടുകളിലുള്ള രണ്ടുപേർ പനിയായി ആശുപത്രിയിൽ വന്നപ്പോഴാണ് ഇറ്റലിയിൽ നിന്നു വന്നവരുണ്ടെന്ന് അറിഞ്ഞത്. ഉടൻ തന്നെ അവരോട് ആശുപത്രിയിലേക്കു മാറാൻ ആവശ്യപ്പെട്ടു.

എന്നാൽ, ഇവർ ആരോഗ്യവകുപ്പിന്റെ നിർദേശം അവഗണിക്കുകയായിരുന്നു. ആരോഗ്യ പ്രശ്നങ്ങളില്ലെന്നാണ് അവർ പറഞ്ഞത്. നിർബന്ധപൂർവം ഇവരെ നിരീക്ഷണത്തിലാക്കി സാമ്പിളെടുത്ത് പരിശോധിച്ചപ്പോഴാണ് ഫലം പോസിറ്റീവാണെന്ന് അറിഞ്ഞത്. ഇവർ 54, 53 വയസ് വീതമുള്ള ഭാര്യയും ഭർത്താവും 24 വയസുള്ള മകനുമാണ്. മറ്റുള്ളവർ 65, 61 വയസ് വീതമുള്ള ദമ്പതികളാണ്. കോവിഡ് 19 ബാധിത രാജ്യങ്ങളായ ഇറാൻ, ഇറ്റലി, ദക്ഷിണകൊറിയ, ചൈന തുടങ്ങിയ

(ശേഷം 28–ാം പേജിൽ)

## കോഴിക്കോട്ട് പക്ഷിപ്പനിയും

കോട്ടയം: കോവിഡ് – 19 വൈറസ് ഭീതി നിലനിൽക്കെ സംസ്ഥാനത്ത് പക്ഷിപ്പനിയും സ്ഥിരീകരിച്ചു. കോഴിക്കോട് ജില്ലയിലെ മുക്കത്തിനടുത്ത് വെസ്റ്റ് കൊടിയത്തൂർ, വേങ്ങേരി എന്നിവിടങ്ങളിലെ രണ്ടു കോഴി ഫാമുകളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചതെന്ന് മന്ത്രി കെ. രാജു പറഞ്ഞു.

രോഗബാധ കണ്ടെത്തിയ സാഹചര്യത്തിൽ 12,931 കോഴികളെ നശിപ്പിക്കും. ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസസിൽ നിന്ന് അന്തിമപരിശോധനാ ഫലം ലഭിച്ചു. തുടർന്ന് സംസ്ഥാനത്ത് അതീവ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചതായും മന്ത്രി പറഞ്ഞു. ഇതര സംസ്ഥാനത്തു നിന്ന് ഇറച്ചിക്കോഴി കൊണ്ടുവരുന്നതിന് താൽകാലികമായി നിയന്ത്രണം ഏർപ്പെടുത്തി. രോഗബാധിത പ്രദേശങ്ങളിൽ കോഴിയിറച്ചിക്ക് നിയന്ത്രണമേർപ്പെടുത്തിയതായി അദ്ദേഹം അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടർമാരുൾപ്പെടുന്ന വിദഗ്ധ സംഘം കോഴിക്കോട്ടെത്തി പരിശോധന നടത്തി.

വെസ്റ്റ് കൊടിയത്തൂരിലെ പുതിയോട്ടിൽ കടവിലുള്ള എഗ്ഗർ നഴ്സറി യൂണിറ്റിലെ വേങ്ങേരിയിലുള്ള വീട്ടിൽ വളർത്തുന്ന കോഴികളിലും പക്ഷിപ്പനി സ്ഥിരീകരിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള ചാത്തമംഗലം റീജണൽ പൗൾട്രി ഫാമിൽ നിന്ന് എഗ്ഗർ നഴ്സറി യൂണിറ്റിലേക്ക് കോഴിയെ കൊണ്ടുവരികയായിരുന്നു. വേങ്ങേരിയിലെ വീട്ടിലെ 10 കോഴികൾ ചത്തതിനെത്തുടർന്ന് (ശേഷം 28–ാം പേജിൽ)

## ചിക്കാഗോ മലയാളി അസോസിയേഷൻ വനിതാദിനം ആഘോഷിച്ചു



ചിക്കാഗോ മലയാളി അസോസിയേഷൻ വിമൻസ് ഫോറം സംഘടിപ്പിച്ച വനിതാദിനാഘോഷ പരിപാടികൾ കുക്ക് കൗണ്ടി സർക്യൂട്ട് കോർട്ട് അസോസിയേറ്റ് ജഡ്ജ് സഞ്ജു ഉമ്മൻ ഗ്രീൻ ഉദ്ഘാടനം ചെയ്യുന്നു. (ഫോട്ടോ: മോനു വർഗീസ്)

# TRUE LIGHT CHRISTIAN ASSEMBLY

One of the fastest growing church in the greater Houston area




**TRUE LIGHT CHRISTIAN ASSEMBLY IN HOUSTON, TX IS SEEKING FULL TIME SENIOR AND YOUTH PASTORS**

**Senior Pator** Needed (To begin ministering in July 2020)

***QUALIFICATIONS***

- MTh OR EQUIVALENT IN THEOLOGY
- FLUENT IN ENGLISH AND MALAYALAM
- ABILITY TO DELIVER SERMONS IN BOTH ENGLISH AND MALAYALAM
- MINIMUM 5 YEARS OF PASTORAL EXPERIENCE AND MARRIED
- US CITIZENS OR US PERMANENT RESIDENTS

**Youth Pastor** Needed (immediately)

***QUALIFICATIONS***

- BACHELOR'S DEGREE IN THEOLOGY
- EXPERIENCE IN YOUTH/CHILDREN'S MINISTRY
- PROFICIENT UNDERSTANDING OF CHALLENGES AND NEEDS OF YOUNG PEOPLE
- MINIMUM 2 YEARS OF PASTORAL EXPERIENCE AND MARRIED
- US CITIZENS OR US PERMANENT RESIDENTS

**Interested candidates must email resume to PastorSearch@truelightchristianassembly.com before March 15th, 2020.**

## TRUE LIGHT CHRISTIAN ASSEMBLY

5431 W Ridgecreek Drive, Houston, TX 77053

www.truelightchristianassembly.com

Samuel Philippose (Babu) - Deacon of Administration

Jim Idicula - Deacon of Finance

# JAIBU MATHEW KULANGARA & ASSOCIATES



JAIBU MATHEW KULANGARA, E.A.

Enrolled to Practice before IRS

## For Personal & Business TAX SERVICE




7215 W. TOUHY, SUITE 6

CHICAGO, IL 60631

773 792 2117 OFFICE

847 298 0786 HOME


312 718 6337 CELL

773 792 2118 FAX

Email:tax@jaibu.com

Web: www.jaibu.com

Free Electronic Filing



FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TAX
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
Free Electronic Filing
Full Time In Accounting
& Tax Services




Spectacular Tours
GLOBAL TOURS NY INC.
HOLY LAND
(Jordan with Petra, Isreal, Palestine and Egypt)
July 9-20, 2020
from New York
with PETRA
November 22 - December 4th 2020
GREECE & TURKEY
August 14-25, 2020
SOUTH AFRICA
September 17-29, 2020
For More Information
THOMAS KURIAN
516-754-0631
email: global tours 4u@gmail.com
www.globaltoursny.gov
EUROPE
October 15 - 29 2020

# മന്ത്രി ജലീലിന്റെ അദാലത്ത് നിയമവിരുദ്ധം

തിരുവനന്തപുരം: സാങ്കേതിക സർവകലാശാലയിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി കെ.ടി. ജലീലിന്റെയും പ്രൈവറ്റ് സെക്രട്ടറിമാരുടെയും സാന്നിദ്ധ്യത്തിൽ ഫയൽ അദാലത്ത് സംഘടിപ്പിച്ചതും നിയമവിരുദ്ധമാണെന്ന് ഗവർണർ. മന്ത്രിയുടെ പേരു പറയാതെയാണ് ഉത്തരവ്.

മന്ത്രിയുടെ നിർദേശാനുസരണം സർവകലാശാലാ അദാലത്ത് സംഘടിപ്പിച്ചതും തോറ്റ ബിടെക് വിദ്യാർത്ഥിയെ വീണ്ടും മൂല്യനിർണയം നടത്തി ജയിപ്പിച്ചതും ചോദ്യം ചെയ്തു സേവ് യൂണിവേഴ്സിറ്റി ക്യാംപെയ്ൻ കമ്മിറ്റിയാണ് ചാൻസലർ കൂടിയായ ഗവർണർ ആരിഫ് മുഹമ്മദ് ഖാനു പരാതി നൽകിയത്.

അദാലത്ത് സംഘടിപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ നിർദേശ പ്രകാരം സർവകലാശാലയോട് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെടുകയായിരുന്നു.

മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിമാരെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വിസിയുടെ അദ്ധ്യക്ഷതയിൽ പന്ത്രണ്ടംഗ അദാലത്ത് കമ്മിറ്റി രൂപീകരിച്ചതും തീരുമാനങ്ങൾ എടുത്തതും സർവകലാശാലാ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

സർവകലാശാലാ സ്വയംഭരണ സ്ഥാപനം ആയതിനാൽ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്ന 2003ലെ സുപ്രീംകോടതി വിധി ഗവർണർ ചൂണ്ടിക്കാട്ടി.

എല്ലാം നടന്ന സ്ഥിതിക്ക് അദാലത്തിലെ തീരുമാനങ്ങളുടെ ന്യായാന്യായങ്ങളിലേക്കു കടക്കുന്നില്ല. മേലിൽ ചട്ടങ്ങളും നടപടിക്രമങ്ങളും സർവകലാശാല പാലിക്കണം. മൂന്നാം മൂല്യനിർണയം റദ്ദാക്കണമെന്ന ആവശ്യം, വിദ്യാർത്ഥിയുടെ ഭാവിയെ കരുതി മുന്നോട്ടു വെക്കുന്നില്ലെന്ന് പരാതിക്കാർ അറിയിച്ചതിനാൽ ഇടപെടുന്നില്ല. ഇതു കീഴ്വഴക്കമായി കാണരുത്: ഗവർണർ വ്യക്തമാക്കി.



സാങ്കേതിക സർവകലാശാലയിൽ മന്ത്രി കെ.ടി. ജലീൽ പങ്കെടുത്ത ഫയൽ അദാലത്തിൽ ബിടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് മൂന്നാമതും മൂല്യനിർണയം നടത്താൻ തീരുമാനിച്ചു. ഇതിൽ വിദ്യാർത്ഥി ജയിച്ചു.

അതേസമയം കാലിക്കറ്റ് സർവകലാശാലയിൽ 2019 മാർച്ച് 2ന് മന്ത്രി കെ.ടി. ജലീൽ പങ്കെടുത്ത അദാലത്തിന്റെ മിനിറ്റ്സും നടപടിക്രമങ്ങളും രേഖപ്പെടുത്തിയ ഫയലിന്റെ പേര് 'മിനിസ്റ്റേഴ്സ് അദാലത്ത്' എന്നതിനു പകരം 'ഒറ്റത്തവണ തീർപ്പാക്കൽ സ്പെഷൽ സപ്ലിമെന്ററി പരീക്ഷ എന്നാക്കി മാറ്റി.' അദാലത്തിൽ മന്ത്രി ആദ്യാവസാനം പങ്കെടുത്തതായി മിനിറ്റ്സിലുണ്ട്.

1995–2015 കാലത്തെ ബിരുദ–ബിരുദാനന്തര വിദ്യാർത്ഥികൾക്കു സ്പെഷൽ സപ്ലിമെന്ററി പരീക്ഷയ്ക്കൊപ്പം മോഡറേഷൻ, മാനദണ്ഡം മറികടന്ന് സ്പോർട്സ് ക്വോട്ടയിൽ ചേർന്ന വിദ്യാർത്ഥിയുടെ അഡ്മിഷനു സാധുത നൽകാൻ ശിപാർശ തുടങ്ങിയ വിവാദ തീരുമാനങ്ങൾ ഈ അദാലത്തിൽ എടുത്തിരുന്നു.

# ഖത്തറിൽ ഇന്ത്യൻ യാത്രികർക്ക് വിലക്ക്

ദോഹ: കോവിഡ് ഭീഷണി നിലനിൽക്കുന്നതിനാൽ ഇന്ത്യയുൾപ്പെടെ 14 രാജ്യങ്ങളിലെ യാത്രികർ ഖത്തറിൽ പ്രവേശിക്കുന്നതിന് മാർച്ച് 9 മുതൽ താൽക്കാലിക വിലക്ക് ഏർപ്പെടുത്തി.

ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് ഈയിടെ എത്തിയവർ പരിശോധനയ്ക്ക് വിധേയരാകണമെന്ന് കുവൈത്ത് നിർദേശിച്ചു. യുഎഇയിൽ മാർച്ച് 28ന് 45 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചതോടെ, ആശുപത്രി ജീവനക്കാരുടെ അവധിക്കു നിയന്ത്രണമേർപ്പെടുത്തി. നാട്ടിൽ പോയി മടങ്ങി വരുന്നവർ സ്വയം 14 ദിവസം നിരീക്ഷണത്തിലായിരിക്കണമെന്നു യുഎഇയിൽ ഏതാനും സ്വകാര്യ കമ്പനികൾ നിർദേശം നൽകി. ബഹ്റൈൻ ഫോർമുല – 1 ഗ്രാൻഡ് പ്രി മുൻ നിശ്ചയിച്ച പ്രകാരം 20 മുതൽ 22 വരെ നടത്തുമെങ്കിലും കാണികൾക്കു പ്രവേശനമില്ല. സൗദിയിൽ 4 പേർക്ക് കൂടി സ്ഥിരീകരിച്ചതോടെ രോഗികൾ 11 ആയി. കുവൈത്തിൽ ഇന്ത്യയിൽ നിന്നു തിരിച്ചെത്തുന്നവർ രണ്ടാഴ്ച വീടുകളിൽ നിരീക്ഷണത്തിലായിരിക്കും. കുവൈത്തിൽ ആകെ രോഗികൾ 64 ആയി. ഖത്തറിൽ ആകെ 15.

പ്രധാന പ്രാർത്ഥനകൾ, ഹ്രസ്വമായി നടത്തുന്നതൊഴികെ മറ്റെല്ലാ പരിപാടികളും നിർത്തിവെക്കാൻ അബുദാബിയിലെ ആരാധനാലയങ്ങൾക്കു നിർദേശമുണ്ട്. എമിറേറ്റ്സ് എയർലൈൻസ് മേയ് 31 വരെയുള്ള ടിക്കറ്റുകൾ റദ്ദാക്കാനോ പുതുക്കാനോ ചാർജ് ഈടാക്കില്ല. ഫ്ളൈ ദുബായ്, ഇത്തിഹാദ്, എയർ അറേബ്യ തുടങ്ങിയ വിമാനക്കമ്പനികളും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഖത്തറിലെ ഹമദ് മെഡിക്കൽ കോർപറേഷൻ ജീവനക്കാരുടെയെല്ലാം വാർഷിക അവധി റദ്ദാക്കി.

# മാധ്യമ വിലക്ക് പിൻവലിച്ചു

ന്യൂഡൽഹി: ഡൽഹി കലാപം റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട് രണ്ട് മലയാളം ടെലിവിഷൻ വാർത്താ ചാനലുകൾ 48 മണിക്കൂർ വിലക്കേർപ്പെടുത്തിയ നടപടി കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയം പിൻവലിച്ചു. വ്യാപക വിമർശനവും എതിർപ്പും ഉയർന്നതിനെത്തുടർന്നാണ് കേന്ദ്രത്തിന്റെ പിന്മാറ്റം മാർച്ച് 6ന് വെള്ളിയാഴ്ച വൈകിട്ട് ഏഴരമണിയോടെയാണ് വിലക്ക് പ്രാബല്യത്തിൽ വന്നത്. അന്നു രാത്രി 11.30ഓടെ തന്നെ ഏഷ്യാനെറ്റ് ചാനൽ സംപ്രേഷണം പുനരാരംഭിച്ചു. 7നു പുലർച്ചെ മുതലാണ് മീഡിയാ വൺ ചാനലിനുള്ള നിയന്ത്രണം നീക്കിയത്.

തെറ്റായ വാർത്ത പ്രക്ഷേപണം ചെയ്തുവെന്ന് ആരോപിച്ചായിരുന്നു ഏഷ്യാനെറ്റിനുള്ള വിലക്ക്. വാർത്തക്കിടയിലെ ഫോൺ ഇൻ പരിപാടിയിൽ ഡൽഹി പോലീസിനെയും ആർഎസ്എസിനേയും വിമർശിച്ചുവെന്നായിരുന്നു മീഡിയാ വൺ ചാനലിനെതിരെയുള്ള കുറ്റം. വാർത്ത പുറത്തുവന്നതിനു പിന്നാലെ സാമൂഹിക മാധ്യമങ്ങളിൽ ഉൾപ്പെടെ കേന്ദ്ര സർക്കാരിനെതിരെ അതിരൂക്ഷ വിമർശനങ്ങളാണ് ഉയർന്നത്. അടിയന്തരാവസ്ഥയെ ഓർമിപ്പിക്കുന്നതാണ് നടപടിയെന്ന ആരോപണവുമായി രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെ രംഗത്തെത്തി. എന്നാൽ ഇതു സംബന്ധിച്ച ചോദ്യത്തിന് താൻ അറിഞ്ഞില്ലെന്നായിരുന്നു കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രി പ്രകാശ് ജാവദേക്കറിന്റെ ആദ്യ പ്രതികരണം. പിന്നീടാണ് വിലക്ക് പിൻവലിച്ച കാര്യം മന്ത്രി വ്യക്തമാക്കിയത്. മാധ്യമ സ്വാതന്ത്ര്യം വേണമെന്ന നിലപാടാണ് കേന്ദ്രസർക്കാരിന്റേതെന്നും മന്ത്രി ന്യായീകരിച്ചു. എന്നാൽ, ചാനലുകളുടെ വിശദീകരണം ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം തള്ളി.

ഡൽഹി കലാപം റിപ്പോർട്ട് ചെയ്തതിന് ഏഷ്യാനെറ്റ്, മീഡിയ വൺ ചാനലുകളുടെ സംപ്രേഷണം നിർത്തിവെപ്പിച്ച കേന്ദ്രസർക്കാർ നടപടിയിൽ കെയുഡബ്ല്യുജെ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. അപ്രഖ്യാപിത അടിയന്തരാവസ്ഥ സൃഷ്ടിക്കാനുള്ള ശ്രമമാണിത്. ഈ നടപടി അടിയന്തരമായി പിൻവലിക്കണം. കേന്ദ്ര നടപടിക്കെതിരെ സംസ്ഥാനത്തു മാധ്യമ പ്രവർത്തകർ പ്രതിഷേധം സംഘടിപ്പിക്കുമെന്നും പ്രസിഡണ്ട് കെ.പി. റെജിയും ജനറൽ സെക്രട്ടറി ഇ.എസ്. സുഭാഷും അറിയിച്ചു. ചാനലുകളുടെ സംപ്രേഷണം നിർത്തലാക്കിയ നടപടി ജനാധിപത്യ സ്നേഹികൾ ഒറ്റക്കെട്ടായി എതിർക്കണമെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. ഡൽഹി കലാപത്തിന്റെ വസ്തുതകൾ പുറംലോകത്തെത്തിച്ചതിന്റെ പ്രതികാര നടപടിയാണിത്: ചെന്നിത്തല പറഞ്ഞു.

ചാനലുകളെ നിരോധിച്ച നടപടി മാധ്യമങ്ങളെ ഭീഷണിപ്പെടുത്തി വരുതിയിലാക്കാനുള്ള ഹീനതന്ത്രമാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. കലാപം നടത്തിയ വർഗീയ ശക്തികൾക്കെതിരെയോ നിഷ്ക്രിയത്വം പാലിച്ച പോലീസിനെതിരെയോ ചെറുവിരൽ പോലും അനക്കാത്തവരാണ് മാധ്യമങ്ങൾക്കെതിരെ തിരിഞ്ഞിരിക്കുന്നത്. ഇതു ഫാഷിസ്റ്റ് നടപടിയാണ്. വിലക്ക് ഫാഷിസത്തിന്റെ ഭീകരമുഖം പ്രകടമാക്കുന്നതാണെന്ന് കെപിസിസി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ. നിർഭയവും സ്വതന്ത്രവുമായ മാധ്യമ പ്രവർത്തനത്തെ വരുതിയിലാക്കാനുള്ള ശ്രമമാണിത്. ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്നായ സ്വതന്ത്ര മാധ്യമപ്രവർത്തനം തകർക്കാനുള്ള ഏത് ശ്രമവും ചെറുത്ത് പരാജയപ്പെടുത്തണം. നടപടി അടിയന്തരാവസ്ഥയെ വെല്ലുന്നതാണെന്നു സിപിഎം സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. മോദി സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ചു വരുന്ന, മാധ്യമ സ്വാതന്ത്ര്യം ഹനിക്കുന്ന നടപടികളുടെ തുടർച്ചയാണിത്. ഇതിനെതിരെ ബഹുജനരോഷം ഉയരണം.

# നിർഭയ കേസ്: വധശിക്ഷ 20ന്

ന്യൂഡൽഹി: നിർഭയ കേസിൽ നാലു പ്രതികളുടെയും വധശിക്ഷ 20ന് നടപ്പിലാക്കുന്നതിനായി ഡൽഹി കോടതി മരണവാറണ്ട് പുറപ്പെടുവിച്ചു. രാവിലെ 5.30ന് ശിക്ഷ നടപ്പിലാക്കാനാണ് അഡീഷണൽ സെഷൻസ് ജഡ്ജി ധർമേന്ദർ റാണയുടെ ഉത്തരവ്. നാലുപേരിൽ അവസാനത്തേതായി പവൻ ഗുപ്ത നല്കിയ ദയാഹർജിയും രാഷ്ട്രപതി തള്ളിയതിന്റെ പശ്ചാത്തലത്തിലാണ് പട്യാല ഹൗസ് കോടതി പുതിയ മരണവാറണ്ട് പുറപ്പെടുവിച്ചത്. ഇതു നാലാമത്തെ തവണയാണ് ഡൽഹി കോടതി മരണവാറണ്ട് പുറപ്പെടുവിക്കുന്നത്. ജനുവരി 22നും ഫെബ്രുവരി ഒന്നിനും മാർച്ച് മൂന്നിനും മരണവാറണ്ട് പുറപ്പെടുവിച്ചിരുന്നെങ്കിലും പ്രതികൾ ദയാഹർജികളുമായി നിയമനടപടികൾ തുടർന്നതിനാൽ മാറ്റിവെക്കുകയായിരുന്നു. വധശിക്ഷ നടപ്പിലാക്കുന്നതിനു മുമ്പ് പ്രതികൾ തിരുത്തൽ ഹർജികളോ ദയാഹർജികളോ നല്കിയിട്ടുണ്ടെങ്കിൽ അതു പൂർത്തിയാക്കാൻ അനുവദിക്കണമെന്നാണ് ചട്ടം. പവൻ ഗുപ്ത നല്കിയ തിരുത്തൽ ഹർജി സുപ്രീംകോടതിയും അതിനു പിന്നാലെ ദയാഹർജി രാഷ്ട്രപതിയും തള്ളിയിരുന്നു.

# കോവിഡിനും ഇൻഷ്വറൻസ്

ന്യൂഡൽഹി: രാജ്യത്ത് നിലവിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പോളിസികളിൽ കോവിഡ്–19 ഉൾപ്പെടുമെന്ന് ജനറൽ ഇൻഷ്വറൻസ് കൗൺസിൽ.

കൊറോണയെക്കൂടി നിലവിലുള്ള ഇൻഷ്വറൻസ് പോളിസികളുടെ ഭാഗമാക്കണമെന്ന് ഇൻഷ്വറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ആവശ്യപ്പെട്ടിരുന്നു.


ഇതിനു പിന്നാലെയാണ് കൊറോണ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ നിലവിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പോളിസികളുടെ ഭാഗമാണെന്ന് ജനറൽ ഇൻഷ്വറൻസ് കൗൺസിൽ അറിയിച്ചത്.

അതുകൊണ്ടുതന്നെ ഇതിനായി പുതിയ നയം രൂപീകരിക്കേണ്ട കാര്യമില്ലെന്നും കൊറോണയുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് നടപടികൾ ഇൻഷ്വറൻസ് കമ്പനികൾ അതിവേഗം തീർപ്പാക്കണമെന്നും ജനറൽ ഇൻഷ്വറൻസ് കൗൺസിൽ ചെയർമാൻ എ.വി. ഗിരിജകുമാർ പറഞ്ഞു.

പോളിസി എടുക്കുന്ന സമയത്ത് വൈറസ് ബാധിച്ചിട്ടില്ലാത്തവർക്ക് പരിരക്ഷ ലഭിക്കുമെന്ന് ഐസിഐസിഐ ലൊംബാർഡ് ഇൻഷ്വറൻസ് വിഭാഗം മേധാവി സഞ്ജയ് ദത്ത പറഞ്ഞു.

# എൻ. വിജയൻ പിള്ള എംഎൽഎ അന്തരിച്ചു

കൊല്ലം: ചവറ എംഎൽഎ എൻ. വിജയൻപിള്ള (69) അന്തരിച്ചു. കരൾ സംബന്ധമായ അസുഖത്തെത്തുടർന്ന് രണ്ട് മാസത്തോളമായി ചികിത്സയിലായിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സിഎംപി (അരവിന്ദാക്ഷൻ വിഭാഗം)ക്കു ലഭിച്ച സീറ്റിൽ ഇടത് സ്വതന്ത്രനായി മത്സരിച്ച്, ആർഎസ്പിയിലെ ഷിബു ബേബി ജോണിനെ 6189 വോട്ടിന് അട്ടിമറിച്ചാണ് വിജയൻപിള്ള നിയമസഭയിലെത്തിയത്. പാർട്ടി സിപിഎമ്മിൽ ലയിച്ചതോടെ സിപിഎം പാർലമെന്ററി പാർട്ടി അംഗമായി. ചവറ മണ്ഡലം രൂപീകരിച്ചതിനു ശേഷമുള്ള ആദ്യത്തെ ആർഎസ്പി ഇതര എംഎൽഎയാണ്.



ദീർഘകാലം ചവറ ഗ്രാമപഞ്ചായത്തംഗമായിരുന്ന മടപ്പള്ളി വിജയമന്ദിരത്തിൽ നാരായണൻപിള്ളയുടെയും ഭവാനിയമ്മയുടെയും മകനായി 1951ൽ ജനനം. ആർഎസ്പി നേതാവായിരുന്ന അച്ഛന്റെ പാത പിന്തുടർന്നു രാഷ്ട്രീയത്തിലെത്തി. 28–ാം വയസിൽ ചവറ ഗ്രാമപഞ്ചായത്തംഗമായി. രണ്ടു വാർഡുകളിലായി 21 വർഷം പഞ്ചായത്തംഗമായിരുന്നു. പിന്നീട് കോൺഗ്രസിൽ ചേർന്ന അദ്ദേഹം 2000ൽ ജില്ലാ പഞ്ചായത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. കെ. കരുണാകരന്റെ നേതൃത്വത്തിൽ ഡിഐസി രൂപീകരിച്ചപ്പോൾ വിജയൻപിള്ളയും ഒപ്പം പോയെങ്കിലും പിന്നീടു കോൺഗ്രസിലേക്കു മടങ്ങി.

ഡിസിസി അംഗം, ഐഎൻടിയുസി ജില്ലാ വൈസ് പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം യുഡിഎഫ് സർക്കാരിന്റെ കാലത്താണ് പാർട്ടി വിട്ടത്. സഹോദരങ്ങളുമായി ചേർന്നു ഹോട്ടൽ ശൃംഖലയും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിയിരുന്നു. ഭാര്യ: സുമാദേവി. മക്കൾ: ഡോ. വി. സുജിത്ത് (സുപ്രണ്ട്, അരവിന്ദ് മെഡിക്കൽ സെന്റർ, ചവറ), അഡ്വ. ശ്രീജിത്ത്, ശ്രീലക്ഷ്മി. മരുമക്കൾ: ഡോ. പാർവതി, ജയകൃഷ്ണൻ.

# അതീവ ജാഗ്രതയിൽ കമൽനാഥ് സർക്കാർ

ഭോപ്പാൽ: മധ്യപ്രദേശിൽ നേരിയ ഭൂരിപക്ഷത്തിൽ അധികാരത്തിൽ തുടരുന്ന ഭരണമുന്നണിയെ അങ്കലാപ്പിലാക്കി കോൺഗ്രസ് എംഎൽഎ ഹർദീപ് സിങ് രാജിവെച്ചതോടെ, അതീവ ജാഗ്രതയിൽ കമൽനാഥ് സർക്കാർ. കൂടുതൽ എംഎൽഎമാരെ കൈവിടുന്നത് സർക്കാരിനെ മറിച്ചിടാനും രാജ്യസഭ തെരഞ്ഞെടുപ്പിൽ ബിജെപിക്കു നേട്ടമുണ്ടാക്കാനും വഴിയൊരുക്കുമെന്ന വിലയിരുത്തലിൽ, നേരിടുന്നതിനുള്ള അണിയറ നീക്കങ്ങൾ കോൺഗ്രസ് സജീവമാക്കി.

മുതിർന്ന നേതാവ് ദിഗ്വിജയ് സിങ്ങിന്റെ പിന്തുണ കമൽനാഥിനുണ്ടെങ്കിലും ജ്യോതിരാദിത്യ സിന്ധ്യ എതിർചേരിയിലാണ്. ഏതാനും എംഎൽഎമാരുടെ പിന്തുണയുള്ള സിന്ധ്യയെ പിണക്കുന്നത് തിരിച്ചടിയാകുമെന്ന കണക്കുകൂട്ടലിൽ കരുതലോടെയാണ് കമൽനാഥ് പക്ഷം നീങ്ങുന്നത്.

ഈ മാസം അവസാനം നടക്കുന്ന രാജ്യസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് വിജയിക്കാവുന്ന രണ്ടു സീറ്റുകളിലൊന്ന് സിന്ധ്യയ്ക്കു നല്കുന്നതിനെ കമൽനാഥ് എതിർത്തേക്കില്ലെന്നു പാർട്ടിവൃത്തങ്ങൾ വ്യക്തമാക്കി. ഒരേ സമയം മുഖ്യമന്ത്രി, പിസിസി അദ്ധ്യക്ഷ പദവികൾ കമൽനാഥ് വഹിക്കുന്നതിനെ സിന്ധ്യ എതിർക്കുന്നുണ്ട്. രാജ്യസഭാ സീറ്റ് ലഭിച്ചാൽ, കമൽനാഥിനെതിരായ പരസ്യപ്പോര് അവസാനിപ്പിക്കാൻ അദ്ദേഹം തയ്യാറാകും.

സിന്ധ്യയെ അപമാനിച്ചാൽ കമൽനാഥ് സർക്കാർ ഗുരുതര പ്രതിസന്ധി നേരിടേണ്ടി വരുമെന്ന് മധ്യപ്രദേശ് തൊഴിൽമന്ത്രി മഹേന്ദ്ര സിങ് സിസോദിയ മുന്നറിയിപ്പ് നല്കി. സിന്ധ്യയ്ക്ക് രാജ്യസഭാ സീറ്റ് നല്കിയില്ലെങ്കിൽ സർക്കാരിന്റെ നിലനില്പ് അവതാളത്തിലാകുമെന്ന് പരോക്ഷമായി സൂചിപ്പിക്കുന്നതാണ് സിന്ധ്യപക്ഷത്തെ പ്രബലനായ സിസോദിയയുടെ വാക്കുകൾ.

ഇതിനിടെ, ജീവനു ഭീഷണിയുണ്ടെന്നു കാട്ടി ബിജെപി എംഎൽഎ സഞ്ജയ് പാഠക് രംഗത്തുവന്നു. സഞ്ജയ് കോൺഗ്രസിൽ ചേക്കേറുമെന്ന സൂചന വന്നിരുന്നു. സഞ്ജയ് ഇതു നിഷേധിച്ചു. കമൽനാഥ് സർക്കാരിനെ അട്ടിമറിക്കാൻ പത്ത് കോൺഗ്രസ് എംഎൽഎമാരെ ബെംഗളൂരുവിൽ ഒളിപ്പിച്ചുവെന്ന അഭ്യൂഹം കർണാടക ബിജെപി തള്ളി.

# ഹൈക്കോടതി ജഡ്ജി നിയമനം: ജില്ലാ ജഡ്ജിയുടെ അപ്പീൽ തള്ളി

കൊച്ചി: ഹൈക്കോടതി ജഡ്ജി നിയമനത്തിനു പരിഗണിക്കാത്തതിനെതിരെ ജില്ലാ ജഡ്ജി നൽകിയ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. പത്തനംതിട്ട പ്രിൻസിപ്പൽ ജില്ലാ ജഡ്ജി ജോൺ കെ. ഇല്ലിക്കാടൻ സമർപ്പിച്ച അപ്പീലിലാണ് ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ, ജസ്റ്റിസ് വി.ജി. അരുൺ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. ജില്ലാ ജഡ്ജിമാരുടെ സീനിയോരിറ്റി സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സീനിയോരിറ്റി പുതുക്കിയതിന്റെ അടിസ്ഥാനത്തിലാണ് അവകാശവാദം ഉന്നയിച്ചത്. എന്നാൽ തസ്തികയിൽ ഒഴിവുണ്ടായ തീയതിയിൽ 58.5 വയസ്സ് കഴിഞ്ഞവരെ സുപ്രീംകോടതി കൊളീജിയം ശിപാർശ ചെയ്തിട്ടില്ലെന്നും ഹർജിക്കാരന് ഈ പ്രായം കടന്നുവെന്നും ഹൈക്കോടതിയുടെ അഭിഭാഷകൻ വാദിച്ചു.

# ദേവനന്ദ പോയ വഴിയേ പോലീസും

കൊല്ലം: അവസാനമായി അമ്മയുടെ കൺമുന്നിലെത്തിയ നിമിഷം മുതൽ വെള്ളത്തിൽ വീണ നിമിഷം വരെ ദേവനന്ദയ്ക്ക് എന്തൊക്കെ സംഭവിച്ചു എന്ന ചോദ്യത്തിന് ഉത്തരം തേടുകയാണ് പോലീസ്. വീടു മുതൽ മൃതദേഹം കണ്ടെത്തിയ ഇത്തിക്കരയാറു വരെ അന്വേഷണ സംഘം എത്രയോ തവണ നടന്നിരിക്കുന്നു. മുങ്ങിമരണം എന്നു സ്ഥിരീകരിക്കുമ്പോഴും ചോദ്യങ്ങളുടെ എണ്ണം കൂടുന്നു. സംശയമുണ്ടെന്നു ദേവനന്ദയുടെ കുടുംബം ചൂണ്ടിക്കാട്ടിയ സമീപവാസിയെ പോലീസ് രണ്ടുതവണ ചോദ്യം ചെയ്തു. അതീവ രഹസ്യമായാണ് അന്വേഷണം. ഒന്നും അറിയില്ലെന്നാണ് മൊഴിയെങ്കിലും പോലീസിന്റെ കണ്ണ് ഇയാൾക്ക് മേലുണ്ട്. കുട്ടി ആറ്റിലേക്കു വീണതിൽ അസ്വാഭാവികതയുണ്ടെന്നു തെളിയിക്കുന്ന ഒരു കച്ചിത്തുരുമ്പെങ്കിലും കിട്ടിയാൽ ഇയാളെ കസ്റ്റഡിയിലെടുക്കും.

നിരപരാധികളെ ബുദ്ധിമുട്ടിക്കാത്ത രീതിയിലുള്ള ചോദ്യംചെയ്യലും ശാസ്ത്രീയ തെളിവെടുപ്പുകളും മതിയെന്ന കർശന നിർദേശമുള്ളതിനാൽ സം



ശയിക്കുന്നവരുടെ പട്ടികയിലുള്ളവരെ അതീവ രഹസ്യമായാണ് നിരീക്ഷിക്കുന്നത്. ആരും ഒറ്റയ്ക്കുപോകാൻ മടിക്കുന്ന വഴികളിലൂടെയാണ് മരണത്തിനു തൊട്ടുമുമ്പുള്ള നിമിഷങ്ങളിൽ ദേവനന്ദ സഞ്ചരിച്ചത്. പോലീസ് നായ നൽകിയ സൂചനയും അങ്ങനെയാണ്. വീടിനെയും കുട്ടിയെയും നന്നായി പരിചയമുള്ള ഒരാൾ എടുത്തുകൊണ്ടു പോയാൽ കുട്ടി ബഹളം വെക്കാനിടയില്ലെന്നാണ് അന്വേഷണ സംഘത്തിന്റെ വിലയിരുത്തൽ.

ചെരുപ്പിടാതെ പോയതും അങ്ങനെയൊരു സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു. ചെരിപ്പില്ലാതെ ദുർഘടമായ വഴിയിലൂടെ ദേവനന്ദ ആറ്റുതീരം വരെ നടക്കില്ലെന്നു ബന്ധുക്കളുടെ സംശയത്തിൽ പിടിച്ചുള്ള അന്വേഷണമാണ് പോലീസ് നടത്തുന്നത്.

## അവിടെ മരിച്ചത് അഞ്ചുപേർ

തിരുവനന്തപുരം: ദേവനന്ദ മരിച്ച അതേസ്ഥലത്ത് പത്തുവർഷത്തിനിടെ അഞ്ചുപേർ മരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ. ദേവനന്ദ കേരള മനസിലെ മായാത്ത ദുഃഖമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഒറ്റപ്പെട്ട കുഞ്ഞുങ്ങളെ കണ്ടാൽ ശ്രദ്ധിക്കണമെന്നു പോലീസ് നിർദേശം നൽകിയിട്ടുണ്ടെന്നും പ്രതിപക്ഷ നേതാവിന്റെ ഉപക്ഷേപത്തിന് മറുപടി നൽകവേ മുഖ്യമന്ത്രി പറഞ്ഞു.

ഇപ്പോഴത്തെ റിപ്പോർട്ടുകൾ പ്രകാരം മുങ്ങിമരണമാണ്. ശാസ്ത്രീയമായ അന്വേഷണം നടത്തുന്നുണ്ട്. പല ഊഹാപോഹങ്ങളും അനുമാനങ്ങളുമിപ്പോഴുമുണ്ട് എന്നാൽ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിലേ പോലീസിനു നീങ്ങാനാകൂ. അന്വേഷണം ശരിയായ ദിശയിലാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

## മൃതദേഹം കണ്ട സ്ഥലത്തല്ല ദേവനന്ദ വീണതെന്ന് വിദഗ്ധ നിഗമനം

കൊട്ടിയം: ദേവനന്ദയുടെ മരണത്തെപ്പറ്റിയുടെ അന്വേഷണത്തിൽ വഴിത്തിരിവായി ഫൊറൻസിക് വിദഗ്ധരുടെ നിഗമനം. പുഴയിൽ മൃതദേഹം കണ്ടെടുത്ത സ്ഥലത്തല്ല ദേവനന്ദ വീണതെന്നാണ് ഫൊറൻസിക് തെളിവുകൾ. അന്വേഷണം പോലീസ് ഊർജ്ജിതമാക്കി. ബന്ധുക്കളിൽ ചിലരുട മൊഴി വീണ്ടും രേഖപ്പെടുത്തും.

വീടിന് 400 മീറ്റർ അകലെ പള്ളിമൺ ആറിനു കുറുകെ നിർമിച്ച താൽക്കാലിക നടപ്പാലത്തിനടുത്താണ് ദേവനന്ദയുടെ (7) മൃതദേഹം കണ്ടത്. എന്നാൽ ഈ ഭാഗത്തല്ല കുട്ടി വീണതെന്നാണ് ഫൊറൻസിക് വിദഗ്ധരുടെ നിഗമനം. വീടിന് 70 മീറ്റർ അടുത്തുള്ള കടവിൽ വീണ ശേഷം ഇവിടേക്ക് ഒഴുകി വന്നതാകാമെന്ന സാധ്യതയും പരിശോധിക്കുന്നു. പള്ളിമൺ ആറിന്റെ പല ഭാഗങ്ങളിൽ നിന്നു കഴിഞ്ഞ ദിവസം വെള്ളവും ചെളിയും ശേഖരിച്ചിരുന്നു. ഇതു പരിശോധിച്ചാണ് പ്രാഥമിക നിഗമനം. ഫൊറൻസിക് റിപ്പോർട്ട് ലഭിക്കുന്നതോടെ കൂടുൽ വ്യക്തമാകും. ദേവനന്ദയുടെ ബന്ധുക്കളിൽ ചിലരുടെ മൊഴി വീണ്ടും രേഖപ്പെടുത്താൻ പോലീസ് ശ്രമം തുടങ്ങി. ആദ്യം നൽകിയ മൊഴിയും പിന്നീട് പറഞ്ഞ മൊഴിയും തമ്മിലുള്ള വൈരുധ്യം പരിശോധിക്കാനാണിത്. ബന്ധുക്കളും അയൽക്കാരുമടക്കം അൻപതോളം പേരുടെ മൊഴി രേഖപ്പെടുത്തിക്കഴിഞ്ഞു.

ദേവനന്ദയുടേത് മുങ്ങിമരണമാണെന്നാണ് ഇതുവരെയുള്ള നിഗമനം. എന്നാൽ ആറ്റിൽ വീഴാനുണ്ടായ സാഹചര്യം കൂടി കണ്ടെത്തേണ്ടതുണ്ട്. കുട്ടിയെ കാണാതായ ദിവസം പോലീസ് നായ തൊട്ടുതാഴത്തെ വീട്ടിലും പിന്നീട് തടയണ മറികടന്ന് ക്ഷേത്രത്തിനു പിന്നിൽ അരക്കിലോമീറ്ററോളം അകലെയുള്ള വീട്ടുമുറ്റത്തും ചെന്നത് അന്വേഷണ സംഘം പരിശോധിക്കുന്നുണ്ട്.

## കപിൽ മിശ്രയ്ക്ക് വൈ പ്ലസ് സുരക്ഷ

ന്യൂഡൽഹി: വിദ്വേഷ പ്രസംഗം നടത്തിയെന്നുള്ള ആരോപണം നേരിടുന്ന ബിജെപി നേതാവ് കപിൽ മിശ്രയ്ക്ക് വൈ പ്ലസ് കാറ്റഗറി സുരക്ഷ ഏർപ്പെടുത്തി. ജീവനു ഭീഷണിയുണ്ടെന്നു കപിൽ മിശ്ര വെളിപ്പെടുത്തിയതിനെ തുടർന്നാണ് ഡൽഹി പോലീസ് സുരക്ഷ ഏർപ്പെടുത്തിയത്.


# PASTOR FOR YOUTH & CHILDREN

The Indian Pentecostal Church of God in Houston, TX is seeking a passionate and experienced leader to fill the role of Youth Pastor to lead a large congregation, includes youth and children. The Youth Pastor should be able to preach and minister relevantly to a generationally diverse crowd comprised of primarily South Indian descent (i.e. Kerala, India). We are seeking someone who is familiar with this culture and has interest/experience ministering to this group of believers.

**Minimum Qualifications**

- 25 years of age or older
- Married
- Bachelor's degree in Theology or other biblical studies earned through an on-campus program
- Saved, baptized, and filled with the Holy Spirit
- Living a life pleasing to the Lord
- 2 years of ministerial experience(Teaching & Preaching)
- Preferably someone who is familiar with the South Indian (Keralite) culture and has genuine interest/experience ministering to this group of believers
- Legally authorized to work in the United States

We offer a competitive salary with benefits. All submissions will be confidential.

To apply please email an updated resume and two professional references to
**YouthPastorSearch@IPCHouston.com**

For detailed job description, visit
**IPCHouston.Com / YouthPastorSearch**

**Further inquiries please contact**
**Pastor Sabu Varghese (215) 939-7512 or**
**Pastor Sam Varughese (469) 235-4684**


## കൊറോണ പടരുന്നത് ചൈനയിലേതിനേക്കാൾ വേഗത്തിൽ

സോൾ: കൊറോണ വൈറസിനു നേരെയുള്ള പോരാട്ടം ലോകം ഇതുവരെ കണ്ടിട്ടില്ലാത്തൊരു ഘട്ടത്തിലേക്ക് കടക്കുന്നതായി ലോകാരോഗ്യസംഘടന. പ്രഭവസ്ഥാനമായ ചൈനയിലേതിനെക്കാൾ ഇരട്ടിവേഗത്തിലാണ് ലോകത്ത് വൈറസ് പടരുന്നത്. ചൈനയിൽ പുതിയ രോഗികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞതും മറ്റു രാജ്യങ്ങളിൽ വർദ്ധിച്ചതും യുഎസിൽ ആറുപേർ മരിച്ചതും ആശങ്ക ഉയർത്തുന്നതായി ഡബ്ല്യു.എച്ച്.ഒ വ്യക്തമാക്കി. ചൈനയിൽ സ്ഥിരീകരിച്ചതിനെക്കാൾ ഒമ്പതിരട്ടിയോളം പേരിലാണ് മറ്റു രാജ്യങ്ങളിൽ രോഗബാധ.

ചൈന സ്വീകരിച്ച ശക്തമായ പ്രതിരോധ നടപടികളും നിയന്ത്രണങ്ങളുമാണ് അവിടെ വൈറസ് ബാധ കുറയാൻ കാരണമെന്നും ലോകാരോഗ്യ സംഘടന പറഞ്ഞു.

## വോട്ടർ പട്ടിക തടഞ്ഞ ഹൈക്കോടതി വിധിക്ക് സ്റ്റേ

ന്യൂഡൽഹി: തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് 2015ലെ വോട്ടർപട്ടിക ഉപയോഗിക്കുന്നതു തടഞ്ഞുള്ള ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. എതിർകക്ഷികൾ മറുപടി നൽകാൻ നിർദേശിച്ച ചീഫ് ജസ്റ്റിസ് എസ്.എ. ബോബ്ഡെ അദ്ധ്യക്ഷനായ ബെഞ്ച്. കേസ് 2 ആഴ്ചയ്ക്ക് ശേഷം പരിഗണിക്കാൻ മാറ്റി. ഹൈക്കോടതി ഉത്തരവിനെതിരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണ് സുപ്രീംകോടതിയെ സമീപിച്ചത്.





കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 11
March 13, 2020

*Chief Editor* K.M. Eapen
*Executive Editor* Jose Kaniyaly
*Managing Editors* Joseph Mathew, K.O. Jose, C.P.A., Titus Eapen
*Circulation Manager* Ajith Eapen
*Office Administration* Anish Eapen

*Legal Advisor* Selma C. D'souza
*Manager* K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203
Fax : + 91 481-2568648

*Co-ordinating Editor* Mani Samuel
*Chief News Editor* Thomas Vadakel
*News Editor* Mini Mani
*Sub Editor* Cyril Thomas
*Graphics* Samuel Mani
*Consultant Editor* Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
2050 W. Devon Ave.
Chicago, Illinois 60659.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


### മഹദ്വചനം

ശരിയായ രീതിയിൽ അധ്വാനിക്കുന്നവൻ സൂര്യനേക്കാൾ പ്രശോഭിക്കുന്നു.

**ഗാന്ധിജി**

ഒരു കാലുറപ്പിച്ചേ മറ്റേ കാൽ ഇളക്കാവൂ. വേറൊരു സ്ഥാനം കാണാതെ ഉള്ള സ്ഥാനം കൈവെടിയരുത്.

**ചാണക്യൻ**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ദുരന്തങ്ങളെ ചാകരയാക്കരുത്

മനുഷ്യത്വം വീണ്ടും മലയാളിയുടെ മനസ്സിലേക്ക് പടികടന്നെത്തിയ ദിവസങ്ങളായിരുന്നു കഴിഞ്ഞ രണ്ട് മഹാപ്രളയങ്ങൾ. ജാതിമത ഭേദങ്ങൾ മാത്രമല്ല രാഷ്ട്രീയ വേർതിരിവുകളും പെരുമഴയിൽ ഒലിച്ചുപോയി. എങ്കിലും വീട് കത്തുമ്പോൾ വാഴ വെട്ടുന്നവർ വെറുതെയിരുന്നില്ല. ക്യാമ്പുകളിൽ നിന്നും അരിയും മുളകും പഞ്ചസാരയും കട്ടുകടത്തി ചിലർ. ഇങ്ങനെ കട്ടുകടത്തിവരെല്ലാം ഒരു പാർട്ടിയിൽപെട്ടവരായിരുന്നുവെന്ന് പിന്നീട് കണ്ടെത്തി. നാട് മഹാപ്രളയത്തിൽ വിറങ്ങലിച്ച് നിൽക്കുമ്പോൾ രാഷ്ട്രീയ ആരോപണ പ്രത്യാരോപണങ്ങൾക്ക് ഇടമില്ലെന്ന വിലക്ക് വന്നു. അരിയും മുളകും കട്ടു കടത്തിയവരുടെ പ്രതിരോധ രോദനമായിരുന്നു ഈ വിലക്കെന്ന് ഇപ്പോൾ കൂടുതൽ വ്യക്തമാവുകയാണ്.

പ്രളയ ദുരിതാശ്വാസ ഫണ്ട് മുക്കിയ കേസിൽ തുടർ അറസ്റ്റ് നടക്കുകയാണിപ്പോൾ. എറണാകുളം കളക്ടറേറ്റിലെ ഭരണാനുകൂല സംഘടനാ നേതാവായ സെക്ഷൻ ക്ലാർക്ക് വിഷ്ണു പ്രസാദിന്റെ സഹായത്തോടെ സിപിഎം പ്രാദേശിക നേതാക്കൾ പ്രളയഫണ്ട് തട്ടിയെടുത്തുവെന്നാണ് ക്രൈംബ്രാഞ്ച് കേസ്. പ്രളയത്തിൽ ജീവിതംകൊണ്ട് സ്വരുക്കൂട്ടിയതെല്ലാം നഷ്ടപ്പെട്ട നിസ്സംഗരായ മനുഷ്യർക്ക് വിതരണം ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മഹാമനസ്കരായ മനുഷ്യർ നല്കിയ പണം സിപിഎം നേതാക്കളുടെയും ബന്ധുക്കളുടെയും അക്കൗണ്ടുകളിലേക്ക് മാറ്റപ്പെട്ടു. സി.പി.എം നേതാവും ഭാര്യയും ഉൾപ്പെടെ ജയിലിൽ കഴിയുമ്പോൾ ഭരണകക്ഷി നേതാക്കൾ മൗനവ്രതം തുടരുകയാണ്. രാഷ്ട്രീയ കോമാളിത്തമല്ലാതെ മറ്റെന്താണ് ഈ മൗനം പകർന്നുനല്കുന്നത്. സി.പി.എം നേതാവായ അൻവറിന്റെ അക്കൗണ്ടിലേക്ക് മാത്രം പത്തര ലക്ഷം രൂപയാണ് മാറ്റിയത്. മറ്റ് അഞ്ച് അക്കൗണ്ടുകളിലേക്കും സമാനരീതിയിൽ പണം മാറ്റി. എത്ര തുക ഇങ്ങനെ നഷ്ടപ്പെട്ടുവെന്ന് ക്രൈംബ്രാഞ്ചോ, സർക്കാരോ വെളിപ്പെടുത്തിയിട്ടില്ല. ഇതിനെ അഴിമതിയെന്ന് സാമാന്യവത്കരിക്കാൻ കഴിയില്ല. പട്ടിണിപ്പാവങ്ങളെ കെട്ടിയിട്ട് കവർച്ച നടത്തിയതിനു തുല്യമായ പ്രവൃത്തിയാണ് ഈ സി.പി.എം നേതാക്കളും ഖജനാവിൽ നിന്ന് ശമ്പളംപറ്റി പാർട്ടി പ്രവർത്തനം നടത്തുന്ന സംഘടനാനേതാവായ സർക്കാർ ഉദ്യോഗസ്ഥനും ചെയ്തത്. എറണാകുളത്തു മാത്രമാണോ ഇത്തരത്തിൽ ഫണ്ട് തിരിമറി നടത്തിയതെന്ന് വ്യക്തമല്ല. മറ്റ് ജില്ലകളിലും സമാന തട്ടിപ്പ് നടന്നിരിക്കാൻ സാദ്ധ്യതയുണ്ട്. അന്വേഷണം നടത്തേണ്ട സർക്കാരിനെ നിയന്ത്രിക്കുന്ന പാർട്ടിക്കാർ നടത്തിയ കൊള്ളയുടെയും പിടിച്ചുപറിയുടെയും വാലറ്റം മാത്രമാണ് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ കടത്തിയവരോട് ധാർമ്മികതയെക്കുറിച്ച് ഓർമ്മിപ്പിച്ചിട്ടെന്തു കാര്യം? സർക്കാർ ഉദ്യോഗസ്ഥരേയും സാധാരണക്കാരേയും പ്രളയഫണ്ടിന്റെ പേരിൽ പിഴിഞ്ഞെടുത്തവർ, ആ ഫണ്ട് പ്രളയ ദുരിതബാധിതർക്ക് എത്തിച്ചു നല്കാനുള്ള സാമാന്യ മര്യാദകൂടി കാട്ടേണ്ടതുണ്ട്. ഈ നാട് ഒന്നിച്ചൊന്നായാണ് മഹാദുരിതത്തെ നേരിട്ടത്. ഏതെങ്കിലും നേതാവിന്റെ മഹത്വത്തിന്റെ പേരിലല്ല സഹായഹസ്തങ്ങൾ നീണ്ടത്. മനുഷ്യത്വത്തിന്റെ മഹാഗോപുരങ്ങളായി മാറാനുള്ള അലിവും കനവും രക്തത്തിൽ അലിഞ്ഞുൾച്ചേർന്നിട്ടുണ്ടെന്ന് തെളിയിക്കുകയായിരുന്നു ഈ നാട്. ഉള്ളത് പങ്കുവെച്ച് പ്രളയബാധിതരുടെ സങ്കടങ്ങൾക്കൊപ്പം നിന്ന് സഹവർത്തിത്വത്തിന്റെയും സാഹോദര്യത്തിന്റെയും കെടാത്ത നാളങ്ങൾകൊണ്ട് മഹാദീപം തെളിക്കുകയായിരുന്നു പ്രളയനാളുകളിൽ മലയാളി. എന്നാൽ, മനസ്സിൽ കരിന്തിരി കത്തുന്നവർ മഹാദീപത്തിന്റെ പ്രഭ തങ്ങളുടേതാണെന്ന് മേനി നടിച്ചു. ക്യാമ്പുകളിൽ മോഷണം നടത്തി. അതിനേക്കാൾ ഭയാനകമാണ് പ്രളയദുരിതബാധികർക്ക് കാരുണ്യ മനസ്സുകൾ നല്കിയ പണം കൈകാര്യം ചെയ്യുന്നതും ഇത്തരക്കാരണെന്നു വരുന്നത്.

പ്രളയബാധിതർക്ക് അടിയന്തര ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 10,000 രൂപയുടെ വിതരണത്തിലും വ്യാപക ക്രമക്കേട് നടന്നിരുന്നു. ദുരിതബാധിതരെ അവഗണിച്ച്, ഇഷ്ടക്കാർക്ക് സർക്കാർ പണം പാർട്ടിക്കാർ വീതിച്ചു നല്കിയെന്ന ആക്ഷേപം കേരളം മറന്നിട്ടില്ല. പ്രളയം കേട്ടറിഞ്ഞവർക്കുപോലും പണം കിട്ടിയപ്പോൾ, എല്ലാം നഷ്ടപ്പെട്ടവർ തെളിവുകളുമായി സർക്കാർ ഓഫീസ് കയറിയിറങ്ങേണ്ട ഗതികേട് കണ്ടതാണ്. പ്രളയഫണ്ട് കൈകാര്യം ചെയ്യുന്നതിലെ വീഴ്ച തുടക്കംമുതൽ ദൃശ്യമായിരുന്നു. റീബിൽഡ് കേരളായും നവകേരളവും ഉൾപ്പെടെ സ്വപ്നപദ്ധതികൾ പ്രഖ്യാപിച്ചാണ് സർക്കാർ ആരോപണങ്ങളെ മറികടന്നത്. എന്നാൽ, ഇന്നും ആ പദ്ധതികൾ കടലാസിൽ നിന്നും ഉയിർത്തെഴുന്നേറ്റിട്ടില്ല. നൂറ്റാണ്ട് കണ്ട മഹാപ്രളയത്തിന് മൂന്ന് വയസ്സാകാൻ ഇനി മാസങ്ങളേ ശേഷിക്കുന്നുള്ളൂ. വലിയ പദ്ധതികളും വാഗ്ദാനങ്ങളുംകൊണ്ട് കയ്യടി നേടിയവർ പെരുമഴയിൽ ജീവിതം ഒലിച്ചുപോയ മനുഷ്യരോട് ഇനിയെങ്കിലും നീതി പുലർത്തണം. രണ്ട് ലക്ഷം വീടിന്റെ പെരുംനുണ ആഘോഷമാക്കി, പ്രചരിപ്പിക്കുമ്പോൾ മഹാപ്രളയങ്ങളിൽ പെരുവഴിയിലായിപ്പോയ ജീവിതങ്ങളെപ്പോലും ചേർത്തുപിടിച്ചില്ലെന്ന മഹാസത്യം ഈ സർക്കാരിനെ നോക്കി പരിഹസിക്കുന്നുണ്ട്.

ദേശത്തും വിദേശത്തും നിന്നുമായി കോടികൾ ഒഴുകിയെത്തിയ ദുരിതാശ്വാസഫണ്ട് സംബന്ധിച്ച് കൃത്യമായ കണക്ക് ബോധിപ്പിക്കേണ്ട ബാദ്ധ്യത സർക്കാരിനില്ലേ? ഏഷ്യൻ ബാങ്കും ലോകബാങ്കും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് നല്കിയ പണം എങ്ങനെ ചെലവഴിച്ചുവെന്ന് അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. ഭരണനേതൃത്വവും ഉദ്യോഗസ്ഥവൃന്ദവും പാർട്ടിനേതാക്കളും ദുരന്തത്തെ ചാകരയാക്കി മാറ്റുന്ന കാഴ്ച ഇടതുപക്ഷത്തിന്റെ എല്ലാ അവകാശവാദങ്ങളുടെയും പൊള്ളത്തരം തുറന്നുകാട്ടുകയാണ്. പ്രളയഫണ്ട് വെട്ടിപ്പ്കേസ് ഏതാനും പേരെ മാത്രം ബലിയാടാക്കി അവസാനിപ്പിക്കേണ്ടതല്ല. സർക്കാരിന്റെ കണക്കുപുസ്തകം സുതാര്യമാണെന്ന അവകാശവാദത്തിൽ ഉറച്ചുനിൽക്കുന്നുണ്ടെങ്കിൽ പ്രളയാനന്തരനിർമ്മാണപ്രവർത്തനങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗവും ഉൾപ്പെടെ എല്ലാം സമഗ്രമായ ജനകീയ ഓഡിറ്റിങ്ങിന് വിധേയമാക്കണം. പ്രളയ ദുരിതബാധിതർക്കായി നിർമ്മിച്ചു നല്കിയ വീടുകൾ, അവർക്കായി ചെലവഴിച്ച പണം തുടങ്ങിയവ പൊതുരേഖയായി പ്രസിദ്ധീകരിക്കണം. പ്രളയബാധിതർക്കുള്ള ധനസഹായമായെത്തിയ കോടികൾ കൈയിൽ കറ പുരണ്ടവരല്ല കൈകാര്യം ചെയ്യേണ്ടത്. ഒരു സെക്ഷൻ ക്ലാർക്കിന് ലക്ഷങ്ങൾ തിരിമറി നടത്താൻ കഴിയുംവിധം ദുർബലമായ സംവിധാനത്തിലൂടെയുമല്ല പണം ചെലവഴിക്കേണ്ടത്. പ്രളയഫണ്ട് തിരിമറിയുടെ ഉത്തരവാദിത്തം സർക്കാരിനാണ്. മറുപടി പറയേണ്ടതും സർക്കാർ തന്നെ.

# വ്യാജ പോക്സോ പരാതികൾക്കു കർശനശിക്ഷ വേണം

ഡോ. സി.ജെ. ജോൺ

സ്വന്തം കുട്ടികൾ ലൈംഗിക ചൂഷണം നേരിടുമ്പോൾ കേസിനൊന്നും പോകാതെ നിശബ്ദത പാലിക്കാനാണ് പലർക്കും താൽപര്യം. സമയപരിധിക്കുള്ളിൽ കേസിൽ തീർപ്പുകൽപിക്കാൻ ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ട അന്വേഷണ സംവിധാനവും കോടതിയുമൊക്കെ പ്രായോഗിക വിഷമതകൾ മൂലം കാര്യക്ഷമമല്ലാതാകുന്ന അവസ്ഥ. തീർപ്പാക്കാത്ത കേസുകളുടെ എണ്ണം എപ്പോഴും വാർത്തകളിൽ. തുറന്നു പറഞ്ഞാൽ കുട്ടി കഷ്ടത്തിലാവില്ലേയെന്ന ആശങ്ക.

മനോവികാസത്തിന്റെ പടവുകൾ കയറിപ്പോകേണ്ട പ്രായത്തിൽ ഈ ദുരനുഭവത്തിന്റെ ഓർമകളുമായി എത്രവർഷം പിന്നിടേണ്ടിവരുമെന്ന ചോദ്യത്തിന് എന്തുമറുപടി പറയുമെന്ന വിഷമതയുണ്ട്. ഇത്തരം സംഭവങ്ങൾ മറച്ചുവെക്കുന്നത് ഒരു ശൈലിയാക്കുന്ന സമൂഹത്തിന്റെ മുമ്പിലേക്കാണ് പോക്സോ നിയമപ്രകാരമുള്ള കള്ളക്കേസുകളിൽ ജാഗ്രതവേണമെന്ന് കേരളാ ഹൈക്കോടതി കുറച്ചുമാസങ്ങൾക്ക് മുമ്പ് അഭിപ്രായപ്പെട്ടത്.

ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളും ജില്ലാ ശിശുസംരക്ഷണ സമിതികളും പ്രാഥമികാന്വേഷണം നടത്തി നിജസ്ഥിതി ഉറപ്പിച്ചശേഷംമതി നിയമനടപടികളെന്ന നിർദേശമുണ്ടാകുന്നു. കുറ്റാരോപണത്തിലെ നെല്ലും പതിരും വേർതിരിച്ചെടുക്കാനുള്ള വൈഭവം ഈ സംവിധാനങ്ങൾക്കുണ്ടോയെന്നത് മറ്റൊരു ചോദ്യം.

പതിമൂന്നു വയസ്സുകാരിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ കുറ്റാരോപിതനെ കുറ്റവിമുക്തനാക്കിയ വിധിയോടനുബന്ധിച്ചാണ് ഹൈക്കോടതി ഇങ്ങനെയൊരു പരാമർശം നടത്തിയത്. കേസ് ബലപ്പെടുത്തുന്നതിനായി ദേഹത്ത് ചാരിയെന്നും വയറിൽ പിടിച്ചതായി അനുഭവപ്പെട്ടെന്നും പോലീസ് ഓഫിസർ പഠിപ്പിച്ചതാണെന്ന് പെൺകുട്ടി തന്നെ കോടതിയെ ധരിപ്പിച്ചതുകൊണ്ടാണ് യുവാവ് രക്ഷപ്പെട്ടത്.

സ്കൂൾ വാനിലാണ് സംഭവം. സമാനമായ മറ്റൊരു കേസിൽ എറണാകുളം പോക്സോ കോടതി സ്കൂൾ വാൻ ഡ്രൈവറെ കുറ്റവിമുക്തനാക്കി. ഇരയെന്ന് പോലീസ് പറഞ്ഞ കെ.ജി. വിദ്യാർത്ഥിനിയാണ് ഇവിടെയും തുണയായത്. പാവം വാൻ ഡ്രൈവർ എഴുപത്തിയേഴു ദിവസം ജയിലിൽക്കിടന്നു. വാർത്തകളിൽ നിറഞ്ഞു നാണംകെട്ടു. രണ്ടിലും മുതിർന്നവരുടെ പ്രേരണയുണ്ടായിരുന്നെന്നാണ് കേട്ടത്.

പതിനൊന്നു വയസുകാരിയായ മകളെ ലൈംഗികമായി പീഡിപ്പിച്ചെന്ന വ്യാജ പരാതിയിൽ കുട്ടികളുടെ കസ്റ്റഡി തരമാക്കാൻ ശ്രമിച്ച ഒരു സ്ത്രീക്കെതിരെ മദ്രാസ് ഹൈക്കോടതി വിധിപറഞ്ഞിട്ട് അധികകാലമായില്ല. വാസ്തവമല്ലാത്ത പോക്സോ പരാതിയിൽപ്പെട്ട് ആത്മഹത്യയുടെ വക്കിലെത്തിയ വ്യക്തികളെ കണ്ടിട്ടുണ്ട്.

കുട്ടികളുടെ സംരക്ഷണത്തിനായുള്ള മേലങ്കിയണിഞ്ഞ ഒരു വിദ്വാൻ വിരോധം തീർക്കാനായി ഒരു കുട്ടിയെക്കൊണ്ട് ലൈംഗികചൂഷണ കള്ളക്കേസ് സ്കൂൾ കൗൺസിലർക്കെതിരെ കൊടുത്തത് പിടിക്കപ്പെട്ടതായി വാർത്തവന്നു. കക്ഷിക്കെതിരെ കേസെടുത്തിട്ടുമുണ്ട്. ഇതു പിടിക്കപ്പെടാതെ കേസ് കോടതിയിൽ എത്തിയിരുന്നെങ്കിൽ ആ സ്കൂൾ കൗൺസിലർക്കുണ്ടാകുന്ന മാനഹാനിക്ക് കണക്കുണ്ടോ?

മകളെ ലൈംഗികമായി പീഡിപ്പിച്ചെന്നു പറഞ്ഞ് ഭർത്താവിനെ വ്യാജ പോക്സോ കേസിൽ കുടുക്കാൻ ശ്രമിച്ച അമ്മയുടെ പേരിൽ കേസെടുക്കാൻ പത്തനംതിട്ട പോക്സോ കോടതി നിർദേശിച്ചതാണ് ഏറ്റവും ഒടുവിൽ റിപ്പോർട്ട് ചെയ്ത സംഭവം. എന്തിനാണ് ഒന്നുമറിയാത്ത ഈ കുട്ടികളുടെ വായിൽ വ്യാജ പോക്സോ കള്ളമിടുന്നത്?

പോക്സോ നിയമം മൂലം കുടുക്കാൻവേണ്ടി കള്ളപ്പരാതികൾ നൽകുന്നത് അപൂർവമല്ലെന്നും ഇതിനെക്കുറിച്ച് പ്രതിപാദിക്കുന്ന സെക്ഷൻ ഇരുപത്തിരണ്ടിനെക്കുറിച്ച് ഗൂഗിൾ റിസർച് നടത്തിയാൽ കാണാം. ലൈംഗിക ചൂഷണത്തിൽപ്പെട്ട് കേസിന്റെ വിചാരണഘട്ടത്തിലെത്തുമ്പോൾ നിശബ്ദരാക്കപ്പെടുകയോ പലതരം ഭീഷണികളും പ്രേരണകളും മൂലം പിന്തിരിക്കപ്പെടുകയോ ചെയ്യുന്ന കുട്ടികളുടെ എണ്ണം പരിഗണിക്കുമ്പോൾ വ്യാജ പരാതിക്കാരുടെ എണ്ണം തുച്ഛമായിരിക്കും. പക്ഷേ, ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവർ കുട്ടികളുടെ സംരക്ഷണത്തിനായി എഴുതപ്പെട്ട ഒരു നിയമത്തിന്റെ ശക്തി വല്ലാതെ ചോർത്തിക്കളയുന്ന കൊടും കുറ്റവാളികളാണ്.

അതിന് ഒത്താശ ചെയ്തുകൊടുക്കുന്ന എല്ലാവരെയും ആ ഗണത്തിൽ ത്തന്നെ കാണുകയും ചെയ്യണം. ഒരു കുട്ടിയെ ഇത്തരത്തിലൊരു മൊഴി നൽകാൻ ഒരുക്കിയെടുക്കുന്നവർ മറ്റൊരു

**ഒരു കുട്ടിയെ വ്യാജമായ മൊഴി നൽകാൻ ഒരുക്കിയെടുക്കുന്നവർ മറ്റൊരു രീതിയിൽ ചൈൽഡ് സെക്ഷ്വൽ അബ്യൂസ് ചെയ്യുന്നവർ തന്നെയാണ്. അവർ കുട്ടിയുടെ സ്വഭാവ രൂപീകരണത്തിൽ വിഷം കലർത്തുന്നവരാണ്. അവർക്കു കിട്ടാവുന്ന ശിക്ഷ ആറുമാസവും പിഴയും മാത്രം.**

രീതിയിൽ ചൈൽഡ് സെക്ഷ്വൽ അബ്യൂസ് ചെയ്യുന്നവർ തന്നെയാണ്. അവർ കുട്ടിയുടെ സ്വഭാവ രൂപീകരണത്തിൽ വിഷം കലർത്തുന്നവരും. അവർക്കു കിട്ടാവുന്ന ശിക്ഷ ആറുമാസവും പിഴയും മാത്രം.

കുട്ടികൾ ലൈംഗിക ചൂഷണത്തിനിരയായതായുള്ള വ്യാജപരാതികളുടെ തോത് മൊത്തം പരാതികളുടെ പത്തുശതമാനമാണെന്ന് പാശ്ചാത്യരാജ്യങ്ങളിൽ നിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ പറയുന്നു. കേരളത്തിലെ കേസുകളിൽ പതിനേഴു ശതമാനം വ്യാജമാണെന്നാണ് സാമൂഹിക നീതി വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം. ഇത് കർശനമായി ഇടപെടേണ്ട പ്രവണതയായി വളർന്നുവരുന്നെന്ന് പല കോടതികളും അഭിപ്രായപ്പെടുന്നു.

വിദേശ പഠനങ്ങളെ അടിസ്ഥാനമാക്കിക്കിട്ടുന്ന വിവരമനുസരിച്ച് ഇതിൽ വളരെ നേരിയ ശതമാനം മാത്രമാണ് കുട്ടികളിൽ നിന്നും ഉത്ഭവിക്കുന്നത്. നുണപറച്ചിലും മറ്റുള്ളവരെ വരുതിയിൽ നിർത്താൻ എന്തുചെയ്യാനും മടിക്കാത്ത പ്രകൃതവുമുള്ള ചില കുട്ടികളാണ് ഇത്തരം അറ്റകൈ പ്രയോഗം നടത്തുന്നത്. ഇത്തരക്കാർ മാതാപിതാക്കളെപ്പോലും കുറ്റവാളികളാക്കാൻ ശ്രമിക്കും. അച്ചടക്ക നടപടിക്കായി ശ്രമിക്കുമ്പോൾ അദ്ധ്യാപകർക്കെതിരെ ചൂഷണകഥയുണ്ടാക്കും.

എന്നാൽ, കുട്ടിയെ മുൻനിർത്തി മുതിർന്നവർ അവരുടെ സ്വാർത്ഥ ലക്ഷ്യങ്ങൾക്കായി ഉയർത്തിക്കൊണ്ടുവരുന്ന ലൈംഗികകുറ്റാരോപണങ്ങളാണ് ബഹുഭൂരിപക്ഷവും. മുതിർന്നവർ സൃഷ്ടിക്കുന്ന കേസ് മറ്റൊരാളെ എങ്ങനെയാണ് ബാധിക്കുന്നതെന്ന് പല കുട്ടികളും അറിയണമെന്നുമില്ല. നല്ലൊരു പങ്കും വിവാഹമോചന, ചൈൽഡ് കസ്റ്റഡി സാഹചര്യങ്ങളിലുമാണ്. പകപോക്കലിനായി കുട്ടികളെ കരുവാക്കുന്ന സാഹചര്യങ്ങളുമുണ്ട്. കോടതി പരാമർശങ്ങൾ വന്നിട്ടുള്ള കേസുകളെ വിശകലനം ചെയ്താൽ നമ്മുടെ നാട്ടിലും ഇതൊക്കെത്തന്നെയാണ് സ്ഥിതിയെന്ന് പറയേണ്ടിവരും.

സ്വാധീനിച്ച് ചില സൂചനകൾ അഥവാ നിർദേശങ്ങൾ നൽകി ചെറിയ കുട്ടികളെ തെറ്റായ നിലപാടുകളിലേക്ക് നയിക്കാൻ എളുപ്പമാണ്. ചിലപ്പോൾ ഇത് മുതിർന്നവർ മനഃപൂർവം ചെയ്യുന്നതാകാം. മടിയിലിരുത്തുക, കെട്ടിപ്പിടിക്കുക തുടങ്ങിയ വാത്സല്യപ്രകടനങ്ങളുടെ പിന്നിലെ ചേതോവികാരത്തെ ദുർവ്യാഖ്യാനം ചെയ്തും ഇത്തരം കേസുകൾ ഉദ്ഭവിക്കാം. ലാളനയുടെ സ്പർശനങ്ങളെന്ന വ്യാജേന കുട്ടികളെ ലൈംഗിക ചൂഷണം ചെയ്യുന്ന ക്രിമിനലുകളുമുണ്ടെന്നത് യാഥാർത്ഥ്യം.

മറ്റുചിലപ്പോൾ അന്വേഷണ ഉദ്യോഗസ്ഥന്റെയോ ശിശുക്ഷേമ സംവിധാനങ്ങളിലെ വ്യക്തികളുടെയോ വിവരശേഖരണത്തിലെ പിഴവുമാകാം. ലൈംഗിക ചൂഷണ സാഹചര്യത്തെക്കുറിച്ച് കുട്ടിക്ക് സ്വയം സ്ഥിരതയോടെയും സ്വാഭാവികതയോടെയും പറയാൻ പറ്റണമെങ്കിൽ ആ പ്രായത്തിനു ചേർന്നവിധത്തിലുള്ള ആശയവിനിമയത്തിനുള്ള ബന്ധം ആദ്യം ഉണ്ടാക്കിയെടുക്കണം. അതിനൊന്നും ക്ഷമയില്ലാതെ ഉവ്വ് അല്ലെങ്കിൽ ഇല്ലായെന്ന പ്രതികരണംവരുന്ന ചോദ്യങ്ങളെ ആശ്രയിച്ച് വിവരശേഖരണം അതിവേഗത്തിൽ തീർത്താൽ കുട്ടിയുടെ മനസ്സിലുള്ളതിനു പകരം കടലാസിൽ മുൻവിധികളാകും കയറിപ്പറ്റുക.

പോക്സോ കേസുകൾ എല്ലാം വ്യാജമാണെന്ന സാമാന്യവത്കരണം പാടില്ല. കള്ളപ്പരാതികളുടെ ന്യായം പറഞ്ഞ് കുട്ടികളുടെ പീഡകർക്ക് നല്ല പിള്ള ചമയാൻ അവസരവും കൊടുക്കരുത്. സർക്കാർ നിർദേശിക്കുന്ന പ്രാഥമികാന്വേഷണം വലിച്ചുനീട്ടി കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകളുണ്ടാക്കരുത്.

എല്ലാ കേസുകളിലും പിള്ളവായിൽ സത്യമുണ്ടെന്ന തത്ത്വത്തിൽത്തന്നെവേണം അന്വേഷണം. എന്നാൽ, സംശയകരമായ പൊരുത്തക്കേടുകളും കേസുണ്ടാകുംമുമ്പ് അതിൽ കക്ഷികളാകുന്ന മുതിർന്നവർ തമ്മിലുണ്ടായിരുന്ന ചില തർക്കസാഹചര്യങ്ങളും ശ്രദ്ധിക്കണം.

വ്യാജപരാതികളെക്കുറിച്ചും അതിൽ ഇരയാക്കപ്പെടുന്നവരുടെ ദുരിതങ്ങളെക്കുറിച്ചുമുള്ള കോടതികളുടെ മുന്നറിയിപ്പും വാർത്തകളും ഗൗരവത്തിൽത്തന്നെ കാണണം. ലൈംഗിക ചൂഷണത്തെക്കുറിച്ച് കുട്ടികൾ കള്ളംപറയുന്നില്ലെന്ന ആനുകൂല്യത്തെ ചൂഷണം ചെയ്യുന്ന തിന്മയുള്ളവരുണ്ടെന്ന ഓർമപ്പെടുത്തലാണിത്. അതിൽ അമ്മയും അച്ഛനുമൊക്കെയുണ്ട്. അവരുടെ വക്രബുദ്ധിയിലെ ഗൂഢലക്ഷ്യങ്ങളുമുണ്ട് മറ്റുചിലർക്ക് ബ്ലാക്ക് മെയിലിങ് തന്ത്രങ്ങളുണ്ട്. അവർക്ക് ആയുധമാക്കാനുള്ളതല്ല കുട്ടികളും പോക്സോയും. വിവാഹമോചനക്കേസുകളിൽ ബലംകൂട്ടാനായി വെറുതെ തുന്നിച്ചേർത്ത കള്ളക്കേസുകൾമൂലം സംശയത്തിന്റെ നിഴലിലായ ശൗര്യമുള്ള സ്ത്രീ സൗഹൃദ നിയമങ്ങളുണ്ട്.

പോക്സോ നിയമത്തിന് ആ ഗതി വരാൻ പാടില്ല. ദുരുപയോഗം ചെയ്തതായി കണ്ടെത്തിയാൽ, അതു ചെയ്ത മുതിർന്നവർക്കെതിരെ ഉടൻ കേസുണ്ടാകണം. ശിക്ഷ നൽകണം. പോക്സോ നിയമത്തിലൂടെ കുട്ടികളെ ആയുധമാക്കി കള്ളക്കേസുമായി ഇറങ്ങുന്നവർ പേടിക്കണം. അവരെ പേടിപ്പിക്കണം. ഇപ്പോൾ ശാസിക്കുന്നതിൽ കൂടുതലാകണം ശിക്ഷ.

**(ലേഖകൻ മാനസികാരോഗ്യ വിദഗ്ദ്ധനാണ്)**




Philadelphia Pentecostal Church
3735 N Narragansett Ave., Chicago, IL 60634

**Seeking a Full-Time Pastor**
*(Effective Start by July 01st, 2020)*

*The candidate shall possess the following qualifications:*

- Must be an ordained minister with at least 8-10 years of pastoral experience leading a church.
- Credentialed by an accredited & recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa sponsorship).
- Must be married & 35 years or older

*Please send your CV or Resume to:*
Email: Ppc.Chicago@Yahoo.Com

*Questions or for more information contact:*
George Iype: 708-539-1881
Benchi Abraham: 224-659-6035



# മുഖ്യമന്ത്രിക്കെതിരെ ആഞ്ഞടിച്ച് ഷാഫി

തിരുവനന്തപുരം: പെരിയയിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും ശരത്‌ലാലിനെയും സിപിഎമ്മുകാർ വെട്ടിക്കൊന്ന കേസ് സിബിഐക്കു വിട്ട ഹൈക്കോടതി വിധി അട്ടിമറിക്കുന്നതിനെതിരെ നിയമസഭയിൽ ഷാഫി പറമ്പിലിന്റെ തീപ്പൊരിപ്രസംഗം.

സിപിഎമ്മിനെയും മുഖ്യമന്ത്രിയെയും ഡിജിപിയെയും കടന്നാക്രമിച്ച ഷാഫിയുടെ പരാമർശങ്ങളാണ് മന്ത്രി ഇ.പി. ജയരാജനെയും മുഖ്യമന്ത്രി പിണറായി വിജയനെയും പ്രകോപിപ്പിച്ചത്. കേസ് സിബിഐക്ക് വിട്ട ഹൈക്കോടതി വിധി വന്ന് അഞ്ച് മാസം കഴിഞ്ഞിട്ടും കേരള പോലീസ് അന്വേഷണം അട്ടിമറിക്കുന്നുവെന്ന് ആരോപിച്ചായിരുന്നു ഷാഫിയുടെ അടിയന്തര പ്രമേയ നോട്ടീസ്.

ഷാഫിയുടെ വാക്കുകൾ: 25 വയസ് തികയാത്ത രണ്ട് ചെറുപ്പക്കാരെ ക്രൂരമായി മരണത്തിലേക്കു തള്ളിവിട്ടിട്ടു കേസ് തടസ്സപ്പെടുത്താൻ സർക്കാരിന് എന്താണിത്ര താത്പര്യം? പാർട്ടിക്ക് ഒരു ബന്ധവുമില്ലെങ്കിൽ എന്തിനാണ് കേസ് സിബിഐക്ക് കൊടുക്കാതിരിക്കാൻ സർക്കാരിന്റെ ഖജനാവിൽ നിന്ന് പണമെടുത്തു സുപ്രീം കോടതിയിൽ നിന്നു വക്കീലിനെ കൊണ്ടുവരുന്നത്? സോളിസിറ്റർ ജനറൽ രഞ്ജിത് കുമാറിനെയാണ് ഒരു സിറ്റിങ്ങിന് 25 ലക്ഷം രൂപ വീതം നല്കി കൊണ്ടുവന്നത്. അഡീഷണൽ സോളിസിറ്റർ ജനറൽ മനീന്ദറിനെയും കൊണ്ടുവന്നു.

ആ പാവം മാതാപിതാക്കൾക്കെതിരെ കേസ് വാദിക്കാൻ ഒരു കോടിയോളം രൂപ എകെജി സെന്ററിൽ നിന്നോ ബക്കറ്റ് പിരിവ് നടത്തിയിട്ടോ അല്ല കൊടുക്കുന്നത്. പാവപ്പെട്ടവർ നല്കുന്ന നികുതിപ്പണത്തിൽ നിന്നാണ്.

ശരത്‌ലാലും കൃപേഷും കൊല്ലപ്പെട്ടപ്പോൾ അവരുടെ മാതാപിതാക്കൾ ചന്ദനത്തിരി വാങ്ങിയതിന്റെ 12 ശതമാനം നികുതി, എണ്ണ വാങ്ങിയതിന്റെ 12 ശതമാനം, എള്ളു വാങ്ങിയതിന്റെ 5 ശതമാനം, ഒടുവിൽ മകന്റെ ശരീരം പുതപ്പിച്ച തുണിക്ക് 5 ശതമാനം നികുതി... ആ പണംകൊണ്ട് കൂടിയാണ് പ്രതികളെ പിടിക്കാതിരിക്കാൻ സർക്കാർ അപ്പീലിനു പോകുന്നത്.

**പണം നല്കുമെന്ന് മുഖ്യമന്ത്രി**

പെരിയ കേസിൽ ആവശ്യമെങ്കിൽ ഇനിയും അഭിഭാഷകർക്കു പണം നല്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാരിനു വേണ്ടി വക്കീലിനെ കൊണ്ടുവരുമ്പോൾ ആ കാശ് എകെജി സെന്ററിൽ നിന്നല്ല കൊടുക്കുക. കേസ് സിബിഐക്കു വിട്ട ഹൈക്കോടതി വിധിയോട് സർക്കാരിന് യോജിപ്പില്ല. അതിനാൽ അപ്പീലിനു പോയി. എകെജി സെന്ററിൽ നിന്ന് പണം കൊടുക്കേണ്ട കേസുകളിൽ മുൻപ് കൊടുത്തിട്ടുണ്ട്. ഞാൻ ഈ സ്ഥാനത്ത് ഇരിക്കുന്നതിനു മുമ്പ് ചില കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്. കാശ് കൊടുത്തിട്ടുമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

## വോട്ടർ കാർഡിൽ മനുഷ്യനെ പട്ടിയാക്കി

കൊൽക്കത്ത: ആടിനെ പട്ടിയാക്കുകയെന്നു കേട്ടിട്ടുണ്ട്. പക്ഷേ, മനുഷ്യനെയും പട്ടിയാക്കി കഴിവുതെളിയിച്ചിരിക്കുകയാണ് തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ. പശ്ചിമബംഗാൾ മുർഷിദാബാദ് ജില്ലയിലം രാംനഗർ ഗ്രാമത്തിലാണ് സംഭവം. തിരിച്ചറിയൽ കാർഡിലെ ഒരു പിശകുനീക്കാൻ ഗ്രാമവാസിയായ സുനിൽ കർമാക്കർ അപേക്ഷ നൽകിയിരുന്നു. ഇക്കഴിഞ്ഞ ദിവസം സമീപത്തുള്ള സ്കൂളിലേക്കുവന്ന പുതിയ കാർഡ് വാങ്ങാൻ അറിയിപ്പു കിട്ടി. അതുപ്രകാരം ചെന്ന് കാർഡുവാങ്ങിയ സുനിൽ ഞെട്ടിപ്പോയി. കാർഡിൽ തന്റെ സ്ഥാനത്ത് പട്ടിയുടെ പടം.

ഒപ്പിട്ടുതന്ന ഉദ്യോഗസ്ഥൻ പോലും ഇത് നോക്കിയിട്ടില്ല. എന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന കാര്യമാണിത്. ബി.ഡി.ഒയ്ക്ക് പരാതി നൽകും. വേറാർക്കും ഇനി ഇങ്ങനെ സംഭവിക്കരുത്: സുനിൽ കർമാക്കർ പറഞ്ഞു. സുനിലിന് ഉടൻ തന്നെ കാർഡ് മാറ്റിക്കൊടുക്കുമെന്ന് സ്ഥലത്തെ ബിഡിഒ അറിയിച്ചു. എന്നാൽ, ഇത്തരത്തിൽ ഒരബദ്ധം എങ്ങനെ സംഭവിച്ചുവെന്നതിന് ബിഡിഒയ്ക്കും വിശദീകരണമില്ല. ഓൺലൈൻ അപേക്ഷാഫോറം പൂരിപ്പിച്ച് സമർപ്പിക്കുന്ന സമയത്ത് ആരെങ്കിലും പറ്റിച്ച പണിയാകാമെന്നാണ് ബിഡിഒ പറയുന്നത്.

## യൂണിയനുകൾക്കു മുന്നിൽ സർക്കാർ മുട്ടുമടക്കി

തിരുവനന്തപുരം: തലസ്ഥാനത്ത് ഒരാളുടെ മരണത്തിനും ആയിരക്കണക്കിനു യാത്രക്കാരുടെ ദുരിതത്തിനും വഴിയൊരുക്കിയ മിന്നൽ പണിമുടക്കു നടത്തിയ സംഭവത്തിൽ കെഎസ്ആർടിസി യൂണിയനുകളുടെ സമ്മർദത്തിനു സർക്കാർ വഴങ്ങി. ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്നതുവരെ നടപടിയെടുക്കേണ്ടെന്നു സർക്കാർ തീരുമാനിച്ചു. അവശ്യ സർവീസ് നിയമം (എസ്മ) പ്രയോഗിക്കണമെന്ന കളക്ടറുടെ ശിപാർശയും തള്ളി.

ഇതിനിടെ, നടപടിയെടുത്താൽ തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കിലേക്കു നീങ്ങുമെന്നു ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (സിഐടിയു) മുന്നറിയിപ്പു നൽകി. ആറ്റുകാൽ പൊങ്കാല നടക്കാനിരിക്കെ അത്തരം സാഹചര്യം ഒഴിവാക്കാൻ കൂടിയാണ് സർക്കാർ മുട്ടുമടക്കിയത്.

## സഹായാഭ്യർത്ഥന

ഞാൻ അയ്മനം പഞ്ചായത്തിൽ കുടമാളൂർ കരയിൽ തച്ചാട്ടുകുന്നേൽ (പിച്ചനാട്ട് ലക്ഷംവീട്) വീട്ടിൽ സെബാസ്റ്റ്യന്റെ ഭാര്യയായ ഷൈനിയാണ്.

എനിക്ക് 45 വയസ്സായി. 20 വർഷമായിട്ട് വയറ്റിൽ വേദനയേയും ബ്ലീഡിഗിനേയും തുടർന്ന് മെഡിക്കൽ കോളജ് ആശുപത്രിയിലെത്തുകയും വിദഗ്ധ പരിശോധനയിൽ ഓവറിയിലും യൂട്രസിലും മുഴകൾ ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. 2008ലും 2018ലും ഓപ്പറേഷൻ നടത്തി. എന്നാൽ ആറുമാസത്തിനു ശേഷം വീണ്ടും മുഴകൾ ഉണ്ടായി. തുടർന്ന് നടത്തിയ ടെസ്റ്റിൽ ക്യാൻസർ രോഗമാണെന്നു കണ്ടെത്തി. ഇപ്പോൾ ഞാൻ മെഡിക്കൽ കോളജിലെ സുരേഷ് ഡോക്ടറുടെ ചികിത്സയിലാണ്. 18 കീമോ, റേഡിയേഷൻ, ഓപ്പറേഷൻ ഇത്രയുമാണ് ഡോക്ടർ പറഞ്ഞിരിക്കുന്നത്. എന്റെ ഭർത്താവ് കൂലിപ്പണിക്കാരൻ ആയിരുന്നു. നാല് വർഷമായിട്ട് ഡിസ്ക് തകരാറിലായതിനാൽ ജോലിക്ക് പോകുവാൻ സാധിക്കുന്നില്ല. മകൻ പഠനം കഴിഞ്ഞെങ്കിലും ജോലി ആയില്ല. സ്വന്തമായി താമസ യോഗ്യമായ വീടില്ലാത്തതിനാൽ സഹോദരിയുടെ വീട്ടിലാണ് താമസം. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന എനിക്ക് ചികിത്സാ സഹായം നൽകി സഹായിക്കണമെന്ന് അപേക്ഷിക്കുന്നു



എന്ന്, ഷൈനി സെബാസ്റ്റ്യൻ

**സഹായം എത്തിക്കേണ്ട വിലാസം:**

**Shiny Sebastian,**
W/O Sebastian Varghese,
Thachattukunnel, Kudamaloor,
Pin : 686017, Kottayam Dt.,
Kerala, India.

**Shiny Sebastian,**
C/o Kerala Express,
2050 W.Devon Avenue,
Chicago, Illinois 60659

## പോസ്റ്റൽ ഓർഡർ അയയ്ക്കരുത്

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്ന സഹായാഭ്യർത്ഥനയെ മാനിച്ച് ഒരാൾ സഹായം തേടുന്ന എല്ലാവർക്കും തന്നെ 50 ഡോളറിന്റെ പോസ്റ്റൽ ഓർഡർ അയയ്ക്കുന്നുണ്ട്. എന്നാൽ ഇത് ഇന്ത്യയിൽ മാറാൻ സാധിക്കുകയില്ലെന്നുള്ള വിവരം അറിയിക്കട്ടെ. ഇനി ആരും ദയവായി പോസ്റ്റൽ ഓർഡർ അയയ്ക്കരുത്. ഡോളർ ചെക്കായോ ഇന്ത്യൻ ചെക്കായോ മാത്രം സഹായം എത്തിക്കുക.

**പത്രാധിപർ**


Ann's Beauty Salon

517 N. Wolf Road, Hillside, IL 60162

annsalon@gmail.com
A Full Service Salon & Spa
For all your Beauty Care Needs



Lissy
(Licensed Cosmetologist &
Licensed Cosmetology Instructor)

Call for appointment
708-547-6787

Business Hours
Tue - Fri 9:30 a.m to 7 p.m.
Sat. 8 a.m. - 5 p.m.
Sunday appointment only
Monday closed

-Special-
Spa Day Package Includes

| | |
|---|---|
| Full Facial.................................................. | $ 47 |
| Eyebrow Arch........................................... | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair........................ | $ 30 |
| Scalp Massage w/hot oil............................ | $ 30 |
| Manicure.................................................... | $ 15 |
| Pedicure..................................................... | $ 25 |
| Total........................................................... | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

We Specialize In:
Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

Achieve Real Estate Group, Inc.

Achieve all your real estate needs with us
"Satisfied customers are our primary goal"
"We are hiring brokers"
Please contact Sabu Achettu for more information

Achieve Brokers

Alexander Mathew
847 650 0110 (alexmathewchicago@gmail.com)

Luke Chirayil (Kochumon)
Cell 630 808 2125 (lchirayil@gmail.com)

Arkadiusz Jamula
773 671 5555 (aj.jamula@gmail.com)

Mariamma Thomas
847 452 8125 (mariammatho@gmail.com)

Benny Joseph (Puthukulam)
847 612 4319 (bennyrealtor@comcast.net)

Mohan Sebastian
847 331 1123 (realtormohan@yahoo.com)

Biju Jacob
847 840 5532 (bijubjacob@gmail.com)

Prince Eapen
224 659 0336 (eapenrealtor@gmail.com)

Eby George
1 773 671 3911 (Ebychengannur@yahoo.com)

Renchi Varghese
847 845 7361 (renchirealtor@yahoo.com)

George (Babu) Mathew
847-602-9326 (georgelrealtor@gmail.com)

Roy John
708 833 2769 (royjohnreb@yahoo.com)

George Panicker
847 401 7771 (realtorpanicker@gmail.com)

Sabu Achettu (Managing Broker)
847 687 5100 (saburealtor@sbcglobal.net)

James P Kannookadan
847 910 7866 (jimkannoox@hotmail.com)

Shawn S Achettu
847-529-7962 (realtorachettu@gmail.com)

Jinson Vachachira
618-203-9142 (VachaRealtor@gmail.com)

Sheljo Abraham
331-202-6087 cell (realtorsheljo@gmail.com)

Joe Luke Chirayil (Appu)
647-691-3121 (realtorjoeluke@gmail.com)

Soy Mathew
847 769 1805 (soymathew@sbcglobal.net)

John Lyndon Gatus
224 258 8235 (realtoryjohn1992@gmail.com)

Stiby Abraham
773 -355-8880 (stibyrealtor@gmail.com)

John (Anish) Plamoottil
563-505-7377 (jplamoottil.realtor@gmail.com)

Tino Tomy
847-651-2923.(realtortino@gmail.com)

John (Thengumoottil) Mathew
847 309 2826 (realtorjthengum@gmail.com)

Thomas (Karikulam) Kuruvilla
847 219 6050 thomasrealtor557@gmail.com

Jolly Joseph
630-615-9240 (realtorjollyjoseph@gmail.com)

Tomy Plathottathil Mathew
773-349-7154 (tomyrealtor1229@gmail.com)

Luka Chirayil
630 290 1524 (lchirayil22@yahoo.com)

"For Residential,Commercial,
Short sales and Foreclosure sales
please call
Achieve Real Estate Group"

834 E Rand RD Suite 6, Mount Prospect, IL 60056
Real Estate for diversified investors and
promise for future generations.

# മിന്നൽ സമരത്തിൽപ്പെട്ട് യാത്രക്കാരൻ മരിച്ചു

തിരുവനന്തപുരം: തലസ്ഥാനത്തെ സ്തംഭിപ്പിച്ച കെഎസ്ആർടിസി മിന്നൽ പണിമുടക്കിനിടെ, ഗതാഗതക്കുരുക്കിൽപ്പെട്ട യാത്രക്കാരൻ ചികിത്സ കിട്ടാതെ മരിച്ചു.

സ്വകാര്യ ബസിന്റെ അനധികൃത സർവീസ് തടഞ്ഞ കെഎസ്ആർടിസി ഉദ്യോഗസ്ഥനെ പോലീസ് അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചായിരുന്നു മിന്നൽ പണിമുടക്ക്.

കിഴക്കേക്കോട്ട സ്റ്റാൻഡിൽ ദീർഘനേരം ബസ് കാത്തിരുന്ന കുമാരപുരം ചെന്നിലോട് പാറുവിള വീട്ടിൽ ടി. സുരേന്ദ്രനാണ് (65) കുഴഞ്ഞ് വീണു മരിച്ചത്. സമീപത്തുണ്ടായിരുന്ന ഒരു സ്ത്രീ പ്രഥമ ശുശ്രൂഷ നൽകാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഗവ. ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ മരണം സ്ഥിരീകരിച്ചു.

വഴിനീളെ ബസുകൾ നിർത്തിയിട്ടുണ്ടായ 5 മണിക്കൂർ ഗതാഗത സ്തംഭനം പരിഹരിക്കാൻ പോലീസും ഇടപെടാൻ സർക്കാരും സമരം പിൻവലിക്കാൻ കെഎസ്ആർടിസി ജീവനക്കാരുടെ സംഘടനകളും മടിച്ചു നിന്നു. എല്ലാവരുടെയും വാശിയുടെ ഇരയായി ഒരു യാത്രക്കാരന്റെ ജീവൻ പൊലിഞ്ഞതോടെയാണ് സമരം പിൻവലിച്ചത്.

പോലീസുമായി സംഘർഷമുണ്ടാക്കിയെന്ന പേരിൽ കെഎസ്ആർടിസി ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തു ജാമ്യമില്ലാത്ത വകുപ്പുകൾ ചുമത്താനൊരുങ്ങിയെങ്കിലും സംഘടനാ നേതാക്കളുടെയും കെഎസ്ആർടിസി മാനേജ്മെന്റിന്റെയും സമ്മർദത്തെ തുടർന്ന് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു. സ്വകാര്യ ബസിനെതിരെ നടപടിയെടുത്തിട്ടില്ല.

കുമാരപുരം സ്വദേശിയായ സുരേന്ദ്രൻ ഇപ്പോൾ കാച്ചാണി ഇറയൻകോട്ടാണ് താമസം.

സംഭവത്തിൽ എഴുപതോളം ഡ്രൈവർമാരുടെ ലൈസൻസുകൾ സസ്പെൻഡ് ചെയ്യാനും പിഴ ചുമത്താനും ശിപാർശ ചെയ്തു. മോട്ടോർ വാഹന വകുപ്പിന്റെ പ്രാഥമിക റിപ്പോർട്ട്.



ബസുകളുടെയും ഡ്രൈവർമാരുടെയും വിശദാംശങ്ങൾ തേടി കെഎസ്ആർടിസി അധികൃതർക്കും സിറ്റി പോലീസ് കമ്മീഷണർക്കും വകുപ്പ് കത്തു നൽകി.

പോലീസും മാധ്യമങ്ങളും ആർടി വകുപ്പും പകർത്തിയതും വിവിധ സ്ഥലങ്ങളിലെ സിസിടിവി ദൃശ്യങ്ങളും ശേഖരിച്ചിട്ടുണ്ട്.

## ഹൈക്കോടതിയിൽ 4 ജഡ്ജിമാർ കൂടി

ന്യൂഡൽഹി: കേരള ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിമാരായി ടി.ആർ. രവി, ബെച്ചു കുര്യൻ തോമസ്, പി. ഗോപിനാഥ്, എം.ആർ. അനിത എന്നിവരെ നിയമിച്ച് രാഷ്ട്രപതി ഉത്തരവായി. ജനുവരി 29ന് ഇവരുടെ പേര് സുപ്രീംകോടതി കൊളീജിയം ശിപാർശ ചെയ്തത്.

പാലക്കാട് ശ്രീകൃഷ്ണപുരം പെരുമാങ്ങോട് തെക്കേവാര്യത്ത് കുടുംബാംഗമായ ടി.ആർ. രവി പരേതനായ ആര്യവൈദ്യൻ ടി.ആർ. രാഘവവാര്യരുടെ



മകനാണ്. 1989ൽ ഹൈക്കോടതിയിൽ പ്രാക്ടീസ് തുടങ്ങി. 2004-06ൽ സീനിയർ ഗവ. പ്ലീഡറും സ്പെഷൽ ഗവ. പ്ലീഡറുമായി. കോട്ടയം കല്ലുപുരയ്ക്കൽ തടത്തിൽ റിട്ട. സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് കെ.ടി. തോമസിന്റെ മകനായ ബെച്ചു കുര്യൻ തോമസ് 1996ൽ ഹൈക്കോടതിയിൽ അഭിഭാഷകനായി. 2015ൽ സീനിയർ അഭിഭാഷകനായ അദ്ദേഹം സുപ്രീം കോടതിയിലും പ്രാക്ടീസ് ചെയ്തു. കൊച്ചിയിൽ വളഞ്ഞമ്പലത്തെ പെരിഞ്ചേരി കുടുംബാംഗമായ പി. ഗോപിനാഥ് പരേതനായ എ.ജി. നായരുടെ മകനാണ്. 1996ൽ പ്രാക്ടീസ് തുടങ്ങിയ അദ്ദേഹം 2018ൽ ഹൈക്കോടതിയിൽ സീനിയർ അഭിഭാഷകനായി. തൃശൂർ കുഴിക്കാട്ടുശേരി എം.കെ. രാമന്റെ മകളായ എം.ആർ. അനിത 1991 ൽ കൊച്ചി അഡീഷണൽ മുൻസിഫ് ആയി. 2016 ഒക്ടോബർ മുതൽ കോഴിക്കോട് ജില്ലാ ജഡ്ജിയായി.

## ജീവനക്കാരനോട് ക്ഷുഭിതനായ പി.സി. ജോർജിന് സ്പീക്കറുടെ ശാസന

തിരുവനന്തപുരം: 'ജീവനക്കാരെ എടോ പോടോ എന്നൊന്നും വിളിക്കണ്ട. ഇരിക്കവിടെ' നിയമസഭാ ജീവനക്കാരോട് ക്ഷുഭിതനായ പി.സി. ജോർജിനു സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ ശാസന. ചോദ്യോത്തരവേളയിൽ എൻ.എ. നെല്ലിക്കുന്ന് പ്രസംഗിക്കുന്നതിനിടെയാണ് താൻ നൽകിയ കത്ത് നിയമസഭാ ഉദ്യോഗസ്ഥൻ സ്പീക്കർക്ക് കൈമാറിയില്ലെന്ന് ആരോപിച്ച് ജോർജ് സീറ്റിൽ നിന്ന് എഴുന്നേറ്റത്. കത്ത് നൽകിയില്ലെന്ന് ജോർജ് പറഞ്ഞപ്പോൾ അതൊക്കെ അവർ തന്നോളും, ഇങ്ങനെയാണോ സഭയിൽ പെരുമാറുന്നത്. ഇതൊന്നും ശരിയല്ലെന്നും സ്പീക്കർ പറഞ്ഞു. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ എഴുതിത്തന്നാൽ മതിയെന്ന് കടുത്ത ഭാഷയിൽ സ്പീക്കർ മുന്നറിയിപ്പ് നൽകി. അവർ ഒരുപാട് ജോലികൾ ഒരുമിച്ചാണ് ചെയ്യുന്നത്. ചിലപ്പോൾ അംഗം നൽകിയ കത്ത് തരാൻ വൈകിയിട്ടുണ്ടാകും. കത്ത് മാത്രമല്ല, ഇവിടെ സ്പീക്കറുമായി അംഗങ്ങൾക്ക് സംസാരിക്കുന്നതിന് ചാറ്റ് സംവിധാനവുമുണ്ട്. അതുപയോഗിക്കാമെന്നും സ്പീക്കർ പറഞ്ഞു. അതേസമയം, ഭരണ-പ്രതിപക്ഷ അംഗങ്ങളും ജോർജിന്റെ നടപടി ശരിയല്ലെന്ന് ചൂണ്ടിക്കാട്ടി.

## പ്രണവ് തളരില്ല, പ്രണയവും; ഷഹ്നയുണ്ടല്ലോ സഖിയായി

ഇരിങ്ങാലക്കുട: ശരീരം തളർന്നു ജീവിതം വീൽ ചെയറിലായ പ്രണവിന് ഒരിക്കലും തളരാത്ത പ്രണയം നൽകി ഷഹ്ന കൂട്ടായി. നേരിൽക്കണ്ടു പിറ്റേന്നു തന്നെ ഷഹ്ന അവന്റെ കൈപിടിച്ച് ജീവിതസഖിയായി. കുടുംബത്തിന്റെയും പ്രണവിന്റെയും എതിർപ്പിനെ



മറികടന്നുള്ള തീരുമാനം.

പ്രണയകഥ ഇങ്ങനെ: ബികോം വിദ്യാർത്ഥിയായിരിക്കെ 6 വർഷം മുൻപ് കുതിരത്തടം പൂന്തോപ്പിൽ നടന്ന ബൈക്ക് അപകടത്തിൽ താഴേക്കാട് സ്വദേശി മണപറമ്പിൽ സുരേഷ് ബാബുവിന്റെ മകൻ പ്രണവിന്റെ ശരീരം തളർന്നു. വീൽ ചെയറിലേക്കു ജീവിതം മാറിയെങ്കിലും നിരാശയുടെ ഇരുട്ടറയിൽ കഴിയാൻ പ്രണവ് തയാറല്ല. നാട്ടിലെ ഉത്സവങ്ങളിലും പെരുന്നാളുകളിലും പ്രണവ് നിറസാന്നിദ്ധ്യമായി. അടുത്ത സുഹൃത്തായ വിനുവായിരുന്നു വർഷങ്ങളായി പ്രണവിനെ വീട്ടിലെത്തി കുളിപ്പിച്ചിരുന്നത്. വീൽചെയറിലിരുന്ന് ഉത്സവമേളം ആസ്വദിക്കുന്ന പ്രണവിന്റെ വീഡിയോകൾ ഫെയ്സ്ബുക്കിൽ വൈറലായി. ഇതു കണ്ടാണ് തിരുവനന്തപുരം പള്ളിക്കൽ സ്വദേശിനി ഷഹ്ന പ്രണവിനെക്കുറിച്ച് അറിയുന്നത്.

അമ്മ സുനിത പ്രണവിനു ഭക്ഷണം വാരിക്കൊടുക്കുന്ന വീഡിയോകളും ഷഹ്നയെ പ്രണവിലേക്ക് അടുപ്പിച്ചു. 3 വർഷം മുമ്പ് ഫെയ്സ്ബുക്കിൽ നിന്നു ഫോൺ നമ്പറെടുത്ത് ഷഹ്ന പ്രണവിനെ വിളിച്ചു. കുറച്ചു നാൾ സംസാരിച്ചതോടെ ഷഹ്ന ഇഷ്ടം അറിയിച്ചു. വിവാഹം കഴിക്കാൻ തയാറാണെന്ന കാര്യവും. വിഷമത്തിലായ പ്രണവ് തന്റെ പ്രണയം മറച്ചുവെച്ച് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അതിനു ശ്രമിക്കുന്തോറും ഷഹ്നയുടെ ഇഷ്ടം കൂടി. മറ്റൊരു കാമുകിയുണ്ടെന്നു സുഹൃത്തിനെക്കൊണ്ടു പറയിച്ചു നോക്കി. എന്നിട്ടും ഷഹ്ന പിന്മാറിയില്ല. ഷഹ്നയുടെ വീട്ടിൽ വിവരം അറിഞ്ഞതോടെ പ്രശ്നമായി. പ്രണവിന്റെ അടുത്തേക്ക് വരുന്നുവെന്നറിയിച്ച് ഷഹ്ന വീട്ടിൽ നിന്നിറങ്ങി. പ്രണവിന്റെ അവസ്ഥ ഷഹ്ന നേരിട്ടു കാണട്ടെ. മനം മാറിയാൽ തിരികെ വീട്ടിലെത്തിക്കാം. മാർച്ച് രണ്ടിന് ഷഹ്ന താഴേക്കാട്ടെ വീട്ടിലെത്തി. പ്രണവിനെ കണ്ടു; സംസാരിച്ചു. പ്രണവും വീട്ടുകാരും പിന്തിരിപ്പിക്കാൻ പരമാവധി ശ്രമിച്ചെങ്കിലും ഷഹ്ന ഉറച്ചു നിന്നു. തുടർന്ന് കൊടുങ്ങല്ലൂർ ആല ക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ ഷഹ്ന പ്രണവിന്റെ സഖിയായി.





# 13 ലക്ഷത്തിന്റെ പ്രളയ സഹായം സിപിഎം നേതാവും ഭാര്യയും തട്ടി

കൊച്ചി: പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നു 13 ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ ഒരു സിപിഎം നേതാവുകൂടി പ്രതി. സിപിഎം തൃക്കാക്കര ഈസ്റ്റ് ലോക്കൽ കമ്മിറ്റിയംഗം എൻ.എൻ. നിധിൻ (33), ഭാര്യ ഷിന്റു (29) എന്നിവരെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തു.

മറ്റൊരു പ്രതി കളക്ടറേറ്റിനു സമീപം താമസിക്കുന്ന കൊല്ലം സ്വദേശി ബി. മഹേഷ് രാത്രി പോലീസിൽ കീഴടങ്ങിയതായി സൂചനയുണ്ട്. കേസിൽ പ്രതിയായ ഇതേ ലോക്കൽ കമ്മിറ്റി അംഗം എം.എം. അൻവർ ഒളിവിലാണ്.

കളക്ടറേറ്റ് ദുരിതാശ്വാസ വിഭാഗത്തിൽ സെക്ഷൻ ക്ലാർക്കും എൻജിഒ യൂണിയൻ അംഗവുമായ വിഷ്ണു പ്രസാദിനെ അറസ്റ്റ് ചെയ്തിരുന്നു.

പ്രതികൾ ഗൂഢാലോചന നടത്തി കളക്ടറേറ്റിലെ ദുരിതാശ്വാസ അക്കൗണ്ടിൽ നിന്ന് 10,54,000 രൂപ തൃക്കാക്കര അയ്യനാട് സഹകരണ ബാങ്കിലേക്കും 2,50,000 രൂപ ദേനാ ബാങ്കിന്റെ കാക്കനാട് ശാഖയിലേക്കും മാറ്റിയ ശേഷം പിൻവലിച്ചു എന്നാണ് കേസ്. സിപിഎം ഭരിക്കുന്ന അയ്യനാട് സഹകരണ ബാങ്കിൽ നിന്ന് വ്യക്തമായ തെളിവില്ലാതെയാണ് എം.എം. അൻവർ പണം പിൻവലിച്ചതെന്നും കണ്ടെത്തി.

ട്രഷറിയിൽ നിന്നു പണം അയച്ചതിന്റെ യുടിആർ നമ്പറുമായി സഹകരണ ബാങ്കിലെത്തിയ അൻവർ തനിക്കുള്ള പണമാണെന്ന് അറിയിച്ചെങ്കിലും പണം കൈമാറാൻ സെക്രട്ടറി തയാറായില്ല. സിപിഎമ്മിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി നേതാക്കൾ സെക്രട്ടറിയുടെ മേൽ സമ്മർദം ചെലുത്തി അൻവറിനു പണം കൊടുപ്പിക്കുകയായിരുന്നു.

ജനുവരി 21നും 24നുമായി മൂന്നു തവണ കൂടി ട്രഷറിയിൽ നിന്നു അയ്യനാട് ബാങ്കിലേക്ക് പണം എത്തി. തുക കൈപ്പറ്റാനും അൻവർ എത്തി. ഇത്തവണയും ഭരണസമിതിയിലെ സിപിഎം നേതാക്കൾ സെക്രട്ടറിയുടെ മേൽ സമ്മർദം ചെലുത്തിയെങ്കിലും സംശയം തോന്നിയതിനാൽ സെക്രട്ടറി അനുമതി നൽകിയില്ല. ഇതുമൂലം അവസാനമെത്തിയ ഗഡുക്കൾ അൻവറിനു ലഭിച്ചില്ല. പണം വന്നതിലെ ദുരൂഹതയും ഇടപാടുകളും സംബന്ധിച്ചു ഭരണസമിതിയിൽ ആക്ഷേപം ഉയർന്നപ്പോൾ ബാങ്ക് അധികൃതർ വിവരം കളക്ടർ എസ്. സുഹാസിനെ അറിയിച്ചു. കളക്ടറുടെ നിർദേശപ്രകാരം ജില്ലാ ഫിനാൻസ് ഓഫിസർ ജി. ഹരികുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് തട്ടിപ്പ് പുറത്തുവന്നത്.

അതേസമയം അൻവർ, നിധിൻ എന്നിവരെ സസ്പെൻഡ് ചെയ്ത തൃക്കാക്കര ഈസ്റ്റ് ലോക്കൽ കമ്മിറ്റിയുടെ നടപടി സിപിഎം ജില്ലാ സെക്രട്ടറിയേറ്റ് അംഗീകരിച്ചു.

# തിരുനക്കര മഹാദേവ ക്ഷേത്രത്തിലെ കാണിക്കവഞ്ചികൾ തകർത്തു മോഷണം

കോട്ടയം: തിരുനക്കര മഹാദേവ ക്ഷേത്രത്തിൽ ഉത്സവത്തിനു ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ മോഷണം. മാർച്ച് 6ന് പുലർച്ചെ 1.30നു മതിൽ ചാടിക്കടന്ന് ക്ഷേത്രമുറ്റത്തു പ്രവേശിച്ച മോഷ്ടാവ് 4 കാണിക്കവഞ്ചികൾ കമ്പിപ്പാര ഉപയോഗിച്ചു തകർത്തു.

കൊടിമരച്ചുവട്ടിലെ പ്രധാന കാണിക്കവഞ്ചി തകർക്കാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. 5000 രൂപയോളം നഷ്ടപ്പെട്ടതായാണ് പ്രാഥമിക വിലയിരുത്തലെന്ന് ക്ഷേത്ര ഭാരവാഹികൾ പറഞ്ഞു. പ്രധാന കാണിക്കവഞ്ചി തകർത്തിരുന്നെങ്കിൽ ലക്ഷക്കണക്കിനു രൂപയുടെ നഷ്ടമുണ്ടാകുമായിരുന്നുവെന്ന് ഭാരവാഹികൾ സൂചിപ്പിച്ചു. ശിവരാത്രി ദിനങ്ങളിലെ കാണിക്ക അടക്കം അതിൽ ഉണ്ടായിരുന്നു.

ദേവസ്വം ബോർഡിന്റെ കോട്ടയം, മുണ്ടക്കയം, ഗ്രൂപ്പ് ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള ആഭരണങ്ങൾ സൂക്ഷിക്കുന്നതു തിരുനക്കര ക്ഷേത്രത്തിലാണ് എന്നതു മോഷണത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. ക്ഷേത്രത്തിലെ സെക്യൂരിറ്റി മുറി പുറത്തു നിന്നു പൂട്ടിയ ശേഷമാണ് മോഷണം. വെസ്റ്റ് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. 14നാണ് ഉത്സവം ആരംഭിക്കുന്നത്.

# യുവതിയുടെ ആത്മഹത്യ: സ്വഭാവഹത്യ നടത്തിയെന്ന കേസിൽ കോമരം റിമാൻഡിൽ

കാഞ്ഞാണി: രണ്ട് കുട്ടികളുടെ അമ്മയായ യുവതി ആത്മഹത്യ ചെയ്ത സംഭവത്തിൽ കുടുംബക്ഷേത്രത്തിലെ കോമരം അറസ്റ്റിൽ. മണലൂർ പാലാഴി സ്വദേശി കാരണത്ത് ജോബിന്റെ ഭാര്യ ശ്യാംഭവിയെ (30) തൂങ്ങിമരിച്ച നിലയിൽ കണ്ട സംഭവത്തിലാണ് കോമരം പാലാഴി കാരണത്ത് വീട്ടിൽ ശ്രീകാന്തി (25) നെ അറസ്റ്റ് ചെയ്തത്.

ക്ഷേത്രോത്സവത്തിലെ ചടങ്ങിനിടെ യുവതിക്ക് സ്വഭാവദൂഷ്യമുണ്ടെന്ന് 'കല്പന' പറഞ്ഞത് ആത്മഹത്യയിലേക്ക് നയിച്ചെന്നാണ് കേസ്. ഇന്ത്യൻ ശിക്ഷാനിയമം 306 പ്രകാരം ആത്മഹത്യയിലേക്ക് ഉടൻ നയിക്കുന്നതിന് കാരണമാകുന്ന പ്രേരണാക്കുറ്റമാണ് ചുമത്തിയത്. ശ്രീകാന്തിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

വലിയവീട്ടിൽ കാരണത്ത് ശ്രീമുത്തപ്പൻ-ഭഗവതി ക്ഷേത്രത്തിലെ ചടങ്ങിനിടെ, യുവതിക്ക് സ്വഭാവദൂഷ്യമുണ്ടെന്ന് കോമരം 'കല്പന' പറഞ്ഞു. പരിഹാരമായി ദേവിയോട് പരസ്യമായി മാപ്പ് പറയണമെന്നും നിർദ്ദേശിച്ചു. ഇരുനൂറോളം പേർ പങ്കെടുത്ത ചടങ്ങിലായിരുന്നു ഇതെന്ന് ഭർത്താവ് ജോബിൻ ജില്ലാ റൂറൽ പോലീസ് മേധാവിക്ക് നല്കിയ പരാതിയിൽ പറയുന്നു. യുവതി പിറ്റേന്ന് കിടപ്പുമുറിയിൽ തൂങ്ങിമരിക്കുകയായിരുന്നു.

ജോബിൻ മസ്കറ്റിലാണ് ജോലി ചെയ്യുന്നത്. വീട്ടിൽ എട്ടും പന്ത്രണ്ടും വയസുള്ള മക്കൾക്കും അമ്മയ്ക്കുമൊപ്പമാണ് ശാംഭവി താമസിച്ചിരുന്നത്. ഭാര്യ ഫോണിൽ വിളിച്ച് കോമരം നാണംകെടുത്തിയെന്ന് സങ്കടത്തോടെ പറഞ്ഞതായി ജോബിന്റെ പരാതിയിലുണ്ട്. ഒരാൾ തന്റെ ഭാര്യയ്ക്കെതിരെ സാമൂഹിക മാധ്യമങ്ങളിലൂടെ അപവാദപ്രചാരണം നടത്തുകയായിരുന്നുവെന്നും പരാതിയിലുണ്ട്.

# പ്രളയസഹായം കിട്ടാതെ അരലക്ഷം പേർ

തിരുവനന്തപുരം: പ്രളയത്തിൽ നാശമുണ്ടായവർക്കു നഷ്ടപരിഹാരം നേരിട്ടു നൽകിയാൽ രാഷ്ട്രീയനേതാക്കളും ഉദ്യോഗസ്ഥരും വിഹിതം കൈപ്പറ്റുമെന്ന ആശങ്ക മൂലം ബാങ്ക് അക്കൗണ്ടുകൾ വഴി കൈമാറാനുള്ള സർക്കാർ ശ്രമവും പാളുന്നു. ബാങ്ക് അക്കൗണ്ടുകളിലേക്കു പണം കൈമാറുന്നതിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം കഴിഞ്ഞ വർഷത്തെ പ്രളയത്തിനു ശേഷം സർക്കാർ അനുവദിച്ച നഷ്ടപരിഹാരം അര ലക്ഷത്തിലേറെ പേർക്കു ലഭിച്ചില്ല. സർക്കാർ കണക്കുപ്രകാരം അടിയന്തര സഹായമായി അനുവദിച്ച 10000 രൂപ, 38000 പേരുടെ അക്കൗണ്ടുകളിൽ നിന്നു മടങ്ങി. വീടുകളുടെ നാശനഷ്ടത്തിന് 49000 പേർക്ക് അനുവദിച്ച തുക 18000 പേരുടെ അക്കൗണ്ടുകളിൽ നിന്നു മടങ്ങി. പ്രധാനമന്ത്രിയുടെ ജൻഡർ യോജന പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങിയവർക്ക് അനുവദിച്ച തുകയാണ് തിരിച്ചുവന്നതിൽ ഭൂരിഭാഗവും. ഈ അക്കൗണ്ടുകളിൽ നിക്ഷേപിക്കാവുന്ന പരമാവധി തുക 50,000 രൂപയാണ്. വീടിനു നാശനഷ്ടം സംഭവിച്ചവരിൽ ഭൂരിഭാഗം പേർക്കും ഇതിൽക്കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. അക്കൗണ്ട് നമ്പർ ഉൾപ്പെടെ വിശദാംശങ്ങൾ നൽകിയതിലെ പിഴവാണ് അടിയന്തര സഹായമായി നൽകിയ 10000 രൂപ മടങ്ങാനുള്ള പ്രധാന കാരണം. 3,0400 പേർക്കാണ് 10000 രൂപ വീതം നൽകിയത്. തുക മടങ്ങിയ 38000 പേരിൽ എണ്ണായിരത്തിലേറെ പേരുടെ അക്കൗണ്ട് വിവരം തിരുത്തി പണം വീണ്ടും നിക്ഷേപിച്ചു.

# അടച്ചുറപ്പില്ലാത്ത വീട്ടിൽ ഉറങ്ങിക്കിടന്ന അഞ്ചുവയസുകാരൻ പാമ്പുകടിയേറ്റു മരിച്ചു

പുത്തൂർ (കൊല്ലം): അടച്ചുറപ്പില്ലാത്ത വീട്ടിൽ മാതാപിതാക്കൾക്കൊപ്പം ഉറങ്ങിക്കിടന്ന 5 വയസുകാരൻ പാമ്പുകടിയേറ്റു മരിച്ചു. മാവടി തെങ്ങുവിള ജംക്ഷനു സമീപം മണിമന്ദിരത്തിൽ മണിക്കുട്ടന്റെയും പ്രസന്നയുടെയും ഇളയമകൻ ശിവജിത്താണ് മരിച്ചത്.

പൂവറ്റൂർ വെസ്റ്റ് മാവടി ജിഎൽപിഎസിലെ പ്രീപ്രൈമറി വിദ്യാർത്ഥിയാണ്.

മാർച്ച് 3ന് രാവിലെ അഞ്ചരയോടെ ഉറക്കമുണർന്ന ശിവജിത്ത് തന്നെയാണ് കാലിലെന്തോ കടിച്ചെന്നു മാതാപിതാക്കളോട് പറഞ്ഞത്. പരിശോധനയിൽ വലതുകാൽ മുട്ടിനു താഴെ രക്തം പൊടിഞ്ഞതു കണ്ടു. നാട്ടുകാർ ചികിത്സ നടത്തുന്ന സ്ത്രീയുടെ അടുക്കലേക്കാണ് ആദ്യം കുട്ടിയെ കൊണ്ടുപോയത്. അവിടെയെത്തിയപ്പോൾ കുട്ടിക്ക് കുരുമുളക് ചവയ്ക്കാൻ നൽകി. എരിവുണ്ടെന്നു പറഞ്ഞു കുട്ടി ഛർദിക്കുകയും കുഴഞ്ഞു വീഴുകയും ചെയ്തു. ഉടൻ പുത്തൂരിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലും പ്രവേശിപ്പിക്കുകയായിരുന്നു. അപ്പോഴേക്കും മരണം സംഭവിച്ചു.

ജില്ലാ ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തിയ മൃതദേഹം മാവടി സ്കൂളിൽ പൊതുദർശനത്തിനുവെച്ചു. തുടർന്ന് വീട്ടിലെത്തിച്ചു. സംസ്കാരം നടത്തി.

ഇതേ സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥിനി ശിവഗംഗ സഹോദരിയാണ്. മൺകട്ട കെട്ടി തകരവും പ്ലാസ്റ്റിക് ഷീറ്റും മേഞ്ഞ ഒറ്റമുറി കൂരയിലായിരുന്നു കുടുംബത്തിന്റെ താമസം. കൂലിപ്പണിക്കാരനായ മണിക്കുട്ടൻ തന്നെ കെട്ടിപ്പൊക്കിയതാണ് ഈ കൂര.

# ഫാ. റോബിനെ പുറത്താക്കി

മാനന്തവാടി: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചു ഗർഭിണിയാക്കിയ സംഭവത്തിൽ അറസ്റ്റിലായ മാനന്തവാടി രൂപതയിലെ വൈദികൻ റോബിൻ വടക്കുഞ്ചേരിയെ വൈദികവൃത്തിയിൽ നിന്ന് മാർപാപ്പ പുറത്താക്കി.



കൊട്ടിയൂരിൽ പ്ലസ് വൺ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചു ഗർഭിണിയാക്കിയ സംഭവത്തിലാണ് നടപടി. റോബിനെതിരെ കേസെടുത്തതോടെ പ്രാഥമികാന്വേഷണം നടത്തി 2017 ഫെബ്രുവരി 27ന് വൈദികപദവിയിൽ നിന്ന് മാനന്തവാടി രൂപതാധ്യക്ഷൻ സസ്പെൻഡ് ചെയ്തിരുന്നു. തുടർന്നു വിശദമായ അന്വേഷണത്തിനു കമ്മീഷനെ നിയമിക്കുകയും 2017 മാർച്ചിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റോബിന്റെ വിശദീകരണം ഉൾപ്പെടെയുള്ള റിപ്പോർട്ട് വിശ്വാസ തിരുസംഘത്തിന് കൈമാറി.

കഴിഞ്ഞ ജൂൺ 21ന് ഫാ. റോബിനെ വൈദികവൃത്തിയിൽ നിന്ന് നീക്കാനുള്ള നടപടികൾ റോമിൽ ആരംഭിച്ചു. കഴിഞ്ഞ ഡിസംബർ അഞ്ചിന് ഫ്രാൻസിസ് മാർപാപ്പ വൈദികവൃത്തിയിൽ നിന്നും വൈദിക ജീവിതാന്തസ്സിന്റെ എല്ലാ കടമകളിൽ നിന്നും അവകാശങ്ങളിൽ നിന്നും എന്നേക്കുമായി റോബിൻ വടക്കുഞ്ചേരിയെ നീക്കം ചെയ്തു രൂപതയ്ക്കു ഡിക്രി കൈമാറി.

ഡിക്രി മാനന്തവാടി രൂപതാ കാര്യാലയം വഴി റോബിൻ വടക്കുഞ്ചേരി കൈപ്പറ്റി. സഭയോ സഭയിൽ ഉൾപ്പെട്ടവരോ റോബിനൊപ്പം നിന്നിട്ടില്ലെന്നും കുറ്റക്കാരെന്നു കണ്ടെത്തിയാൽ ആർക്കെതിരെയും സഭ നടപടിയെടുക്കുമെന്നും മാനന്തവാടി രൂപതാ പിആർഒ ഫാ. ജോസഫ് കൊച്ചറയ്ക്കൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

# പി. ജയരാജന് വധഭീഷണി

കൂത്തുപറമ്പ്: സിപിഎം സംസ്ഥാന കമ്മിറ്റി അംഗവും മുൻ എംഎൽഎയുമായ പി. ജയരാജന് വധഭീഷണിയുമായി കത്ത്. കണ്ണൂരിൽ പോസ്റ്റ് ചെയ്ത കത്ത് കൂത്തുപറമ്പ് സിപിഎം ഏരിയ കമ്മിറ്റി ഓഫീസിലാണ് ലഭിച്ചത്. ഭീഷണി സന്ദേശം അടങ്ങിയ കത്ത് ജയരാജന്റെ സുരക്ഷാ ചുമതലയുള്ള ഗൺമാൻ കതിരൂർ പോലീസിന് കൈമാറി. കോടതിയുടെ അനുമതി കിട്ടിയ ശേഷമേ രജിസ്റ്റർ ചെയ്യൂ.



ടൈപ്പ് ചെയ്ത കത്തിൽ കണ്ണൂർ കക്കാട് നിന്നുള്ള വിലാസമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടുമുണ്ട്. ജയരാജൻ ഉടൻ കൊല്ലപ്പെടുമെന്ന ഭീഷണിയും കത്തിൽ ഉണ്ട്.




P. Isaac Isaac, B.S., D.D.S., M.P.H.

ISAAC PARAMPOTTIL, D.D.S.
FAMILY DENTAL CLINIC
259 E. Rand Rd, Suite # 110
Mount Prospect, IL 60056

Most Major Insurance Plans Accepted

Modern Personal Dental Care


For New Patient FREE Consultation

COMPREHENSIVE DENTAL CARE

- Extraction / Dentures
- Cosmetic Bonding / Bleaching / Porcelain Laminate / Cleaning / X-rays / Filling
- Preventive Checkups
- Root Canals / Crowns / Bridges

Office Hours by Appointments
847-292-6640


Trusted Representation
Achieves Aggressive Financial Results
Over $ 50M Recovered and Collected For Our Clients
Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
Free Confidential Consultation On All Matters
Home Visits Available
Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Attorney Steve Crifase
Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603
312-855-0511
StevenCrifase.com
LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603
Phone (312) 855-0511,
Fax (312) 855- 0537
A+ Rating
AV PREEMINENT
Peer Rated for Highest Level of Professional Excellence 2018


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# സംസ്ഥാനത്ത് അഫിലിയേഷനില്ലാത്ത സിബിഎസ്ഇ സ്കൂളുകൾ 600

കോട്ടയം: സംസ്ഥാനത്ത് സിബിഎസ്ഇ സ്കൂളുകളിൽ അറുനൂറിലേറെ എണ്ണത്തിനും അഫിലിയേഷനില്ലെന്നു സംസ്ഥാന സർക്കാരിന്റെ കണക്കുകൾ. സിബിഎസ്ഇ അഫിലിയേഷൻ ഇല്ലാത്തതിനാൽ മട്ടാഞ്ചേരി അരൂജ സ്കൂളിൽ 34 വിദ്യാർത്ഥികൾക്ക് സിബിഎസ്ഇ പത്താം ക്ലാസ് വാർഷിക പരീക്ഷ എഴുതാൻ കഴിയാതിരുന്ന സാഹചര്യം ഇവിടങ്ങളിലും ആവർത്തിക്കാം.

സംസ്ഥാന സർക്കാർ പുതിയ സിബിഎസ്ഇ സ്കൂളുകൾക്ക് എൻഒസി നൽകുന്നില്ല. സിബിഎസ്ഇയാകട്ടെ മൂന്നു വർഷമായി പുതിയ അഫിലിയേഷനും നൽകുന്നില്ല. അഫിലിയേഷൻ കാത്ത് 650 അപേക്ഷകൾ ഡൽഹിയിലെ സിബിഎസ്ഇ ഓഫീസിൽ കെട്ടിക്കിടക്കുന്നുണ്ട്. പത്തുവർഷമായി പ്രവർത്തിച്ചിരുന്ന മൂവാറ്റുപുഴയിലെ വി.എം. പബ്ലിക് സ്കൂളിന് അഫിലിയേഷൻ ലഭിക്കാതെ വന്നതോടെ സ്കൂൾ പൂട്ടേണ്ടി വന്നത് കഴിഞ്ഞ വർഷമായിരുന്നു. ഇവിടെ നിന്ന് കുട്ടികൾ പിന്നീട് സിലബസിലുള്ള സ്കൂളുകളിലേക്ക് മാറിയാണ് വാർഷിക പരീക്ഷ പൂർത്തിയാക്കിയത്.

ഗ്രാമീണ മേഖലകളിൽ മാത്രം പുതിയ സിബിഎസ്ഇ സ്കൂളുകൾ അനുവദിച്ചാൽ മതിയെന്നാണ് കേന്ദ്രസർക്കാർ നിലപാട്. സംസ്ഥാനത്ത് നിലവിൽ ഒരു നിയോജകമണ്ഡലത്തിൽ ശരാശരി 15 സിബിഎസ്ഇ സ്കൂളുകൾ ഉണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ ആയിരക്കണക്കിനു സ്കൂളുകളും ചേരുന്നതോടെ സംസ്ഥാനത്ത് പുതിയ സ്കൂളുകളുടെ പ്രസക്തി തന്നെ നഷ്ടമായിക്കഴിഞ്ഞു. സിബിഎസ്ഇ സ്കൂളുകൾക്ക് അഫിലിയേഷൻ ലഭിക്കാതിരിക്കാൻ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ഇതാണ്.

നിലവിൽ അഫിലിയേഷൻ ഇല്ലാത്ത സ്കൂളുകളിൽ പഠിക്കുന്നവർ ഒമ്പതാം ക്ലാസ് മുതൽ അഫിലിയേഷനുള്ള സ്കൂളുകളിൽ പഠിക്കുന്നതായി കാണിച്ച് രജിസ്റ്റർ ചെയ്താണ് വർഷാവസാന ബോർഡ് പരീക്ഷകൾ എഴുതുന്നത്. സംസ്ഥാനത്തെ പ്രമുഖ മാനേജ്മെന്റുകൾക്ക് പോലും അഫിലിയേഷനില്ലാത്ത അനവധി സ്കൂളുകൾ ഉണ്ട്. ഇവിടുള്ളവരെ തങ്ങളുടെ അഫിലിയേഷനുള്ള സ്കൂളുകളുമായി ബന്ധിപ്പിച്ച് രജിസ്റ്റർ ചെയ്തിട്ടാണ് ഇത്തരം സ്കൂളുകൾ പരീക്ഷാ കടമ്പ കടത്തിവിടുന്നത്. രക്ഷകർത്താക്കൾക്കുപോലും അഫിലിയേഷനുള്ള സ്കൂളുകൾ ഏതെന്ന് അറിയാത്ത സാഹചര്യമുണ്ടെന്നും സിബിഎസ്ഇ തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. അരൂജ സ്കൂളിലും ഇതാണ് സംഭവിച്ചത്. മുമ്പ് ചെയ്തിരുന്നതുപോലെ കുട്ടികളെ മറ്റു സ്കൂളുകളിലേക്ക് രജിസ്റ്റർ ചെയ്യിച്ച് പരീക്ഷ എഴുതിക്കാമെന്നായിരുന്നു അരൂജ മാനേജ്മെന്റ് കരുതിയിരുന്നു. എന്നാൽ, ഇതിനു കഴിയാതെ വരികയായിരുന്നു. സ്കൂളുകൾ തമ്മിലുള്ള ഭിന്നതയാണിതിനു പിന്നിലെന്നാണ് സൂചന.

1450 സിബിഎസ്ഇ സ്കൂളുകൾ സിബിഎസ്ഇ ബോർഡിന്റെ അഫിലിയേഷനോടുകൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുമുണ്ട്. ലക്ഷക്കണക്കിനു വിദ്യാർത്ഥികളാണ് ഈ സ്കൂളുകളിൽ പഠനം തുടരുന്നത്. സംസ്ഥാനത്തെ സിബിഎസ്ഇ സ്കൂൾ ചരിത്രത്തിലാദ്യമായിട്ടാണ് അഫിലിഷേൻ ഇല്ലാത്ത സ്കൂളിൽ പഠിച്ച 34 വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് വാർഷിക പരീക്ഷ എഴുതാൻ കഴിയാതെ വന്നിട്ടുള്ളത്. ഇത് സിബിഎസിക്കുതന്നെ ചീത്തപ്പേരുണ്ടാക്കിയെന്നാണ് അഫിലിയേറ്റഡ് സ്കൂളുകളുടെ സംഘടനയായ സിബിഎസ്ഇ സ്കൂൾ മാനേജ്മെന്റ് അസോസിയേഷന്റെ വിലയിരുത്തൽ.

## കക്ഷിചേരാൻ യു.എൻ; ഇടപെടേണ്ടെന്ന് ഇന്ത്യ

ന്യൂഡൽഹി: പൗരത്വ നിയമവുമായി ബന്ധപ്പെട്ട ഒച്ചപ്പാടുകൾക്കിടെ, ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ കമ്മീഷന്റെ അസാധാരണമായ ഇടപെടൽ. നിയമവുമായി ബന്ധപ്പെട്ടു സുപ്രീംകോടതിയിലുള്ള ഹർജികളിൽ കക്ഷിചേരാൻ യു.എൻ. ഹൈക്കമ്മീഷണറും മുൻ ചിലെ പ്രസിഡണ്ടുമായ മിഷേൽ ബാഷ്‌ലെറ്റ് അപേക്ഷ നല്കിയതോടെ നിശിതവിമർശനവുമായി കേന്ദ്രസർക്കാർ രംഗത്തെത്തി.

ഇതു രാജ്യത്തിന്റെ ആഭ്യന്തര കാര്യമാണെന്നും ഒരു വിദേശകക്ഷിക്കും ഇക്കാര്യത്തിൽ ഇടപെടാൻ അവകാശമില്ലെന്നും വിദേശകാര്യ മന്ത്രാലയം തുറന്നടിച്ചു. പൗരത്വനിയമവുമായി ബന്ധപ്പെട്ട കേസിൽ മദ്ധ്യസ്ഥനായി ഇടപെടാനാണ് ഹർജി. ഇക്കാര്യം ജനീവയിലുള്ള ഇന്ത്യൻ പ്രതിനിധിയെ അറിയിച്ചു.

ചില പ്രത്യേക വിഭാഗങ്ങളെ ഒഴിവാക്കി സംരക്ഷണം നല്കുന്നത് ന്യായമാണെന്നു കരുതാനാകില്ലെന്ന് അപേക്ഷയിൽ ചൂണ്ടിക്കാട്ടുന്നു. നിയമമുണ്ടാക്കാനുള്ള അധികാരം പാർലമെന്റിനുണ്ടെന്ന് ഇന്ത്യ മറുപടി നല്കി. ഇന്ത്യാ വിഭജനം മുതൽക്കുണ്ടായ മനുഷ്യാവകാശ പ്രശ്നങ്ങളോടുള്ള പ്രതിബദ്ധതയാണ് ഇതിൽ പ്രതിഫലിക്കുന്നത്. നിയമാനുസൃതമായ നിലപാടിനെ കോടതിയും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു-വിദേശകാര്യ മന്ത്രാലയവക്താവ് രവീഷ് കുമാർ പറഞ്ഞു.

## മന്ത്രി ഇ.പി. ജയരാജന്റെ സഭ്യേതര വാക്കുകൾ സഭയെ അടിയുടെ വക്കിലെത്തിച്ചു

തിരുവനന്തപുരം: നിയമസഭയിൽ മുഖ്യമന്ത്രിയുടെ പ്രസംഗം തടസപ്പെടുത്തിയതിൽ പ്രകോപിതനായ മന്ത്രി ഇ.പി. ജയരാജൻ പ്രതിപക്ഷത്തിനു നേരെ പറഞ്ഞ 3 സഭ്യേതര വാക്കുകൾ സഭയിൽ അടിപൊട്ടുമെന്ന പ്രതീതി സൃഷ്ടിച്ചു.

കള്ള റാസ്കൽ, പോക്രിത്തരം കാണിക്കരുത് എന്നീ വാക്കുകൾ ജയരാജൻ പ്രയോഗിച്ചെന്നും ഇതു ശരിയാണോ എന്നു സ്പീക്കർ പരിശോധിക്കണമെന്നും കോൺഗ്രസ് അംഗം വി.ഡി. സതീശൻ ആവശ്യപ്പെട്ടു. ഇതിനൊപ്പം 'ഇരിക്കെടാ' എന്ന് പ്രതിപക്ഷത്തെ നോക്കി പറഞ്ഞതും അവരെ പ്രകോപിപ്പിച്ചു.



2 യൂത്ത് കോൺഗ്രസ് പ്രവർത്തകരെ സിപിഎം പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയ പെരിയ കേസ് സർക്കാർ അട്ടിമറിക്കുന്നുവെന്ന് ആരോപിച്ചുള്ള അടിയന്തര പ്രമേയ നോട്ടീസിൻ മേലുള്ള ചർച്ചക്കിടയിലാണ് സഭയിൽ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ കയ്യാങ്കളിക്കൊരുങ്ങിയത്.

അടിയന്തര പ്രമേയ നോട്ടീസ് അവതരിപ്പിച്ച ഷാഫി പറമ്പിൽ ഡിജിപിയായി മുഖ്യമന്ത്രിയെയും അഭ്യന്തരമന്ത്രിയായി ഡിജിപിയെയും ആണ് ജനങ്ങൾ കാണുന്നതെന്നു കുറ്റപ്പെടുത്തിക്കൊണ്ട് ആഭ്യന്തര മന്ത്രിപദം ഡിജിപിയിൽ നിന്ന് തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടതാണ് പ്രകോപനത്തിന് തുടക്കം. മുഖ്യമന്ത്രി കൊലയാളികളുടെ ദൈവമാണെന്നും ഷാഫി കുറ്റപ്പെടുത്തി.

ഷാഫി വിടുവായിത്തം പറയുകയാണെന്നു തിരിച്ചടിച്ച മുഖ്യമന്ത്രി തുടർന്നുള്ള തന്റെ പ്രസംഗങ്ങളിലുടനീളം വിടുവായത്തം എന്ന വാക്ക് പലവട്ടം പറഞ്ഞതു പ്രതിപക്ഷത്തെ പ്രകോപിപ്പിച്ചു. മുഖ്യമന്ത്രിയുടെ പ്രസംഗത്തെ തടസപ്പെടുത്തിയുള്ള പ്രതിപക്ഷ ബഹളത്തിനു നേരെയായിരുന്നു മന്ത്രി ജയരാജന്റെ ക്ഷോഭം.

പ്രതിപക്ഷം നടത്തുളത്തിലിറങ്ങി ബഹളം വെച്ചപ്പോൾ ഭരണപക്ഷത്തെ യുവ എംഎൽഎമാരും നടുത്തളത്തിന്റെ വക്കോളമെത്തി. അടി പൊട്ടുമെന്നായപ്പോൾ ഇരുപക്ഷവും സീറ്റുകളിലേക്കു മടങ്ങാൻ ആവശ്യപ്പെട്ട് സ്പീക്കർ എഴുന്നേറ്റു. ഇതോടെയാണ് രംഗം ശാന്തമായത്. പ്രതിപക്ഷാംഗം നിയമപ്രകാരം നടത്തുന്ന പ്രസംഗത്തെ വിടുവായത്തമെന്നു പറയുന്ന നിലവാരത്തിലേക്ക് മുഖ്യമന്ത്രി താഴ്ന്നെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി.

മന്ത്രി ജയരാജനു താൻ മൈക്ക് നൽകിയില്ലെന്നും സഭ്യേതരമായി അദ്ദേഹം പറഞ്ഞത് എന്തെങ്കിലും രേഖയിൽ ഉണ്ടെങ്കിൽ നീക്കുമെന്നും സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ വ്യക്തമാക്കി. ജയരാജൻ പറഞ്ഞതായി സതീശൻ ചൂണ്ടിക്കാട്ടിയ വാക്കുകൾ രേഖയിൽ നിന്നു നീക്കണമെന്ന ആവശ്യം സഭയിൽ ഉയർന്നില്ല.

## ഇടഞ്ഞവരെ ഉൾപ്പെടുത്തി ബിജെപിയിൽ സമവായശ്രമം

തിരുവനന്തപുരം: പദവികൾ ഏറ്റെടുക്കാനില്ലെന്നു പറഞ്ഞ് ഇടഞ്ഞുനിന്ന നേതാക്കളെ സംസ്ഥാന ഭാരവാഹിപ്പട്ടികയിൽ ഉൾപ്പെടുത്തി ബിജെപിയിൽ സമവായ ശ്രമം. എന്നാൽ, സ്വന്തം ചേരി ഭദ്രമാക്കി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ ഭാരവാഹികളെ പ്രഖ്യാപിച്ചതിനു പിന്നാലെ സ്ഥാനം ഏറ്റെടുക്കില്ലെന്നു രേഖാമൂലം അറിയിച്ച് മുതിർന്ന നേതാവും സംസ്ഥാന വക്താവുമായ എം.എസ്. കുമാർ പ്രതിഷേധ സ്വരം ഉയർത്തി.

കഴിഞ്ഞ സംസ്ഥാന സമിതിയിൽ ജനറൽ സെക്രട്ടറിമാരായിരുന്ന കൃഷ്ണദാസ് പക്ഷത്തെ എംടി രമേശ് മാത്രമാണ് വീണ്ടും ജനറൽ സെക്രട്ടറിയായത്. ഈ പക്ഷത്തെ എ.എൻ. രാധാകൃഷ്ണനടക്കം ഒരു പക്ഷത്തുമില്ലാത്ത ശോഭാ സുരേന്ദ്രനും വൈസ് പ്രസിഡണ്ട് സ്ഥാനമേ കിട്ടിയുള്ളൂ. രാധാകൃഷ്ണനും രമേശും സ്ഥാനങ്ങൾ ഏറ്റെടുക്കില്ലെന്നു നേരത്തെ സൂചിപ്പിച്ചിരുന്നു. എം.എസ്. കുമാറിന് പദവി വേണ്ടെന്നു പറഞ്ഞെങ്കിലും മറ്റു മൂന്നുപേർ നിലപാട് വ്യക്തമാക്കിയിട്ടില്ല. ഇവർ തുടരുമെന്നാണ് ഇതുവരെ സൂചന. രമേശ് ഒഴികെയുള്ള ജനറൽ സെക്രട്ടറിമാരെല്ലാം സുരേന്ദ്രനെ അനുകൂലിക്കുന്നവരാണ്.

എതിർത്തുനിന്നവർ ഭാരവാഹികളാകാൻ ഉന്നതതല സമ്മർദമുണ്ടായിരുന്നുവെന്നാണ് സൂചന. മാത്രവുമല്ല, ഭാരവാഹികളെ പ്രഖ്യാപിക്കുന്നതിനു മുമ്പ് സുരേന്ദ്രൻ ഡൽഹിയിലെത്തി ദേശീയ അദ്ധ്യക്ഷൻ ജെ.പി. നഡ്ഡയുമായി ചർച്ച നടത്തുകയും ചെയ്തു. ദേശീയ നേതൃത്വം അംഗീകരിച്ച പട്ടികയായതോടെ മറുമുറുപ്പുണ്ടാകില്ലെന്നാണ് നേതാക്കൾ കരുതിയതും. എന്നാൽ എംഎസ് കുമാറിന്റെ കാര്യത്തിൽ അതു തെറ്റി.

പതിറ്റാണ്ടുകളായി പാർട്ടിയിലുള്ള കുമാറിനെ ജനറൽ സെക്രട്ടറിയായി പരിഗണിച്ചില്ലെന്ന ആക്ഷേപം പലരും ഉയർത്തിക്കഴിഞ്ഞു. പുതിയ ചെറുപ്പക്കാർ വക്താക്കളായി വരട്ടെ. ഞാൻ മാറുന്നു എന്നാണ് സംസ്ഥാന പ്രസിഡണ്ടിനുള്ള കത്തിൽ അറിയിച്ചിരിക്കുന്നത്. മാറ്റുന്നില്ലെങ്കിൽ താൻ നൽകിയ കത്ത് രാജിക്കത്തായി അംഗീകരിക്കാനും കുമാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ജോർജ് കുര്യൻ, സി. കൃഷ്ണകുമാർ, പി. സുധീർ എന്നീ പുതുമുഖ ജനറൽ സെക്രട്ടറിമാർ സുരേന്ദ്രൻ ഉൾപ്പെട്ട മുരളീധരപക്ഷത്തെ പ്രമുഖരാണ്. ശ്രീധരൻപിള്ള പ്രസിഡണ്ടായിരിക്കെ പാർട്ടിയിലെത്തിയ ജി. രാമൻനായരുടെയും പ്രമീളാദേവിയുടെയും അബ്ദുള്ളക്കുട്ടിയുടെയും വൈസ് പ്രസിഡണ്ടുസ്ഥാനം നിലനിർത്തി. പത്ത് സംസ്ഥാന സെക്രട്ടറിമാരിൽ ഏഴുപേരും ഔദ്യോഗിക പക്ഷത്താണ്. യുവമോർച്ചയിലും സുരേന്ദ്രൻ ആധിപത്യമുറപ്പിച്ചു.

## ദയാവധം തേടി ദമ്പതികൾ

തിരുപ്പൂർ: ദയാവധത്തിന് അനുമതി തേടി വയോധിക ദമ്പതികൾ തിരുപ്പൂർ കളക്ടറേറ്റിലെത്തി. പല്ലടം റായർപാളയം സ്വദേശി ചെന്നിയപ്പൻ (85), ഭാര്യ കരുണയമ്മാൾ (65) എന്നിവരാണ് കളക്ടർക്ക് പരാതി നല്കിയത്. പൊന്നുസ്വാമി, കണ്ണമ്മാൾ എന്നീ മക്കളുമുണ്ട് ഇവർക്ക്.

തങ്ങളെ കബളിപ്പിച്ചു മകൻ സ്വത്ത് കൈവശപ്പെടുത്തിയെന്നും മകനും മരുമകളും ചേർന്ന് ചെന്നിയപ്പനെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നെന്നും ചൂണ്ടിക്കാട്ടി കണ്ണമ്മാൾ പല്ലടം പോലീസിൽ പരാതി നല്കിയെങ്കിലും നടപടിയുണ്ടായില്ല.

കഴിഞ്ഞവർഷം ഫെബ്രുവരിയിൽ വീടിനു സമീപം നടന്ന അപകടത്തിൽ ചെന്നിയപ്പന്റെ കാലിനു സാരമായി മുറിവേറ്റിരുന്നു. ഇതിനുശേഷം ഇവരെ മകനും മരുമകളും പരിപാലിക്കുന്നില്ലെന്ന് ഇവർ കളക്ടറെ അറിയിച്ചു. വീട്ടിലെ വൈദ്യുതിയും ശുദ്ധജലകണക്ഷനും വിച്ഛേദിച്ചു. പരസഹായമില്ലാതെയാണ് കഴിയുന്നത്. ജീവിക്കാൻ മാർഗ്ഗമില്ലാത്ത തങ്ങളെ മരിക്കാൻ അനുവദിക്കണമെന്ന് ഇവർ കളക്ടറോട് ആവശ്യപ്പെട്ടു. പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കളക്ടർ പോലീസിനോടും വില്ലേജ് അധികൃതരോടും ആവശ്യപ്പെട്ടു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 71.19 |
| യൂറോ | 78.26 |
| സ്റ്റെർലിംഗ്പൗണ്ട് | 91.64 |
| സ്വിസ് ഫ്രാങ്ക് | 73.38 |
| സിംഗപ്പൂർ ഡോളർ | 50.86 |
| കനേഡിയൻ ഡോളർ | 52.94 |
| ഓമാൻ റിയാൽ | 182.20 |
| ബഹ്റൈൻ ദിനാർ | 185.96 |
| സൗദി റിയാൽ | 18.75 |
| യു.എ.ഇ. ദിർഹം | 19.16 |
| കുവൈത്ത് ദിനാർ | 230.03 |

## പത്ത് ബാങ്കുകൾ ലയിച്ച് നാലാകുന്നു

ന്യൂഡൽഹി: പത്ത് പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് നാലെണ്ണമാക്കാനുള്ള തീരുമാനത്തിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. അടുത്തമാസം ഒന്നിനു പ്രാബല്യത്തിലാവും. കഴിഞ്ഞ ഓഗസ്റ്റ് 30നു ലയനം പ്രഖ്യാപിച്ചിരുന്നു. എപ്പോൾ ലയനമെന്നതു ബാങ്ക് ബോർഡുകൾ തീരുമാനിക്കുമെന്നാണ് അന്നു ധനമന്ത്രി നിർമലാ സീതാരാമൻ പറഞ്ഞത്. കൂടുതൽ ലയനങ്ങൾ പരിഗണനയിലില്ലെന്നു ധനമന്ത്രി പറഞ്ഞു. ലയന നടപടികൾ ബാങ്കുകളുടെ സാധാരണ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കും. 2017ൽ എസ്ബിടി അടക്കം 5 സ്റ്റേറ്റ് ബാങ്കുകളെയും ഭാരതീയ മഹിളാ ബാങ്കിനെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിച്ചിരുന്നു. വിജയ ബാങ്കിനെയും ദേന ബാങ്കിനെയും കഴിഞ്ഞ ഏപ്രിലിൽ ബാങ്ക് ഓഫ് ബറോഡയിൽ ലയിപ്പിച്ചു. ഈ ലയനത്തോടെ, വായ്പ അനുവദിക്കുന്നതിനുള്ള ശരാശരി സമയം 23 ദിവസത്തിൽ നിന്ന് 11 ദിവസമായി കുറയ്ക്കാനായെന്നു മന്ത്രി പറഞ്ഞു.

## പ്രതാപനും ഡീനിനും രാഹുലിന്റെ മെഡൽ

ന്യൂഡൽഹി: 'നിങ്ങളെപ്പോലെ കൂടുതൽ ആൾക്കാരെ എനിക്കു വേണം': ടി.എൻ. പ്രതാപന്റെയും ഡീൻ കുര്യാക്കോസിന്റെയും പുറത്തു തട്ടി രാഹുൽ ഗാന്ധി പറഞ്ഞു. സസ്പെൻഷൻ പിൻവലിക്കാനുള്ള സാധ്യതകളെക്കുറിച്ച് ചർച്ച നടത്തി നിന്നിരുന്ന ഡീനും പ്രതാപനും അതോടെ സന്തുഷ്ടരായി.

സസ്പെൻഷൻ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റിനു പുറത്തു ധർണ നടത്തിയിരുന്ന ഇരുവരും ഇടയ്ക്ക് ഇടനാഴിയിലേക്ക് കയറിയപ്പോഴാണ് രാഹുൽ ഗാന്ധി അതുവഴി വന്നത്. ഇരുവരെയും ചേർത്തു പിടിച്ച് പുറത്തേക്കു നടന്നു. മെയിൻ ഗേറ്റിന്റെ പടികളിൽ നിന്ന് അൽപസമയംകുശലപ്രശ്നം.

ബിജെപിയുടെ ധാർഷ്ട്യത്തെ നിങ്ങൾ ശക്തമായി ചെറുത്തുവെന്ന് രാഹുൽ പറഞ്ഞു. 'രാജ്യത്തോട് അവർ ചെയ്യുന്നതിനെ ചെറുക്കാൻ നിങ്ങളെപ്പോലുള്ള വർ കൂടുതലായി വേണം. എന്റെ നെഞ്ചിനുള്ളിലെ ഒരു മെഡൽ ഞാൻ നിങ്ങൾക്കു തരുന്നു'വെന്നു പറഞ്ഞ് രാഹുൽ ഒരു സാങ്കല്പിക മെഡൽ കുത്തിക്കൊടുക്കുക കൂടി ചെയ്തതോടെ ഡീനും പ്രതാപനും ഡബിൾ ഹാപ്പി!

# കോൺഗ്രസ് നേതൃത്വത്തിലേക്കില്ലെന്ന് വീണ്ടും രാഹുൽ ഗാന്ധി

ന്യൂഡൽഹി: ബിജെപിക്കും കേന്ദ്രസർക്കാരിനും എതിരെ എങ്ങനെ പ്രതിഷേധിക്കണം എന്ന കാര്യത്തിൽ കോൺഗ്രസിനുള്ളിൽ കടുത്ത ആശയക്കുഴപ്പം ഉണ്ടെന്നു രാഹുൽ ഗാന്ധിയുടെ കുറ്റപ്പെടുത്തൽ. ബിജെപിക്കെതിരെ ഏതു രീതിയിൽ പ്രതിഷേധിക്കണമെന്നതിൽ തനിക്ക് വ്യക്തമായ ധാരണയുണ്ട്. എന്നാൽ, പാർട്ടിക്കുള്ളിൽ അതില്ലെന്ന് ലോക്സഭയിൽ പാർട്ടി എംപിമാരോട് സംസാരിക്കവേ രാഹുൽ ഗാന്ധി പറഞ്ഞു. പാർട്ടി ഇപ്പോൾ പോകുന്ന വഴിക്കാണെങ്കിൽ നേതൃസ്ഥാനം ഏറ്റെടുക്കാൻ ഒരു കാരണവശാലും തയാറാകില്ലെന്നും രാഹുൽ ആവർത്തിച്ചു.

ഡൽഹി കലാപവും എംപിമാരുടെ സസ്പെൻഷനും അടക്കമുള്ള വിഷയത്തിൽ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ലോക്സഭ പിരിഞ്ഞശേഷം മാർച്ച് 6ന് 12.45ന് മൂന്നാമത്തെ തവണയും ചേർന്നപ്പോൾ ശശി തരൂർ, ജസ്ബീർ സിംഗ് ഗിൽ, ജ്യോതിമണി, മനീഷ് തിവാരി, ഹൈബി ഈഡൻ തുടങ്ങിയവർ രാഹുലിന് അടുത്തെത്തി നേതൃസ്ഥാനം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടപ്പോഴാണ് പാർട്ടിയെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ അദ്ദേഹം നടത്തിയത്.

കോൺഗ്രസിൽ ചില നേതാക്കളുടെ പ്രവർത്തനരീതിയെയു ശൈലികളെയും കുറ്റപ്പെടുത്തിയാണ് അവരുടെ പേരെടുത്തു പരാമർശിക്കാതെ രാഹുൽ ഗാന്ധി പ്രതികരിച്ചത്. ചില നേതാക്കളുടെ രീതികൾ ശരിയായില്ല. അവരുടെ പ്രവർത്തനശൈലി കോൺഗ്രസിന്റെ തന്നെ ആശയങ്ങളുമായി യോജിക്കുന്നതു പോലുമില്ല. ഈ നേതാക്കളോടൊപ്പം പ്രവർത്തിച്ചുകൊണ്ട് പാർട്ടിയുടെ നേതൃസ്ഥാനം ഏറ്റെടുക്കാൻ തയാറല്ലെന്നാണ് രാഹുൽ തുറന്നു പറഞ്ഞത്.

ബിജെപിക്കെതിരെ പോരാടേണ്ടതു കോൺഗ്രസ് ഇപ്പോൾ നടത്തുന്ന പ്രതിഷേധങ്ങളുടെ രീതിയിലല്ല. ബിജെപിയുടെയും കേന്ദ്രസർക്കാരിന്റെയും ഉത്തരംമുട്ടിക്കുന്ന രീതിയിൽ വലിയ ജനകീയ പ്രക്ഷോഭങ്ങൾ ഏറ്റെടുത്തു നടത്തണം. ഇപ്പോഴത്തെ പ്രതിഷേധങ്ങൾ ചില കോണുകളിൽ മാത്രമായി ഒതുങ്ങിപ്പോകുകയാണെന്നും രാഹുൽ ചൂണ്ടിക്കാട്ടി.

ലോക്സഭയിൽ ഉൾപ്പെടെ കോൺഗ്രസിന്റെ പ്രതിഷേധ ശൈലിയിൽ തനിക്കു കടുത്ത വിയോജിപ്പുണ്ടെന്നു രാഹുൽ എംപിമാരോട് തുറന്നു പറഞ്ഞു. ചില മുതിർന്ന നേതാക്കളോടാണ് രാഹുലിന് കടുത്ത അതൃപ്തിയുള്ളതെന്നാണ് സൂചന.

എന്നാൽ, ഇവരെ പാടേ ഒഴിവാക്കി ഒരു പുതിയ പ്രവർത്തന ശൈലി രൂപീകരിക്കുന്നതിനോട് പല നേതാക്കൾക്കും താൽപര്യമില്ല.

വർഷങ്ങളായി പാർട്ടിയിൽ പ്രവർത്തിക്കുന്നവരും പ്രാദേശിക തലത്തിൽ ആഴത്തിൽ വേരുള്ളവരുമായ മുതിർന്ന നേതാക്കളെ പെട്ടെന്ന് ഒഴിവാക്കുന്നത് തിരിച്ചടിയാകുമെന്നുമാണ് മറ്റ് ചില നേതാക്കളുടെ വിലയിരുത്തൽ.

ഡൽഹി കലാപം – ജാമിയ മിലിയ, ജെഎൻയു സർവകലാശാലകളിലെ ആക്രമണം തുടങ്ങി പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾ നടന്ന സമയങ്ങളിലെല്ലാം രാഹുൽ ഗാന്ധിയുടെ അസാന്നിദ്ധ്യം പ്രകടമായിരുന്നു. ഈ സംഭവങ്ങളിലെല്ലാം പ്രിയങ്കാ ഗാന്ധിയാണ് പ്രതിഷേധവുമായി രംഗത്തിറങ്ങിയത്.

സുപ്രധാന സംഭവങ്ങൾ രാജ്യത്തു നടക്കുമ്പോഴെല്ലാം രാഹുൽ വിദേശയാത്രകളിലുമായിരുന്നു. ട്വിറ്ററിൽ നരേന്ദ്രമോദി സർക്കാരിനെയും ബിജെപിയെയും രൂക്ഷമായി വിമർശിക്കുന്നുണ്ടെങ്കിലും പ്രത്യക്ഷത്തിൽ പ്രതിഷേധ നിരയിൽ സജീവമാകാതെ രാഹുൽ വിട്ടു നിൽക്കുന്നതും ചർച്ചയായി. എന്നാൽ, നേതൃത്വമായുള്ള ആശയ ഭിന്നതപൂർവം വിട്ടു നിൽക്കുന്നുവെന്നു തന്നെയാണ് ലോക്സഭയിൽ പാർട്ടി എംപിമാരോട് രാഹുൽ പരോക്ഷമായി പറഞ്ഞത്.



കോൺഗ്രസ് എംപിമാരുടെ സസ്പെൻഷനിൽ പ്രതിഷേധിച്ച് പാർലമെന്റ് വിടുന്ന രാഹുൽ ഗാന്ധി, ഗുർജീത് സിംഗ് ഔജ്‌ല, ശശി തരൂർ, ഗൗരവ് ഗൊഗോയി എന്നിവർ.

# ഗുരുവായൂർ ആനയോട്ടം: ഗോപീകണ്ണൻ വീണ്ടും

ഗുരുവായൂർ: ക്ഷേത്രോത്സവത്തിന് തുടക്കം കുറിച്ച് നടന്ന ആനയോട്ടത്തിൽ കൊമ്പൻ ഗോപീകണ്ണൻ ഒന്നാമതെത്തി. ചെന്താമരാക്ഷൻ രണ്ടാമതും കണ്ണൻ മൂന്നാമതുമായി. ഇത് എട്ടാം തവണയാണ് ഗോപീകണ്ണൻ വിജയിയാകുന്നത്.

വിദഗ്ധർ തെരഞ്ഞെടുക്കുന്ന ആനകളിൽ നിന്നു അഞ്ചാനകളെയാണ് ആനയോട്ടത്തിനു മുന്നിൽ നിർത്തിയത്. ഗോപീകണ്ണൻ, ചെന്താമരാക്ഷൻ, കണ്ണൻ, നന്ദൻ, നന്ദിനി എന്നിവരായിരുന്നു മുന്നിൽ.

മാർച്ച് 6ന് ഉച്ചയ്ക്ക് മൂന്നിനു നാഴികമണിയടിച്ചതോടെ അവകാശികൾ കുടമണികൾ പാപ്പാൻമാർക്കു കൈമാറി. പാപ്പാൻമാർ മഞ്ജുളാൽ പരിസരത്തേക്കോടി ആനകളെ കുടമണികൾ അണിയിച്ചു. തുടർന്ന് ക്ഷേത്രം അടിയന്തരക്കാരൻ കാർത്തിക് ജി. മാരാർ ശംഖു വിളിച്ചതോടെ ആനകൾ ഓട്ടം തുടങ്ങി. തുടക്കം മുതൽ ഗോപീകണ്ണനായിരുന്നു മുന്നിൽ. ആർപ്പുവിളികളോടെ കാണികൾ പ്രോത്സാഹിപ്പിച്ചു. പിന്നിലായി ചെന്താമരാക്ഷൻ ഉണ്ടായിരുന്നു. ക്ഷേത്രഗോപുരവാതിൽ കടന്നതോടെ ഗോപീകണ്ണൻ വിജയം നേടി. ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ച ഗോപീകണ്ണൻ ആചാര പ്രകാരമുള്ള ഏഴു പ്രദക്ഷിണം പൂർത്തിയാക്കി ഗുരുവായൂരപ്പനെ വണങ്ങിയാണ് ഓട്ടം പൂർത്തിയാക്കിയത്. വിജയിയായ ഗോപീകണ്ണനെ നിറപറവെച്ചു പാരമ്പര്യ അവകാശിയായ ചൊവ്വല്ലൂർ നാരായണൻ സ്വീകരിച്ചു.

എം.സി. രാധാകൃഷ്ണൻ ഒന്നാം പാപ്പാനും കെ.എം. സുബീഷ് രണ്ടാം പാപ്പാനുമാണ്. ആനയോട്ട സമയത്തു സുബീഷാണ് മുകളിലിരുന്ന് ആനയെ നിയന്ത്രിച്ചിരുന്നത്. 43 വയസുള്ള ഗോപീകണ്ണനെ 2011 സെപ്റ്റംബറിൽ ഗോപു നന്തിലത്താണ് ഗുരുവായൂരപ്പന് നൽകിയത്. വിജയിയായ ഗോപീകണ്ണന് ഇനി ഉത്സവം കഴിയുന്നതുവരെ ക്ഷേത്രത്തിനുള്ളിൽ പ്രത്യേക പരിഗണനയാണ്. ഏതാണ്ട് മുഴുവൻ സമയവും ക്ഷേത്രത്തിനുള്ളിൽ തന്നെയാകും. ഉത്സവച്ചടങ്ങുകളുടെ ഭാഗമായി ക്ഷേത്രത്തിലെ ശ്രീഭൂതബലി എഴുന്നള്ളിപ്പിനു ഗോപീകണ്ണനാണ് ഭഗവാന്റെ തങ്കത്തിടമ്പേറ്റുക. ഗുരുവായൂർ ദേവസ്വത്തിലെ 22 ആനകൾ ഓട്ടത്തിൽ പങ്കെടുത്തു. വൻ ജനാവലി ആനയോട്ടം കാണാൻ എത്തിയിരുന്നു. കിഴക്കേനടയിലെ കെട്ടിടങ്ങൾക്കുമുകളിൽ ജനങ്ങൾ നേരത്തെ സ്ഥാനം പിടിച്ചു. റോഡിനിരുവശവും ബാരിക്കേഡ് കെട്ടിയാണ് ജനങ്ങളെ നിയന്ത്രിച്ചത്.



ഗുരുവായൂർ ഉത്സവത്തോടനുബന്ധിച്ച് മാർച്ച് 6ന് നടന്ന ആനയോട്ടത്തിൽ ഗുരുവായൂർ ദേവസ്വത്തിന്റെ ഗോപീകണ്ണൻ ഒന്നാം സ്ഥാനത്തേക്ക്.

# ഡൽഹി: ഹർജികൾ 12ന് പരിഗണിക്കും

ന്യൂഡൽഹി: വിദ്വേഷ പ്രസംഗം നടത്തിയ ബിജെപി കോൺഗ്രസ് നേതാക്കൾക്കെതിരെ കേസെടുക്കണമെന്നതുൾപ്പെടെ ഡൽഹി സംഘർഷവുമായി ബന്ധപ്പെട്ട വിവിധ ഹർജികൾ ഹൈക്കോടതി 12നു പരിഗണിക്കും. ഹർജികൾ ഏപ്രിൽ 13നു കേൾക്കാനായിരുന്നു നേരത്തെ തീരുമാനിച്ചത്. ഇതു ന്യായീകരിക്കാനാവില്ലെന്നു സുപ്രീംകോടതി വിമർശിച്ചതോടെ ഇവ പരിഗണിച്ച ഹൈക്കോടതി മാർച്ച് 12ലേക്കു മാറ്റി.

ബിജെപി നേതാക്കളായ കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ, ലോക്സഭാംഗം പർവേഷ് വർമ, മുൻമന്ത്രി കപിൽ മിശ്ര, കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി എന്നിവർക്കെതിരെയുള്ള ഹർജികളിൽ റിപ്പോർട്ട് നൽകാൻ പോലീസിനോട് നിർദേശിച്ചു.

വടക്കു കിഴക്കൻ ഡൽഹിയിലെ സംഘർഷത്തിൽ കൊല്ലപ്പെട്ടവരുടെ പോസ്റ്റുമോർട്ടത്തിന്റെ വീഡിയോ പകർത്തണമെന്നും ഡിഎൻഎ സാംപിൾ ശേഖരിക്കണമെന്നും ഹൈക്കോടതി. തിരിച്ചറിയാത്ത 11 മൃതദേഹങ്ങൾ മാർച്ച് 11 ബുധനാഴ്ച വരെ സംസ്കരിക്കരുതെന്നും ഉത്തരവിട്ടു. ഭൂരിഭാഗം മൃതദേഹങ്ങളുടെയും പോസ്റ്റുമോർട്ടം പൂർത്തിയായെന്നും വിട്ടു നൽകിയെന്നും സംസ്ഥാന സർക്കാർ അറിയിച്ചു. വിഷയം 11നു വീണ്ടും പരിഗണിക്കും.



KERALA EXPRESS
പ്രവാസി താളുകൾ

# ഇന്ത്യയിലെ മുസ്ലിംവിരുദ്ധ വിവേചന നിയമങ്ങൾക്കെതിരെ ആൽബനി സിറ്റി പ്രമേയം പാസാക്കി

മൊയ്തീൻ പുത്തൻചിറ

ന്യൂയോർക്ക്: ഇന്ത്യയിൽ മുസ്ലിംകൾക്കെതിരെ നടക്കുന്ന അക്രമങ്ങളിൽ മുസ്ലിംകളെ പിന്തുണച്ച് ന്യൂയോർക്കിന്റെ തലസ്ഥാന നഗരമായ ആൽബനിയിലെ സിറ്റി ഓഫ് ആൽബനി, ലെജിസ്ലേറ്റീവ് കൗൺസിൽ മാർച്ച് രണ്ടിന് പാസാക്കിയ ഫാസിസവിരുദ്ധ പ്രമേയത്തെ മുസ്ലീം സമാധാന കൂട്ടായ്മ സ്വാഗതം ചെയ്തു. അത്തരമൊരു പ്രമേയം പാസാക്കിയ അമേരിക്കയിലെ മൂന്നാമത്തെ നഗരമാണ് ആൽബനി. സിയാറ്റിൽ, വാഷിങ്ടൺ, കേംബ്രിഡ്ജ് എന്നിവിടങ്ങളിലാണ് ഇത്തരമൊരു പ്രമേയം പാസാക്കിയിട്ടുള്ളത്.

പ്രമേയം കൗൺസിൽ അംഗം ആൽഫ്രെഡോ ബാലേറിയൻ അവതരിപ്പിക്കുകയും ഏകകണ്ഠമായി പാസാക്കുകയും ചെയ്തു. ഇന്ത്യയിലെ മുസ്ളിംകൾക്കെതിരെ നടക്കുന്ന അനീതികൾക്കെതിരെ നടപടിയെടുക്കാനുള്ള പ്രമേയത്തിന്റെ രചയിതാവ് താൻ തന്നെയാണെന്ന് ബാലറിൻ പറഞ്ഞു. ഞങ്ങളുടെ ശത്രുക്കളോട് ചെയ്യുന്നതുപോലെ ഞങ്ങളുടെ സുഹൃത്തുക്കൾ ഞങ്ങളുടെ മൂല്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ അവർക്കെതിരെ പ്രതികരിക്കേണ്ടതുണ്ട്. പ്രാദേശികതലത്തിൽ അതു ചെയ്യാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. കൂടാതെ ഫെഡറൽ തലത്തിൽ പ്രവർത്തിക്കാൻ ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് ബാലേറിയൻ പറഞ്ഞു.

ആൽബനി ആസ്ഥാനമായുള്ള ഇന്ത്യൻ അമേരിക്കക്കാരുടെ കൂട്ടായ്മയായ ദി മുസ്ലിം അഡ്വക്കസി ഗ്രൂപ്പ് ഓഫ് ന്യൂയോർക്ക്, ദി ക്യാപിറ്റൽ ഡിസ്ട്രിക്ട് കോളിഷൻ എഗെയ്ൻസ്റ്റ് ഇസ്ലാമോഫോബിയ, ന്യൂയോർക്ക് സ്റ്റേറ്റ് കൗൺസിൽ ഓഫ് ചർച്ചസ്, യുദ്ധവിരുദ്ധ ഗ്രൂപ്പുകൾ, ഇന്ത്യൻ ന്യൂനപക്ഷ അഭിഭാഷക ശൃംഖല (ഇമാൻനെറ്റ്), മിതവാദികളായ ഹിന്ദുക്കൾ, ക്യാപിറ്റൽ ഡിസ്ട്രിക്റ്റിലെ മുസ്ലിം സമുദായങ്ങൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

പ്രമേയത്തിനുള്ള പിന്തുണ സമാഹരിക്കുന്നതിന് ആൽബനി കോമൺ കൗൺസിൽ പ്രസിഡണ്ട് കോറി എല്ലിസ് പറയുന്നത്, കോമൺ കൗൺസിലിന് ലഭിച്ച പ്രമേയം ആൽബനിയെ സ്വാഗതാർഹമായ നഗരമായി സ്ഥിരീകരിക്കുകയും മതവും ജാതിയും നോക്കാതെ ദക്ഷിണേഷ്യൻ സമൂഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു എന്നാണ്.

അടിസ്ഥാനപരമായി അവർ ഇന്ത്യയിലെ അവരുടെ സഹോദരീസഹോദരന്മാർക്കു വേണ്ടി നിലകൊള്ളുന്നു. അവിടെ ഐഡന്റിറ്റി തെളിവ് കാണിക്കാൻ സർക്കാർ ഇപ്പോൾ ആളുകളോട്



ആവശ്യപ്പെടുന്നു. ഒരു രാജ്യത്തെ സർക്കാർ പൗരന്മാരോട് തെളിവുകൾ കാണിക്കാൻ പറയുമ്പോൾ അത് നമ്മെ അലോസരപ്പെടുത്തുന്നു. ഒരു സർക്കാർ ജനങ്ങളുടെ ഐഡന്റിറ്റിയും ജനന സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുമ്പോൾ അത് ആശങ്കയുളവാക്കുന്നു. അവർ ആരാണെന്നും അവരുടെ ഐഡന്റിറ്റി എന്താണെന്നും സർക്കാരിനറിയാം. പക്ഷേ, ഇത്തരത്തിലുള്ള നീക്കം രാജ്യത്തെ ഭിന്നിപ്പിക്കാനുള്ള തുടക്കമാണെന്നാണ് ഈ ഗ്രൂപ്പിനു തോന്നുന്നത്. അത് തടയേണ്ടത് അനിവാര്യമാണ്. അല്ലെങ്കിൽ ഇതിലും വലിയ വിപത്തിന്റെ തുടക്കമാകും. ജന്മാവകാശങ്ങളും അതുപോലെയുള്ള മറ്റു കാര്യങ്ങളും ഉപയോഗിച്ച് ഗവൺമെന്റുകൾ ആളുകളെ തിരിച്ചറിയാൻ ശ്രമിക്കുമ്പോൾ കാര്യങ്ങൾ ഗൗരവമായി എടുക്കണം. അതിനാൽ ഈ സംഘം സർക്കാരിനെതിരെ നിലകൊള്ളുകയും അവരുടെ അഭിപ്രായം പ്രകടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ആൽബനിയിൽ മാത്രമല്ല എല്ലായിടത്തുനിന്നും കൂടുതൽ പങ്കാളികളെ നേടാനും ഈ ഗ്രൂപ്പ് ശ്രമിക്കുന്നു. കോമൺ കൗൺസിൽ പ്രസിഡണ്ട് കോറി എല്ലിസ് പറഞ്ഞു.

കൗൺസിൽ യോഗത്തിൽ സംസാരിച്ചവരിൽ ന്യൂയോർക്ക് സ്റ്റേറ്റ് കൗൺസിൽ ഓഫ് ചർച്ചുകളുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. പീറ്റർ കുക്ക്, മുസ്ലിംകൾക്കൊപ്പം ക്രിസ്ത്യാനികളും ഇന്ത്യൻ ഹിന്ദു മേധാവിത്വ ഗവൺമെന്റിന്റെ കൈകളാൽ പീഡനം നേരിടുന്നുവെന്ന് പരാമർശിച്ചു. കൗൺസിൽ യോഗത്തിനു മുമ്പു നടന്ന പത്രസമ്മേളനത്തിൽ ഹിന്ദുത്വമേധാവിത്വം യുഎസിലെ ഊർജകേന്ദ്രങ്ങളിൽ നുഴഞ്ഞുകയറിയത് ഹിന്ദുത്വമേധാവിത്വ പ്രസ്ഥാനവുമായി അടുപ്പമുള്ള ബിഡൻ പ്രചാരണത്തിലെ ഉന്നത ഉദ്യോഗസ്ഥനായ അമിത് ജാനിയാണെന്ന് ഉദാഹരണസഹിതം ഇമാൻനെറ്റിലെ ഡോ. ഷക് ഉബൈദ് മാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി.

നാസി പാർട്ടിയുടെ ന്യൂറെംബർഗ് നിയമങ്ങൾ ജർമ്മൻ ജൂതന്മാരെ വിലക്കിയിരുന്നതുപോലെ മുസ്ലിംകളെ വിലക്കേർപ്പെടുത്തുന്നതിന് വിവേചനാപരമായ പൗരത്വഭേദഗതി നിയമം ദേശീയ പൗരന്മാരുടെ രജിസ്റ്ററുമായി എങ്ങനെ സംയോജിപ്പിക്കുമെന്ന് മുസ്ലിം അഭിഭാഷക സമിതിയിലെ സയ്യിദ് സഹൂർ പത്രസമ്മേളനത്തിൽ വിശദീകരിച്ചു. പ്രസിഡണ്ട് ട്രംപിന്റെ ഇന്ത്യാ സന്ദർശനവേളയിൽ അഴിച്ചുവിട്ട ദില്ലിയിലെയും ഗുജറാത്തിലെയും മുസ്ലിംവിരുദ്ധ വംശഹത്യയെക്കുറിച്ച് ഇന്ത്യൻ മുസ്ലിം സമുദായത്തിലെ നിരവധി അംഗങ്ങളും ചില ഹിന്ദുക്കളും കൗൺസിൽ യോഗത്തിൽ വാചാലമായി സംസാരിച്ചു. പ്രമേയം പാസാക്കാൻ അവർ കൗൺസിലിനോട് ആവശ്യപ്പെട്ടു.

# പോൾ വർക്കി മെമ്മോറിയൽ ചീട്ടുകളി മത്സരം ഫിലാഡൽഫിയയിൽ

ഫിലാഡൽഫിയ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയായുടെ (മാപ്പ്) ആഭിമുഖ്യത്തിൽ പത്താമത് പോൾ വർക്കി മെമ്മോറിയൽ എവറോളിങ് ട്രോഫി ചീട്ടുകളി മത്സരം (58) ഏപ്രിൽ 18ന് ശനിയാഴ്ച രാവിലെ 8 മുതൽ രാത്രി 11.30 വരെ ഫിലാഡൽഫിയ സെ. തോമസ് സീറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് (608 Welsh Road, Philadelphia, PA 19115) നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി മാപ്പ് പ്രസിഡണ്ട് ശാലു പുന്നൂസ്, സെക്രട്ടറി ബിനു ജോസഫ്, ട്രഷറർ ശ്രീജിത്ത് കോമാത്ത്, ടൂർണമെന്റ് ചെയർമാൻ സാബു സ്കറിയ, കോ- ചെയർമാൻ ജോൺസൺ മാത്യു എന്നിവർ അറിയിച്ചു. 56 എന്ന അന്താരാഷ്ട്ര ചീട്ടുകളിയുടെ അതേ നിയമാവലി പിന്തുടരുന്ന ഈ മത്സരത്തിൽ ഡിട്രോയിറ്റ്, ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, ഡെലവർ, വാഷിങ്ടൺ, വെർജീനിയ തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ടീമുകളെ കൂടാതെ നിരവധി ചീട്ടുകളി പ്രേമികളും പങ്കെടുക്കുവാനായി എത്തിച്ചേരുവാൻ സന്നദ്ധത പ്രകടിപ്പിച്ചതായി ചെയർമാൻ സാബു സ്കറിയ പറഞ്ഞു.

വിജയികളാവുന്ന ടീമുകൾക്ക് ഒന്നാം സമ്മാനമായി ആയിരത്തി ഇരുനൂറ് ഡോളർ, രണ്ടാം സമ്മാനം തൊള്ളായിരം ഡോളർ, മൂന്നാം സമ്മാനം അറുനൂറ് ഡോളർ, നാലാം സമ്മാനം മുന്നൂറ് ഡോളർ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും നൽകപ്പെടും. ഇനിയും പേരുകൾ രജിസ്റ്റർ ചെയ്യുവാൻ താൽപര്യമുള്ളവർക്ക് http//.mapicc.org/56cardtournament/എന്ന ലിങ്കിൽക്കൂടി അതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണെന്ന് സംഘാടകർ അറിയിച്ചു. വാശിയേറിയ ഈ മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിലേക്കായി ചെയർമാൻ സാബു സ്കറിയ, കോ-ചെയർമാൻ ജോൺസൺ മാത്യു, എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ശാലു പുന്നൂസ് : 203 482 9123, ബിനു ജോസഫ് – 267 235 4345.

# നായകൾ നാടുവാഴികൾ

രാജു മൈലപ്ര

ഊണ്, ഉറക്കം. പിന്നെ ചില ചില്ലറ തരികിട പരിപാടികൾ. ഫേസ്ബുക്കിൽ പൊങ്ങച്ചം കാണിക്കുവാൻ ഒന്നുരണ്ട് ടൂർ പ്രോഗ്രാം. കൂട്ടത്തിൽ ഒരു ഇസ്രയേൽ യാത്രയും ഒരു ക്രൂസും. തീർന്നു. കഷ്ടപ്പെട്ടു ജോലി നോക്കി നേടിയെടുത്ത റിട്ടയർമെന്റ് ലൈഫിന്റെ ലൈഫ് ഇത്രയും പരിപാടികൾ കൊണ്ട് തീർന്നു.

എന്നാൽ പിന്നെ ഇനി നാട്ടിൽ പോയി കുറച്ചുകാലം കഴിച്ചുകൂട്ടാമെന്നു കരുതി. അവിടെയും കഥ ഏറെക്കുറെ ഇതുതന്നെ. ബന്ധുമിത്രാദികളെ സന്ദർശിക്കുന്ന പരിപാടികൾ ഒരാഴ്ചയ്ക്കകം തീർന്നു. പരിചയക്കാരിൽ പലരും പരലോകം പൂകി. കൊണ്ടുവന്ന 'ഫോറിൻ സാധനം' തീർന്നപ്പോൾ സുഹൃത്തുക്കളുടെ വരവും നിന്നു.

വീണ്ടും ഊണും ഉറക്കവും. പിരിവുകാർ മാത്രം ഇടയ്ക്കിടെ വന്ന് ശല്യം ചെയ്തുകൊണ്ടിരുന്നു. അനാഥാലയങ്ങൾക്ക് വേണ്ടി പിരിവിനു വരുന്നത് അണിഞ്ഞൊരുങ്ങി വരുന്ന തരുണീമണികൾ.

'കഴിഞ്ഞ തവണ വന്നപ്പോൾ അച്ചായൻ ഞങ്ങളെ ശരിക്കും സഹായിച്ചതായിരുന്നു'-അവരുടെ വക ഒരു നല്ല സ്വഭാവസർട്ടിഫിക്കറ്റ് എനിക്ക്. ഭാര്യയുടെ തീ പാറുന്ന കണ്ണുകൾ എന്റെ നേരെ.

'പുണ്യവാളച്ചനാണേ. ഞാനവരെ ജീവിതത്തിൽ കണ്ടിട്ടില്ല'-ഞാൻ ആണയിട്ടു പറഞ്ഞു.

'ഓ, ഒരു മര്യാദക്കാരൻ. ഇങ്ങേരെടെ കൈയിലിരിപ്പ് എനിക്കറിയത്തില്ലിയോ?'

ഒന്നു രണ്ട് ദിവസത്തേക്ക് വീട്ടിൽ ശ്മശാനമൂകത.

അങ്ങനെ അലസമായ ഒരു ജീവിതശൈലി. മായം ചേർത്ത ഭക്ഷണപദാർത്ഥ പാനീയങ്ങൾ മതിയാവോളം ഉണ്ടുണ്ട് ഞാനൊരു ഉണ്ട പോലെയായി. അതുവരെ എന്റെ ശരീരത്തിൽ ഒളിച്ചു പാർത്തിരുന്ന രോഗാണുക്കൾ പതിയെ തല പൊക്കുവാൻ തുടങ്ങി.

ഈ പോക്കു പോയാൽ ഇനി അധികകാലം പോകേണ്ടി വരികയില്ലെന്നും ഭക്ഷണപാനീയങ്ങൾ നിയന്ത്രിക്കണമെന്നും തടി കുറയ്ക്കണമെന്നും ഡോക്ടറുടെ കർശനനിർദ്ദേശം.

ഏതായാലും കുറച്ച് വ്യായാമം ചെയ്തുകളയാമെന്ന് കരുതി. എന്റെയീ പ്രായത്തിൽ നടപ്പാണ് പറ്റിയ കസർത്ത്.

പണ്ടൊക്കെ പ്രഭാതമായെന്നറിയിക്കുവാൻ കോഴി കൂവുമായിരുന്നു. ഇപ്പോൾ ഒരു വീട്ടിലും കോഴിയില്ല. കോഴി കൂവിയാലും ഇല്ലെങ്കിലും സൂര്യനുദിച്ചല്ലേ പറ്റൂ. വെട്ടം കണ്ണിലടിച്ചപ്പോൾ ഞാൻ പതിയെ എഴുന്നേറ്റു. എന്നെ സംബന്ധിച്ചിടത്തോളം ഇത് പുതിയൊരു പുലരിയാണ്.

ഉടുത്തിരുന്ന കൈലിമുണ്ടിന്റെ സ്ഥാനത്ത് ഒരു വെള്ള നിക്കറിട്ടു. ഒരു ടീ ഷർട്ട്, തലയിലൊരു തൊപ്പി, കാലിൽ ഷൂസ്. ആകപ്പാടെ ഒരു ശങ്കരാടി ലുക്ക്.

കതക് തുറന്ന് പുറത്തിറങ്ങി. റോഡിലേക്കു നടക്കുവാൻ തുടങ്ങിയപ്പോൾ ഒരു പട്ടി വാലും ചുരുട്ടി എന്റെ നേരേ തുറിച്ചുനോക്കി നിൽക്കുന്നു. തെരുവുനായ്ക്കൾ വിലസുന്ന നാടാണിത്. അവരുടെ മട്ടും ഭാവവും കണ്ടാൽ അവരാണീ നാട് ഭരിക്കുന്നതെന്നു തോന്നും.

"പോ പട്ടീ അവിടുന്ന്"... എന്റെ സ്വരത്തിന് ആജ്ഞാശക്തിക്കു പകരം ഒരു യാചനാ ടോൺ!

പട്ടി ഒന്നു രണ്ട് ചുവട് മുന്നോട്ടു വെച്ചിട്ട് 'ബൗ ബൗ' എന്ന് ഉച്ചത്തിൽ രണ്ടുമൂന്നു കുര.

"നീ പോടാ പട്ടീ" എന്ന് എന്നോട് അത് പറയുന്നതുപോലെ എനിക്കു തോന്നി.



ലേഖകൻ

ഏതായാലും ഭാഗ്യം പരീക്ഷിക്കേണ്ട എന്നു തീരുമാനിച്ച് ഞാൻ തിരിച്ചു വീട്ടിൽ കയറി.

"എന്താ ഇത്ര പെട്ടെന്ന് നടത്തം കഴിഞ്ഞോ?" ഭാര്യയുടെ സ്വരത്തിൽ ഒരു പരിഹാസച്ചുവ.

"എടീ.... പട്ടി..." ഞാൻ വാചകം പൂർത്തിയാക്കുന്നതിനു മുൻപ് അവളുടെ മറുപടി വന്നു.

"ഇങ്ങേരെടെ മറ്റവളെപ്പോയി പട്ടീന്നു വിളിക്ക്."

'വഴിയിൽ പട്ടി നിൽക്കുന്നത് കൊണ്ടാണ് ഞാൻ തിരിയെ പോന്നത്' എന്നു പറയാനുദ്ദേശിച്ചത്, പാതി വഴിയിൽ അവൾ തടഞ്ഞതുകൊണ്ട് തടസ്സപ്പെട്ടു.

"നീ ഏതായാലും ഒരു കാപ്പി എടുക്ക്." ഞാൻ അനുനയ സ്വരത്തിൽ പറഞ്ഞു.

"വേണമെങ്കിൽ പോയി തനിയെ എടുക്ക്" അവൾ തല വീണ്ടും പുതപ്പിനുള്ളിലേക്ക് വലിച്ചു.

*** *** ***

പത്തനംതിട്ടയിൽ അടുത്ത കാലത്ത് ഒരു പേപ്പട്ടി, പത്തുപന്ത്രണ്ട് പേരെ പട്ടാപ്പകൽ ഓടിച്ചിട്ടു കടിച്ചു. അക്ഷരാർത്ഥത്തിൽ രണ്ടുമൂന്നു മണിക്കൂർ ആ പട്ടി നഗരത്തെ മുൾമുനയിൽ നിർത്തി. ഒരുത്തൻ ആ പട്ടിയെ കമ്പുകൊണ്ട് തലയ്ക്കടിച്ചു കൊന്നു. അയാൾക്കെതിരെ ഇപ്പോൾ 'ആനിമൽ ക്രൂവൽറ്റി ആക്ട്' പ്രകാരം പോലീസ് കേസെടുത്തിരിക്കുകയാണ്.

ഇവിടെ പട്ടിക്കും പന്നിക്കും പാമ്പിനുമെല്ലാം നിയമസംരക്ഷണമുണ്ട്. മനുഷ്യന്റെ ജീവനു മാത്രം വലിയ വിലയൊന്നുമില്ല.

ദൈവത്തിന്റെ സ്വന്തം നാട് ഇപ്പോൾ ചെകുത്താൻ കയറിയ വീട് ആയിരിക്കുകയാണ്.

# ജന്മദിനാഘോഷങ്ങളും അതോടൊപ്പമുള്ള ആശംസകളും

എത്സി ബേബി

ജന്മദിനാഘോഷങ്ങൾ പൂർവ്വാധികം ആർഭാടങ്ങളോടെ ആഘോഷിക്കുന്ന പ്രവണത നമ്മുടെയിടയിൽ വർദ്ധിച്ചുവരികയാണ്. എന്തിന് ഈ പാഴ്ച്ചെലവ്? തിരുവചനത്തിൽ രണ്ട് രാജാക്കന്മാർ തങ്ങളുടെ ജനനോത്സവം കൊണ്ടാടിയ കഥ വിവരിക്കുന്നുണ്ട്. ഒന്ന്: ഈജിപ്തിൽ ഫറവോൻ തന്റെ ജന്മദിനാഘോഷത്തിൽ രാജധാനിയിലെ അപ്പക്കാരുടെ പ്രമാണിയെ തൂക്കിക്കൊല്ലുകയുണ്ടായി. പുതിയ നിയമത്തിൽ ഹെരോദാ രാജാവ് യോഹന്നാൻ സ്നാപകനെ ശിരച്ഛേദം ചെയ്ത് അദ്ദേഹത്തിന്റെ തല തളികയിൽ വരുത്തിയ കഥ. നമ്മുടെയൊക്കെ വിവാഹങ്ങളും ജന്മദിനാഘോഷങ്ങളും മറ്റും അതിരുകവിഞ്ഞ ആർഭാടത്തോടും ആഘോഷങ്ങളോടുംകൂടെ നടക്കുമ്പോൾ അതിൽ ദൈവം പ്രസാദിക്കുന്നുണ്ടോ എന്നു ചിന്തിക്കണം.

എന്റെ കേരള സന്ദർശനത്തിൽ രണ്ട് ജന്മജിനാഘോഷങ്ങളിൽ പങ്കെടുത്തത് എന്നെ വളരെ സ്വാധീനിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തു. മക്കളും കൊച്ചുമക്കളും കുടുംബങ്ങളും ചേർന്ന് രണ്ട് പിതാക്കന്മാരുടെ 90-ാം ജന്മദിനം ആഘോഷിച്ചത് ഒരു മാതൃകയായി തോന്നി. ഇവയിൽ ഒന്ന് സുവിശേഷകനായി ജീവിതകാലം മുഴുവൻ കഠിനപരിശോധനകൾ സഹിച്ച് ക്രിസ്തുവിന്റെ വിശ്വസ്ത ദാസനായി ത്യാഗം ചെയ്ത് ദൈവകൃപയിൽ മാത്രം ആശ്രയിച്ചു ജീവിച്ച് ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്ന ഫിലിപ്പ് ഏബ്രഹാം കല്ലിശേരി എന്ന കർത്തൃദാസന് തന്റെ മക്കളും പിൻതലമുറകളും ദൈവത്തിനു സമർപ്പിച്ച സ്തോത്രശുശ്രൂഷ! മരിച്ചു ശവപ്പെട്ടിയിൽ കിടക്കുന്ന ശവശീരത്തെ നോക്കിക്കൊണ്ട് അർത്ഥമില്ലാത്ത അനുസ്മരണങ്ങൾ പറഞ്ഞ് സമയം പാഴാക്കുന്നതിനേക്കാൾ എത്രയോ മഹത്വമാണ് താൻ ജീവിച്ചിരിക്കുമ്പോൾ തന്റെ ജീവിതംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തിയതും മക്കൾക്കും തലമുറയ്ക്കും മറ്റുള്ളവർക്കും അനുഗ്രഹവിഷയമായി തീർന്നതുമൊക്കെ വർണ്ണിച്ച് ദൈവത്തെ സ്തുതിച്ച് കർത്തൃകരങ്ങളിൽ സമർപ്പിക്കുന്നത്. ബ്രദർ ഫിലിപ്പ് ഏബ്രഹാമിന്റെ ജീവിതാനുഭവങ്ങൾ വിവരിച്ചു ദൈവത്തെ മഹത്വപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ മുഖം ദൈവതേജസ്സിനാൽ പ്രകാശിക്കുന്നതുപോലെ തോന്നി. അനേക വർഷങ്ങളായി എനിക്കുള്ള പരിചയം ചുരുക്കമായി വർണ്ണിക്കുവാനിടയായത് ഒരു ഭാഗ്യമായി കരുതുന്നു.



ലേഖിക

മക്കളും കൊച്ചുമക്കളും നാലാം തലമുറവരെ അപ്പച്ചനെക്കുറിച്ച് പ്രശംസിച്ചത് ആ അപ്പച്ചന് ജീവതാനുഗ്രഹമായിത്തീർന്നുവെന്നും അദ്ദേഹം സംതൃപ്തനായി എന്നതിനും സംശയമില്ല.

രണ്ടാമത്തേത് കോട്ടയം അയ്മനം സഭയിൽ കൂടിവരുന്ന ബ്രദർ എം. മാത്യൂസ് ഏബ്രഹാമിന്റെ 90-ാം ജന്മദിനം പ്രമാണിച്ചു നടത്തിയ സ്തോത്രശുശ്രൂഷയായിരുന്നു. ദേശത്തും വിദേശത്തുമുള്ള മക്കളും കൊച്ചുമക്കളും സഹോദരങ്ങളും സഭാംഗങ്ങളും അപ്പച്ചനെ ഓർത്ത് നടത്തിയ അനുഗ്രഹപ്പെട്ട സ്തോത്രശുശ്രൂഷ. തന്നെ ഇരുത്തിക്കൊണ്ട് പ്രശംസയായി പറയുമ്പോൾ അദ്ദേഹത്തിന്റെ മുഖം ഒരു ദൈവദൂതന്റെ മുഖംപോലെ പ്രകാശിക്കുന്നതു കാണാനിടയായി. സ്നേഹത്തിന്റെയും താഴ്മയുടേയും യഹോവാഭക്തിയുടെയും പ്രഭ ആ മുഖത്തു പ്രകാശിച്ചിരുന്നത് എന്നെ ഹഠാദാകർഷിക്കുകയുണ്ടായി. ഈ രണ്ടു ചടങ്ങുകളിലും ദൈവിക സാന്നിദ്ധ്യവും അനുഗ്രഹങ്ങളും നിറഞ്ഞിരുന്നതായി തോന്നി. യാതൊരു മുഖസ്തുതിയോ അർഹിക്കാത്ത പ്രശംസകളോ ഒന്നും അവിടെ കേട്ടില്ല എന്നതാണത്ഭുതം. അവരുടെ ജീവിത മാതൃക തികച്ചും അനുകരിക്കത്തക്കവയാണെന്നുള്ള സാക്ഷ്യം കൂടി വന്നവരുടെ ഹൃദയങ്ങളെ സ്പർശിക്കത്തക്കവയായിരുന്നു. അവ ഓർത്ത് ദൈവത്തെ സ്തുതിക്കുവാനും നന്ദി കരേറ്റുവാനും അവ അനുകരിപ്പാൻ തക്ക മാതൃകകളാണെന്ന് സമ്മതിപ്പാനും ഈ രണ്ട് കൂടിവരവുകളും സഹായിച്ചു. ലളിതവും അനാർഭാടം നിറഞ്ഞതുമായ ഒരു കൂട്ടായ്മ.

ഇത്തരുണത്തിൽ എളിയവളുടെ 83-ാം ജന്മദിനം ലളിതമായി ആഘോഷിച്ചതും ഒർക്കാതിരിപ്പാൻ പറ്റുന്നില്ല. അനേകം ജന്മദിനാശംസകൾ മക്കളിൽനിന്നും സ്നേഹിതരിൽ നിന്നും സഹോദരങ്ങളിൽ നിന്നും പല മാധ്യമങ്ങൾ വഴി ലഭിച്ചു. ഇതിൽ രണ്ട് ആശംസകൾ എന്റെ ഹൃദയത്തെ ആഴമായി സ്പർശിക്കയും താഴ്ത്തുകയും ചെയ്തു. ആദ്യം ലഭിച്ച ആശംസ ജീവനും കൃപയും നീ എനിക്കു നല്കി; നിന്റെ കടാക്ഷം എന്റെ ശ്വാസത്തെ പരിപാലിക്കുന്നു എന്ന ഇയ്യോബിന്റെ വാക്കുകൾ. കേവലം കളിമണ്ണുകൊണ്ട് മെനഞ്ഞ ഈ മൺപാത്രത്തിൽ ജീവനും കൃപയും നല്കി എന്റെ ദൈവത്തിന്റെ ജീവശ്വാസം പകർന്നുതന്നു പരിപാലിക്കുന്ന എന്റെ ദൈവത്തിന്റെ സ്നേഹം, കരുതൽ ദീർഘക്ഷമ വിശ്വസ്തതയുടെ മുമ്പിൽ സ്വയംതാഴ്ത്തി സമർപ്പിക്കുവാൻ തക്ക ശക്തിയേറിയ ദൈവിക വാഗ്ദാനം. പാപത്തിൻ മരിച്ച് ജീവനില്ലാതിരുന്ന എന്നിൽ ജീവനും കൃപയും നിത്യജീവനും നല്കി നിത്യസ്നേഹത്താൽ സ്നേഹിച്ച് ഇത്രത്തോളം പാലിച്ച ദൈവത്തിനു എത്ര സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചാൽ മതിയാകും. കർത്തൃപാദങ്ങളിൽ സ്വയം അർപ്പിക്കുന്നു.

രണ്ടാമതായി ലഭിച്ച ആശംസ സ്വർഗ്ഗത്തിൽ നിന്നു നോക്കി കടാക്ഷിച്ച ഈ മുന്തിരിവള്ളിയെ സന്ദർശിക്കേണമേ. നിന്റെ വലംകൈ നട്ടിട്ടുള്ളതിനേയും നീ നിനക്കായി വളർത്തിയ തൈകളേയും പാലിക്കണമേ എന്ന പ്രാർത്ഥന. സ്വർഗ്ഗം കടാക്ഷിച്ച്, പിതാവായ ദൈവത്താൽ നട്ടുവളർത്തിയ മുന്തിരിയിൽ നിന്നും പിതാവ് ആഗ്രഹിക്കുന്നത് ഏറിയ ഫലമാകുന്നു. ക്രിസ്തുവിൽ വസിച്ച് ക്രിസ്തുവിനു വേണ്ടി ഫലം കായ്ക്കുന്നവരാകണമെന്ന പിതാവിന്റെ ഹിതം നിറവേറ്റി ജീവിക്കുന്നതുപോലെ ധന്യമായ ജീവിതം വേറെ ഇല്ലല്ലോ.

ദൈവത്തെയും മനുഷ്യരേയും ഒരുപോലെ പ്രസാദിപ്പിച്ച് ജീവിക്കുമ്പോൾ മക്കൾ എഴുന്നേറ്റ് വാഴ്ത്തിപ്പുകഴ്ത്തും. ലോകം നമ്മെ പ്രശംസിക്കും. മരണാനന്തരം നമ്മേക്കുറിച്ചുള്ള ഓർമ്മകൾ നിലനിൽക്കും. നമ്മുടെ പ്രവൃത്തികൾ നമ്മെ പിന്തുടരും.

മേലുദ്ധരിച്ച പിതാക്കന്മാരെപ്പോലെ തലമുറകൾ അനുകരിക്കത്തക്ക മാതൃകാജീവിതം കാഴ്ചവെക്കുവാൻ നമുക്കുത്സാഹിക്കാം. നമ്മുടെ ചടങ്ങുകളും ആചാരങ്ങളും ആഘോഷങ്ങളും ദൈവം പ്രസാദിക്കുന്നവയാകട്ടെ.

# IOC USA SLAMS THE SUSPENSION

New York: The existence of an unfettered and independent Press is an integral part of a democratic and free society, and by suspending Asianet and Media One channels on their reporting of Delhi riots, the BJP government has subverted the constitution and may have brought the country another step closer towards fascism," said George Abraham, Vice-Chairman of the Indian Overseas Congress, USA. "the freedom of expression of every Indian citizen is being endangered by this draconian action, and the ability of the electorate to demand accountability from the Government is drastically reduced" added Mr. Abraham.

A free press strengthens democracy, good governance, and accountability by those who are in power. The guarantee of freedom of expression and information is recognized as a fundamental human right in the Universal Declaration of Human Rights adopted by the UN in 1948, the European Convention on Human Rights, the American Convention on Human Rights, and the African Charter on Human and Peoples' Rights. In particular, Article 19 of the 1948 Universal Declaration of Human Rights states: "Everyone has the right to freedom of opinion and expression; this right includes freedom to hold opinions without interference and to seek, receive and impart information and ideas through any media and regardless of frontiers."

It is about time, the Citizens of India and the Diaspora around the world realize that the Country is on a wrong track and its revered Institutions are taken apart piece by piece. It is time for extreme vigilance and action.

## പ്രത്യേക അറിയിപ്പ്

### വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

### ഫോട്ടോ അയക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

### എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപസമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.




## പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നൽകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

# NEW TECHNIQUES OF PREVENTION AND CORONA HEALING

Dr. A.K.B. Pillai PhD.

The new technique, I advocate is mental health: at least to keep the mental balance considerably free from stress. My long range research makes clear that people who are mentally healthy and free from stress have a stronger immune system to prevent illnesses. Being mentally disturbed, especially as a permanent problem makes one susceptible to illnesses. Mental health has also tremendous power to heal illnesses fast, including viruses and flus.



The second one I advocate is cultivating a strong immune system which is not new but being advocated by health scientists. According to Mosby's dictionary of Medicine, Nursing and Allied Health (Fourth edition, 2002) the immune system is "a system of tissues and organs that protects the body against pathogenetic organisms and other foreign bodies. The principal components of the immune system include bone marrow, the thymus and the lymphoid tissues. The system also uses peripheral organs such as the lymph nodes, the spleen, and the lymphatic vessels." There are many items in the alternate medical systems, especially in Ayurveda and Homeopathy, African and Western herbal medicines when taken regularly will strengthen the immune system.

As widely known the basics of building a strong immune system is nutritional food on time, good sleep, exercise and relaxation. I am here advocating a new component not usually mentioned in writings of health science, - a person's happy interpersonal relations. Theyare as important as anything else. Further, periodical detoxification is necessary. Regular bowel and urine movements also contribute to detoxification. Aging persons have to watch out against laziness to do exercise. Many persons in all ages do not realize how sleep is most important to build and maintain the immune system. The mark of one's immune system is how one is free from sicknesses including contagious.

Shaking hands, NO: many of our customs have to be reconsidered to prevent contagious diseases; shaking hands is one of them, while it's a mark of goodwill. Instead like the Asians do, folding the palms and bowing the head with respect can be done by all.

Washing the hands. Western medical science as a whole has accepted how washing the hands frequently and not touching the face especially inside of the nose with unwashed fingers can prevent contagious diseases.

o The custom of holding a towel or handkerchief at the mouth when sneezing is necessary.

o Washing the hands with plain soap is recommended

o Wastage of people who are sick should be immediately disposed.

o A person has to keep the body clean, especially by a morning shower and wearing clean washed clothes. Anybody who wears clothes with odor should be advised about it.

o Sexual hygiene has important benefits to prevent illnesses. Sexual hygiene means keeping the genitals clean.

o Mouth odor, a problem to some persons can be mostly prevented by keeping the mouth clean preferably cleaning the teeth and gargling the mouth, using the floss, etc. The Asian custom of washing the mouth and hands before eating is good to accept.

o Dumping things on the bed especially soiled clothes and other things should be avoided.

o Further, using face masks, especially in a contagious atmosphere is helpful.

To conclude, I should say, we have to learn new things to be hygienic, healthy and preventive to contagious diseases. We should all be healthy!

### Coronavirus and the Workers

The following matter taken from the report of the New York Times made clear the plight of the workers, in the atmosphere of the coronavirus. Unfortunately, the New York Times article and my Facebook writing will not be read by workers. May I strongly point out my readers to advise the workers, who may be their employees, acquaintances and even friends, that as human beings they are individually responsible to take care of their health and that of their family, but there are many workers in the United States and more abroad who do not care for their health, but get into the atmosphere of coronavirus, because of the urge to feed their families, especially children. Hence, I have to say that it is the responsibility of the governmental institutions and all of the employees to take necessary steps to protect the workers at large. This responsibility also includes people who are homeless, unemployed, and destitute who are mentally and physically sick.

Please read the summary of the New York Times article below.

February 29th, the first domestic death by the coronavirus in the United States was reported. With new cases of infection, everyone's taking measures to try and prevent the spread: New Yorkers can be seen wearing face masks, public health PSA's have been posted in the MTA system, airlines are limiting travel to affected countries, and some areas overseas are under quarantine. However, many people are left at risk of exposure when they just can't afford to stay home from work. In the New York Times, Tara Siegel Bernard shows the 243 million workers in the United States just how hard it can be taking time off.

If you've recently gone overseas, have been in contact with anyone infected or are showing any of the telling symptoms of coronavirus, your boss may ask you to work from home. But what does this mean for the lower class? Alka Ramchandani-Raj, an employment lawyer at the Littler firm says "we are not in a state of emergency". However, the largest healthcare system in NYC, Northwell Health has given two weeks paid furlough to 16 people who have recently visited China, says the company's VP and CPO, Joseph Moscola. US workers are one of the lowest ranked countries when paid sick leave is concerned. Because of this, hourly and low-income workers are more often than not, showing up sick to work. According to a survey done by Business Group on Health, when 48 large companies were asked their positions on sick leave, only 68% said they would pay employees that were under a mandatory quarantine for as long as they were incubated. Even in extreme circumstances like disaster employers are not federally required to pay workers for this time. However, workers on a salary will most often be paid when there are any business disruptions. At this point, only ~12 states including New York support paid time off for some workers, but one in four workers don't have that access.



Dr. A.K.B. Pillai

Employees have a right to a safe workplace. In response to the outbreak the government recommends working from home if possible, but only 29% of Americans have that ability. Some jobs cannot be done remotely. Childcare, fast food, repairmen and so on would have to use sick or vacation days if they have them, however in these lower paying jobs that's not common. While the virus and the flu have little in common about their effects, they are similar in how they are spread; the 'Times speaks on this relation: "A working paper on state laws that require employers to offer paid sick leave found that state-wide influenza infections fell 11 percent in the first year after enactment. The conclusion is clear: when sick leave is not accessible, people will return to work and spread disease.

(Source: The New York Times issue Monday March 2, 2020 page B3 "Advice on Coronavirus and the Workplace by Tara Siegel Bernard)

# മഹാത്മാഗാന്ധിയുടെ വീക്ഷണങ്ങൾ എന്നത്തേക്കാളും ആവശ്യം


ഐക്യരാഷ്ട്രസഭ: ദില്ലിയിലെ അക്രമത്തിൽ അതീവ ഖേദം പ്രകടിപ്പിച്ച യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്, മഹാത്മാ ഗാന്ധിയുടെ കാഴ്ചപ്പാടുകൾ എന്നത്തേക്കാളും ആവശ്യമാണെന്നും സമൂഹങ്ങൾക്കിടയിൽ യഥാർത്ഥ അനുരഞ്ജനത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത് ഒഴിച്ചുകൂടാനാവാത്തതാണെന്നും പറഞ്ഞു.

മൊയ്തീൻ പുത്തൻചിറ

വടക്കുകിഴക്കൻ ദില്ലിയിൽ വർഗീയ അക്രമത്തിൽ നിരവധി പേർ കൊല്ലപ്പെട്ടതിൽ യുഎൻ മേധാവി ദുഃഖിതനാണെന്നും അക്രമത്തിൽ പരമാവധി സംയമനം പാലിക്കണമെന്നും ഗുട്ടെറസ് വക്താവ് സ്റ്റീഫൻ ഡുജാറിക് മാധ്യമപ്രവർത്തകരോട് പറഞ്ഞു. ദില്ലിയിലെ പ്രതിഷേധത്തെ തുടർന്ന് അപകടത്തിൽപ്പെട്ടവരുടെ റിപ്പോർട്ടുകളിൽ അദ്ദേഹം വളരെ ദുഃഖിക്കുന്നതായി ഡുജാറിക് പറഞ്ഞു. അക്രമം ഒഴിവാക്കാൻ പരമാവധി സംയമനം പാലിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ജീവിതത്തിലുടനീളം മഹാത്മജിയുടെ ചിന്തകളെ ജനറൽ സെക്രട്ടറിയെ വളരെയധികം സ്വാധീനിച്ചു. ഇന്ന് ഗാന്ധിയൻ ആശയങ്ങൾ എന്നത്തേക്കാളും ആവശ്യമാണ്. സമുദായങ്ങൾക്കിടയിൽ അനുരഞ്ജനത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് അത് അത്യന്താപേക്ഷിതമാണ്: അദ്ദേഹം പറഞ്ഞു. പുതുക്കിയ പൗരത്വ നിയമവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിലെ ചില ഭാഗങ്ങളിൽ നടക്കുന്ന പ്രതിഷേധത്തെക്കുറിച്ച് ജനറൽ സെക്രട്ടറി അഭിപ്രായം പറയുമോ എന്നും അതിനെക്കുറിച്ച് ഇന്ത്യൻ സർക്കാരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ എന്നും ഡുജാറിക്കിനോട് ചോദിച്ചു.


ഗുട്ടെറസ് ന്യൂഡൽഹിയിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും പ്രതിഷേധക്കാർക്ക് സമാധാനപരമായ പ്രകടനങ്ങൾ അനുവദിക്കണമെന്നും സുരക്ഷാസേന സംയമനം പാലിക്കണമെന്നും ഡുജാറിക് നേരത്തെ പറഞ്ഞിരുന്നു.



പുതുക്കിയ പൗരത്വനിയമത്തെച്ചൊല്ലി ദില്ലിയിൽ ഉണ്ടായ അക്രമത്തിൽ നാല്പതിലധികം പേർ മരിക്കുകയും മൂന്നുറിലധികം പേർക്ക് പരുക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

# മൈക്ക് ബ്ലൂംബർഗ് മത്സരരംഗത്തുനിന്നും പിന്മാറി

ന്യൂയോർക്ക്: മുൻ ന്യൂയോർക്ക് മേയർ മൈക്ക് ബ്ലൂംബർഗ് മത്സരരംഗത്തുനിന്നും പിന്മാറി ബൈഡന് എൻഡോർസെ ചെയ്യാൻ തീരുമാനിച്ചു. 14 സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ മോശം പ്രകടനം കാഴ്ചവെച്ചതാണ് പിന്മാറാൻ ബ്ലൂംബർഗിനെ പ്രേരിപ്പിച്ചത്. ഇതുവരെ 44 ഡെലിഗേറ്റുകളെ മാത്രമേ കിട്ടിയുള്ളുവെന്നതും മത്സരം വിടാൻ കാരണമായെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു. നൂറുകണക്കിനു മില്യൻ സ്വന്തം പണം മുടക്കിയാണ് ബ്ലൂംബർഗ് പ്രചാരണം നടത്തിയിരുന്നത്. എലിസബത്ത് വറാനും മത്സരരംഗത്തുനിന്നു പിന്മാറാൻ സാദ്ധ്യതയുള്ളതായാണ് റിപ്പോർട്ടുകൾ. ആരെ പിന്തുണയ്ക്കുമെന്ന് ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല.



ഇതോടെ അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ട്രംപും ബൈഡനും തമ്മിലുള്ള നിർണായക മത്സരത്തിന് സാദ്ധ്യതകൾ വർദ്ധിച്ചു.

# 6th Anniversary in Heaven

**March 19, 2020**



In Ever Loving Memory Of

## Annamma M. Panicker

2-13-1936 to 3-19-2014

**"Not a day goes by that we do not think of you.**
**Even though you are not physically in our lives,**
**you are forever in our hearts and minds.**
**Deeply missed by her husband and children."**





SHIJU ABRAHAM FINANCIAL SERVICES



www.ShijuFinancial.com
Off : 972-455-4371
sabraham@financialguide.com

Achieve Your Goals

| | |
|---|---|
| Saving & Investment Strategies | Life Insurance & Annuities |
| College Saving Strategies | Disability & Long Term Care Insurance |
| Tax Reduction Strategies | IRA, Roth IRA & SEP IRA |
| Retirement Plans & Mutual Funds | 401(k) Set Up & Rollovers |

13455 Noel Rd, 20th Floor, Dallas, TX 75240

Securities offered through qualified registered representatives of MML Investors Services, LLC. Member www.sipc.org.
Shiju Abraham Financial Services is not a subsidiary or affiliate of MML Investors Services, LLC. or its affiliated companies
CRN202110-255789

# റോട്ടറി ഇന്റർനാഷണൽ ജന്മദിനാഘോഷം നടത്തി

ചിക്കാഗോ: റോട്ടറിയുടെ ജന്മദിനാഘോഷം സന്നദ്ധ സേവന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിലൂടെയാണ് എന്ന് റോട്ടറി ഇന്റർനാഷണൽ ഗവർണർ സൂസന്ന ഗിപ്സൺ. സ്നേഹവും കാരുണ്യവും ഒത്തുചേരുമ്പോഴാണ് ഓരോ ജന്മദിനവും ഏറെ ആഘോഷമാക്കുവാൻ സാധിക്കുക. "സർവ്വീസ് എബൗ സെൽഫ്" എന്ന റോട്ടറി ആപ്തവാക്യം ഊന്നൽ നൽകുന്നതും ഹ്യൂമാനിറ്റി ലക്ഷ്യത്തോടെയാണെന്നും അവർ പറഞ്ഞു.

ചിക്കാഗോ റോട്ടറി ക്ലബ് ഓഫ് നൈൽസിന്റെ ആഭിമുഖ്യത്തിൽ റോട്ടറി 115-ാം ജന്മദിനത്തോടനുബന്ധിച്ച് സ്കോക്കി ഹോളിഡേ ഇന്നിൽവെച്ചു നടന്ന പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ഗവർണർ.

സെക്രട്ടറി ജോർജ് നെല്ലാമറ്റം, വൈ. പ്രസിഡണ്ട് ജോസഫ് ഏബ്രഹാം, ജോണിക്കുട്ടി പിള്ളവീട്ടിൽ, നൈനാൻ തോമസ്, തമ്പി വിരുത്തിക്കുളങ്ങര തുടങ്ങിയവർ പ്രസംഗിച്ചു.

ജന്മദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധയിടങ്ങളിലായി മുന്നൂറ് കിഡ്നി രോഗനിർണ്ണയ ക്യാമ്പുകൾ, രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ, ഡോക്യുമെന്ററി പ്രദർശനം എന്നിവ നടപ്പിലാക്കുവാനാണ് നൈൽസ് ക്ലബ് പദ്ധതിയിട്ടിരിക്കുന്നതെന്ന് പ്രസിഡണ്ട് ഷിബു പീറ്റർ വെട്ടുകല്ലേൽ അറിയിച്ചു.

ഇത്രയും ക്യാമ്പുകളിലൂടെ അറുപതിനായിരം ആൾക്കാരെയാണ് മൊബൈൽ ലാബ് സംവിധാനത്തോടെ പരിശോധിക്കാൻ സാധിക്കുക. അപ്പോൾ ചുരുങ്ങിയത് രണ്ടായിരം പേരെയെങ്കിലും രോഗസൂചന കണ്ടുപിടിച്ച് നിസ്സാര പ്രാരംഭ ചികിത്സയിലൂടെ രോഗത്തിന് അടിമപ്പെടാതെ രക്ഷപെടുത്തുവാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.



റോട്ടറി കേരള ചാപ്റ്റർ 3211, കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയവയുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും കോർഡിനേറ്റർമാരായ ജോയി കോട്ടൂർ, സിറിയക് കൂവക്കാട്ടിൽ, ജസ്റ്റിൻ തെങ്ങനാട്ട് സിബി കുരുവിള, സിറിയക് പുത്തൻപുരയ്ക്കൻ, നിറ്റൂ തോമസ് എന്നിവർ വ്യക്തമാക്കി.

ജോണിക്കുട്ടി പിള്ളവീട്ടിൽ

കൂടാതെ ലിഷാ ജോണി, ജിജി ജോർജ് നെല്ലാമറ്റം, ലിസ ജോയി കോട്ടൂർ, ഷൈനി വിരുത്തിക്കുളങ്ങര, ലിയാൻ ഷിബു എന്നിവരുടെ നേതൃത്വത്തിൽ റോട്ടറി ക്വിസ് സംഘടിപ്പിക്കുകയുണ്ടായി.

വിവിധ പരിപാടികൾക്ക് ഷാജി എടേട്ട്, ജെസ്മോൻ തോമസ്, രാജൻ ജേക്കബ്, ജിജോ വർഗീസ്, സണ്ണി ഇണ്ടിക്കുഴി, ജോയി നെടിയകാല, സാബു നടുവീട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി.

നിയുക്ത റോട്ടറി ഗവർണർ ലാബ് സ്റ്റെൽ, മുൻ ഗവർണർ മാർക്ക് ഗിപ്സൺ, അസി. ഗവർണർ ടെയ്മി മിഹാൻ എന്നിവരും സന്നിഹിതരായിരുന്നു.

# സിജിൽ പാലയ്ക്കലോടി മത്സരിക്കുന്നു

ഫോമാ 2020-22 നാഷണൽ കമ്മിറ്റി വൈസ് പ്രസിഡണ്ടായി വെസ്റ്റേൺ റീജിയണിൽ നിന്നും മത്സരിക്കുന്ന സിജിൽ പാലയ്ക്കലോടിക്ക് സാക്രമെന്റോ റീജിയണൽ അസോസിയേഷൻ ഓഫ് മലയാളീസ് (സർഗം) കമ്മിറ്റി പരിപൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

ഫോമായുടെ ഇപ്പോഴത്തെ നാഷണൽ കമ്മിറ്റി മെംബറായ സിജിൽ സർഗം ചെയർമാൻ, പ്രസിഡണ്ട്, സെക്രട്ടറി എന്നീ സ്ഥാനങ്ങളിലൂടെയുള്ള പ്രവർത്തന പരിചയവുമായിട്ടാണ് ഫോമാ വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥിയായി കടന്നുവരുന്നത്.

വിവിധ സാമൂഹിക, സാംസ്കാരിക, കലാ, കായിക സംഘടനകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള സിജിൽ പാലയ്ക്കലോടി ഫോമയെന്ന മഹത്തായ നാഷണൽ സംഘടനയ്ക്ക് മുതൽക്കൂട്ടായിരിക്കുമെന്നും ഫോമായുടെ ഉന്നമനത്തിനായി സർഗം അസോസിയേഷന്റെ പ്രതിനിധിയായി സിജിൽ പാലയ്ക്കലോടിയെ വിജയിപ്പിക്കണമെന്നും സർഗം ഭാരവാഹികളായ രശ്മി നായർ (ചെയർപേഴ്സൺ), രാജൻ ജോർജ് (പ്രസിഡണ്ട്), മൃദുൽ സദാനന്ദൻ (സെക്രട്ടറി), വിൻസൻ നെച്ചിക്കാട്ട് (വൈസ് പ്രസിഡണ്ട്, സിറിൽ ജോൺ (ട്രഷറർ), ജോർജ് പുളിച്ചുമാക്കൽ (ജോ. സെക്രട്ടറി) എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.



# RACHEL VARGHESE - JUNIOR MISS LAKE COUNTY



Chicago: Rachel Varghese won the title Junior Miss Lake County IL State 2020 at the LCIS pageant on Feb 29. She is 12 years old and is a 6th Grader at Woodlawn Middle School in Long Grove, IL. Last year, she represented Long Grove as the Junior Miss 2019.

In addition to pageants, she is very involved in the arts. She learns Bharatanatyam under the tutelage of Shri Shijith Nambiar and is a regular performer at various venues. She has won many awards for her dance, including 2017 CMA Kalathilakam, 2017 Rising Star of Kalakshetra Kalamela, 2017 American Natya Idol at St Louis. She has also been competing in Rhythmic Gymnastics for many years. She has many hobbies including reading, listening to music and doing art work during her free time.

**Official video link - https://youtu.be/3I_hSbSC2XA**

The Lake County Illinois State Pageant is a pageant competition system for girls in and around Lake County, Illinois. It aims to empower young women to serve their community, promote philanthropy, develop leadership skills, and serve as a role model. This year, winners from 10 different towns in the pageant under the categories of Little (under 10), Junior (ages 10-15) and Miss Lake County (16 and above). Rachel Varghese won the title for the Junior Miss category. The pageant had separate scoring sections for interview, speech, pop questions, day wear, and evening gown. In addition to the winners in each category, there were also awards for runners up, and Miss Congeniality.

**LCIS website - http://www.lakecountypageant.com/index.html**





# ഫ്രണ്ട്സ് ഹാർമണിയുടെ ടിക്കറ്റ് വിതരണോദ്ഘാടനം

ന്യൂജേഴ്സി: അമേരിക്കയിലെ പ്രശസ്തരായ പ്രൊഫഷണൽ ഗായകരുടെയും ഒപ്പം നിരവധി ഓർക്കസ്ട്രയുടെയും അകമ്പടിയോടെ ഏപ്രിൽ 19ന് ന്യൂജേഴ്സി ഫോർഡ്സിലെ റോയൽ ആൽബർട്സ് പാലസിൽ നടക്കുന്ന 'ഓൾഡ് ഈസ് ഗോൾഡ്' സംഗീത നിശയുടെ ടിക്കറ്റ് കിക്കോഫ് അതിന്റെ പേട്രൺ കൂടിയായ ദിലീപ് വർഗീസ് ന്യൂയോർക്കിലെ പ്രശസ്ത സംഘാടകനും കലാവേദി പ്രസിഡണ്ടുമായ സിബി ഡേവിഡ്, കേരള സമാജം ന്യൂയോർക്ക് പ്രസിഡണ്ടും പ്രമുഖ വ്യവസായിയുമായ വിൻസന്റ് സിറിയക് എന്നിവർക്ക് നല്കി നിർവഹിച്ചു.



ചടങ്ങിൽ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിദ്ധ്യമായ അനിയൻ ജോർജ്, ഗായകർ ജോഷി, തഹ്സീൻ, ജിനു, മാധ്യമപ്രവർത്തകൻ സുനിൽ ട്രൈസ്റ്റാർ എന്നിവർ പങ്കെടുത്തു. മലയാളത്തിലെ പ്രശസ്ത ഗായകരായ പത്മഭൂഷൺ യേശുദാസ് ഉൾപ്പെടെ കേരളം കണ്ട എല്ലാ ഗായകരോടുമൊപ്പം ഓർക്കസ്ട്ര വായിച്ചിട്ടുള്ള നിരവധി കലാകാരന്മാർ ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നു. വയലിൻ ജോർജ്, പെർകഷനിസ്റ്റ് ഉമേഷ്, ഫ്ളൂട്ട് രവി, തബ്ലയിൽ മാന്ത്രികം സൃഷ്ടിക്കുന്ന ലാൽജി, ബേസ് ഗിറ്റാറിസ്റ്റ് സാലു, ഡ്രമ്മർ റോണി, റിഥം ഗിറ്റാറിസ്റ്റ് റോയ്, കീബോർഡ് ഉസ്താദ് വിജു എന്നിങ്ങനെ നിരവധി കലാകാരന്മാരും ഒന്നിക്കുന്ന വലിയ വേദിയായിരിക്കും ഓൾഡ് ഈസ് ഗോൾഡ്.

ഈ പ്രോഗ്രാമിലെ പ്രധാന ഗായകരിൽ ഒരാളായ ജോഷി തൃശൂരിലെ വോയ്സ് ഓഫ് തൃശൂർ എന്ന ഗാനമേള ട്രൂപ്പിലൂടെയാണ് തന്റെ സംഗീത ജീവിതത്തിനു തുടക്കം കുറിക്കുന്നത്. പ്രശസ്ത സംഗീതസംവിധായകൻ നമ്മെ വിട്ടുപിരിഞ്ഞ ജോൺസൺ മാഷ് കൂടാതെ സംഗീതസംവിധായകനായ ഔസേപ്പച്ചൻ എന്നിവരും വോയിസ് ഓഫ് തൃശൂരിന്റെ ഭാഗമായിരുന്നു.



പിന്നീട് കലാസദൻ തൃശൂർ എന്ന ഗാനമേള ട്രൂപ്പിനോടൊപ്പം ഗാനമേളകളിൽ നിറസാന്നിദ്ധ്യമായിരുന്നു ജോഷി.

പ്രശസ്ത ഗായകർ ജയചന്ദ്രൻ, ഉണ്ണിമേനോൻ, ചിത്ര എന്നിവരോടൊപ്പം നിരവധി ഗാനമേളകളിൽ തന്റെ സംഗീത ശബര്യ തുടർന്നു, ഇപ്പോൾ അമേരിക്കയിൽ വന്നിട്ട് 28 വർഷമായി.

അടുത്ത ഭാവഗായകൻ തഹ്സിൻ സംഗീതജ്ഞനായിരുന്ന തന്റെ പിതാവിന്റെ ചുവടുപിടിച്ച് ഗാനങ്ങൾ ആലപിക്കാൻ തുടങ്ങി സംഗീതലോകത്തേക്ക് എത്തിയ ആളാണ്.

ഒരു ഐടി പ്രൊഫഷണലായ ഇദ്ദേഹം അമേരിക്കയിലൂടനീളം നിരവധി സംഗീതനിശകളിൽ പങ്കെടുത്തു തന്റെ കഴിവ് പ്രകടിപ്പിച്ചു. മുഹമ്മദ് റാഫി, കിഷോർകുമാർ എന്നിവരുടെ ഗാനങ്ങൾ ഇദ്ദേഹത്തിന്റെ പ്രത്യേകതയാണ്. പഴയ ഗാനങ്ങൾ ആലപിക്കുന്നതിന് പ്രത്യേകമായ ഒരു കഴിവുമുണ്ട്.

ഓൾഡ് ഈസ് ഗോൾഡിലെ ഗാനകോകിലമാണ് ഗീതു. കൈരളി ടെലിവിഷനിലെ ഗന്ധർവസംഗീതം എന്ന പരിപാടിയിലൂടെ ലോകമെമ്പാടുമുള്ള പ്രേക്ഷകരുടെ സ്വീകരണമുറിയിലെ നിറസാന്നിദ്ധ്യമായിരുന്നു ഈ ഗായിക. നിരവധി ആൽബങ്ങളിൽ കഴിവ് തെളിയിച്ചിട്ടുണ്ട്. ഇപ്പോൾ അറ്റ്ലാന്റായിൽ സ്ഥിരതാമസമാക്കിയ ഗീതു ഈ പ്രോഗ്രാമിലെ മറ്റൊരു ഗായികയാണ്.

അമേരിക്കയിലെ പ്രൊഫഷണൽ കലാകാരന്മാരുടെ വലിയ ഒരു കൂട്ടായ്മ കൂടിയാണിതെന്നും ഇതിന്റെ മറ്റൊരു സംഘാടകനായ അനിയൻ ജോർജ് പറയുകയുണ്ടായി.

ന്യൂയോർക്കിൽ അതിനുവേണ്ടി നിരവധി സംഘാടകരും പ്രവർത്തിക്കുന്നു. അജിത്, സുനിൽ കെടിവി, ജെയിൻ ജോർജ്, ടോസിൻ കൂടാതെ മറ്റു സുഹൃത്തുക്കളും ഈ പ്രോഗ്രാമിനായി രംഗത്തുണ്ട്.

പഴയ ഗാനങ്ങളിലൂടെ ആസ്വാദകരെ കേരളത്തിന്റെ പഴയ ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്ന ഈ പ്രോഗ്രാമിന് വരുന്നവർക്കായി ഡിന്നറും ഒരുക്കിയിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു.

ഇതിന്റെ ടിക്കറ്റുകൾ ഈ ലിങ്കിൽ ലഭ്യമാണ്:

http://friendsnharmony.com/

# സാൻഹൊസെയിൽ വാലന്റൈൻസ് കപ്പിൾസ് നൈറ്റ്

സാൻഹൊസെ: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ വാലന്റൈൻസ് കപ്പിൾസ് നൈറ്റ് പാർട്ടി ഫെബ്രുവരി 29ന് ശനിയാഴ്ച സെക്യിറ്റസ് ഓൺ ദി ബേ സാൻഫ്രാൻസിസ്കോയിൽ വെച്ച് നടത്തപ്പെട്ടു. വിവാഹിതരായ ദമ്പതികൾക്ക് ലോകപ്രണയദിനത്തിന്റെ മധുരസ്മരണയിൽ തങ്ങളുടെ ജീവിതപങ്കാളിയുമായി ഒരുമിച്ചൊരു ഡിന്നറും രസകരമായ ഗെയിമുകളും ഒക്കെയായി സമയം ചെലവാക്കുന്നതിന് ഇത്തവണ പസഫിക് സമുദ്രതീരത്തുള്ള റസ്റ്റോറന്റാണ് തെരഞ്ഞെടുത്തത്.



കപ്പിൾസ് ഗെയിംസ്, കടംകഥകൾ, കപ്പിൾ ഡാൻസ്, പ്രൊഫഷണൽ ഡാൻസ്, ഡിജെയും പരിപാടികൾക്ക് മാറ്റ്കൂട്ടി. സാൻഹൊസെയിൽ നിന്നു സാൻഫ്രാൻസിസ്കോയിലേക്ക് ഒരു ഉല്ലാസ ബസ് ട്രിപ്പും പരിപാടികൾക്ക് കൊഴുപ്പേകി.

കെസിസിഎൻസി വിമൻസ്ഫോറം ഭാരവാഹികളായ സിബി ഇല്ലികാട്ടിൽ, ജെസി വെള്ളിയാൻ, ബിന്റു പാലക്കാട്ട്, ശീതൾ മരവെട്ടികൂട്ടത്തിൽ, സിബി നെടുംചിറ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. അനിൽ കണ്ടാരപള്ളിയിൽ എംസിയായിരുന്നു. സുനു ഓണശ്ശേരിൽ ഗെയിംസിന് നേതൃത്വം നല്കി. കെസിസിഎൻസി പ്രസിഡണ്ട് വിവിൻ ഓണശ്ശേരിൽ ഏവർക്കും നന്ദി പറഞ്ഞു.



KERALA EXPRESS പ്രവാസി താളുകൾ

# പുതിയ മദ്ബഹയുടെ ശിലാസ്ഥാപനം മാർ ഫിലക്സിനോസ് നിർവഹിച്ചു

ഡിട്രോയിറ്റ്: മിഷിഗണിലെ ആദ്യ മാർത്തോമ്മാ പാരിഷായ ഡിട്രോയിറ്റ് മാർത്തോമ്മാ ദേവാലയത്തിന്റെ പുതിയ മദ്ബഹയുടെയും പാർക്കിംഗ് ഏരിയായുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ഭദ്രാസന അദ്ധ്യക്ഷൻ ഡോ. ഐസക് മാർ ഫിലക്സിനോസ് ശിലാസ്ഥാപനം നിർവഹിച്ചു. 1975-ൽ ഒരു പ്രാർത്ഥനാകൂട്ടമായി ആരംഭിക്കുകയും 1978-ൽ കോൺഗ്രിഗേഷനാകുകയും തുടർന്ന് 1982-ൽ ഇടവകയായിത്തീരുകയും ചെയ്ത ഡിട്രോയിറ്റ് മാർത്തോമ്മാ പാരിഷിന്റെ 43-ാമത് ഇടവക ദിനത്തോടനുബന്ധിച്ചു നടന്ന വിശുദ്ധ കുർബാനയ്ക്ക് മാർ ഫിലക്സിനോസ് നേതൃത്വം നല്കി. ഇരുപത് കുട്ടികൾ ആദ്യകുർബാന സ്വീകരിച്ച് സഭയുടെ പൂർണ്ണ അംഗത്വത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് വികാരി റവ. വർഗീസ് തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഇടവകദിന സമ്മേളനത്തിൽ മാർ ഫിലക്സിനോസ് മുഖ്യസന്ദേശം നല്കി. ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ സാധിച്ചതിൽ ഇടവകജനങ്ങൾ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രൊജക്ട് കമ്മിറ്റി അംഗങ്ങൾ എന്നിവരെ മാർ ഫിലക്സിനോസ് അഭിനന്ദിച്ചു. വൈസ് പ്രസിഡണ്ട് തോംസൺ ഡേവിഡ് സ്വാഗതം ആശംസിച്ച യോഗത്തിൽ റവ.പി. ചാക്കോ, റവ. ഫിലിപ്പ് വർഗീസ്, റവ. ക്രിസ്റ്റഫർ ഡാനിയേൽ എന്നിവർ ആശംസകളറിയിച്ചു. പാരിഷ് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ജേക്കബ് തോമസ്, വിനോദ് തോമസ് എന്നിവർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.



# തയ്യൽ മെഷീൻ വിതരണ പദ്ധതിയുടെ ഫണ്ട് കൈമാറി

സ്റ്റീഫൻ ചൊള്ളമ്പേൽ

ചിക്കാഗോ: തയ്യൽ മെഷീൻ വിതരണ പദ്ധതിയുടെ ഫണ്ട് കൈമാറി. ചിക്കാഗോ സെയിന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ദശവത്സര വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തിലെ 101 വനിതകൾക്കായി ഏർപ്പെടുത്തിയ സ്വയം തൊഴിൽ സംരംഭത്തിന് സഹായമായി തയ്യൽമെഷീനും പരിശീലനവും നല്കുന്നതിന് ആവശ്യമായ ഫണ്ട് കൈമാറി.

ഈ പദ്ധതിക്ക് ഇടവകയിലെ ലീജിയൻ ഓഫ് മേരി, പ്രയർഗ്രൂപ്പ്, വിമൻസ് മിനിസ്ട്രി തുടങ്ങിയ കൂട്ടായ്മകളുടെ കീഴിലുള്ള എല്ലാ വനിതകളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

ഇതിന്റെ ഉദ്ഘാടനകർമ്മം മാർച്ച് 8ന് ഞായറാഴ്ച ദശവത്സര സാമൂഹികപ്രവർത്തന സംരംഭങ്ങളുടെ കോ-ഓർഡിനേറ്റർമാരായ ജോസ് പിണർക്കയിൽ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ബിനി തെക്കനാട്ട്, ജൂലി കൊരട്ടിയിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റന്റ് വികാരി ഫാ. ബിൻസ് ചേത്തലിൽ നിർവഹിച്ചു.

പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.



# കോവിഡ്-19 ഫോമാ കൺവൻഷനെ ബാധിക്കുന്നു

ജോൺ പാട്ടപതി

ചിക്കാഗോ: കൊറോണ വൈറസ് ലോകമെമ്പാടും ഭീതിപരത്തി വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഫോമാ കൺവൻഷൻ കപ്പലിൽ നിന്നു മാറ്റി കരയിൽ നടത്തണമെന്ന് ചിക്കാഗോയിലെ മലയാളി അസോസിയേഷനുകളും കൺവൻഷൻ പ്രതിനിധികളും ഡെലിഗേറ്റുകളും ആവശ്യപ്പെടുന്നു.

ഒളിമ്പിക്സ് മാറ്റിവെക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ഉംറ ഉൾപ്പെടെയുള്ള തീർത്ഥാടനങ്ങൾ മാറ്റിവെക്കുകയോ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുകയും അന്താരാഷ്ട്ര സമ്മേളനങ്ങൾ പലതും കാൻസൽ ചെയ്തുകൊണ്ടും ലോകംമുഴുവൻ കൊറോണ വൈറസിനെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ ഫോമാ കൺവൻഷൻ കപ്പലിൽ നടത്തുന്നത് പുനർചിന്തനം നടത്തേണ്ടിയിരിക്കുന്നു.



വൈറസ് ഭീതിയിൽ ഗ്രാൻഡ് പ്രിൻസസ് ക്രൂയിസ് കപ്പൽ കരയിൽ അടുപ്പിക്കാൻ പെർമിഷൻ കിട്ടാതെ സാൻ ഫ്രാൻസിസ്കോ പോർട്ടിൽ നിന്നും എട്ട് മൈൽ ഉൾക്കടലിൽ നങ്കൂരമിട്ടിരിക്കുന്നു. കപ്പലിലെ ജോലിക്കാരും യാത്രക്കാരുമുൾപ്പെടെ 21 പേർക്ക് വൈറസ് സ്ഥിരീകരിച്ചതോടെ കൺവൻഷൻ പ്രതിനിധികൾ ഭയചകിതരായിരിക്കുകയാണ്. വിവിധ ക്രിസ്തീയ സഭാ വിഭാഗങ്ങളിലെ മേലദ്ധ്യക്ഷന്മാർ വൈറസ് വ്യാപിക്കാതിരിക്കുന്നതിന് വിശ്വാസിസമൂഹം പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. പല രാജ്യങ്ങളും വൈറസ് ബാധയില്ലെന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ആ രാജ്യത്തേക്ക് പ്രവേശിപ്പിക്കുക പോലുമുള്ളൂ. ഈ സാഹചര്യങ്ങൾ മുൻനിർത്തി ഫോമാ ഭാരവാഹികൾക്ക് ഒരു നല്ല തീരുമാനമെടുക്കാൻ സാധിക്കണമെന്ന് കൺവൻഷൻ പ്രതിനിധികൾ ആവശ്യപ്പെടുന്നു.

# വിവാഹ ഒരുക്ക സെമിനാർ നടത്തി



ചിക്കാഗോ: ചിക്കാഗോ സെയിന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. 37 യുവതീയുവാക്കൾ സെമിനാറിൽ പങ്കെടുത്തു.

# ഇടവക സന്ദർശനങ്ങൾ വിജയകരമായി തുടരുന്നു

രാജൻ വാഴപ്പള്ളിൽ

വാഷിങ്ടൺ ഡിസി: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് ടീം ബെൻസേലം സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു.



മാർച്ച് ഒന്നിനു നടന്ന ചടങ്ങിൽ ഇടവക വികാരി ഫാ. ഷിബു വി. മത്തായി കോൺഫറൻസ് പ്രതിനിധികളെ സ്വാഗതം ചെയ്തു. കോൺഫറൻസ് ജനറൽ സെക്രട്ടറി ജോബി ജോൺ, സുവനീർ ചീഫ് എഡിറ്റർ സോഫി വിൽസൺ, കമ്മിറ്റി അംഗങ്ങളായ സണ്ണി വർഗീസ്, ജേക്കബ് ജോസഫ്, ശോഭ ജേക്കബ്, കോര ചെറിയാൻ, ഇടവകാംഗവും സഭാ മാനേജിംഗ് കമ്മിറ്റി അംഗവുമായ ജോ ഏബ്രഹാം, ഇടവക സെക്രട്ടറി സന്തോഷ് നൈനാൻ, ട്രസ്റ്റി തോമസ് ചെറിയാൻ, ഭദ്രാസന അസംബ്ലി അംഗം ഗ്രിഗറി വർഗീസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ജോബി ജോൺ, സോഫി വിൽസൺ, ജോ ഏബ്രഹാം എന്നിവർ കോൺഫറൻസിനെക്കുറിച്ചും സുവനീറിനെക്കുറിച്ചും രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ചും വിവരിച്ചു. ഫാ. ഷിബു വി. മത്തായിയും ജോബി ജോണും ചേർന്ന് കിക്കോഫ് നിർവഹിച്ചു. തുടർന്ന് നിരവധി അംഗങ്ങൾ രജിസ്റ്റർ ചെയ്യുകയും ജോ ഏബ്രഹാം, സാക് സക്കറിയ, പോൾ മത്തായി എന്നിവർ ഗ്രാൻഡ് സ്പോൺസർഷിപ് എടുക്കുകയും സുവനീറിലേക്ക് പരസ്യങ്ങൾ നല്കുകയും ചെയ്തു. ഇടവകയിൽ നിന്നും നല്കിക്കൊണ്ടിരിക്കുന്ന സഹായങ്ങൾക്ക് കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ നന്ദി അറിയിച്ചു.

KERALA EXPRESS പ്രവാസി താളുകൾ

# COURAGE TO TAKE A STAND

When Honorius was emperor of Rome, about the year A.D.400, the great Coliseum of Rome was often filled to overflowing with spectators. These had come from far and near to view the state games. Part of the sport consisted in watching as human beings battled with wild beasts or against one another until one or the other was killed. The assembled multitude made Roman holiday of such sport and found its highest delight in the death of a human being. It was on such a day when the vast crowd was watching the contest that a Syrian monk by the name of Telemachus stood up in the vast arena. Telemachus was torn by the utter disregard for the value of human life so he leaped into the arena in the midst of the gladiatorial show and cried out, "This thing is not right! This thing must stop!" Because he was interfering with their pleasure, the authorities gave the command for Telemachus to be run through with a sword, which was done. Thus, he died, but dying he kindled a flame in the hearts and conscience of thinking persons. History records that because of this within a few months the gladiatorial combats began to decline and very shortly they passed from history. Why? Because one man dared to speak out for what he felt was right. (Ilustrations)

Are you courageous? You will probably answer: "Not always, not as courageous as I want to be." But do you know what courage really is? Courage for the Christian is, believing that He who began a good work within us is faithful to complete it. It is His strength, His power, His plan, His purpose and His calling upon which we depend. Courage is to be faithful even though we can't see where this is headed. Courage is possible because we know God will not be defeated, and we are on the same side. Courage is the opposite of fear—it is acting against fear.

When I talk to some of my sisters and brothers in Christ they take the position of "It's easier to just go along with the crowd and be silent. Don't say anything or your reputation will be ruined. Be quiet and don't speak up even if it is the truth". This appalls me and makes me wonder if they are truly Christians! A courageous person does what God wants him to do, regardless of the consequences. As a nation, we need more courage. As individuals, we need more courage. In our families, we need more courage. And as a Church, we need more courage!

Christian courage is the willingness to say and do the right thing regardless of the earthly cost, because God promises to help us. An act takes courage if

**Shirley Chacko**

it will likely be painful. The pain may be physical, as in war and rescue operations. Or the pain may be mental as in confrontation and controversy. There have been situations with 'so called Christians', when confronted with the truth, they do not want to hear it and have given others the 'silent treatment' for months or years, or they just block you on social media.

Saying sorry for something that was done wrong or said wrong takes courage. Saying sorry does not always mean that you are wrong and the other person is right. It just means that you value your relationship more than your ego. Sadly, many relationships are broken because some people do not have the courage to apologize or say sorry for what was done or said.

God has chosen "the foolish" and "the weak" things of the world to confound those who are mighty in their own eyes (I Corinthians 1:7). But God has not called the cowards of the world to confuse and confound the mighty! People often mistake meekness for weakness. On your own you can do little, if anything. You have no real power or wisdom. But with God's help and the power of His Spirit, you can do all things. To be among the "foolish" and "weak" of the world is no excuse for you to live in fear: "For God hath not given us a spirit of fear, but of power and of love and of a sound mind" (2 Timothy 1:7).

Courage is the capacity that allows us to take risks, make sacrifices and to be, as Martin Luther King Jr. said regarding Christian faith, "dangerously unselfish."



Shirley Chacko

Courage helps us to withstand and grow through ongoing pain, suffering, isolation and related difficulty. Righteousness requires it, and the Bible commands us to be bold and courageous more than 25 times. God takes courage and its lack very seriously.

This foundational virtue is so important that according to Jesus, some people actually walk away from faith because they don't possess enough of courage. In the Parable of the Sower (Mark 4:1-20), Jesus tells us about the kind of person who receives the Good News with initial jubilation, but on account of tribulation due to the same divine revelation of God's love and desire for His creation—they fall away. His disciples didn't quite get was He was talking about, so they pressured Him for additional information. And Jesus' explanation tells us something intense about the relationship between courage, faith and life everlasting.

Hebrews 11 is generally known as the faith chapter. All of the people it describes lived by faith—faith that required courage. They did not simply pray for God's help; they acted and fought as true Christians should.

How about King David? What is the first thing that comes to your mind when you think of him? His sins, his wives or the psalms he wrote? Do you ever think of him as a man of courage?

Take a look at the attitude he had when the other Israelites were frightened in the presence of Goliath, the giant. David said to King Saul, "Let no man's heart fail because of him; your servant will go and fight with this Philistine" (1 Samuel 17:32)

Where did David get his assurance? He did not have Goliath's strength or armor. But he had courage. He told the king, "Your servant used to keep his father's sheep, and when a lion or a bear came and took a lamb out of the flock, I went out after it and struck it, and delivered the lamb from its mouth; and when it arose against me, I caught it by its beard, and struck and killed it" (vv. 34–35).

David, with no other weapon than a sling, was able to face the giant, who was heavily armed with a sword, a spear and a shield. Where did David get his strength? From God! Similarly, he got his courage from God. He told the Philistine: "You come to me with a sword, with a spear, and with a javelin. But I come to you in the name of the Lord of hosts, the God of the armies of Israel, whom you have defied. This day the Lord will deliver you into my hand, and I will strike you and take your head from you.

We all have a Goliath in our lives! Ours could be in the form of sickness, financial issues, relationship issues, or various other trials. It does not really matter. The fighting is always of God, provided our courage and attitude are similar to David's. When our eyes and our minds are set on God, when we place our trust in Him, we will have all the courage we need to take a stand for the truth.

Mark Bailey once said, "The responsibility that Christians have to stake out a claim for the cause of Christ in today's culture is critical. We are witnessing a moment in history when Christianity—that was once respected, then tolerated—is now under suspicion and even attacked." Are we ready to give an answer to those who will persecute us one day? Society is changing, and taking a stand against what you know is wrong requires a special courage.

(see page 22)

# ടെന്നസിയിൽ ചുഴലിക്കാറ്റ്: 22 പേർ മരിച്ചു; നിരവധി കെട്ടിടങ്ങൾ തകർന്നു

**മൊയ്തീൻ പുത്തൻചിറ**

വാഷിങ്ടൺ: ചൊവ്വാഴ്ച പുലർച്ചെ ടെന്നസിയിലുണ്ടായ ചുഴലിക്കാറ്റിൽ 22 പേർ മരിച്ചു. നിരവധി കെട്ടിടങ്ങളും വൈദ്യുതി ലൈനുകളും തകർന്നു. അർദ്ധരാത്രിക്കുശേഷം വീശിയടിച്ച ചുഴലിക്കാറ്റ് സംസ്ഥാന തലസ്ഥാനമായ നാഷ്‌വില്ലെയിലുടനീളം നാശം വിതച്ചു. പതിനായിരക്കണക്കിനു വീടുകളിൽ വൈദ്യുതിയില്ലെന്ന് അധികൃതർ പറഞ്ഞു.



വാഹനങ്ങൾ കൂട്ടിയിടിച്ച് കൂമ്പാരമായതായും നാഷ്‌വില്ലെ ജോൺ സി ട്യൂൺ വിമാനത്താവളത്തിൽ ഡസൺ കണക്കിന് വിമാനങ്ങൾ പരസ്പരം ഇടിച്ച് തകർന്നതായും പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ട്രാക്ടർ ട്രെയ്‌ലറുകളും വാഹനങ്ങളും സംസ്ഥാന ഹൈവേകളിൽ തകർന്നടിഞ്ഞതായി നാഷ്‌വില്ലെ അഗ്നിശമനവകുപ്പ് ട്വീറ്റ് ചെയ്തു. ഈ ദുഷ്കര സമയത്ത് ഫെഡറൽ സർക്കാർ നിങ്ങളോടൊപ്പമുണ്ടെന്ന് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ട്വീറ്റ് ചെയ്തു.

ടെന്നസിയിലൂടെ കടന്നുപോയ കൊടുങ്കാറ്റ് നിരവധി കൗണ്ടികളിലെ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, യൂട്ടിലിറ്റികൾ, ബിസിനസുകൾ എന്നിവയ്ക്ക് വലിയ നാശനഷ്ടമുണ്ടാക്കിയെന്ന് ടെന്നസി എമർജൻസി മാനേജ്മെന്റ് ഏജൻസി (ടെമ) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മാഗി ഹന്നൻ മാധ്യമങ്ങളോട് സ്ഥിരീകരിച്ചു. നാല് കൗണ്ടികളിലായി 22 പേർ മരിച്ചതായും അവർ പറഞ്ഞു.

നഗരത്തിൽ ഈസ്റ്റ് നാഷ്‌വില്ലെ പരിസരത്ത് താമസക്കാരനായ ഡേവിഡ് ഹാസ്കൽ, ഫോണിലെ അപായ അലാറം ലഭിച്ചയുടനെ താനും ഭാര്യയും കൊടുങ്കാറ്റിൽനിന്ന് രക്ഷപ്പെടാനുള്ള ഷെൽട്ടറിലേക്ക് കുതിച്ചതായും പത്ത് സെക്കൻഡിനുള്ളിൽ വീട് പൊട്ടിത്തെറിക്കുകയും മതിലുകളും മേൽക്കൂരയും പാടെ തകർന്ന് വീണതായും പ്രാദേശിക മാധ്യമങ്ങൾ പറഞ്ഞു.

47,000ത്തിലധികം ഉപഭോക്താക്കൾ വൈദ്യുതിയില്ലാത്തവരായെന്ന് നാഷ്‌വില്ലെ ഇലക്ട്രിക് റിപ്പോർട്ട് ചെയ്തു. നിർണായക സൂപ്പർ ചൊവ്വ പ്രൈമറിയിൽ വോട്ട് ചെയ്യുന്ന 14 സംസ്ഥാനങ്ങളിൽ ഒന്നാണ് ടെന്നസി. ഈ വോട്ടെടുപ്പാണ് നവംബറിലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പിനുള്ള ഡെമോക്രാറ്റിക് നോമിനിയെ നിർണയിക്കാൻ സഹായിക്കുന്നത്. 15 പോളിംഗ് സ്റ്റേഷനുകൾക്ക് കൊടുങ്കാറ്റിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഇത് മൊത്തം പത്ത് ശതമാനത്തിൽ താഴെയാണെന്നും മേയർ ജോൺ കൂപ്പർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ചുഴലിക്കാറ്റ് കേടുപാടുകൾ കാരണം നാഷ്‌വില്ലെയിലും വിത്സൺ കൗണ്ടിയിലും ഒരു മണിക്കൂർ വൈകിയാണ് വോട്ടിംഗ് ആരംഭിക്കുന്നതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ടെന്നസിയിൽ നിന്ന് പുറത്തുവരുന്ന വാർത്തകൾ ഹൃദയവേദനയോടെയാണ് കാണുന്നതെന്ന് ന്യൂയോർക്ക് മുൻ മേയർ മൈക്ക് ബ്ലൂംബെർഗ് ട്വീറ്റ് ചെയ്തു. അതേസമയം മസാച്യുസെറ്റ്സ് സെനറ്റർ എലിസബത്ത് വാറൻ ഇരകൾക്കും അവരുടെ കുടുംബങ്ങൾക്കും അനുശോചനമറിയിച്ചു.

'ഞാൻ നെഞ്ചിടിപ്പോടെയാണ് വാർത്ത ശ്രവിച്ചത്, പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നു; നാഷ്‌വില്ലെയിൽ ജനിച്ചുവളർന്ന ഹോളിവുഡ് നടി റീസ് വീഥെർസ്പൂൺ പറഞ്ഞു. അമേരിക്കയിലെ സംഗീതലോകത്തിന്റെ പ്രഭവകേന്ദ്രമായാണ് നാഷ്‌വില്ലെ അറിയപ്പെടുന്നത്.

# ഒരു കൊതുക് പുരാണം

**സി.എസ്. ജോർജ് കോടുകുളഞ്ഞി**

ഞങ്ങൾക്കും ഇവിടെ ജീവിക്കണം
വീടും തൊടികളും വേണം
പുൽത്തൊടികളും കുളങ്ങളും
പച്ച പുൽപ്പുറങ്ങളും
നിങ്ങൾക്ക് അതൊന്നും വേണ്ടായിരിക്കും
എങ്കിലും ഞങ്ങൾക്കതു വേണം.
വേണ്ടിവന്നാൽ അതിനായി സമരം ചെയ്യും
ഡിങ്കിയും ചില്ലിയും ചിക്കനുമായി
നിങ്ങൾ അതിന് വിളിക്കുമായിരിക്കും
വേണ്ടിവന്നാൽ കൊറോണാ വൈറസുകളെപോലും
ഞങ്ങൾ സമരത്തിനായി കൂടെ നിറുത്തും
എലിപനിയെന്നും കൊഴിപനിയെന്നും
മറ്റും നിങ്ങൾ പറയുമായിരിക്കും
എന്തു പറഞ്ഞാലും ഞങ്ങളും
നിങ്ങളെപോൽ സമരം ചെയ്യും
എന്തിനും ഏതിനും
അണുബോംബ് ഉണ്ടാക്കും നിങ്ങളെ
വരുതിയിൽ നിറുത്താൻ
'വല്ലഭന് പുല്ലും ആയുധം അല്ലേ'
ഒരു പുൽനാമ്പ് പോലും ഞങ്ങൾക്ക് തരാതിരിക്കാൻ
നിങ്ങൾ പാടുപെടുമ്പോൾ
എല്ലാം ഇടിച്ച് നിരത്തി സൗധങ്ങൾ പണിയുമ്പോൾ
കുളങ്ങളും അരുവികളും പാടങ്ങളും നികത്തുമ്പോൾ
ഓർക്കുക:
നിങ്ങളെ സൃഷ്ടിച്ച ഒരു ദൈവമാണ്
ഈ ഞങ്ങളെയും ഇവിടെ ആക്കിയിരിക്കുന്നത്
നിങ്ങൾക്ക് ഞങ്ങളെ വേണ്ടായെങ്കിൽ
ഈ ചിലന്തികൾക്ക് ഞങ്ങളെ വേണം
കുഞ്ഞുകിളികൾക്കും ഈ തവളകൾക്കുപോലും
ജീവനായി ജീവചക്രമണമായി.

# കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡിന് രചനകൾ ക്ഷണിക്കുന്നു

ഫിലാഡൽഫിയ: കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അമേരിക്കയിലുള്ള മലയാളി പെന്തെക്കോസ്തുകാരായ എഴുത്തുകാരിൽ നിന്നും 2020-ലെ അവാർഡിന് രചനകൾ ക്ഷണിക്കുന്നു.

2019-ൽ നോർത്ത് അമേരിക്കയിലോ ഇന്ത്യയിലോ ഉള്ള പ്രസിദ്ധീകരണങ്ങളിൽ വന്ന രചനകളായിരിക്കും അവാർഡിനായി പരിഗണിക്കുക. മലയാളം ലേഖനം, മലയാളം കവിത, ഇംഗ്ലീഷ് ലേഖനം, ഇംഗ്ലീഷ് കവിത, മലയാളത്തിലോ ഇംഗ്ലീഷിലേ രചിക്കപ്പെട്ട പുസ്തകം എന്നീ വിഭാഗങ്ങളിലുള്ള രചനകൾക്കാണ് ഈ വർഷം അവാർഡ് നല്കുന്നത്.

രചനകൾ അയയ്ക്കുന്നവർ അത് പ്രസിദ്ധീകരിച്ചതിന്റെ കോപ്പി ഉൾപ്പെടുത്തി വേണം അയയ്ക്കേണ്ടത്. അതോടൊപ്പം എഴുത്തുകാരുടെ പേര്, അഡ്രസ്, ടെലിഫോൺ നമ്പർ, പാസ്പോർട്ട് സൈസ് ഫോട്ടോ, മെംബർഷിപ് ഫീ (50 ഡോളർ) എന്നിവയും ഉണ്ടായിരിക്കണം.

മത്സരത്തിന് ഉൾപ്പെടുത്തേണ്ട രചനകളുടെ നാലു കോപ്പികൾ വീതം അയയ്ക്കണം. അപേക്ഷയോടൊപ്പം അയയ്ക്കുന്ന മെംബർഷിപ്പ് ഫീയായ 50 ഡോളറിന്റെ ചെക്ക് കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ട്രഷറർ മനു ഫിലിപ്പിന്റെ പേരിൽ എഴുതേണ്ടതാണ്.

പ്രസിദ്ധീകരണങ്ങൾ, വ്യക്തികൾ, സംഘടനകൾ എന്നിവർക്കും എഴുത്തുകാർക്കും വേണ്ടി രചനകൾ സമർപ്പിക്കാവുന്നതാണ്. മെംബർഷിപ്പ് ഫീ കൂടാതെയുള്ള രചനകൾ പരിഗണിക്കുന്നതല്ല. കേരളാ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം നിയോഗിക്കുന്ന ജഡ്ജിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമായിരിക്കും അവാർഡ് നിർണയം നടത്തുന്നത്. റൈറ്റേഴ്സ് ഫോറം ഭാരവാഹികളുടെ തീരുമാനം അന്തിമമായിരിക്കും.

തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള അവാർഡുകൾ ജൂലൈ ആദ്യവാരം ഫിലാഡൽഫിയായിൽ വെച്ച് നടക്കുന്ന നോർത്ത് അമേരിക്കൻ കേരളാ പെന്തെക്കോസ്തൽ കോൺഫറൻസിൽ (പി,സി.എൻ.എ.കെ) വെച്ച് വിതരണം ചെയ്യും.

അവാർഡിനുള്ള രചനകൾ താഴെപ്പറയുന്ന വിലാസത്തിൽ (Dr. Sam Mathew, KPWF, 137 Preston Drive, North Wales PA 19454.) മെയ് ഒന്നിനു മുമ്പായി ലഭിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക്: റവ.തോമസ് കിടങ്ങാലിൽ 516 978 7308, റവ. ഡോ. ഷിബു സാമുവേൽ 214-394 6821.

# മാധ്യമസ്വാതന്ത്ര്യം നിഷേധിക്കുന്ന കേന്ദ്രസർക്കാർ നടപടിയെ അപലപിച്ചു

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഡൽഹി കലാപവുമായി ബന്ധപ്പെട്ട് ഏകപക്ഷീയമായി വാർത്തകൾ റിപ്പോർട്ടു ചെയ്തുവെന്നാരോപിച്ച് മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളായ ഏഷ്യാനെറ്റ് ന്യൂസ്, മീഡിയാ വൺ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ സംപ്രേഷണ വിലക്ക് തികച്ചും പ്രതിഷേധാർഹവും അപലപനീയവുമാണെന്ന് സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ്. ഡൽഹിയിൽ അരങ്ങേറിയ ആസൂത്രിതമായ വംശഹത്യാ ശ്രമം സത്യസന്ധമായി റിപ്പോർട്ട് ചെയ്യാൻ ശ്രമിച്ചതിന്റെ പേരിൽ സംപ്രേഷണം തടഞ്ഞ നടപടി അത്യന്തം ഖേദകരവും ജനാധിപത്യത്തോടുള്ള വെല്ലുവിളിയുമാണെന്ന് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് എക്സിക്യൂട്ടീവ് ബോർഡ് വിലയിരുത്തി.

ഏഷ്യാനെറ്റ് ന്യൂസിന്റെ വിലക്ക് പിൻവലിച്ചെങ്കിലും മീഡിയ വൺ ചാനലിന്റെ വിലക്ക് പിറ്റേന്നാണ് പിൻവലിച്ചത്. ഇത് മാധ്യമപ്രവർത്തനം രാജ്യത്ത് പാടില്ലെന്ന് ഉത്തരവിടുന്നതിനു തുല്യമാണ്. ഈ ചാനലുകൾക്കെതിരായുള്ള നീക്കം ഇന്ത്യൻ ജനതയുടെ മാധ്യമസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമാണ്. അത് ശക്തമായി എതിർക്കപ്പെടണം. ഡൽഹി കലാപത്തിന്റെ യഥാർത്ഥ വസ്തുതകൾ പുറംലോകത്തെ അറിയിച്ചതിന്റെ വിദ്വേഷം എന്ന നിലയ്ക്കാണ് കേന്ദ്ര സർക്കാരിന്റെ ഈ പ്രതികാര നടപടി. അഭിപ്രായങ്ങൾ തുറന്നു പറയുവാനും പ്രകടിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം ഹനിക്കപ്പെടുവാൻ പാടില്ലെന്നും പ്രസിഡണ്ട് ജോർജ് കോളച്ചേരിൽ പറഞ്ഞു.

ഡൽഹി കലാപത്തെപ്പറ്റി പാർലമെന്റിൽ ചോദ്യങ്ങൾ ചോദിച്ച ഏഴ് കോൺഗ്രസ് എംപിമാരെ ഈ പാർലമെന്റ് സെഷൻ കഴിയുന്നതുവരെ സസ്പെൻഡ് ചെയ്ത നടപടി ഖേദകരവും അപലപനീയവുമാണെന്നും കേന്ദ്രസർക്കാരിന്റെ അസഹിഷ്ണുതയുടെ ഉത്തമ ഉദാഹരണമാണ് ഈ നടപടിയിൽ കൂടെ കാണാൻ കഴിയുന്നതെന്നും പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. ജനാധിപത്യ ഇന്ത്യയിൽ ഇങ്ങനെയൊക്കെ സംഭവിക്കുന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നും എക്സിക്യൂട്ടീവ് യോഗം വിലയിരുത്തി.

# കൊറോണ വൈറസിനെ പ്രതിരോധിക്കാൻ സഭാവിശ്വാസികൾ ജാഗ്രത പാലിക്കണം

ന്യൂയോർക്ക്: ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നു പിടിച്ചിരിക്കുന്ന കോവിഡ്-19 എന്ന വൈറസിനെ പ്രതിരോധിക്കാൻ സഭാവിശ്വാസികൾ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനാധിപൻ ബിഷപ് ഡോ. ഐസക് മാർ ഫിലക്സിനോസ് ഇടവകകൾക്ക് അയച്ച സർക്കുലറിൽ മുന്നറിയിപ്പ് നല്കി. ചുമ, പനി, ശ്വാസതടസം, മൂക്കൊലിപ്പ് തുടങ്ങിയ അസുഖങ്ങൾ ഉള്ളവർ കഴിവതും ആരാധനകളിൽ പങ്കെടുക്കുന്നതിൽ നിന്നും തൽക്കാലം ഒഴിവാകണം. എല്ലാ ദേവാലയങ്ങളിലും ആവശ്യത്തിന് ഹാൻഡ് സാനിറ്റൈസറുകൾ ലഭ്യമാക്കണം. കുർബാന ശുശ്രൂഷയോടനുബന്ധിച്ച് പരസ്പരം സമാധാനം ആശംസിക്കുന്നതിനായി കൈകൾ ചേർത്ത് പിടിക്കുന്നതിനു പകരമായി കൈകൾ കൂപ്പി (നമസ്തേ) സമാധാനം നല്കുന്നത് നന്നായിരിക്കും. വൈദികർ വിശുദ്ധ കുർബാന വിശ്വാസികൾക്ക് നല്കുന്നതിനു മുമ്പായി കൈകൾ കഴുകി ശുദ്ധമാക്കണം. വീഞ്ഞും അപ്പവും നല്കുമ്പോൾ അവ സ്വീകരിക്കുന്ന വിശ്വാസികളുടെ വായിൽ സ്പർശിക്കാതെ നല്കുവാൻ ശ്രമിക്കേണ്ടതാണ്. ദേവാലയവും പരിസരവും ഇതോടൊപ്പം വിശ്വാസിസമൂഹവും ശുചിത്വത്തിനു പ്രഥമ പരിഗണന നല്കണം. കൊറോണയെ ഫലപ്രദമായി നേരിടുന്നതിനായി ലോകത്ത് വിവിധ രാജ്യങ്ങളിൽ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളെയും ഇതുമൂലം വിഷമിക്കുന്ന ജനതയെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണമെന്നും ബിഷപ് സഭാ വിശ്വാസികളോട് അഭ്യർത്ഥിച്ചു.

# ഡാളിൽ അഖിലലോക പ്രാർത്ഥനാദിനം മാർച്ച് 14ന്

ഡാളസ്: ഡാളസിൽ മാർച്ച് 14ന് കേരള എക്യുമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ അഖില ലോക വനിതാ പ്രാർത്ഥനാദിനം നടത്തപ്പെടുന്നു. 14ന് ശനിയാഴ്ച രാവിലെ 9.30ന് പരിപാടികൾ ആരംഭിക്കും. എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവെള്ളിയാഴ്ചയാണ് ലോകപ്രാർത്ഥനാ ദിനമായി ആചരിക്കുന്നത്. വേൾഡ് ഡേ പ്രെയറിന് ഈവർഷം സെഹിയോൻ മാർത്തോമ്മാ ചർച്ചാണ് നേതൃത്വം നല്കുന്നത്. യോഹന്നാന്റെ സുവിശേഷം 5-ാം അദ്ധ്യായം 2 മുതൽ 9 വരെയുള്ള വാക്യത്തിന്റെ അടിസ്ഥാനത്തിൽ എഴുന്നേറ്റ് കിടക്ക എടുത്ത് നടക്ക എന്ന ആപ്തവാക്യമാണ് പ്രധാന ചർച്ചയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ശ്രീമതി നീതി പ്രസാദ് ഈ വർഷത്തെ മുഖ്യസന്ദേശം നല്കും. ലോകമെമ്പാടുമുള്ള വനിതകൾ ഈ ദിനത്തിൽ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കഴിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വിമോചനത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസം, അവരുടെ ആരോഗ്യസംരക്ഷണം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങൾ, ദൈവകൃപയിൽ അവരെ സംരക്ഷിക്കുന്നതിനും മറ്റുമായി പ്രാർത്ഥനകൾ നടത്തും. ലോകപ്രാർത്ഥനാദിന കൗൺസിൽ എല്ലാവർഷവും ഒരു രാജ്യത്തെ ഇതിലേക്കായി തെരഞ്ഞെടുക്കും. ഈ വർഷം തെരഞ്ഞെടുത്തിരിക്കുന്ന രാജ്യം സിംബാബ്‌വെ ആണ്. സിംബാബ്‌വെ എന്ന രാജ്യത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ പരിഹരിക്കപ്പെടുവാനാണ് പ്രധാനപ്രാർത്ഥന. ശനിയാഴ്ച രാവിലെ 9ന് ആരംഭിക്കുന്ന പ്രാർത്ഥനയിൽ ഡാളസ് ഫോർട്ട്‌വർത്തിലെ എല്ലാ ദേവാലയങ്ങളിലെയും സ്ത്രീകൾ പങ്കെടുക്കണമെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി റവ. മാത്യു മാത്യൂസുമായി 972 423 4886 നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

# ചിക്കാഗോ മലയാളി അസോസിയേഷന്റെ കലാമേള

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ കലാമേള ഏപ്രിൽ 18ന് ശനിയാഴ്ച രാവിലെ 8 മുതൽ വൈകുന്നേരം 8 വരെ നടക്കുന്നതാണ്. സെയിന്റ് തോമസ് സീറോ മലബാർ ഹാളിലെ അഞ്ചിലധികം സ്റ്റേജുകളിലായാണ് കലാമേള അരങ്ങേറുന്നത്.

ആയിരത്തിലധികം കുട്ടികൾ മാറ്റുരയ്ക്കുന്ന കലാമേളയിൽ പ്രത്യേക ഇനങ്ങളിലായി ഡബ്‌മാഷ്, ചെണ്ടമേളം കൂടാതെ മാർഗ്ഗംകളി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

കൂടുതൽ വിവരങ്ങൾക്ക് ജനറൽ കോ-ഓർഡിനേറ്റർ ആൽവിൻ ഷിക്കൂർ 630 274 5423, സാബു കട്ടപ്പുറം 847 791 1452സ ഷൈനി ഹരിദാസ് 630 290 7140, സന്തോഷ് കാട്ടൂക്കാരൻ, ജിതേഷ് ചുങ്കത്ത്, റ്റോബിൻ മാത്യു, രഞ്ജൻ ഏബ്രഹാം, മനോജ് അച്ചേട്ട്, സന്തോഷ് കുര്യൻ, അനീഷ് ആന്റോ, ജേക്കബ് മാത്യു, ജോജോ വെള്ളാനിക്കൽ, ജോഷി കുഞ്ചെറിയ, ബോബി, ജോസ് മണക്കാട്ട്, ഫ്രാൻസിസ് ഇല്ലിക്കൽ എന്നിവരാണ്.



ജോൺസൺ കണ്ണൂക്കാടൻ



സാബു കട്ടപ്പുറം



ഷൈനി ഹരിദാസ്



ആൽവിൻ ഷിക്കൂർ

# കൊറോണ വൈറസിന് ചൈനീസ് ഉത്പന്നങ്ങളുടെ ഉപയോഗം ബാധകമല്ലെന്ന്

**പി.പി. ചെറിയാൻ**

ഡാളസ്: അമേരിക്കയിൽ ഭക്ഷ്യപദാർത്ഥങ്ങൾ ഉൾപ്പെടെ ഏറ്റവും സുലഭമായി ലഭിക്കുന്നത് ചൈനീസ് ഉത്പന്നങ്ങളാണ്. കൊറോണ വൈറസ് ഭയം ചൈനീസ് ഉത്പന്നങ്ങൾ ഒഴിവാക്കുന്നതിന് പലരെയും പ്രേരിപ്പിക്കുന്നതിൽ എത്രമാത്രം ശരിയുണ്ട്? പല രാജ്യങ്ങളിലും ചൈനീസ് ഉത്പന്നങ്ങൾ പുറത്തിറക്കുന്നതിനു പോലും കഴിയാതെ തുറമുഖങ്ങളിലും വിമാനത്താവളങ്ങളിലും കെട്ടിക്കിടക്കുന്നുവെന്നത് വാണിജ്യ വ്യവസായ മേഖലയെ കാര്യമായി ബാധിച്ചിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങൾ ഒരു ചോദ്യചിഹ്നമായി നിലനിൽക്കുമ്പോഴാണ് ചൈനയിൽനിന്ന് വൈറസ് ബാധയുള്ള മറ്റ് രാജ്യങ്ങളിൽ നിന്നോ വരുന്ന സാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് വൈറസ് രോഗം വരില്ലെന്നും ലോകാരോഗ്യസംഘടന വ്യക്തമാക്കിയിരിക്കുന്നത്.

ഇതിനു സമാനമായി മദ്യപിക്കുന്നത് കോവിഡ്-19 വൈറസ് ബാധിക്കാതിരിക്കാൻ നല്ലതാണെന്നുള്ള പ്രചാരണം ഇപ്പോൾ വാട്സ് ആപ്പിലും മറ്റ് സോഷ്യൽ മീഡിയ ഗ്രൂപ്പുകളിലും വളരെ ശക്തമാണ്. എന്നാൽ, ഈ പ്രചാരണത്തിലും വാസ്തവമില്ലെന്നാണ് ലോകാരോഗ്യസംഘടന പറയുന്നത്.

ആൽക്കഹോൾ, ക്ലോറിൻ എന്നിവ ദേഹത്ത് സ്പ്രേ ചെയ്യുന്നതുകൊണ്ട് ശരീരത്തിനുള്ളിൽ കയറിപ്പറ്റിയിട്ടുള്ള വൈറസിനെ നശിപ്പിക്കാൻ സാധിക്കില്ലെന്നും ലോകാര്യോഗ്യ സംഘടന പറയുന്നു. മാത്രമല്ല ഇങ്ങനെ ചെയ്യുന്നതുകൊണ്ട് നിങ്ങളുടെ വസ്ത്രത്തെയും കണ്ണ്, വായ തുടങ്ങിയ അവയവങ്ങളെയും ദോഷകരമായി ബാധിക്കാനിടയുണ്ടെന്നും സംഘടന പറയുന്നു. ഇതുപോലെതന്നെ ചൂടുവെള്ളത്തിൽ കുളിക്കുന്നതും രോഗത്തെ പ്രതിരോധിക്കാനുതകില്ല.

ഏതെങ്കിലും പ്രതലത്തെ അണുവിമുക്തമാക്കുന്നതിന് ആൽക്കഹോളും ക്ലോറിനും ഉപയോഗപ്രദമാണ്. പക്ഷേ, അവ വിദഗ്ദ്ധരുടെ നിർദ്ദേശപ്രകാരമായിരിക്കണം ഉപയോഗിക്കേണ്ടത്.

ആൽക്കഹോൾ അടങ്ങിയിട്ടുള്ള അണുനാശിനികൾ കൈകളിൽ പുരട്ടുക, സോപ്പ്, വെള്ളം എന്നിവ ഉപയോഗിച്ച് കൈകൾ ഇടയ്ക്കിടെ കഴുകുക എന്നിവയാണ് വൈറസിനെ പ്രതിരോധിക്കുന്നതിന് പ്രധാനമായും ചെയ്യേണ്ടതെന്നും സംഘടന നിർദ്ദേശിക്കുന്നു.

## സ്വർണ്ണം, റബർ മാർക്കറ്റ്

(ഫിലാഡൽഫിയ ബ്യൂറോ)

### സ്വർണ്ണം

| | |
|---|---|
| 8 ഗ്രാം | 31640 |
| 1 ഗ്രാം | 3955 |

### റബർ

| | |
|---|---|
| കോട്ടയം | 13500 |
| കൊച്ചി | 13450 |
| കോഴിക്കോട് | 13150 |

### രാജ്യാന്തരം

| | |
|---|---|
| ബാങ്കോക്ക് | |
| ആർ.എസ്.എസ്.-1 | 11911 |
| ആർ.എസ്.എസ്.-2 | 11776 |
| ആർ.എസ്.എസ്.-3 | 11652 |
| ആർ.എസ്.എസ്.-4 | 11584 |
| എസ്.എം.ആർ.-20 | 9490 |

# COURAGE TO TAKE A STAND

(from page 21)

Are you ready to put everything on the line? When the time comes, will you put it all on the line? Sooner or later, all of us will need to take actions that will indicate courage or cowardice. Obedience to God sets you apart from the world; it protects you. It makes your life happier and more abundant. It makes you courageous and brings you closer to Him.

The apostle Paul knew and addressed the hardships of earthly life. Paul reminds us that it's possible to be of good courage in suffering—to be full of hope, peace, and joy—as we cling to the gospel. Be of good courage because heaven is coming. Paul reminds us that our human bodies are temporary shelters broken down by the elements. We live a tent-like physical existence since sin has stained our perfection. "For in this tent we groan, longing to put on our heavenly dwelling." Our groaning, when rooted in our ultimate hope of eternity with Christ, manifests itself in confident prayer to a Father who knows our needs, hears our requests, and delights to give us what's best. Be of good courage because of freedom in prayer.

Very often we ask why O why? We may never fully understand God's wisdom in our suffering. We choose to cling to his love and the reason we are able to be of good courage in the midst of pain is a firm belief in God's love for us, demonstrated chiefly through sending Christ to die for us. Suffering well is no easy task, but the pursuit of good courage in affliction is worth the fight.

Someday, you and I will stand before Jesus, justified in his sight by grace through faith. And we will delight to hear, because of good courage in suffering: "Well done, good and faithful servant. Enter into the joy of your Master".


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


7 മലയാളം ചാനൽ, മാസം $13.33 മാത്രം
ഒരു വർഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *
മഴവിൽ manorama
SURYA
SURYA MOVIE
KAIRALI
KAIRALI NEWS
NEWS 18 കേരളം
WILLOW
INDIA TODAY TELEVISION
NDTV 24x7
dish
അമേരിക്കയിലെ അംഗീകൃത മലയാളം ചാനൽ വിതരണക്കാർ .
sling
UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586
മഴവിൽ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനൽ, ചാനൽ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനൽ. കൂടാതെ നിരവധി ഫ്രീ ചാനലുകളും




# ബിലാൽ വരുന്നു

ബിലാൽ ജോൺ കുരിശിങ്കൽ എന്ന കഥാപാത്രമായി മമ്മൂട്ടി തകർപ്പൻ പ്രകടനം കാഴ്ചവെച്ച ചിത്രമായിരുന്നു ബിഗ് ബി. ചിത്രത്തിന്റെ രണ്ടാംഭാഗം ബിലാലിനായുള്ള കാത്തിരിപ്പിലാണ് ആരാധകർ. ചിത്രത്തിന്റെ രണ്ടാം ഭാഗമുണ്ടെന്ന കാര്യം സംവിധായകൻ അമൽ നീരദ് മുന്നേ തന്നെ പുറത്തുവിട്ടതാണ്. ഇപ്പോൾ ബിലാൽ എന്ന ചിത്രത്തിന്റെ പുതിയ വിവരങ്ങൾ പുറത്തുവിട്ടിരിക്കുകയാണ് ബിഗ്ബിയിലെ താരങ്ങളായ ബാലയും മംമ്താ മോഹൻദാസും. ബിഗ്ബിയിൽ ബിലാൽ ജോൺ കുരിശിങ്കൽ എന്ന കഥാപാത്രത്തിന്റെ സഹോദരനായ മുരുകൻ എന്ന സ്റ്റണ്ട് മാസ്റ്ററുടെ വേഷം ചെയ്തത് ബാലയായിരുന്നു. റിമി എന്ന കഥാപാത്രത്തെയാണ് മംമ്ത മോഹൻദാസ് അവതരിപ്പിച്ചത്. ചിത്രത്തിന്റെ ഷൂട്ടിംഗ് ഉടൻ തുടങ്ങാൻ പോകുന്ന വിവരം ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത വീഡിയോയിലാണ് ബാല അറിയിച്ചത്. ചിത്രത്തിനായി താൻ ബോഡി ബിൽഡിംഗ് നടത്തുകയാണെന്നും താരംപറയുന്നു.



താൻ ഒരുപാട് സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന മമ്മൂക്കയ്ക്കൊപ്പം ബിഗ് ബി പാർട്ട് 2 ബിലാലിൽ അഭിനയിക്കുന്നുവെന്നാണ് ബാല അറിയിച്ചത്. ഷൂട്ടിംഗിന്റെ ഭാഗമായി ബോഡി ബിൽഡിംഗ് പരിശീലനം നടക്കുന്നുവെന്നും ബാല ഫേസ്ബുക്ക് വീഡിയോയിൽ പറയുന്നു. അതേസമയം, ബിലാലിൽ താനും അഭിനയിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുകയാണ് മംമ്ത മോഹൻദാസ്. ഒരു അഭിമുഖത്തിലാണ് മമ്മൂട്ടി സാറിന്റെ ബിലാലിൽ ഞാനുമുണ്ട് അതിന്റെ ത്രില്ലിലാണ് എന്ന് മംമ്ത പറഞ്ഞത്. ഉണ്ണി ആർ, ഷറഫ്, സുഹാസ് എന്നിവർ ചേർന്നാണ് ബിലാലിന്റെ തിരക്കഥ രചിച്ചിരിക്കുന്നത്. പതിമൂന്ന് വർഷം മുമ്പാണ് ബിഗ് ബി റിലീസ് ചെയ്തത്. സിനിമാട്ടോഗ്രാഫറായ അമൽ നീരദ് ആദ്യമായി സംവിധാനം ചെയ്ത ചിത്രമായിരുന്നു ബിഗ് ബി.

# ലെന ഞെട്ടിക്കും



ലെനയുടെ പുതിയ ലുക്ക് കണ്ട് ഞെട്ടിയിരിക്കുകയാണ് മലയാളികൾ. ചുണ്ടിൽ ബീഡി പുകച്ച് മദ്യക്കുപ്പിയിൽ നിന്ന് ഗ്ലാസിലേക്ക് മദ്യം ഒഴിച്ച്, മുറുക്കി കറപിടിച്ച പല്ലുമായി നടി ലെന വരുന്നു. വ്യത്യസ്ത വേഷങ്ങൾ കൊണ്ട് ലെന എന്ന നടി പ്രേക്ഷകരെ ഞെട്ടിക്കാറുണ്ട്. ലെനയിൽ നിന്ന് മലയാളികൾ പ്രതീക്ഷിക്കുന്നതും വ്യത്യസ്തമായ കഥാപാത്രങ്ങളെയാണ്.

ആർട്ടിക്കിൾ 21ന്റെ പോസ്റ്ററുകളിൽ ലെനയാണ് പുതിയ ലുക്ക്. ലെനിൻ ബാലകൃഷ്ണൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണിത്.

ജോജു ജോർജ്, അജു വർഗീസ്, ബിനീഷ് കോടിയേരി, മാസ്റ്റർ ലെസ്വിൻ, മാസ്റ്റർ നന്ദൻ രാജഷ് എന്നിവരാണ് മറ്റു താരങ്ങൾ.

ഛായാഗ്രഹണം അഷ്കർ, ഗോപി സുന്ദർ സംഗീതം നിർവഹിക്കുന്നു. ശക്തമായ തിരക്കഥയും മെസേജും നൽകുന്ന ചിത്രമാണിതെന്ന് അജു വർഗീസ് പറയുന്നു.

# ഷൈൻ ടോം ചാക്കോയുടെ അനുജൻ നായകൻ

നടൻ ഷൈൻ ടോം ചാക്കോയുടെ അനുജൻ ജോ ജോൺ ചാക്കോ നായകനാകുന്ന ചിത്രമാണ് ചിരി. സുഹൃത്തിന്റെ ക്ഷണിക്കാത്ത വിവാഹത്തിന് സഹപാഠി എത്തുമ്പോൾ ഉണ്ടാകുന്ന സംഭവങ്ങളാണ് ചിത്രത്തിന്റെ പശ്ചാത്തലം. ഡ്രീം ബോക്സ് പ്രൊഡക്ഷൻ ഹൗസിന്റെ ബാനറിൽ മുരളി ഹരിതം, ഹരീഷ് കൃഷ്ണ എന്നിവർ നിർമിക്കുന്ന ചിത്രം കഥയെഴുതി സംവിധാനം ചെയ്യുന്നത് ജോസഫ് പി കൃഷ്ണ ആണ്. ദേവദാസാണ് തിരക്കഥയും സംഭാഷണവും രചിച്ചിരിക്കുന്നത്. അനീഷ് ഗോപാൽ, കെവിൻ എന്നിവവരാണ് ചിരിയിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ശ്രീജിത്ത് രവി, സുനിൽ സുഗദ, ഹരി കൃഷ്ണൻ, മേഘ, ജയശ്രീ, സനുജ, അനുപ്രഭ, ഷൈനി എന്നിവരും അഭിനയിക്കുന്നു.



ഛായാഗ്രഹണം: ജിൻസ് വിൽസൺ. എഡിറ്റർ: സൂരജ് ഇ.എസ്. ഗാനങ്ങൾ: വിനായക് ശശികുമാർ, സന്തോഷ് വർമ്മ. സംഗീതം: ജാസി ഗിഫ്റ്റ്, പ്രിൻസ് ജോർജ്. ചിത്രത്തിലെ നാണം തൂകും പെണ്ണ് എന്ന ആദ്യഗാനം പുറത്തിറങ്ങി.

# അപ്പാനി ശരത്ത് നായകനാകുന്ന ലൗ എഫ്എം

അങ്കമാലി ഡയറീസ് എന്ന ചിത്രത്തിലൂടെ പ്രേക്ഷകരുടെ പ്രിയപ്പെട്ട താരമായി മാറിയ അപ്പാനി ശരത്ത് നായകനായ ലൗ എഫ്എം എന്ന ചിത്രം തിയേറ്ററുകളിലേക്ക്.

ശ്രീദേവി കപൂർ ആണ് 'ലൗ എഫ് എം' സംവിധാനം ചെയ്യുന്നത്. രണ്ട് കാലഘട്ടത്തിന്റെ പശ്ചാത്തലത്തിലുള്ള പ്രണയമാണ് ചിത്രം അവതരിപ്പിക്കുന്നത്. ഗസൽ എന്ന കഥാപാത്രത്തെയാണ് ചിത്രത്തിൽ അപ്പാനി ശരത്ത് അവതരിപ്പിക്കുന്നത്. ചിത്രത്തിന്റെ



ട്രെയ്‌ലർ സോഷ്യൽ മീഡിയയിൽ വൈറലാകുന്നു.

ദേവൻ, ടിറ്റോ വിൽസൺ, സിനോജ് അങ്കമാലി, ജിനോ ജോൺ, വിജിലേഷ്, നിർമ്മൽ പാലാഴി തുടങ്ങിയവരും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളായി എത്തുന്നു.

ജാനകി കൃഷ്ണൻ, മാളാവിക മേനോൻ, എം 80 മൂസ ഫെയിം അഞ്ജു എന്നിവരാണ് നായികമാർ. ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ ബെൻസി നാസർ ആണ് ചിത്രം നിർമിക്കുന്നത്. സന്തോഷ് അനിമ ഛായാഗ്രഹണം നിർവഹിക്കുന്ന ചിത്രത്തിന് സംഗീതമൊരുക്കുന്നത് കൈതപ്രം ആണ്.

## വൈദികനായി ജയസൂര്യ

പുതുമയുള്ള കഥാപാത്രങ്ങൾക്കായി എത്ര വലിയ റിസ്കെടുക്കാനും മനസുള്ള നടനാണ് ജയസൂര്യ. മിമിക്രിയിൽ നിന്നും വളർന്ന് നായകൻമാരായ മറ്റ് നടൻമാർ മിമിക്രി സ്വഭാവമുള്ള കോമഡി സിനിമകളിൽ മാത്രം ശ്രദ്ധിച്ചപ്പോൾ വെല്ലുവിളികൾ ഉയർത്തുന്ന വേഷങ്ങൾക്ക് പിന്നാലെയായിരുന്നു ജയൻ.



ഫുട്ബോൾ താരം സത്യന്റെ കഥ പറഞ്ഞ ക്യാപ്ടൻ എന്ന സിനിമയിൽ വിസ്മയാവഹമായ പ്രകടനം കാഴ്ചവെച്ച ജയസൂര്യ മികച്ച നടനുള്ള സംസ്ഥാന പുരസ്കാരവും സ്വന്തമാക്കി. ഇപ്പോഴിതാ അപ്പോസ്തലൻ എന്ന ഏറ്റവും പുതിയ സിനിമയിൽ വൈദികനായി വേഷമിടുന്നു. ഒരു സംഭവകഥയെ ആസ്പദമാക്കിയാണത്രെ ഈ സിനിമ ഒരുങ്ങുന്നത്.

# സുമേഷ് ആൻഡ് രമേഷ്

ശ്രീനാഥ് ഭാസി, ബാലു വർഗീസ് എന്നിവരെ ടൈറ്റിൽ കഥാപാത്രങ്ങളാക്കി ഗ്രാമീണാന്തരീക്ഷത്തിൽ സനൂപ് തൈക്കൂടം സംവിധാനം ചെയ്യുന്ന ചിത്രമാണ് സുമേഷ് ആൻഡ് രമേഷ്. ത്തെ പോറ്റുന്നത്. ഉഷ എന്ന ബോൾഡായ കഥാപാത്രത്തെ പ്രവീണയും ഇന്ദു കലാധരനെ സലിം കുമാറും അവതരിപ്പിക്കുന്നു. ദേവിക കൃഷ്ണൻ, അഞ്ജു കൃഷ്ണാ അശോക് എന്നി പു




വൈറ്റ് സാൻഡ് മീഡിയ ഹൗസ് ആൻഡ് കെ.എൽ. സെവൻ ഹൗസ് ആൻഡ് കെ.എൽ. സെവൻ എന്റർടെയ്ൻമെന്റിന്റെ ബാനറിൽ ഫരീദ്ഖാനാണ് ഈ ചിത്രം നിർമിക്കുന്നത്. ഒരു ജോലിയും ചെയ്യാത്ത സഹോദരന്മാരാണ് സുമേഷും രമേഷും. ഇവരുടെ അച്ഛനായ ഇന്ദു കലാധരനും ഒരു ജോലിക്കും പോകില്ല. അമ്മ ഉഷയാണ് ഈ കുടുംബ തുമുഖങ്ങളാണ് നായികമാർ. അർജുൻ അശോകൻ, ഷൈൻ ടോം ചാക്കോ, ചെമ്പിൽ അശോകൻ, രാജേഷ് ശർമ, രാജീവ് പിള്ള, എന്നിവരാണ് മറ്റു താരങ്ങൾ. ജോസഫ്, വിജീഷ്, സനൂപ് തൈക്കൂടം എന്നിവരുടേതാണ് തിരക്കഥ. സംഗീതം യാക്സൻ ഗ്യാരി പെരേര, നേഹാ നായർ. ആൽബിയാണ് ഛായാഗ്രാഹകൻ.



പകൽക്കിനാവ്

ജോർജ് തുമ്പയിൽ 191

thumpayil@aol.com


# കൊറോണ പ്രവചനങ്ങളുടെ കഥ

40 വർഷം മുമ്പ് കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നതായി പ്രവചിച്ച ഒരു നോവലിനെക്കുറിച്ചാണ് ഇപ്പോൾ പരക്കെ പ്രചരിക്കുന്ന വാർത്ത. ഡീൻ കൂന്റ്സ് എഴുതിയ ദി ഐസ് ഓഫ് ഡാർക്ക്നെസ് എന്ന ത്രില്ലറായിരുന്നു അത്. കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നത് പ്രവചിച്ച ഫിക്ഷന്റെ ഒരുഭാഗം ഇപ്പോൾ ഏതാണ്ട് ശരിയായിരിക്കുന്നു. എന്നാൽ ഏറ്റവും രസം അതല്ല, അമേരിക്കൻ പ്രവാചക എഴുത്തുകാരിയെന്ന് അറിയപ്പെടുന്ന സിൽവിയ ബ്രൗൺ എഴുതിയ എൻഡ് ഓഫ് ഡെയ്സ് എന്ന പുസ്തകത്തിലെ ഒരു ഖണ്ഡികയാണ് അക്ഷരം പ്രതി ശരിയായിരിക്കുന്നത്. ഇവർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ജീവിച്ചിരുന്ന കാലത്ത് നടത്തിയ പല പ്രവചനങ്ങളും തെറ്റായതോടെ പോലീസ് കേസ് വരെ ഉണ്ടായ ഒരാളുടെ ലോകാവസാനത്തെക്കുറിച്ച് എഴുതിയ പുസ്തകമാണ് ഇപ്പോൾ ശരിയായി മാറുന്നത്. ആഗോളതലത്തിൽ ന്യൂമോണിയ ബാധയ്ക്ക് കാരണമാകുന്ന വൈറസ് പൊട്ടിപ്പുറപ്പെടുമെന്നായിരുന്നു ഇവരുടെ പ്രവചനം. ഈ പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചത് 2008-ലാണ്. പുസ്തകത്തിൽ നിന്നുള്ള ഒരു ഭാഗം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലുടനീളം ഇപ്പോൾ വൈറലാകുന്നു. '2020 ഓടെ ന്യൂമോണിയ പോലുള്ള അസുഖം ലോകമെമ്പാടും വ്യാപിക്കുകയും ശ്വാസകോശത്തെയും ബ്രോങ്കിയൽ ട്യൂബുകളെയും ആക്രമിക്കുകയും അറിയപ്പെടുന്ന എല്ലാ ചികിത്സകളെയും പ്രതിരോധിക്കുകയും ചെയ്യും,' എന്നാണ് സിൽവിയ എഴുതിയത്.

ഈ നോവൽ കൊറോണ വൈറസിനും, കോവിഡ് 19 എന്ന രോഗത്തിനും സാമ്യമുള്ളതാണ്. രോഗത്തിന്റെ സ്വഭാവമോ, സൂചിപ്പിച്ച വർഷമോ അല്ലെങ്കിൽ ചികിത്സകളോടുള്ള പ്രതിരോധത്തെക്കുറിച്ചുള്ള ഭാഗമോ ആകട്ടെ കൊറോണ വൈറസുമായുള്ള സമാനത വല്ലാത്ത വിചിത്രമായിരിക്കുന്നു. അസുഖം വ്യാപകമായി പരന്നാലുടൻ വൈറസ് പൊടുന്നനെ അപ്രത്യക്ഷമാകുമെന്നും ഉദ്ധരണിയിൽ പരാമർശിക്കുന്നു. 'അസുഖത്തേക്കാൾ ഏറെ അമ്പരപ്പിക്കുന്നതാണ് ആ വൈറസ് പകർച്ചവ്യാധി പോലെ പടർന്നതിനു ശേഷം പെട്ടെന്ന് അപ്രത്യക്ഷമാവുന്നത്. പത്ത് വർഷത്തിന് ശേഷം വീണ്ടും ആക്രമിക്കുകയും പിന്നീട് പൂർണ്ണമായും അപ്രത്യക്ഷമാവുകയും ചെയ്യും.' സിൽവിയ പറഞ്ഞത് സത്യമാകുമോ എന്തോ? കൊറോണ ആദ്യമായി കണ്ടെത്തുന്നതു പോലും ഏകദേശം

കൊറോണ വൈറസ് പടർന്നുപിടിച്ച് ചൈനയിൽ 3100 ൽ അധികം ആളുകൾ (ഈ റിപ്പോർട്ട് തയ്യാറാക്കിയ മാർച്ച് 7-ന്) മരിച്ചു. ചൈനീസ് നഗരമായ വുഹാൻ വൈറസിന്റെ പ്രഭവകേന്ദ്രമാണ്, അത് ഇപ്പോൾ 50 നു മുകളിൽ രാജ്യങ്ങളിലായി വ്യാപിച്ചു. 40 വർഷങ്ങൾക്ക് മുമ്പ് വുഹാനിൽ നിന്നും ഇത്തരമൊരു വൈറസ് ലോകമാകെ പടർന്നു പിടിക്കുമെന്നു പ്രവചിച്ച ഒരു ഫിക്ഷൻ പുസ്തകം 1981 ൽ ഡീൻ കൂന്റ്സ് എഴുതിയ ത്രില്ലർ നോവലായ ദി ഐസ് ഓഫ് ഡാർക്ക്നെസ് ആയിരുന്നു. വുഹാൻ 400 എന്നായിരുന്നു ഈ വൈറസിന്റെ പേര്. നോവലിൽ, ഒരു ലബോറട്ടറിയിൽ നിന്നും പിറവിയെടുത്ത ആയുധമായാണ് ഈ വൈറസ് സൃഷ്ടിക്കപ്പെട്ടത്. എന്നാൽ, ഈ ത്രില്ലറിനേക്കാളും കുറച്ചു കൂടി ആധികാരികമായി സംസാരിക്കുന്നുവെന്നു ധ്വനിപ്പിക്കുന്ന എൻഡ് ഓഫ് ദി ഡേയ്സ് തന്നെയാണ് കൊറോണയുമായി ചേർന്നു നിൽക്കുന്നത്. ഇതിൽ പറഞ്ഞ രോഗത്തിന് ന്യൂമോണിയയുമായി ബന്ധമുണ്ട്. പറഞ്ഞ സമയത്ത് തന്നെ കൃത്യമായി അത് എത്തിയിരിക്കുന്നുവെന്നതും ഇതിനെ കൂറച്ചു കൂടി ചേർത്തു നിർത്തുന്നു. അങ്ങനെയെങ്കിൽ ഈ എഴുത്തുകാരി ചില്ലറക്കാരിയാകാൻ വഴിയില്ലല്ലോ. അങ്ങനെയാണ് സിൽവിയയെക്കുറിച്ച് കൂടുതൽ അന്വേഷിച്ചത്.

മാനസിക കഴിവുകൾ വർദ്ധിച്ചതെന്ന് അവകാശപ്പെടുന്ന, ഒരു പ്രവാചകസ്വാഭവത്തോടെ എഴുതുന്ന എഴുത്തുകാരിയാണ് സിൽവിയ സെലസ്റ്റെ ബ്രൗൺ. ദി മോണ്ടൽ വില്യംസ് ഷോ, ലാറി കിംഗ് ലൈവ് എന്നിവയുൾപ്പെടെ ടെലിവിഷനിലും റേഡിയോയിലും പതിവായി പ്രത്യക്ഷപ്പെട്ടിട്ടുള്ള ഇവർക്ക് കാര്യമായ വായനക്കാരുണ്ട്. കാണാതായവരുമായി ബന്ധപ്പെട്ടവ ഉൾപ്പെടെ തെറ്റായ പ്രസ്താവനകൾ നടത്തിയതിന് ബ്രൗൺ ഇടയ്ക്കിടെ അപമാനിക്കപ്പെടുകയും വിമർശനങ്ങൾ നേരിടുകയും ചെയ്തു. സിൽവിയ മിസോറിയിലെ കൻസാസ് സിറ്റിയിലാണ് വളർന്നത്, അഞ്ചാം വയസ്സിൽ തന്നെ താൻ ദർശനങ്ങൾ കണ്ടുതുടങ്ങിയതായും അന്യഗ്രഹജീവികളുമായി തനിക്ക് ചങ്ങാത്തമുണ്ടെന്നു സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു. തുടർച്ചയായി നടത്തിയ ഇത്തരം പ്രവചനങ്ങളിൽ ചിലത് പ്രാദേശികമായി വിജയിച്ചപ്പോൾ മറ്റു ചിലത് അവർക്ക് നൽകിയ പേര്, ഭ്രാന്തിയെന്നായിരുന്നു. 1974 ൽ ബ്രൗൺ പ്രവചനങ്ങൾ സ്ഥിരമായി നടത്തി തുടങ്ങി. 2008




വരെ ഇരുപത് മുതൽ മുപ്പത് മിനിറ്റ് വരെ ടെലിഫോൺ സെഷന് 750 ഡോളർ ഈടാക്കിയാണ് ഇവർ ഓരോരുത്തരുടെയും ഭാവി പ്രവചിച്ചത്. 1986ൽ കാലിഫോർണിയയിലെ ക്യാമ്പ്ബെല്ലിൽ സൊസൈറ്റി ഓഫ് നോവസ് സ്പിരിറ്റസ് എന്ന പേരിൽ ഒരു 'ഗ്നോസ്റ്റിക് ക്രിസ്ത്യൻ' പള്ളി സ്ഥാപിച്ചു. സിൽവിയ ബ്രൗൺ കോർപ്പറേഷന്റെയും സിൽവിയ ബ്രൗൺ എന്റർപ്രൈസസിന്റെയും മേധാവിയായിരുന്നു. 2010 ലെ ഒരു അഭിമുഖത്തിൽ ബ്രൗണിന്റെ ബിസിനസ് മാനേജർ അവരുടെ ബിസിനസുകൾ പ്രതിവർഷം 3 മില്യൺ ഡോളർ കവിഞ്ഞെന്നു വെളിപ്പെടുത്തി. എല്ലാം, ഈ പ്രവചനങ്ങളിൽ നിന്നു മാത്രമാണെന്ന് ഓർക്കണം. അതും അമേരിക്കയിലെ പ്രബുദ്ധരായ ജനങ്ങളിൽ നിന്നും.

സ്വർഗ്ഗത്തെയും മാലാഖമാരെയും നിരീക്ഷിച്ചതായി അവകാശപ്പെട്ട ഇവർ 'ഫ്രാൻസിൻ' എന്ന സ്പിരിറ്റ് ഗൈഡുമായി സംസാരിച്ചെന്നും അതു വഴി ഭാവിയെക്കുറിച്ച് പ്രവചിക്കാനുള്ള സിദ്ധി തനിക്കു ലഭിച്ചുവെന്നും ഇവർ അവകാശപ്പെട്ടു. അസ്വാഭാവികവും ആത്മീയവുമായ വിഷയങ്ങളെക്കുറിച്ച് നാൽപതിലധികം പുസ്തകങ്ങളുടെ രചയിതാവായിരുന്നു ബ്രൗൺ. തികച്ചും അന്ധവിശ്വാസവും അവിശ്വസനീയവുമാണ് ഇവരുടെ പ്രവചനങ്ങളെന്നു പറയുമ്പോഴും മിക്ക പുസ്തകങ്ങളും ഹിറ്റ്ലിസ്റ്റിൽ നമ്പർ വൺ ആയിരുന്നുവെന്ന് ഓർക്കണം.

ലാറി കിംഗ് ലൈവ്, ദി മോണ്ടെൽ വില്യംസ് ഷോ , കോസ്റ്റ് ടു കോസ്റ്റ് എഎം എന്നിവയുൾപ്പെടെ യുഎസ് ടെലിവിഷൻ, റേഡിയോ പ്രോഗ്രാമുകളിൽ ബ്രൗൺ പതിവായി അതിഥിയായിരുന്നു. 1991 ലെ ഹോണ്ടഡ് ലൈവ്സ്: ട്രൂ ഗോസ്റ്റ് സ്റ്റോറീസ് എപ്പിസോഡിൽ ബ്രൗൺ പ്രത്യക്ഷപ്പെട്ടു. ഇവർ പരസ്യമായി നിരവധി പ്രഖ്യാപനങ്ങൾ നടത്തി, അത് പലതും തെറ്റാണെന്ന് പിന്നീട് തെളിഞ്ഞു. ഇവർ നാല് തവണ വിവാഹം കഴിച്ചു. 2011 മാർച്ച് 21 ന് ഹവായിയിൽ വച്ച് ഇവർക്ക് ഹൃദയാഘാതം സംഭവിച്ചു. ഇതാണ് ബ്രൗണിന്റെ ജീവിതം. എൻഡേ ഓഫ് ദി ഡേ എന്ന കൃതിയിൽ അവർ പറഞ്ഞ ന്യൂമോണിയ പകർച്ചവ്യാധി ഇപ്പോൾ ലോകം കീഴടക്കാനുള്ള അശ്വമേധം നടത്തിക്കൊണ്ടിരിക്കേ. ഇതു സംഭവിച്ചത് തികച്ചും യാദൃശ്ചികമാണെന്നേ പറയാനാവൂ. പ്രവചനങ്ങൾ പലതും ശരിയായിരിക്കാം, ചിലപ്പോൾ തെറ്റായിരിക്കാം. മാനവരാശിയെ സംബന്ധിച്ചിടത്തോളം കോവിഡ്-19 നെ കീഴടക്കുക മാത്രമാണ് ഇനി ശരണം. അതിനെക്കുറിച്ച ബ്രൗൺ വല്ലതും പറയുന്നുണ്ടോയെന്നറിയാൻ ബുക്ക് മുഴുവൻ അരിച്ച് പരതിയെങ്കിലും നിരാശയായിരുന്നു ഫലം.

## വനിതാദിനത്തിൽ മുതിർന്ന വനിതകളെ ആദരിച്ചു

ചിക്കാഗോ: അഖില ലോക വനിതാദിനമായ മാർച്ച് 8ന് ഞായറാഴ്ച ചിക്കാഗോ സെയിന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിന്റെ ദശവത്സരാഘോഷത്തോടനുബന്ധിച്ച് നടത്തപ്പെട്ട വനിതാ ദിനാഘോഷത്തിൽ ഇടവകയിലെ ഏറ്റവും മുതിർന്ന വനിതകളെ അലങ്കാര തലപ്പാവ് അണിയിച്ച് ആദരിച്ചു. ചടങ്ങിൽ പങ്കെടുത്ത എല്ലാ വനിതകൾക്കും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്തു. പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.





# ഡീക്കൻ മെൽവിൻ പോൾ മംഗലത്തിന്റെ പൗരോഹിത്യ സ്വീകരണം

ഫിലാഡൽഫിയ: ഇന്ത്യക്ക് വെളിയിലുള്ള ആദ്യത്തെ സീറോമലബാർ രൂപതയായ ചിക്കാഗോ സെ. തോമസ് രൂപതയുടെ കീഴിൽ ബാൾട്ടിമോർ സെ. അൽഫോൻസാ സീറോ മലബാർ ഇടവകയിൽ നിന്നുള്ള ഡീക്കൻ മെൽവിൻ പോൾ മംഗലത്തിന്റെ തിരുപ്പട്ട സ്വീകരണം മെയ് 30ന് ശനിയാഴ്ച ഉച്ചയ്ക്ക് രണ്ടിന് നടക്കും. ഫിലാഡൽഫിയ സെ. തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിൽ വെച്ചായിരിക്കും തിരുപ്പട്ട ശുശ്രൂഷ നടക്കുക. അന്നേദിവസം ചിക്കാഗോ സെ. തോമസ് സീറോ മലബാർ രൂപതാ സഹായമെത്രാൻ മാർ ജോയി ആലപ്പാട്ടിന്റെയും മറ്റു ബിഷപ്പുമാരുടെയും നിരവധി വൈദികരുടെയും സന്യസ്തരുടെയും കുടുംബാംഗങ്ങളുടെയും ബാൾട്ടിമോർ-ഫിലാഡൽഫിയ ഇടവകജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതാ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ കൈവെപ്പ് ശുശ്രൂഷയിലൂടെ ഡീക്കൻ മെൽവിൽ പോൾ തിരുപ്പട്ടം എന്ന കൂദാശ സ്വീകരിക്കും.

മാതാപിതാക്കളുടെയും ബന്ധുമിത്രാദികളുടെയും ഇടവക കൂട്ടായ്മയുടെയും ജീസസ് യൂത്ത്, രൂപതാ വൊക്കേഷൻ ഡയറക്ടറേറ്റ് എന്നിവയുടെയും നിരന്തര പ്രാർത്ഥനയാണ് ഡീക്കൻ മെൽവിൻ പോളിന്റെ തിരുപ്പട്ട സ്വീകരണത്തിലൂടെ പൂവണിയുക.

കോട്ടയം ജില്ലയിലെ എരുമേലി ഫാത്തിമാസദനം (മംഗലത്ത്) പോൾ-ഡോളി ദമ്പതികളുടെ രണ്ടു മക്കളിൽ മൂത്തമകനാണ് ഡീക്കൻ മെൽവിൻ. ന്യൂജേഴ്സിയിൽ നിന്നുള്ള ഡ്രക്സൽ വാളിപ്ലാക്കലുമായുള്ള സഹോദരി മിലാനയുടെ വിവാഹം ആയിരിക്കും തിരുപ്പട്ട സ്വീകരണത്തിനുശേഷം നവവൈദികൻ ആദ്യമായി പരികർമ്മം ചെയ്യുന്ന കൂദാശ.

ചെങ്ങളം കണികത്തോട്ടം (മാപ്പിളത്താഴെ) കുടുംബാംഗമായ ഡോളിയുടെയും ഫാത്തിമാസദനം മംഗലത്ത് പോളിന്റെയും ദീർഘനാളത്തെ പ്രാർത്ഥനയുടെയും ത്യാഗപൂർണമായ ജീവിതത്തിന്റെയും സഫലീകരണമാണ് ഡീക്കൻ മെൽവിൻ പോളിന്റെ തിരുപ്പട്ട സ്വീകരണം. വർഷങ്ങൾക്കു മുമ്പ് ഉദ്യോഗാർത്ഥം പാലായിൽ നിന്നുള്ള വലിയമംഗലം കുടുംബം എരുമേലിയിലേക്കു പറിച്ചുനട്ടപ്പോൾ ഫാത്തിമാസദനം അഥവാ മംഗലത്ത് എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. 1992 സെപ്റ്റംബർ 11ന് അമ്മയുടെ സ്വദേശമായ ചെങ്ങളത്ത് ജനിച്ച മെൽവിന്റെ ബാല്യകാലവും പ്രാഥമിക വിദ്യാഭ്യാസവും ബാംഗ്ലൂർ സെ. ആൻസ് സ്കൂളിലായിരുന്നു. ആറാമത്തെ വയസിൽ കുടുംബത്തോടൊപ്പം അമേരിക്കയിലെത്തിയ മെൽവിൻ സ്കൂൾ, കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയത് ബാൾട്ടിമോറിലായിരുന്നു.

ചെറുപ്പംമുതൽ മാതാപിതാക്കളുടെ തീവ്രമായ പ്രാർത്ഥനാജീവിതവും ഇടവകദേവാലയ കേന്ദ്രീകൃതമായ സന്മാർഗ്ഗ പ്രവർത്തനങ്ങളും മുടക്കം കൂടാതെയുള്ള കുടുംബപ്രാർത്ഥനയും കൂടെക്കൂടെ ധ്യാനങ്ങളിൽ പങ്കെടുക്കുന്നതും കണ്ടുവളർന്ന മെൽവിനിൽ



വിശ്വാസത്തിന്റെ ആദ്യതിരിനാളം തെളിയുന്നത് അങ്ങനെയാണ്. ബാൾട്ടിമോർ സീറോമലബാർ മിഷൻ ഡയറക്ടറും പിന്നീട് ഇടവകയായപ്പോൾ ആദ്യവികാരിയുമായി പത്ത് വർഷത്തോളം സ്തുത്യർഹ സേവനം നിർവഹിച്ച റവ. ഫാ. ജെയിംസ് നിരപ്പേൽ മെൽവിന്റെ ദൈവവിളിയിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

മെൽവിന്റെ കുടുംബം 1999-ൽ അമേരിക്കയിലേക്ക് കുടിയേറി. കൗമാര പ്രായത്തിൽ ജീസസ് യൂത്ത് എന്ന ആദ്ധ്യാത്മിക സംഘടനയിൽ പ്രവർത്തിക്കുന്നതിനു കിട്ടിയ അവസരം മെൽവിന്റെ ജീവിതത്തിലെ സുപ്രധാന കാലഘട്ടമായിരുന്നു. ജീസസ് യൂത്തിൽ പ്രവർത്തിക്കുന്ന സമയത്ത് ഹെയ്ത്തിയിൽ ഒരുമാസം നീണ്ടുനിന്ന മിഷൻപ്രവർത്തനം മെൽവിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ഹെയ്ത്തിയിൽ ആയിരുന്ന സമയത്ത് ഇറ്റലിയിൽ നിന്നുള്ള മിഷണറി ഫാദർ ഐസയായുടെ കീഴിൽ കരുത്താർന്ന വിശ്വാസപരിശീലനം നേടുന്നതിനു സാധിച്ചു. ബിരുദ പഠനത്തിനിടയിലാണ് തന്റെ ദൈവവിളി ഡീക്കൻ മെൽവിൻ തിരിച്ചറിയുന്നത്. ഉടൻതന്നെ ചിക്കാഗോയിലേക്കു മാറിയ മെൽവിൻ ലയോള യൂണിവേഴ്സിറ്റിയിൽനിന്നും തത്വശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് തന്റെ ദൈവവിളി ഉറപ്പിക്കുന്നതിനായി ഒരുവർഷം പ്രാർത്ഥനയും ഇടവകപരിശീലനവുമായി റീജൻസി ചെയ്തു. റോമിലെ ഹോളി ക്രോസ് യൂണിവേഴ്സിറ്റിയിൽ ചേർന്ന് തിയോളജി പഠനം പൂർത്തിയാക്കി. ഡീക്കൻ പട്ടത്തിനുശേഷം കഴിഞ്ഞവർഷം ആലുവാ മംഗലപ്പുഴ സെമിനാരിയിൽ ആറു മാസത്തെ സഭാപഠനവും വൈദിക പരിശീലനവും പൂർത്തിയാക്കി. ഈ കാലയളവിൽ മാതൃഭാഷ നന്നായി സംസാരിക്കുന്നതിനും വായിക്കുന്നതിനുമുള്ള പ്രാവീണ്യം നേടി.

ആറു ദശാബ്ദങ്ങളുടെ ചരിത്രം പേറുന്ന അമേരിക്കയിലെ സീറോമലബാർ കുടിയേറ്റ നാൾവഴിയിലും ചിക്കാഗോ രൂപതയുടെ 20 വർഷങ്ങളിലെ വളർച്ചാവഴിയിലും തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട പുതിയ അദ്ധ്യായമാണ് ഡീക്കൻ മെൽവിൻ പോളിന്റെ തിരുപ്പട്ട സ്വീകരണത്തിലൂടെ വിരചിതമാകുന്നത്. അമേരിക്കയിലെ സീറോമലബാർ സഭയിൽ നിന്നുള്ള മൂന്നാമത്തെ വൈദികനാണ് ഡീക്കൻ മെൽവിൻ.

അമേരിക്കയിൽ ജനിച്ചു വളർന്ന തദ്ദേശീയരായ രണ്ടു സഭാതനയർ ന്യൂയോർക്കിൽ നിന്നുള്ള റവ.ഫാ. കെവിൻ മുണ്ടയ്ക്കലും താമ്പായിൽ നിന്നുള്ള റവ.ഫാ. രാജീവ് വലിയവീട്ടിലും 2018-ൽ തിരുപ്പട്ടം സ്വീകരിച്ച് രൂപതയിൽ സേവനം ചെയ്യുന്നു.

വർഷങ്ങൾക്കു മുൻപ് അമേരിക്കയിൽ സീറോമലബാർ രൂപത നല്ല വളക്കൂറുള്ള മണ്ണിൽ വിതച്ച വിശ്വാസവിത്തുകൾ ഒന്നൊന്നായി പൊട്ടിമുളച്ച് വളർന്ന് പന്തലിക്കുന്ന കാഴ്ചയാണ് രൂപതയിൽ ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന സെമിനാരിക്കാരിലൂടെ ലോകം ദർശിക്കുന്നത്. രൂപതയുടെ ദീർഘനാളത്തെ കാത്തിരിപ്പും പ്രാർത്ഥനകളും അങ്ങനെ സഫലമാകുന്നു. ചിക്കാഗോ സീറോമലബാർ രൂപതയ്ക്കൊപ്പം ആഗോളസഭയും ഇതരസഹോദര സഭകളും ഡീക്കൻ മെൽവിൻ പോളിന്റെ തിരുപ്പട്ട സ്വീകരണമെന്ന പുണ്യനിമിഷത്തിനായി അഭിമാനപൂർവം കാത്തിരിക്കുകയാണ്.

ഡീക്കൻ മെൽവിന്റെ പൗരോഹിത്യവിളിയിൽ കൈത്താങ്ങായവർ പലരാണ്. മാതാപിതാക്കളെ കൂടാതെ രൂപതാ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, സഹായമെത്രാൻ മാർ ജോയ് ആലപ്പാട്ട്, രൂപതയിലെ ഇപ്പോഴത്തെ വൊക്കേഷൻ ഡയറക്ടർ റവ.ഫാ. പോൾ ചാലിശേരി, മുൻ വൊക്കേഷൻ ഡയറക്ടറും ഇപ്പോൾ ഫിലാഡൽഫിയ സീറോ മലബാർപള്ളി വികാരിയുമായ റവ.ഫാ. വിനോദ് മഠത്തിപ്പറമ്പിൽ, ബാൾട്ടിമോർ സെ. അൽഫോൻസാ സീറോമലബാർ പള്ളി വികാരി റവ.ഫാ. വിസൺ ആന്റണി, രൂപതാ ചാൻസലർ റവ.ഫാ. ജോണിക്കുട്ടി പുലിശ്ശേരി, പ്രൊക്യൂറേറ്റർ റവ.ഫാ. ജോർജ് മാളിയേക്കൽ എന്നിവർ ഡീക്കൻ മെൽവിന്റെ ആഴത്തിലുള്ള വിശ്വാസവളർച്ചയ്ക്കു സഹായികളായി.

ഫിലാഡൽഫിയ സീറോമലബാർ ദേവാലയ ചരിത്രത്തിൽ നാഴികക്കല്ലാകുന്ന ഡീക്കൻ മെൽവിന്റെ തിരുപ്പട്ട ശുശ്രൂഷ ഭംഗിയായി ക്രമീകരിക്കുന്നതിനായി രണ്ട് ഇടവകകളിലെയും വികാരിമാരുടെ നേതൃത്വത്തിൽ കൈക്കാരന്മാരായ ഷാജി തയ്യിൽ, സെബാസ്റ്റ്യൻ ജോക്കി, ഹെൻറി തോമസ്, സജി സെബാസ്റ്റ്യൻ, പോളച്ചൻ വറീദ്, ജോർജ് വി. ജോർജ്, ബിനു പോൾ, സെക്രട്ടറി ടോം പാറ്റാനിയിൽ, ജനറൽ കോ-ഓർഡിനേറ്റർ ജോസ് മാളേയ്ക്കൽ എന്നിവരും ഇടവകജനങ്ങളും വിവിധ കമ്മിറ്റികളിലൂടെ ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു.

# ആറ്റുകാൽ ഭഗവതിക്ക് പൊങ്കാലയർപ്പിച്ച് ഭക്തലക്ഷങ്ങൾ

തിരുവനന്തപുരം: കുംഭച്ചൂട് വകവെക്കാതെ ലക്ഷക്കണക്കിനു ഭക്തർ ആറ്റുകാൽ ഭഗവതിക്ക് പൊങ്കാലയർപ്പിച്ചതോടെ തലസ്ഥാന നഗരം ഭക്തിയിൽ അലിഞ്ഞു.

ക്ഷേത്രത്തിനു മുന്നിലെ പണ്ടാര അടുപ്പിലും തീ കത്തിച്ചു.

ഇതോടെ ചെണ്ടമേളവും കതിനാവെടിയും വായ്ക്കുരവയും ഉയർന്നു. ഭക്തർക്ക് പൊങ്കാല അടുപ്പിൽ തീ തെളിക്കാമെന്ന അറിയിപ്പ് ലഭിച്ചതോടെ നഗരത്തിലെ ലക്ഷക്കണക്കിനു പൊങ്കാല അടുപ്പുകളിൽ തീ കത്തിച്ചു.

പൊങ്കാലക്കൊപ്പം മണ്ടപ്പുറ്റ്, കോട്ടപ്പം എന്നിവയും ഉണ്ടാക്കാനാരംഭിച്ചു. പൊങ്കാല തിളച്ചുമറിഞ്ഞതോടെ ഭക്തർ വായ്ക്കുരവയിട്ടു.

പൊങ്കാലയിട്ടു തീർന്നതോടെ പൊങ്കാലക്കാർ വിശ്രമത്തിനും ഭക്ഷണം കഴിക്കാനുമുള്ള നീക്കമായി. നഗരത്തിൽ എല്ലായിടത്തും സൗജന്യ ഭക്ഷണവും ഒരുക്കിയിട്ടുണ്ട്.

നൂറുകണക്കിനു സംഘടനകളാണ് സൗജന്യ അന്നദാനവും മോരും വെള്ളവും കുടിവെള്ളവും വിതരണം ചെയ്യുന്നത്.

മണക്കാടുമുതൽ തിരുവല്ലം വരേയും ബൈപ്പാസിൽ ചാക്കവരെയും പാളയം, കേശവാദസപുരം, മണ്ണന്തല വരെയും പൊട്ടക്കുഴി, മെഡിക്കൽ കോളജ്, പോങ്ങുംമൂടുംവരെയും പൂജപ്പുര, മരുതംകുഴി, ശാസ്തമംഗലം വരെയും പൊങ്കാല നീണ്ടു.



ആറ്റുകാൽ ക്ഷേത്രാങ്കണവും പറമ്പുകളും റോഡുകളുമെല്ലാം പൊങ്കാലക്കലങ്ങൾ നിരന്നു.

പന്തീരടി പൂജയ്ക്കു ശേഷം ദർശനത്തിനായി ഭക്തരെ കടത്തിവിടുന്നത് നിർത്തിവെച്ചു. രാവിലെ 9.45ന് പുണ്യാഹം തളിച്ചതോടെ ചടങ്ങുകൾക്ക് തുടക്കമായി. ക്ഷേത്രത്തിന്റെ നേർനടയ്ക്കു മുന്നിലായിട്ടാണ് ഓലകെട്ടിയ പാട്ടുപുര കെട്ടിയിട്ടുള്ളത്.

ഉത്സവത്തിനു തുടക്കം കുറിച്ച് കാപ്പുകെട്ടിയ ദിവസം മുതൽ ഇളങ്കോഅടികൾ രചിച്ച തമിഴ് കാവ്യമായ ചിലപ്പതികാരത്തിലെ കഥ തോറ്റം പാട്ടുകാർ പാടി വരികയായിരുന്നു.

ചിലമ്പു മോഷ്ടിച്ചെന്ന കുറ്റം ചുമത്തി കോവലനെ പാണ്ഡ്യരാജാവ് വധിച്ചതിനു കണ്ണകി പ്രതികാരം ചെയ്തു. സ്വർണപ്പണിക്കാരനെ കണ്ണകി വധിച്ച ഭാഗം വരെയാണ് കഴിഞ്ഞ ദിവസം തോറ്റി നിർത്തിയത്.

രാവിലെ തോറ്റം പാട്ടിൽ രൗദ്രഭാവം പൂണ്ട കണ്ണകി പാണ്ഡ്യരാജാവിനെ വധിക്കുന്ന ഭാഗം തോറ്റിത്തീർന്നതോടെ പാട്ട് അവസാനിപ്പിച്ചു. ശ്രീകോവിലിൽ നിന്ന് പകർന്നെത്തിച്ച ദീപം പകർന്ന് മേൽശാന്തിക്ക് കൈമാറി. അദ്ദേഹം ക്ഷേത്രത്തിലെ നിവേദ്യ പാചകശാലയായ വലിയ തിടപ്പള്ളിയിലും

# അഭിഭാഷകൻ മർദനമേറ്റ് മരിച്ചു

ചെങ്ങന്നൂർ: മാലിന്യ നിക്ഷേപത്തെ ചൊല്ലിയുള്ള തർക്കത്തിനിടെ അഭിഭാഷകൻ മർദനമേറ്റു മരിച്ചു. ചെങ്ങന്നൂർ ബാറിലെ അഭിഭാഷകൻ കുറ്റിക്കാട്ട് തൈക്കൂട്ടത്തിൽ അങ്ങാടിക്കൽ പുത്തൻകാവ് ശാലേംനഗർ ഏബ്രഹാം വർഗീസ് (65) ആണ് മരിച്ചത്. സംഭവത്തിൽ സമീപവാസിയെ അറസ്റ്റ് ചെയ്തു.

സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നതിങ്ങനെ മാർച്ച് 6ന് വെള്ളിയാഴ്ച രാത്രി 11.45ന് സ്കൂട്ടറിലെത്തി ശാസ്താംകുളങ്ങര റോഡിൽ അടുക്കള മാലിന്യങ്ങൾ നിക്ഷേപിച്ച് മടങ്ങിയ ഏബ്രഹാമിനെ ചെങ്ങന്നൂർ അങ്ങാടിക്കൽ പുത്തൻകാവ് പൗവ്വത്തിൽ അരവിന്ദും സുഹൃത്തുക്കളും ബൈക്കിൽ പിന്തുടർന്ന് മർദിക്കുകയായിരുന്നു. അടിയേറ്റ് ബോധമില്ലാതെ കിടന്ന അഭിഭാഷകനെ അരവിന്ദും സുഹൃത്തും ചേർന്ന് അയാളുടെ തന്നെ സ്കൂട്ടറിലിരുത്തി തൊട്ടടുത്തുള്ള അങ്ങാടിക്കൽ ആശുപത്രിയിൽ എത്തിച്ചു. എന്നാൽ സ്ഥിതി വഷളായതിനാൽ ജില്ലാ ആശുപത്രിയിലേക്കയച്ചു. അവിടെ എത്തുമ്പോഴേക്കും മരണം സംഭവിച്ചിരുന്നു. തലയ്ക്ക് പിന്നിലേറ്റ ആഴത്തിലുള്ള മുറിവാണ് മരണകാരണമെന്ന് പ്രാഥമിക നിഗമനം.

സ്കൂട്ടറിൽ ഇരുത്തിക്കൊണ്ടു വന്നതിനാൽ അഭിഭാഷകന്റെ ഇരുകാലിന്റെയും വിരലുകൾ ഉരഞ്ഞ് തൂങ്ങിയ നിലയിലായിരുന്നു. ആശുപത്രിയിൽ അഭിഭാഷകനെ ഉപേക്ഷിച്ച് മടങ്ങിയ ശേഷം അരവിന്ദ് ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിലെത്തി അങ്ങാടിക്കൽ ഭാഗത്ത് വാഹനാപകടത്തിൽപ്പെട്ട ഒരാളെ ജില്ലാ ആശുപത്രിയിൽ എത്തിച്ചുവെന്ന വിവരം ധരിപ്പിച്ച ശേഷം മടങ്ങിപ്പോവുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് മർദനത്തെ തുടർന്നാണ് അഭിഭാഷകൻ മരണപ്പെട്ടതെന്ന് ഉറപ്പിച്ചത്.


സിസിടിവി ദൃശ്യം പരിശോധനയിലാണ് പോലീസ് പ്രതിയെ തിരിച്ചറിഞ്ഞത്. കസ്റ്റഡിയിൽ എടുത്ത് വിശദമായ ചോദ്യം ചെയ്യലിനുശേഷം അരവിന്ദിന്റെ അറസ്റ്റ് രേഖപ്പെടുത്തി. കൂടെയുണ്ടായിരുന്ന സുഹൃത്തുക്കളെയും പോലീസ് ചോദ്യം ചെയ്തു. ജെസ്ലി ഏബ്രഹാമാണ് അഭിഭാഷകന്റെ ഭാര്യ. മക്കൾ: ഐബി അന്ന ഏബ്രഹാം, ഫെബി മേരി ഏബ്രഹാം. മരുമകൻ: അനീഷ് ജോൺ (അബുദാബി).

# സിഎംഎ ബാഡ്മിന്റൺ ടൂർണമെന്റ് നടത്തുന്നു

**ജോഷി വള്ളിക്കളം**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ബാഡ്മിന്റൺ ടൂർണമെന്റ് മാർച്ച് 28ന് ശനിയാഴ്ച രാവിലെ 8.30 മുതൽ വൈകുന്നേരം 7 വരെ നടക്കും. ടൂർണമെന്റ് Egret Badminton, 1251 Basswood Rd., Schamburg, IL 60173 എന്ന സ്ഥലത്തുവെച്ചാണ്.









ടൂർണമെന്റിന്റെ വിവിധ ഇനങ്ങൾ: മെൻസ് ഓപ്പൺ ഡബിൾ, സീനിയേഴ്സ് (45 മുകളിൽ), ഡബിൾസ്, വിമൻസ് ഓപ്പൺ ഡബിൾസ്, മിക്സഡ് ഡബിൾസ്, കിഡ്സ് ഡബിൾസ് (13-18 വയസ്). കിഡ്സ് ഡബിൾസ് (5-12 വയസ്)

ചിക്കാഗോ മലയാളി അസോസിയേഷൻ വെബ്സൈറ്റായ www.-chicagomalayaleeassociation.org-ൽ ഓൺലൈനായി രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതാണ്. ചിക്കാഗോ പ്രവീൺ വർഗീസ് എവർ റോളിംഗ് ട്രോഫിയും കാഷ് അവാർഡും വിജയികൾക്ക് സമ്മാനിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: ജോൺസൺ കണ്ണൂക്കാടൻ 847 477 0564, ജോഷി വള്ളിക്കളം 312 685 6749.

# കെവിൻ ഓലിക്കലിന്റെ പ്രചാരണത്തിന് മലയാളി കൂട്ടായ്മയുടെ ഭവനസന്ദർശനം

അനിൽ മറ്റത്തികുന്നേൽ

ചിക്കാഗോ: ഇല്ലിനോയ് സ്റ്റേറ്റ് അസംബ്ലിയിലേക്ക് മത്സരിക്കുന്ന കെവിൻ ഓലിക്കലിന്റെ മാർച്ച് 17-ലെ പ്രൈമറി തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ശക്തി പകരുവാനായി മലയാളി കൂട്ടായ്മ രംഗത്ത്. ചിക്കാഗോയിലെ മലയാളി സമൂഹത്തിൽ നിന്നും രാഷ്ട്രീയ, മത, സംഘടനാ വ്യത്യാസങ്ങൾക്ക് അതീതമായി ഒരുമിച്ചു ചേർന്നുകൊണ്ട്, തെര



ഞ്ഞെടുപ്പ് കമ്മിറ്റിയോടൊപ്പം കെവിൻ മത്സിക്കുന്ന മണ്ഡലത്തിലെ പരമാവധി എല്ലാ ഡെമോക്രാറ്റിക് പാർട്ടി പ്രവർത്തകരുടെയും ഭവനങ്ങൾ സന്ദർശിച്ചുകൊണ്ട് കെവിന് പിന്തുണ അഭ്യർത്ഥിച്ചുകൊണ്ടുള്ള സ്റ്റിക്കർ പതിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം.

രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് രണ്ടു വരെ നീണ്ടുനിൽക്കുന്ന ഈ പ്രചാരംണപരിപാടിക്കു വേണ്ടി ഇതിനകംതന്നെ രണ്ടു ബസുകൾ നിറയെ ആളുകൾ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. കൂടുതൽ ആളുകൾ വരുന്നതനുസരിച്ച് കൂടുതൽ വാഹനസൗകര്യമൊരുക്കിക്കൊണ്ട് മലയാളി സമൂഹത്തിന്റെ കൂട്ടായ്മ വിളിച്ചോതുന്ന ഒരു പ്രചാരണപരിപാടി സംഘടിപ്പിക്കുവാൻ വേണ്ടി തെരഞ്ഞെടുപ്പു കമ്മിറ്റി തയ്യാറെടുക്കുകയാണ്. കുഞ്ഞച്ചൻ കൊച്ചുവീട്ടിലിന്റെയും ടോമി മേതിപ്പാറയുടെയും നേതൃത്വത്തിലാണ് മാർച്ച് 14-ലെ അവസാനവട്ടം പ്രചാരണപരിപാടികൾ സംഘടിപ്പിക്കുന്നത്. കെവിന്റെ നിശ്ചയദാർഢ്യത്തിനും കഠിനാദ്ധ്വാനത്തിനും മലയാളിസമൂഹം നല്കുന്ന പിന്തുണയുടെ ഉദാഹരണമായി ഈ നീക്കം മാറും എന്ന് തെരഞ്ഞെടുപ്പ് കമ്മിറ്റിക്കുവേണ്ടി ടോമി മേതിപ്പാറ അറിയിച്ചു.

മാർച്ച് 17-ലെ പ്രൈമറി തെരഞ്ഞെടുപ്പിൽ ഡെമൊക്രാറ്റിക് നോമിനേഷൻ സ്വന്തമാക്കി ഇല്ലിനോയി സ്റ്റേറ്റ് അസംബ്ലിയിലേക്കുള്ള ഒരു മലയാളിയുടെ കാൽവെപ്പിന് കരുത്തുപകരാൻ മലയാളിസമൂഹം കൂടെയുണ്ട് എന്നുള്ള യാഥാർത്ഥ്യം ചാരിതാർത്ഥ്യം പകരുന്ന ഒന്നാണെന്ന് കെവിന്റെ പിതാവ് ജോജോ ഓലിക്കൽ പ്രതികരിച്ചു. ഈ ഉദ്യമത്തിനു മുന്നിട്ടിറങ്ങുന്ന മലയാളി സമൂഹത്തോടും ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്ന കുഞ്ഞച്ചൻ കൊച്ചുവീട്ടിൽ, ടോമി മേതിപ്പാറ, സന്തോഷ് കുര്യൻ, ആന്റണി വെള്ളുക്കുന്നേൽ, ബെറ്റി കൊച്ചുവീട്ടിൽ, ബീന കൊച്ചുവീട്ടിൽ, ഡെയ്സി റോയി, അനിതാ കുര്യൻ, മോനു വർഗീസ് തുടങ്ങിയവരോടുമുള്ള നന്ദി അദ്ദേഹം കെവിനെ പ്രതിനിധീകരിച്ച് അറിയിച്ചു.


കഴിഞ്ഞ വർഷാവസാനത്തിന് മുമ്പായി തന്നെ ലക്ഷ്യമിട്ടിരുന്ന ഒരു ലക്ഷം ഡോളർ സമാഹരിച്ചിരുന്നെങ്കിൽ പ്രൈമറി തെരഞ്ഞെടുപ്പിനോട് അടുക്കുമ്പോൾ സമാഹരിച്ച തെരഞ്ഞെടുപ്പ് ഫണ്ട് രണ്ട് ലക്ഷത്തിലേക്ക് അടുക്കുകയാണ്. ഇതിനകം തന്നെ സമൂഹത്തിന്റെ നാനാ തുറകളിൽനിന്നും പിന്തുണ കെവിന് ലഭിച്ചുകഴിഞ്ഞു.

ചിക്കാഗോയിലെ നാല്പതാമത്തെയും അമ്പതാമത്തെയും വാർഡുകളും സ്കോക്കി, മോർട്ടൻഗ്രോവ്, ലിങ്കൻ




വുഡ് സബർബുകളും അടങ്ങുന്ന ഇല്ലിനോയി സ്റ്റേറ്റിന്റെ 16-മത്തെ വാർഡാണ് കെവിന്റെ മത്സരവേദി. മുപ്പത് വർഷങ്ങൾക്കു മുൻപ് അമേരിക്കയിലേക്ക് കുടിയേറിയ ജോജോ-സൂസൻ ദമ്പതികളുടെ മകനായ കെവിൻ നൈൽസ് നോർത്ത് ഹൈസ്കൂളിൽനിന്നും ഒഹായോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും പഠിച്ചിറങ്ങിയശേഷം അമേരിക്കൻ രാഷ്ട്രീയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി കടന്നുവന്ന വ്യക്തിയാണ്. സ്റ്റേറ്റ് റെപ്രസന്റേറ്റീവ് ഡബ് കോൺറോയിയുടെ ഡിസ്ട്രിക്ട് ഡയറക്ടർ ആയി സേവനം ചെയ്തിട്ടുള്ള കെവിൻ ഇൻഡോ അമേരിക്കൻ ഡെമോക്രാറ്റിക് ഓർഗനൈസേഷന്റെ (ഐഎഡിഒ)എക്സിക്യൂട്ടീവ് ഡയറക്ടർ കൂടിയാണ്. അതോടൊപ്പം വർഷങ്ങളായി മുഖ്യധാരാ രാഷ്ട്രീയ പ്രവർത്തകരോടൊപ്പം അമേരിക്കൻ സമൂഹത്തിന്റെ സാമൂഹിക പ്രശ്നങ്ങളിൽ നിരന്തരമായ ഇടപെടലുകൾ നടത്തുകയും അതോടൊപ്പം മലയാളി സമൂഹത്തിൽ യുവജനങ്ങൾക്ക് അമേരിക്കൻ മുഖ്യധാരാ രാഷ്ട്രീയത്തിലേക്കുള്ള പ്രചോദനമാകുവാൻ വേണ്ടി നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്.

മാർച്ച് 17-ലെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് പിന്തുണയുമായി രാഷ്ട്രീയത്തിനതീതമായി മലയാളിസമൂഹത്തിലെ നിരവധി വ്യക്തികൾ ഇതിനകംതന്നെ മുന്നോട്ടു വന്നിട്ടുണ്ട് എന്നത് വളരെ സന്തോഷം നല്കുന്ന കാര്യമാണെന്ന് തെരഞ്ഞെടുപ്പ് പ്രചാരണപ്രവർത്തനങ്ങളിൽ സജീവമായ ടോമി മേതിപ്പാറ അറിയിച്ചു. തെരഞ്ഞെടുപ്പിൽ തങ്ങളെക്കൊണ്ടാവുന്ന വിധത്തിലെല്ലാം സഹകാരികളാകുവാനും ഇല്ലിനോയ് സംസ്ഥാനത്തിന്റെ ചരിത്രത്താളുകളിൽ ആദ്യമായി ഒരു സൗത്ത് ഏഷ്യൻ വംശജനെ ഇല്ലിനോയി സ്റ്റേറ്റ് അസംബ്ലിയിലേക്ക് എത്തിക്കുവാനുമുള്ള ഈ നിർണ്ണായക ദൗത്യത്തിൽ പങ്കാളികളാകുവാനും ഏവരെയും ക്ഷണിക്കുന്നതായി ടോമി മേതിപ്പാറ അറിയിച്ചു. തെരഞ്ഞെടുപ്പ് പ്രചാരണവുമായ ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ടോമി മേതിപ്പാറ 773-405-0411.






# കാർത്ത്യായനി അമ്മയ്ക്കും ഭാഗീരഥി അമ്മയ്ക്കും രാഷ്ട്രത്തിന്റെ ആദരം

ന്യൂഡൽഹി: സമൂഹത്തിന്റെ വിവിധ മേഖലകളിൽ മികവ് തെളിയിച്ച വനിതകൾക്ക് രാഷ്ട്രപതി രാംനാഥ് കോവിന്ദ് നാരീശക്തി പുരസ്കാരം വിതരണം ചെയ്തു. കേരളത്തിൽ നിന്നു സാക്ഷരതാ മിഷന്റെ അക്ഷരലക്ഷം പരീക്ഷയിൽ മികച്ച പ്രകടനം നടത്തിയ 98 വയസ്സുള്ള കാർത്യായനി അമ്മ, നാലാം ക്ലാസ് തുല്യതാ പരീക്ഷയിൽ മികച്ച വിജയം നേടി 105 വയസ്സുള്ള ഭഗീരഥി അമ്മ എന്നിവരും ഇതിലുൾപ്പെടുന്നു. ശാരീരികാസ്വാസ്ഥ്യം കാരണം ഭാഗീരഥി അമ്മ പുരസ്കാരം ഏറ്റുവാങ്ങാനെത്തിയില്ല. അവർക്കു വീട്ടിലെത്തി പിന്നീട് സമ്മാനിക്കും. സ്ത്രീകൾക്കുള്ള പരമോന്നത സിവിലിയൻ ബഹുമതിയാണിത്.



കാർത്യായനി അമ്മ രാഷ്ട്രപതി റാം നാഥ് കോവിന്ദിൽ നിന്ന് നാരീശക്തി പുരസ്കാരം സ്വീകരിക്കുന്നു. കേന്ദ്രമന്ത്രി സ്മൃതി ഇറാനി സമീപം.

കാർത്യായനി അമ്മയുടെ മകൾ അമ്മിണിയമ്മ, സാക്ഷരതാ പ്രേരക് കെ. സതി എന്നിവരും അവർക്കൊപ്പം എത്തിയിരുന്നു. ചടങ്ങിനു ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി കാർത്യായനി അമ്മയടക്കമുള്ള ജേതാക്കളുമായി കൂടിക്കാഴ്ച നടത്തി. മന്ത്രി വി. മുരളീധരനും കാർത്യായനി അമ്മയെ അഭിനന്ദിച്ചു.

വ്യോമ സേനയുടെ ആദ്യ വനിതാ ഫൈറ്റർ പൈലറ്റുമാരായ മോഹന ജിതർവാൾ, അവനി ചതുർവേദി, ഭാവന കാന്ത്, ഓട്ടോ മോട്ടീവ് ഗവേഷണ രംഗത്ത് മികവ് പുലർത്തിയ രശ്മി ഉർദ്ഹർദേശി (പുണെ), ക്ലാസിക്കൽ സംഗീതജ്ഞ കൗഷികി ചക്രവർത്തി (കൊൽക്കത്ത), 4000 ശുചിമുറി ഗ്രാത്തിലുണ്ടാക്കിയ കൽപ്പണിക്കാരി കലാവതി ദേവി (കാൻപൂർ), എവറസ്റ്റ് കീഴടക്കിയ ഇരട്ട സഹോദരിമാർ താഷി മാലിക്, നുംഗിഷി മാലിക് (ഉത്തരാഖണ്ഡ്), അത്‌ലറ്റിക് വിസ്മയമായ 104 വയസ്സുകാരി മൻകൗർ (പഞ്ചാബ്), ആദിവാസി സാമൂഹിക പ്രവർത്തക പഡാല ഭൂദേവി (തെലങ്കാന), കൂൺകൃഷി സംരംഭം ബീനദേവി (ബിഹാർ), ജാർഖണ്ഡിലെ പരിസ്ഥിതി പ്രവർത്തക ചാമി മുർമു, ലഡാക്കിലെ തനതു ഭക്ഷണ രുചികൾ ലോകപ്രശസ്തമാക്കിയ നിസ വാങ്മോ (ലേ), ജമ്മു കശ്മീരിലെ നംദ കരകൗശല വിദ്യയുടെ പുനരുദ്ധാരണത്തിനു നേതൃത്വം നൽകിയ ആരിഫ് ജാൻ (ശ്രീനഗർ) എന്നിവരാണ് പുരസ്കാരം നേടിയ മറ്റു പ്രമുഖർ.

## കോഴിക്കോട്ട് പക്ഷിപ്പനിയും

(ഒന്നാം പേജിൽ നിന്നും)

നടത്തിയ പരിശോധനയിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. കൊടിയത്തൂരിലെ നഴ്സറിയിൽ നൂറുകണക്കിനു കോഴികൾ ചത്തിരുന്നു. തുടർന്നാണ് മൃഗസംരക്ഷണ വകുപ്പ് ഇവിടെ നിന്ന് സാമ്പിളുകൾ ശേഖരിച്ചത്.

കണ്ണൂരിലെ മേഖലാ ലബോറട്ടറിയിൽ നടന്ന പരിശോധനയിൽ പക്ഷിപ്പനി സൂചനകൾ ലഭിച്ചിരുന്നു. ഔദ്യോഗിക സ്ഥിരീകരണത്തിനായി ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് സാമ്പിൾ അയച്ചു. മുഖ്യമന്ത്രിയെ വിവരങ്ങൾ അറിയിച്ചതായും തുടർനടപടികൾ സ്വീകരിച്ചതായും മന്ത്രി പറഞ്ഞു.

ഇതു സംബന്ധിച്ച് തിരുവനന്തപുരത്ത് ഉന്നതതലയോഗം ചേർന്നു. ആശങ്കപ്പെടാനില്ലെന്നും അതേസമയം ജാഗ്രത പാലിക്കണമെന്നുമാണ് മൃഗസംരക്ഷണ വകുപ്പിന്റെ മുന്നറിയിപ്പ്. മുൻകരുതൽ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

രോഗം സ്ഥിരീകരിച്ച സ്ഥലത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വളർത്തു പക്ഷികളെ കൊല്ലാൻ തീരുമാനിച്ചെന്നും മന്ത്രി അറിയിച്ചു.

### റാപ്പിഡ് റെസ്പോൺസ് ടീം റെഡി

തിരുവനന്തപുരം: കോഴിക്കോട് പക്ഷിപ്പനി സ്ഥിരീകരിച്ചതിനെത്തുടർന്ന് പ്രതിരോധ പ്രവർത്തനം ഊർജിതമാക്കാൻ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു.

മൃഗസംരക്ഷണം, റവന്യൂ, ആരോഗ്യം, വനം, ആഭ്യന്തരം, ഗതാഗതം തുടങ്ങിയവ വകുപ്പുകളിലെ പ്രതിനിധികൾ അടങ്ങുന്നതാണ് ടീം. ദേശീയ മാർഗനിർദേശങ്ങളനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്ന് വനം മൃഗസംരക്ഷണ മന്ത്രി കെ. രാജു അറിയിച്ചു.

ഏവിയൻ ഇൻഫ്ളൂവൻസ എന്നറിയപ്പെടുന്ന പക്ഷിപ്പനി അപൂർവമായി മാത്രമേ മനുഷ്യരിലേക്ക് പകരാൻ സാധ്യതയുള്ളൂ. ടൈപ്പ് എ ഇൻഫ്ളൂവൻസ ഗണത്തിലെ എച്ച് 5, എച്ച് 7 ഉപഗണത്തിൽപ്പെട്ട വൈറസാണിത്. കോഴിക്കോട് 24 മണിക്കൂർ കൺട്രോൾ റൂം തുടങ്ങി.

## ബഷീറിന്റെ ഭാര്യയ്ക്ക് ജോലിയായി

തിരുവനന്തപുരം: ശ്രീറാം വെങ്കിട്ടരാമൻ ഓടിച്ച കാർ ഇടിച്ചുകൊല്ലപ്പെട്ട സിറാജ് പത്രം യൂണിറ്റ് ചീഫ് കെ.എം. ബഷീറിന്റെ ഭാര്യ സി. ജസീലയ്ക്ക് മലയാളം സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ സർക്കാർ ഉത്തരവായി. ജസീലയുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള ജോലി നൽകുന്നതിനു നേരത്തെ സർവകലാശാലയോടു സർക്കാർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് മലപ്പുറം കളക്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബികോം ബിരുദധാരിയായ ജസീലയ്ക്ക് 27800-59400 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചു നിയമനം നൽകാൻ ഉത്തരവായത്.

## മൂന്നു വയസുള്ള കുട്ടിക്കും കോവിഡ്

(ഒന്നാം പേജിൽ നിന്നും)

പ്രത്യേക സംവിധാനം വഴി ഇവരെ പുറത്തെത്തിച്ച് ആംബുലൻസിൽ എറണാകുളം മെഡിക്കൽ കോളജിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിക്കുകയുമായിരുന്നു.

കുട്ടിയുടെ മാതാപിതാക്കളും ഐസോലേഷൻ വാർഡിൽ നിരീക്ഷണത്തിലാണ്. കുട്ടിക്ക് കോവിഡ് ബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് മാതാപിതാക്കളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചതായി അധികൃതർ വ്യക്തമാക്കി. ഇവർക്കൊപ്പം വിമാനത്തിൽ ഒന്നിച്ച് യാത്ര ചെയ്തവരുടെ വിവരങ്ങൾ വിമാനത്താവള അധികൃതരിൽ നിന്നു ശേഖരിച്ച് വിവിധ ജില്ലകൾക്ക് കൈമാറുമെന്നും കുട്ടിയുമായി അടുത്തിടപഴകിയവരെ ഇതിനോടകം കണ്ടെത്തി നിരീക്ഷണത്തിലാക്കിയതായും അധികൃതർ വ്യക്തമാക്കി.

മെഡിക്കൽ കോളജിലെ ഐസോലേഷൻ വാർഡിൽ നിലവിൽ 12 പേർ നിരീക്ഷണത്തിലുണ്ട്.

## കേരളത്തിൽ കൊറോണ വീണ്ടും എത്തി

(ഒന്നാം പേജിൽ നിന്നും)

ഇടങ്ങളിൽ നിന്നു വരുന്നവർ കർശനമായി 28 ദിവസത്തെ നിരീക്ഷണത്തിനു വിധേയമാകണം.

ഇറ്റലിയിൽ നിന്നെത്തിയവരുടെ സാമ്പിൾ ഫലം പോസിറ്റീവ് ആണെന്ന് അറിഞ്ഞയുടൻ പത്തനംതിട്ട ജില്ലാ കളക്ടറും ജില്ലാ മെഡിക്കൽ ഓഫീസറും നടപടി സ്വീകരിച്ചു. അർധരാത്രിയിൽ വീഡിയോ കോൺഫറൻസ് നടത്തി എല്ലാ കാര്യങ്ങളും ആസൂത്രണം ചെയ്തു. ഇവർ പോയ സ്ഥലങ്ങളും ഇവരുമായി സമ്പർക്കത്തിലേർപ്പെട്ട ആളുകളെയും കണ്ടെത്താനായെന്നാണ് അധികൃതർ പറയുന്നത്. ഇവരെയെല്ലാം നിരീക്ഷണത്തിലാക്കി.

സംസ്ഥാനത്തു നേരത്തെ മൂന്നു പേർക്ക് കൊറോണ ബാധ സ്ഥിരീകരിച്ചിരുന്നു. ഇവരും വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയവരായിരുന്നു.

### യാത്രക്കാർ അറിയിക്കണം

രോഗബാധിത രാജ്യങ്ങളിൽ നിന്ന് എത്തുന്നവർ വിവരം മറച്ചുവെയ്ക്കുന്നതു നിയമവിരുദ്ധവും ശിക്ഷാർഹവുമാണെന്ന് ഡിജിപി ലോക്നാഥ് ബെഹ്റ പറഞ്ഞു. രോഗലക്ഷണം ഉണ്ടായിട്ടും വിവരം അറിയിച്ചില്ലെങ്കിൽ പ്രോസിക്യൂട്ട് ചെയ്യും.

സ്വയം അറിയിക്കാത്തവരെക്കുറിച്ച് സമീപവാസികൾക്കു പോലീസിനെയോ ആരോഗ്യ വകുപ്പിനെയോ അറിയിക്കാം. ഖത്തർ എയർവേയ്സിന്റെ QR 126 വെനീസ് - ദോഹ (28ന് രാത്രി 11.20ന് ദോഹയിലെത്തി), QR 514 ദോഹ - കൊച്ചി (29ന് രാവിലെ 8.20ന് കൊച്ചിയിലെത്തി (വിമാനങ്ങളിൽ സഞ്ചരിച്ചവർ ആരോഗ്യവകുപ്പിനെ വിവരം അറിയിക്കണം. കൊച്ചി വിമാനത്തിൽ 182 യാത്രക്കാരുണ്ടായിരുന്നു.

### കപ്പലുകൾ അടുക്കുന്നില്ല

കൊറോണ ഭീതിയുടെ പശ്ചാത്തലത്തിൽ ക്രൂസ് കപ്പലുകളൊന്നും മാർച്ച് 8ന് കൊച്ചി തുറമുഖത്ത് അടുത്തില്ല. 31 വരെയാണ് കേന്ദ്ര ഷിപ്പിങ് മന്ത്രാലയം വിദേശ കപ്പലുകൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. കൊച്ചിയിലെത്തേണ്ടിയിരുന്ന കപ്പലുകൾ വിലക്കില്ലാതെ മറ്റു തുറമുഖങ്ങളിലേക്ക് തിരിച്ചു വിട്ടതായാണ് വിവരം.

എന്നാൽ, ഷിപ്പിങ് മന്ത്രാലയത്തിന്റെ വിലക്കു വരും മുൻപു തന്നെ തുറമുഖത്തെത്തുന്ന സഞ്ചാരികളെ കൊറോണ പരിശോധന നടത്തിയ ശേഷമാണ് പുറത്തിറങ്ങാൻ അനുവദിച്ചിരുന്നത്.

സഞ്ചാരികൾ കൂടുതലായ സമയമായതിനാൽ വിലക്കു വിനോദ സഞ്ചാര മേഖലയ്ക്ക് തിരിച്ചടിയാകുമെന്നും ആശങ്കയുണ്ട്. സംസ്ഥാനത്ത് വീണ്ടും കോവിഡ് 19 സ്ഥിരീകരിച്ചതോടെ പരിശോധനകളും യാത്രാവിലക്കും കൂടുതൽ കർശനമാക്കാനാണ് സാധ്യത.

### യാത്രക്കാർ 30% കുറവ്

ഗൾഫ് യാത്രക്കാരുടെ എണ്ണത്തിൽ 30% വരെ കുറവുള്ളതായി കൊച്ചി രാജ്യാന്തര വിമാനത്താവള അധികൃതർ പറഞ്ഞു. കൊച്ചിയിൽ നിന്ന് സൗദി എയർലൈൻസ്, മലിൻഡോ എയർ, കുവൈത്ത് എയർവേസ്, ഇൻഡിഗോ, ജസീറ എയർവേയ്സ് എന്നിവ സർവീസ് നിർത്തി. സൗദിയുടെ ജിദ്ദ സർവീസ് 13 വരെയും മലിൻഡോയുടെ കലാലംപൂർ സർവീസ് 14 വരെയും റദ്ദാക്കി. കുവൈത്തിലേക്ക് ഇന്ത്യയിൽ നിന്നുള്ള സർവീസുകൾ വിലക്കിയതോടെ കുവൈത്ത് എയർവേസ്, ഇൻഡിയോ ജസീറ എയർവേയ്സ് എന്നിവ അങ്ങോട്ടുള്ള സർവീസ് നിർത്തി. നിലവിൽ 14 വരെയാണ് വിലക്ക്.

### ശബരിമലയിലും

കൊറോണ രോഗബാധ ഉള്ളവരും അവരുമായി ഇടപഴകിയവരും ദർശനത്തിന് എത്തുന്നത് ഒഴിവാക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് എൻ. വാസു പറഞ്ഞു. മീന മാസ പൂജയ്ക്കായി ക്ഷേത്രനട 13ന് തുറക്കും. 18 വരെ പൂജകൾ ഉണ്ടാകും.

## ഷാഫി പറമ്പിൽ പ്രസിഡണ്ട്

(ഒന്നാം പേജിൽ നിന്നും)

19 സെക്രട്ടറിമാരും 8 ജില്ലാ പ്രസിഡണ്ടുമാരും എ ഗ്രൂപ്പിൽ നിന്നാണ്. ഐ ഗ്രൂപ്പിന് 4 വൈസ് പ്രസിഡണ്ടുമാരും 11 ജന. സെക്രട്ടറിമാരും 19 സെക്രട്ടറിമാരും 6 ജില്ലാ പ്രസിഡണ്ടുമാരുമാണുള്ളത്. 140 നിയോജകമണ്ഡലം കമ്മിറ്റികളിൽ 80 എണ്ണം എ ഗ്രൂപ്പിനും 60 എണ്ണം ഐ ഗ്രൂപ്പിനുമാണ്.


BEST TIME TO BUY!!!

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS

Holiday Inn Express

bp



Mathew Kunjappy
Managing Broker
Emsons Realty LTD

IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA

The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.

For more details, please email or call!

Call: 1-630-935-4333 • Fax: 1-630-785-6605

Email: mk@emsonsrealty.com

IS 132 Summit Ave, Suite # 103, Oakbrook Terrace, IL 60181, USA

EMSONS REALTY

# SEEKING BRIDEGROOM

*Orthodox parents inviting proposals for daughter, 32 years, 5'5", fair, slim, Doctorate in Dental Surgery (DDS), practicing Dentistry in Florida, born and educated in USA. We are seeking professionally qualified boys from Orthodox, Catholic or Marthomites. Please respond with recent photo and details to **sureshzthomas@yahoo.com** or call **(248)739-1607.**

*Knanaya Catholic parents settled in USA invite proposals for their daughter age 32, 5'5" tall,slim fair looking and god fearing. She is a B.Com graduate brought up and studied in South Africa. She is currently working as a financial analyst in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.** Email: **steephenvs@gmail.com**

*Knanaya Catholic parents settled in USA invite proposals for their daughter age 31, 5'4" tall,slim fair looking and god fearing. She has a diploma in Educare, brought up and studied in South Africa. She is currently working as a Kindergarten teacher in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.**
Email: **steephenvs@gmail.com**

*Christian parents settled in USA inviting proposals for their daughter42 years old, born and brought up in Dubai. She is an Orthopedics Surgeon has completed her M.S. in Orthopedics at Christian Medical college in Vellore. At present working as a Research Coordinator in Pediatrics Orthopedics at the Mayo Clinic hospital in Rochester, Minnesota. She will commence her Pediatric Ortho Fellowship in 2020 August. She is very intelligent, smart and very attractive and fit. She is 5'4" tall and a born again believer, very active in church activities. She is a US Citizen. If interested please contact with recent photograph and details to
**marijohn2002@yahoo.co.in**
Preference to Medical professionals

*Pentecostal parents seeking proposal for their daughter currently working as R.N, born again, baptized, spirit filled 28 yrs, 5 feet 4 inch from parents of Pentecostal professional boys from USA with similar background. If interested please contact: **lethakuruvila@yahoo.com, 405-514-5062.**

*Pentecostal, Malayali parents settled in USA inviting proposal for their daughter, 29 years, 5'1", born again, spirit filled, MD student in USA, expected to start residency during summer of this year. We are seeking a professionally qualified Christian man with a heart for mission work. Please respond with details and a recent photograph to **TLG7736@gmail.com**

*Pentecostal parents settled in U.S. seeking proposals for their daughter born and brought up in U.S., born again, baptized and spirit filled, board certified internal medicine doctor, currently doing fellowship in Geriatrics. She is 31/ 5"3 looking for a God fearing, compatible qualified boy from U.S.A. If interested please send recent photos with bio data to
**mathewthomas0810@yahoo.com** or call **469-360-5735.**

*Pentecostal parents are prayerfully seeking a proposal for their daughter born in Kerala and brought up in Middle East and USA. She is 29, 5' 1", holds Doctors degree in Pharmacy and currently working as Pharmacy Manager In Kroger store, Michigan. She is born again, baptized, family-oriented, spiritual, loves the Lord. We are seeking proposals from the parents of Pentecostal, God-fearing who loves the Lord, educated, family-oriented and USA citizen or green card boys. Please contact with recent photos with full details. **Thomaskutty Mathai - Cell# 919-482-9788, tom966t@gmail.com**

**Pentecostal parents settled in USA inviting proposal for their daughter, 28 yrs 5"7, born again, baptized and completed medical school, currently doing second year residency. We are seeking born again, spiritual boys with similar educational background from USA. You may please contact with recent pictures to **sobha6588@yahoo.com**

*Orthodox parents invite proposals for our daughter. 27 years old. Born and brought up in the U.S.A. Who is a Family Nurse Practitioner working in Texas. We are very well established in the U.S.A and also outside of Kerala. Preferences will be given to boys who in the medical profession(Doctors NP, PA, Pharmacy etc) who are in Texas or willing to move to Texas. Boys with good character, good family background, nonsmoker and non-drinker. From a well-established family with good educated family background. Orthodox, Catholic, Marthoma, Bretheran, CSI etc. Call **214-578-2235** leave message or email to **turnerj12000@yahoo.com**

*Knanaya Catholic parents settled in USA invite proposals for their daughter 37, widow, has a son. Interested Knanaya men or parents please contact **6305186001** or **jfmcd785@gmail.com**

*Pentecostal parents are prayerfully seeking a proposal for their daughter born and brought up in the US. She is 26, 5'1", holds BS degree in accounting and currently working as an accountant in a company. She is born again, baptized, family oriented, spiritual, loves the Lord and a worship leader. We are seeking proposals from the parents of Pentecostal, God fearing who loves the Lord, educated, family oriented and US born and brought up boys. Please contact with recent photos with full details. **shalomkbd2016@gmail.com.**

*Pentecostal parents settled in USA inviting proposal for their daughter, 28 yrs, 5'7" BSc Nurse, born again , spiritual, born and brought up in USA. We are seeking professionally qualified boys with good spiritual background. You may please contact with recent pictures and details to **vineyard525@gmail.com**

*Catholic parents settled in US inviting proposals for their daughter born and brought up in US (27 years,5'3") with a Masters Degree in Anesthesia from a prestigious University,currently working in a prestigious University Hospital in Missouri.We are seeking proposals from God fearing boys,preferably grow up in US. Please send with recent pictures and details to
**john.thomas2@duke.edu.**
Or call **336-693-9397**
or **crthomas913@gmail.com.**

*Pentecostal parents settled in North America invite proposal for their daughter, MBA; 33; 5'6" working in U.S. for a financial company. She is born again, baptized and spirit filled. Parents of professionally qualified boys and good spiritual background may please respond with details and picture to
**scjoseph22@gmail.com** or call **905 793 5007.**

*Roman Catholic mother invites proposals for her daughter M.D. Working as Ob & Gyn Specialist in New York since 2012. She is born in July 1982, ht 5' 2", good looking with fair complexion, born in U.S and graduated from U.S. medical school. Seeking qualified christian professionals age 37-39yrs. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in US inviting proposal for their daughter, 27 yrs, 5'6", CPA, working in a major auditing firm. Born again, baptized, spiritual. Born and brought up in US, attractive. We are seeking professionally qualified Pentecostal boys. Please contact with recent pictures and detail to
**wmathew1@comcast.net** or call Phone **206-234-5555**

*Kerala Pentecostal Parents invite proposal for their daughter (DOB:29/12/ 1992) (5'1") (BSc Nurse) Born again with good spirituAal values currently working in Kerala seeking proposal from professionally qualified, baptized, and spirit filled young men with similar Christian faith and values. Email:
**jaisonkvj@gmail.com.** Contact:
**+91 7025416048, +91 6282129858**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Christian Parents (Orthodox) settled in USA (NY) invite proposals for their son 40 years old 6'2" M.S. in Criminal Justice (Detective Investigator working with New York Police Department). His wife passed away in 2016, having a son 7 years old. We are seeking proposals for girls from USA, Late Marriage or Widow age 32-37. Please contact Phone **516 616 0611 or 516 287 6361.** Email: **thekkmathew@gmail.com.**

*Seeking bride for a Christian boy age 29, 6 ft tall, holding business degree, working with Bloomberg group in New York. Looking for a Malayalee girl that is brought up in the U.S. Should be tall and educated professional. Please email details and photo to:
**prabhaphilip@yahoo.com** or
call: **614-329-9361**

*Knanaya Jacobite parents invite proposals for our son ( 31, 5'10", employed in IT field). He was born and raised in the U.S and is living in Boston. Preferably seeking proposals from parents of Knanaya girls, employed in the medical field. Please contact
**bmt554206@gmail.com** or
call **978-577-7732.**

*Pentecostal family members are seeking a suitable life partner for our nephew (26 years old, 5'8") born in the U.S. Bachelor's in Business Management, MBA specialized in Aerospace Logistics. Working in the Tinker Airforce Base (civilian). Active in the church in the role of praise and worship leader, Sunday school teacher, and as evangelism director. We are seeking a born-again, spirit-filled girl, with some professional education (Knanaya background preferred). Please contact with details to **mtkuruvilla1@hotmail.com** or call **(405) 474-1222.**

*Syrian Christian Pentecostal parents invites proposal for their son 27, 179 cm, fair, B.Tech, working as instrumentation engineer in Kuwait, Baptized and spiritfilled. From parents of well educated girls with good spiritual life and family backgrounds. Phone USA **405 541 5567**, Kerala **9633170515**

*Pentecostal parents prayerfully seeking suitable life partner for their son (26, 5-11)born and brought up in the US, holds a degree in business administration and currently working for a reputable firm. We are seeking proposals from the parents of Pentecostal, Holy Spirit baptized US born girls with similar field of education, employed or unemployed. Please contact with full detailsto: **Eliazer2017@yahoo.com**

*Proposals are invited for a Knanaya Catholic groom, 39 years old, divorced, working in USA; from girls belonging to any mainstream Christian denominations. Please contact with details to: infomatrimonial **20@gmail.com** or call: **(803) 873-0395.**

**Christian/Catholic Malayalee parents settled in USA invite proposal for their son family-oriented, caring with moral/ spiritual value, good character, 34 years, 5'9", US-educated medical doctor MD. Proposal seeking from slim, fair, beautiful Christian/catholic girls with similar professions. please send emails with recent picture to
**mkurian101@gmail.com**

* Malayalee Pentecostal Parents settled in the USA invite marriage proposals for their son, born again, baptized, spirit filled, 5'10", 34 years old, spiritual, and family oriented IT professional working for a highly acclaimed IT firm in the USA, from parents of born again, baptized, spirit filled Pentecostal girls, with excellent spiritual and family values, preferably raised in the USA. Please reply with recent photos to
**onlyhisgrace79@gmail.com**

*Sister invites proposal for her born again brother, 26 years, fair in complexion, 5'9", studying MBA Pharmacy and completing in 2020. He is born and brought up in the US and from the Knanaya back-ground. Looking for God-fearing born again girl working or studying in the medical field preferably from the US or Canada. Phone # **847 337 0660.** Email: **Neethusz@gmail.com** or **ashzach84@gmail.com**

*Christian male, divorced, 44 yrs, well mannered, a graduate electrician with Saudi Arabian work experience currently in Kerala seeking Christian Malayalee bride (Single, widowed, divorced) from USA or Canada. Contact **(713) 505 4747** or email to: **priyajohn002@gmail.com.**

**Christian Malayalee parents settled in the USA invite proposal for their sons MD 41 & 42 years, 5'7" & 5'9". 1st son is ER doctor in California and 2nd son double board-certified MD V A Hospital. We are seeking God-fearing and professionally qualified, slim, fair and good looking girl. Please contact with recent picture and details to email: **j_indy21@hotmail.com**

*Roman Catholic parents well settled in USA invite Marriage Proposal for their only son 34 years 5'5" Fair Complex USA Educated Chemical Engineer with Master of Business Management. He is working in Chicago in a MN Chemical Company as Global Innovation manager. He has all The Best Qualities. Please send details with recent full size pictures to **stevarmaan@hotmail.com**

# SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## തോമസ് കുരുവിള

**മുട്ടമ്പലം:** പോണ്ടിച്ചേരി തോംസൺ ഫോം ഉടമ താഴത്തങ്ങാടി മുപ്പാത്തിയിൽ തോമസ് കുരുവിള (കുഞ്ഞ്-72) നിര്യാതനായി. ഭാര്യ: പുതുപ്പള്ളി വാഴേപ്പറമ്പിൽ ആലീസ്. മക്കൾ: നിതിൻ, നിതാ മാത്യു (യുഎസ്). മരുമകൻ: മാത്യു തോമസ് (യുഎസ്).

**കോട്ടയം:** കുമാരനല്ലൂർ പുളിഞ്ചുവട് ലക്ഷ്മീഭവനിൽ പരേതനായ വെങ്കിടേശ്വര പൈയുടെ ഭാര്യ ലക്ഷ്മീഭായി (75) നിര്യാതയായി.

**പാത്താമുട്ടം:** എസ്ബിടി റിട്ട. ഓഫിസർ മാളികക്കരോട്ട് എം.വി. യോഹന്നാൻ (തങ്കച്ചൻ-91) നിര്യാതനായി.

## പെണ്ണമ്മ ജോസഫ്

**തൊടുപുഴ:** നടുക്കണ്ടം തോട്ടുങ്കൽ പരേതനായ ടി.സി. ജോസഫിന്റെ ഭാര്യ പെണ്ണമ്മ (89) നിര്യാതനായി. മക്കൾ: ഫാ. ഷാബു തോട്ടുങ്കൽ (പ്രിൻസിപ്പൽ, ക്രിസ്തുജ്യോതി കോളജ്, ബെംഗളൂരു), സോഫി, ജെയിംസ് (യുകെ), അഡ്വ. മാത്യു, ബിജി (യുഎസ്). മരുമക്കൾ: രാജൻ, മേയമ്മ (യുകെ), ഷേർളി, തങ്കച്ചൻ (ഇരുവരും യുഎസ്).

**കൊച്ചി:** അതിവിശിഷ്ട സേവാ മെഡൽ ജേതാവും സിയാൽ ഗോൾഫ് കോഴ്സ് ഉപദേശകനുമായ എറണാകുളം കൈതയിൽ മേജർ ജനറൽ കെ.ജെ. കോശി (82) നിര്യാതനായി.

## അന്നമ്മ മാത്യു

**തടിയൂർ:** പള്ളിപ്പാട് ആളൂർ പരേതനായ എ.കെ. മാത്യുവിന്റെ ഭാര്യ അന്നമ്മ (തങ്കമ്മ-83) ബോസ്റ്റണിൽ നിര്യാതയായി. തടിയൂർ മഴവഞ്ചേരിൽ കുടുംബാംഗമാണ്. മക്കൾ: ഫിലിപ് മാത്യു (അരിസോണ), ജേക്കബ് മാത്യു (ചിക്കാഗോ), ഏബ്രഹാം മാത്യു (ചീഫ് പാസ്റ്റർ, ദി പെന്തെക്കോസ്തുമിഷൻ), സുനില (ബോസ്റ്റൺ), സുനിത (മലേഷ്യ). മരുമക്കൾ: എലിസബത്ത് (അരിസോണ), ഡോ. സുജ (ചിക്കാഗോ). ജോൺസൺ (ബോസ്റ്റൺ), ഡേവിഡ് (മലേഷ്യ).

**പാക്കിൽ:** കോട്ടയം സിഎസ്ഐ ബുക്ക് ഡിപ്പോ മുൻ മാനേജർ അറയ്ക്കൽ പടിക്കൽ എ.എച്ച്. ജോൺ (ജോണിക്കുട്ടി-91) നിര്യാതനായി.

## സൂസി തോമസ്

**ചിങ്ങവനം:** പുതുപറമ്പിൽ പി.വി. തോമസിന്റെ ഭാര്യ സൂസി (78) നിര്യാതയായി. കോലഞ്ചേരി കാഞ്ഞിരവേലിൽ കുടുംബാംഗമാണ്. മക്കൾ: അനിൽ വർക്കി തോമസ് (കാനഡ), സുനിൽ മാത്യു തോമസ് (യുഎസ്). മരുമക്കൾ: അനു (കാനഡ), ഡസ്‌ലിൻ (യുഎസ്).

**നാട്ടകം:** നാട്ടകം ഗവ. കോളജ് റിട്ട. പ്രഫസർ കരിമ്പുമാലിൽ തോമസ് ഏബ്രഹാം (77) നിര്യാതനായി.

**പുന്നത്തുറ വെസ്റ്റ്:** വള്ളിയാംപൊയ്കയിൽ (വടക്കേമല) ചെങ്ങന്നൂർ പ്രഭുറാം മിൽസ് മുൻ ഉദ്യോഗസ്ഥൻ വി.ഒ. സ്കറിയ (കറിയാച്ചൻ-72) നിര്യാതനായി.

**അതിരമ്പുഴ:** നാൽപ്പാത്തിമല കണ്ണാമ്പടത്തിൽ പരേതനായ കെ.ജെ. ജോസഫിന്റെ മകൻ (ഓഫിസ് അസി. ഹോളി ഫാമിലി ഹൈസ്കൂൾ, പാറമ്പുഴ) കെ.ജെ. തങ്കച്ചൻ (54) നിര്യാതനായി.

**വലയത്തല:** മൂന്നാർ കണ്ണൻദേവൻ കമ്പനി റിട്ട. ടീ മേക്കർ കുഴിയംമണ്ണിൽ പള്ളിക്കൽ അലക്സാണ്ടർ വർഗീസ് (തമ്പി-77) നിര്യാതനായി.

## തങ്കമ്മ ജോർജ്



**പാണ്ടനാട്:** കീഴ്‌വൻമഴി പനച്ചമൂട്ടിൽ തുണ്ടത്തിൽ പരേതനായ ജോർജ് ഏബ്രഹാമിന്റെ ഭാര്യ തങ്കമ്മ (86) നിര്യാതയായി. കോട്ടയം മട്ടുകനാലിൽ മുളപ്പുറത്ത് കുടുംബാംഗമാണ്. മക്കൾ: ജോർജ് (യുഎസ്), ലാലി (ഡൽഹി), പരേതനായ രാജു. മരുമക്കൾ: അന്നമ്മ, റോസമ്മ (യുഎസ്), പാണ്ടനാട് പരുവത്രയിൽ പി.എം. അലക്സ് (ഡൽഹി).

**പാണ്ടനാട്:** വന്മഴി തെക്കേതിൽ കൃഷ്ണവേണിയിൽ ഭാസ്കരൻ നായരുടെ ഭാര്യ എം.കെ. ഭാനുമതിയമ്മ (79) നിര്യാതയായി.

## പി.എം. കുരുവിള

**പേരൂർ:** പന്നിമറ്റത്തിൽ (തോട്ടയ്ക്കാട്) പി.എം. കുരുവിള (88) നിര്യാതനായി. ഭാര്യ: പൂഴിക്കുന്നേൽ ഏലീശാ. മക്കൾ: മോളി (സൗദി), ബേബി, ജോയി, ബിജി, ലൂസി (നാലുപേരും യുഎസ്). മരുമക്കൾ: ജോയിച്ചൻ ചക്കാലക്കൽ, സണ്ണി ഓട്ടപ്പള്ളി, ബൈജു വിശാകംതറ, തെരേസാ, ജിജി മേലാണ്ടശേരി.

**അമയന്നൂർ:** കോട്ടയം കോടിമത യൂണിവേഴ്സൽ മോട്ടോഴ്സ് ഉടമയായിരുന്ന തേമ്പള്ളിലായ മറ്റത്തിൽ എം.പി. ജോർജ് (73) നിര്യാതനായി.

## ചിന്നമ്മ ആന്റണി

**മീനച്ചിൽ:** കടപ്ലാക്കൽ പരേതനായ കെ.ടി. ആന്റണിയുടെ ഭാര്യ ചിന്നമ്മ (86) നിര്യാതയായി. പൂവരണി വരിക്കമാംതടത്തിൽ കുടുംബാംഗമാണ്. മക്കൾ: ആൻസി, ജോളി (റിട്ട. അദ്ധ്യാപിക), ടോംസൺ, നിമ്മി, ഐൻസൺ, രശ്മി, ക്ഷേമ, വിൻസൺ, ദീപ്തി (ഒൻപതുപേരും യുഎസ്), സിസിലി, ജെർസൺ, സെൻസൺ, നിധി. മരുമക്കൾ: പരേതനായ ജോസഫ് ആയത്തുപാടത്ത് നെയ്യശേരി, ബെന്നി ഓലിക്കൽ വാഴക്കുളം, ദീപ, പ്രിൻസ് മുണ്ടയ്ക്കൽ ചങ്ങനാശേരി, റിൻസി, സജി പേരേക്കാട്ട് പൂവത്തോട്, അജിത് വാണിയപ്പുര രാമപുരം, മഞ്ജു, സോണി പുതിയാകുന്നേൽ (ഒൻപതു പേരും യുഎസ്), ഡോ. ഡാന്റീസ്, സിന്ധു, ലിറ്റി, ഡിലൈറ്റ്.

**തോട്ടയ്ക്കാട്:** കണ്ണൊഴുക്കത്ത് (വയലാറ്റ്) റിട്ട. അദ്ധ്യാപകൻ എസ്എച്ച് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ചങ്ങനാശേരി കെ.ടി. കുരുവിള (കുഞ്ഞൂഞ്ഞ്-77) നിര്യാതനായി.

**ചെങ്ങന്നൂർ:** പുത്തൻകാവ് ഐക്കരേത്ത് വീട്ടിൽ ജോർജ് കോശി (തങ്കച്ചൻ-84) നിര്യാതനായി.

**ചമ്പക്കുളം:** മങ്ങാട് പരേതനായ ചാക്കമ്മയുടെ മകൻ ജിജി (42) നിര്യാതനായി.

**പൊൻകുന്നം:** നടയ്ക്കൽ അഡ്വ. പി.എം. മൈക്കിൾ (92) നിര്യാതനായി.

**മുട്ടുചിറ:** പള്ളിവാതുക്കൽ ജോസ് മാത്യു (ജോസ്-64) നിര്യാതനായി.

**കുറുമുള്ളൂർ:** ചെട്ടിക്കൽ സി.ഡി. പൊന്നുമോന്റെ ഭാര്യ സീത (47) നിര്യാതയായി.

## മേരി പോൾ

**വാഴക്കുളം:** പൊൻകല്ലുങ്കൽ പി.വി. പോളിന്റെ ഭാര്യ ലിറ്റിൽ തെരേസാസ് ഗേൾസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക മേരി (77) നിര്യാതയായി. കുന്നത്ത് കുടുംബാംഗമാണ്. മക്കൾ: ലിജി (അദ്ധ്യാപിക, ബിവൈകെവിഎച്ച്എസ്എസ്, വളവന്നൂർ), ലിമി (അദ്ധ്യാപിക, ജിഎച്ച്എസ്എസ്, പേഴയ്ക്കാപ്പിള്ളി), ലിനി, ലിന്റി (ഇരുവരും യുഎസ്). മരുമക്കൾ: എടത്വ കൊച്ചുപുരയ്ക്കൽ ജോർജ് ജോബ്, മൂവാറ്റുപുഴ പൊന്നുംപുരയിടം സുരേഷ്, വാൾട്ടർ തോമസ് (യുഎസ്), രാമപുരം കൊച്ചുപുരയ്ക്കൽ ബിനോ തോമസ്.

**ഇരവുചിറ:** കൂമ്പന്താനത്ത് ചിറയിൽ പരേതനായ ചാക്കോയുടെയും കുഞ്ഞമ്മയുടെയും മകൻ കെ.സി. ഫിലിപ് (മോനിച്ചൻ-54) നിര്യാതനായി.

**വാടയ്ക്കൽ:** ആഞ്ഞിലിപ്പറമ്പിൽ പരേതനായ ജോസഫിന്റെ മകൻ ഫ്രാങ്ക്ലിൻ ജോസഫ് (കുഞ്ഞുമോൻ-43) നിര്യാതനായി.

**പാറമ്പുഴ:** ഇരുമ്പനത്തു മുകളേൽ എം.സി. വർഗീസ് (കുഞ്ഞ്-62) നിര്യാതനായി.

## അച്ചാമ്മ പീറ്റർ



**ന്യൂജേഴ്സി:** റാന്നി പുതുപ്പറമ്പിൽ പരേതനായ പി.കെ. ജോർജിന്റെയും അച്ചാമ്മ ജോർജിന്റെയും മകൾ അച്ചാമ്മ പീറ്റർ ന്യൂജേഴ്സിയിൽ നിര്യാതയായി. കണ്ണത്തുമുറിയിൽ മഴുവഞ്ചേരിയിൽ പരേതനായ സി.ഒ. പീറ്ററിന്റെ ഭാര്യയാണ് പരരേത. ഇമ്മാനുവേൽ ചർച്ച് ഓഫ് ഗോഡ് അംഗമാണ്. മക്കൾ: ജോസഫ് പീറ്റർ - ലിസ്സി ചാക്കോ, ഏബ്രഹാം പീറ്റർ - മറിയാമ്മ തോമസ്, ജേക്കബ് പീറ്റർ - ബിൻസി ഉതുപ്പാൻ, മനു പീറ്റർ - മേഴ്സി പുന്നൂസ്, വത്സമ്മ പോൾ - പോൾ അബ്രഹാം, സുമ അബ്രഹാം - സജീവ് അബ്രഹാം (എല്ലാവരും ന്യൂജേഴ്സി).

**പൂഞ്ഞാർ:** അറക്കുളം കാരാംകാട്ടിൽ കെ.ജെ. ബെന്നിയുടെ ഭാര്യ സെയിന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപിക ലിസിയമ്മ ജോസഫ് (54) നിര്യാതയായി.

## ഏലിയാമ്മ ജോൺ

**കല്ലൂപ്പാറ-പുതുശേരി:** മൂവക്കോട്ടു തേക്കനാൽ ജോൺ ചാക്കോയുടെ ഭാര്യ ഏലിയാമ്മ (കുഞ്ഞൂഞ്ഞമ്മ-62) നിര്യാതയായി. കല്ലൂപ്പാറ അഴകനാൽ കുടുംബാംഗമാണ്. മക്കൾ: നിഷ (യുഎസ്), നിധിൻ (കോയമ്പത്തൂർ). മരുമക്കൾ: ജഗൻ (യുഎസ്).

**വാകത്താനം:** കൊച്ചുപിലാപ്പറമ്പിൽ ഉണ്ണാമറ്റത്തിൽ വർഗീസ് കുര്യൻ (ജോയിമോൻ-66) നിര്യാതനായി.

**ചാന്നാനിക്കാട്:** ചിങ്ങവനം പ്ലാംപറമ്പിൽ പി.എ. ചെറിയാൻ (തങ്കച്ചൻ-83) നിര്യാതനായി.

**മേലോരം:** പെരികിലക്കാട്ട് പരേതനായ ജോർജ് ജോസഫിന്റെ ഭാര്യ അന്നക്കുട്ടി (70) നിര്യാതയായി.

**നാഗപ്പുഴ:** തോട്ടുപുറത്ത് ഫ്രാൻസിസ് (62)നിര്യാതനായി.

## ഉലഹന്നാൻ ചേത്തലിൽ

**കിഴക്കേ കൂടല്ലൂർ:** ചേത്തലിൽ ഉലഹന്നാൻ (ഓനൻകുട്ടി-92) നിര്യാതനായി. ഭാര്യ: മറ്റക്കര മൊളയാനിയിൽ പരേതയായ അന്നമ്മ. മക്കൾ: ആലീസ്, ജോൺ (കാനഡ), മേരി, ചിന്നമ്മ, മോളി (മൂവരും യുഎസ്). മരുമക്കൾ: ലൂസമ്മ, പരേതനായ തോമസ് മങ്ങാട്ടുപുളിക്കിയിൽ (കൂടല്ലൂർ), ജോസ് മലയിൽ (അരീക്കര, തോമസ് തടത്തിൽ (ഞീഴൂർ), ഏബ്രഹാം പതിയിൽ (കൈപ്പുഴ).

## അന്നക്കുട്ടി ജോസഫ്

**കലയന്താനി:** കണ്ടത്തിൻകരയിൽ പരേതനായ കെ.സി. ജോസഫിന്റെ ഭാര്യ അന്നക്കുട്ടി (90) നിര്യാതയായി. ഐങ്കൊമ്പ് എടാട്ടുകുന്നേൽ കുടുംബാംഗമാണ്. മക്കൾ: അച്ചാമ്മ, പെണ്ണമ്മ, ഏലിയാമ്മ, റോസക്കുട്ടി (യുഎസ്), പരേതനായ ബേബി (കെഎസ്ഇബി മൂലമറ്റം), സിജു ആലക്കോട് കണ്ണൂർ. മരുമക്കൾ: ഇഗ്നേഷ്യസ് കൈതയ്ക്കൽ വെങ്ങല്ലൂർ, പരേതനായ ജോൺ പഴംകുളത്തിൽ കാഞ്ഞാർ, ജോർജ് വെട്ടുവയലിൽ വെട്ടിമറ്റം, തങ്കച്ചൻ നിരപ്പിൽ യുഎസ്), മോളി (കെഎസ്ഇബി, തൊടുപുഴ), റോസിലി.

**മാവേലിക്കര:** പുതിയകാവ് ആറ്റുമാലിക്കൽ പണിക്കർ വീട്ടിൽ (നസ്രത്ത്) റാഞ്ചി സക്കറിയായുടെയും സിന്ദുവിന്റെയും മകൻ സംപ്രീത് ആർ. പണിക്കർ (27) നിര്യാതനായി.

## എം.ജെ. ജോസ്

**മുണ്ടത്താനം:** റിട്ട. സ്റ്റാറ്റിസ്റ്റിക്സ് ഓഫിസർ മേലേമണ്ണിൽ എം.ജെ. ജോസ് (68) നിര്യാതനായി. ഭാര്യ: അരീക്കുഴി സോഫി. മക്കൾ: ജോഫി ജോസ് (യുഎസ്) ജിഫി ജോസ് (ദുബായ്). മരുമക്കൾ: സ്റ്റാറിന (യുഎസ്), നിജോ അഗസ്റ്റിൻ കുരിശുംമൂട്ടിൽ (പൊടിമറ്റം).

**റാന്നി:** മുക്കാലുമൺ പാറയ്ക്കനാലിൽ വിജയൻകുട്ടിയുടെ ഭാര്യ പി.കെ. പൊന്നമ്മ (82) നിര്യാതയായി.

## കെ.സി. വർക്കി

**ചങ്ങനാശേരി:** വടക്കേക്കര കുരീക്കാട്ട് കെ.സി. വർക്കി (വക്കച്ചൻ-80) നിര്യാതനായി. ഭാര്യ: പുഴവാത് വഞ്ചിപറമ്പിൽ അമ്മിണി. മക്കൾ: വിൻസി (യുഎസ്) വിനോദ് (ദുബായ്), വിജു (ടൂൺസ് ആനിമേഷൻസ്, തിരുവനന്തപുരം). മരുമക്കൾ: സജി (രാമപുരം), റീന, ജയ.

**പുല്ലരിക്കുന്ന്:** പൂരാകുളത്ത് പരേതനായ കുരുവിള ജെയിംസിന്റെ ഭാര്യ ശോശാമ്മ (85) നിര്യാതയായി.

**മരങ്ങാട്ടുപിള്ളി:** പന്തമാക്കിൽ പരേതനായ ദേവസ്യാ ആഗസ്തിയുടെ ഭാര്യ ത്രേസ്യാമ്മ (ചിന്നമ്മ-78) നിര്യാതയായി.

**മണിമല:** ഏറത്തുവടകര യുപിഎസ് റിട്ട. ഹെഡ്മാസ്റ്റർ മുണ്ടപ്പള്ളിൽ എം.എൻ. ശ്രീധരൻ നായർ (85) നിര്യാതനായി.

**വൈക്കം:** വടക്കേനട മാരമഹലിൽ പരേതനായ വിദ്യാസാഗറിന്റെ ഭാര്യ റിട്ട. ഡപ്യൂട്ടി കളക്ടർ (കോട്ടയം) രാജേശ്വരിയമ്മ (75) നിര്യാതയായി.

**പാലാ:** നെല്ലിയാനി ചെറുകര എം.എ. ചെറിയാൻ (പാപ്പച്ചൻ-95) നിര്യാതനായി.

**അതിരമ്പുഴ:** മുണ്ടയ്ക്കൽ എം.വി. ജോസഫ് (ഔസേപ്പച്ചൻ-84) നിര്യാതനായി.

**കാരയ്ക്കാട്:** പള്ളിപ്പടി പ്ലാമൂട്ടിൽ ജി. ഗോപകുമാർ (57) നിര്യാതനായി.

## തോമസ് ജോസഫ്

**തടിയൂർ:** ഇടയാടിയിൽ തോമസ് ജോസഫ് (91) നിര്യാതനായി. ഭാര്യ: കല്ലേത്ത് ഏലിയാമ്മ. മക്കൾ: കുഞ്ഞുമോൾ, തങ്കച്ചൻ (യുഎസ്), റവ. റോയ് തോമസ് (വികാരി, സെയിന്റ് തോമസ് മാർത്തോമ്മാ പള്ളി, കുറിയന്നൂർ). മരുമക്കൾ: റോസമ്മ (യുഎസ്), സിമി, പരേതനായ ജോർജുകുട്ടി ചക്കുംചിറ.

**ഇരവിനല്ലൂർ:** വലിയമുണ്ടാക്കലായ വാഴേട്ട് പരേതനായ വി.സി. കോരയുടെ മകൻ വണ്ടിപ്പെരിയാർ ചൂരക്കുളം എസ്റ്റേറ്റ് ഫീൽഡ് ഓഫീസർ ജോൺ കോര (ലാലു-59)നിര്യാതനായി.

**പാമ്പാടി:** വെള്ളൂർ ശാന്തിനഗർ അരിക്കാടൻ വീട്ടിൽ എ.ഒ. തോമസ് (80) നിര്യാതനായി.

## ഏലിയാമ്മ മാത്യു



**ഹൂസ്റ്റൺ:** റാന്നി കരിയംപ്ലാവ് ചക്കുളത്തുമണ്ണിൽ പരേതനായ സി.ജി. മാത്യുവിന്റെ ഭാര്യ ഏലിയാമ്മ മാത്യു (ഏലിക്കുട്ടി-84) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: മോഹൻ - ഗ്രേയ്സി (ഹൂസ്റ്റൺ), ഓമന - പരേതനായ തമ്പിക്കുട്ടി, ലാലി - രാജു (സൗദി അറേബ്യ), മിനി - സാജൻ (ഹൂസ്റ്റൺ).

**കുറിച്ചി:** കാനറാ ബാങ്ക് റിട്ട. സീനിയർ മാനേജർ ചിറയ്ക്കൽ രവി പ്രിയയിൽ സി.വി. രവി (63) നിര്യാതനായി.

## മേരി ദേവസ്യ

**കടനാട്:** വാളികുളത്ത് പരേതനായ ദേവസ്യാച്ചന്റെ ഭാര്യ മേരി (72) നിര്യാതയായി. കടനാട് പൂവേലിൽ കുടുംബാംഗമാണ്. മക്കൾ: സിസ്റ്റർ ജാൻസി എഫ്സിസി പാലാ, സിസ്റ്റർ ഷാലറ്റ് എഫ്സിസി (മുത്തോലി), സിബി, ജോമോൻ (കാനായി കേറ്ററിങ്, കടനാട്), കൊച്ചുറാണി, ജോസി (യുഎസ്), ഫാ. ജോഷി എംസിബിഎസ് (ജർമനി). മരുമക്കൾ: ജോളി, ലീമ, റോജി കുന്നത്ത് (കാഞ്ഞിരപ്പള്ളി), ജൂബിൻ കുന്നുംപുറത്ത് കൊല്ലപ്പള്ളി (യുഎസ്).

**കോഴഞ്ചേരി:** വിമുക്തഭടൻ മേലുകര കോട്ടോമണ്ണിൽ മേലുവാകാട്ടിൽ എം.എ. സാമുവൽ (80) നിര്യാതനായി.

**കരിമ്പാനി:** കൊല്ലംകുന്നേൽ മത്തായി മാത്യു (75) നിര്യാതനായി.

**ചിങ്ങവനം:** കോട്ടയം പുന്നാപറമ്പിൽ പി.ടി. ഏബ്രഹാം (86) നിര്യാതനായി.

## തോമസ് മാത്യു

**കുറിയന്നൂർ:** താന്നിക്കപ്പുറത്തൂട്ട് ടി.തോമസ് മാത്യു (ബേബി-86) നിര്യാതനായി. ഭാര്യ: പുനലൂർ മുണ്ടനിൽക്കുന്നതിൽ പരേതയായ അന്നമ്മ. മക്കൾ: റെജി, ലെജി (ഇരുവരും യുഎസ്), ലെനി (ഹരിയാന), പരേതനായ സജി.

**ചങ്ങനാശേരി:** വാഴപ്പള്ളി കാലായിൽ കെ.ജി. മണിക്കുട്ടന്റെ ഭാര്യ ഗീത (53) നിര്യാതയായി.

**അതിരമ്പുഴ:** റിട്ട. വില്ലേജ് ഓഫിസർ മുഖച്ചിറമലയിൽ എം.കെ. ചാക്കോ (75) നിര്യാതനായി.

## സുന്ദരൻ പനങ്ങാട്

**പനങ്ങാട്:** നാടകകൃത്ത് മണിയന്തറ വീട്ടിൽ സുന്ദരൻ (സുന്ദരൻ പനങ്ങാട്-70) നിര്യാതനായി. ഭാര്യ: കുമ്പളങ്ങി തുണ്ടപ്പറമ്പിൽ ഉഷ. മക്കൾ: സേതുനാഥ്, മീര. മരുമക്കൾ: സീന (അദ്ധ്യാപിക, ശ്രീ രവിശങ്കർ വിദ്യാലയം, ചേപ്പനം), ലിനിൽ സി. രാമൻ (യുഎസ്).

## മേരി ജോസഫ്

**കുറുപ്പന്തറ:** ഇരവിമംഗലം പനങ്കാലായിൽ പരേതനായ ജോസഫിന്റെ ഭാര്യ മേരി (75) നിര്യാതയായി. ഇരവിമംഗലം അരികുംപുറത്ത് കുടുംബാംഗമാണ്. മക്കൾ: സാബു (യുഎസ്), ജെസി, സിബി, ജിൻസി (മൂവരും ഇറ്റലി). മരുമക്കൾ: ഡെയ്സി (യുഎസ്), നീണ്ടൂർ മാപ്പിളതുണ്ടത്തിൽ കുഞ്ഞുമോൻ, ടെസി, കുറ്റൂർ വാലുപറമ്പിൽ ലൈസൻ തോമസ് (മൂവരും ഇറ്റലി).

**കുറുമ്പനാടം:** പുളിയാംകുന്ന് ആലുംമൂട്ടിൽ തോമസിന്റെ മകൻ ബിജു തോമസ് (48) നിര്യാതനായി.

## കെ.ജെ. ജോസഫ്

**കുറുപ്പന്തറ:** നായ്ക്കരക്കുടിയിലായ കളത്തുപ്പറമ്പിൽ കെ.ജെ. ജോസഫ് (88) നിര്യാതനായി. ഭാര്യ: കാഞ്ഞിരത്താനം കണ്ണാമ്പടത്തിൽ കുടുംബാംഗം ത്രേസ്യാമ്മ ജോസഫ്.

**മാമ്മൂട്:** പുത്തൻപുരയ്ക്കൽ പരേതനായ പി.കുമാറിന്റെ ഭാര്യ ഗൗരിക്കുട്ടി (74) നിര്യാതയായി.

**കൊച്ചി:** സംസ്ഥാനത്തു ഫ്ളാറ്റ് നിർമാണത്തിനു തുടക്കമിട്ട യശോറാം ബിൽഡേഴ്സ് ചെയർമാൻ പനങ്ങാട് ചേപ്പനം അറയ്ക്കൽ എ.ആർ.എസ്. വാധ്യാർ (എ.ആർ. ശ്രീധര വാധ്യർ-75) നിര്യാതനായി.

**ചീരഞ്ചിറ:** വാകത്താനം ജെഎംഎച്ച്എസ്എസ് റിട്ട. അദ്ധ്യാപകൻ മൂലയിൽ എം.വി. ഏബ്രഹാം (തമ്പി-85) നിര്യാതനായി.

## ശോശാമ്മ തോമസ്

**ബെംഗളൂരു:** അസംബ്ലീസ് ഓഫ് ഗോഡ് ബെംഗളൂരുവിലെ പ്രവർത്തകനും സതേൺ ഏഷ്യ ബൈബിൾ കോളജ് ദീർഘദൂര പഠന വിഭാഗം ഡയറക്ടറുമായിരുന്ന (പാമ്പാടി മാക്കേൽ) പരേതനായ എം.ടി. തോമസിന്റെ ഭാര്യ ശോശാമ്മ (87) നിര്യാതയായി. വാകത്താനം വള്ളിക്കാട് കാര്യച്ചിറ കുടുംബാംഗമാണ്. മക്കൾ: മോഹൻ തോമസ് (ബെംഗളൂരു), ഡോ. രാജൻ തോമസ് (യുഎസ്), വിജയൻ തോമസ് (കാനഡ). മരുമക്കൾ: ഓമന, ഡോ. കവിത, സരിത.

**പിറവം:** ആരോഗ്യവകുപ്പ് മുൻ അഡീഷണൽ ഡയറക്ടർ പാഴൂർ പടുതോൾമന ഡോ. പി.എൻ. ഗുപ്തൻ നമ്പൂതിരിപ്പാട് (91) നിര്യാതനായി.

**കാവുംഭാഗം:** പെരിങ്ങോൾ വലിയമഠത്തിൽ വാര്യത്ത് ചന്ദ്രശേഖരവാര്യരുടെ ഭാര്യ വിജയലക്ഷ്മി (63) നിര്യാതയായി.

**കാരയ്ക്കൽ:** കോതേകോട്ട് പുറങ്ങനാട്ടേതിൽ കെ.എൻ. രാമകൃഷ്ണപണിക്കർ (91) നിര്യാതയായി.

**വായ്പൂർ:** പടിഞ്ഞാറെക്കുറ്റ് സി.കെ. ശിവദാസൻ നായർ (ഹരി-62) നിര്യാതനായി.

**വള്ളംകുളം:** തുണ്ടിയിൽ കൊച്ചുപറമ്പിൽ കെ.ഐ. ചാക്കോ (87) നിര്യാതനായി.

**ചെമ്മലമറ്റം:** പരുവശേരിൽ കുരുവിള ചാക്കോ (കുട്ടപ്പൻ-69) നിര്യാതനായി.

KERALA EXPRESS Classified

## ബേബി സിറ്ററെ ആവശ്യമുണ്ട്

ക്ലീവ്ലന്റ് ഒഹായോയിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ 4 മാസം പ്രായമുള്ള കുട്ടിയെ വീട്ടിൽ താമസിച്ച് പരിചരിക്കുന്നതിന് ബേബി സിറ്ററെ ആവശ്യമുണ്ട്.

**Phone: 216 318 9092**

**716 989 9221**

## NANNY WANTED

We are an Indian couple living in Elmhurst, Illinois. We are looking for either a live in or live out nanny/babysitter to start as soon as possible to watch an 8 month old infant. Some cooking and light house keeping expected.

**Please contact us at**

**917-685-2553 or 312-399-6750**

## 5 ACRES RUBBER ESTATE FOR SALE

5 Acres property near Nelliyani, Palai, easy access to Vaikom - Palai road, Alphonsa college and Mariyan hospital. This property is far away from flood zone. Selling as a whole, or three parts. Good for investment, apartment, villa or other development opportunities.

**Please contact**

**Jay: 001- 416 458 1978 or**

**Santhosh: 919447571716**

## ഉഴവൂരിൽ സ്ഥലം വില്പനയ്ക്ക്

ഉഴവൂരിൽ നിന്നും പയസ്മൗണ്ടിലേക്ക് പോകുന്ന വഴിക്ക് കരുനേച്ചി അമ്പലത്തിനു സമീപം വഴിയരുകിൽ 50 സെന്റ് സ്ഥലം വില്പനയ്ക്ക്. വീട് പണിയുന്നതിന് ഉത്തമം. N.R.I. യ്ക്ക് മുൻഗണന.

**താത്പര്യമുള്ളവർ വിളിക്കുക:**

**011-91-949-587-6840**

## മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് താമസിക്കുവാൻ അവസരം

ഫ്ളോറിഡായിലെ ഡാവൻപോർട്ടിൽ (ഒർലാണ്ടോയ്ക്കു സമീപം) താമസിക്കുന്ന ഒരു കുടുംബത്തിന്റെ കൂടെ വാടക നല്കി താമസിക്കുവാൻ പ്രായമുള്ള മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് അവസരം. താത്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**352-321-2096**

## HOUSING PLOT FOR SALE TRIVANDRUM

Two plots of 10 cents each for sale in Chavadimukku, Sreekariam. Walking distance from National Highway.

**Interested parties, please call:**

**516-784-3621**

## HELP WANTED

ചിക്കാഗോയിലെ സ്കോക്കിയിൽ താമസിക്കുന്ന മലയാളി ദമ്പതികളെ നോക്കുവാനും പാചകം ചെയ്യുവാനും ആളെ ആവശ്യമുണ്ട്.

അതോടൊപ്പം രണ്ട് വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാനും സഹായം ആവശ്യമുണ്ട്. താത്പര്യമുള്ളവർ വിളിക്കുക:

**(847) 340-7569, (847) 644-7298**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Susan, GA*

### *Favors Received*



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



*Inserted by: Firm Believer, FL*

### ഉപകാരസ്മരണ



*Inserted by: Firm Believer, FL*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Bloomingdale*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ

**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ**
**ഞങ്ങളോട് കരുണ ചെയ്യണമെ**
**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ**
**ഞങ്ങളോട് കരുണ ചെയ്യണമെ**
**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ**
**കൃപയുണ്ടായി ഞങ്ങളോട്**
**കരുണ ചെയ്യണമെ**
**നീ എന്നേയ്ക്കും വിശുദ്ധിയും**
**മഹത്വവുമുള്ളവനാകുന്നു**
**നീ എന്നേയ്ക്കും വിശുദ്ധിയും**
**മഹത്വവുമുള്ളവനാകുന്നു**
**നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും**
**നിന്റെ തിരുനാമം**
**വാഴ്ത്തപ്പെട്ടതും ആകുന്നു**
**ഞങ്ങളുടെ കർത്താവേ!**
**നിനക്കു സ്തുതി**
**ഞങ്ങളുടെ കർത്താവേ!**
**നിനക്കു സ്തുതി**
**ഞങ്ങളുടെ ശരണമേ!**
**എന്നേയ്ക്കും നിനക്കു സ്തുതി**
**ബാറെക്മോർ**

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ

**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ**
**ഞങ്ങളോട് കരുണ ചെയ്യണമെ**
**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ**
**ഞങ്ങളോട് കരുണ ചെയ്യണമെ**
**വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ**
**കൃപയുണ്ടായി ഞങ്ങളോട്**
**കരുണ ചെയ്യണമെ**
**നീ എന്നേയ്ക്കും വിശുദ്ധിയും**
**മഹത്വവുമുള്ളവനാകുന്നു**
**നീ എന്നേയ്ക്കും വിശുദ്ധിയും**
**മഹത്വവുമുള്ളവനാകുന്നു**
**നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും**
**നിന്റെ തിരുനാമം**
**വാഴ്ത്തപ്പെട്ടതും ആകുന്നു**
**ഞങ്ങളുടെ കർത്താവേ!**
**നിനക്കു സ്തുതി**
**ഞങ്ങളുടെ കർത്താവേ!**
**നിനക്കു സ്തുതി**
**ഞങ്ങളുടെ ശരണമേ!**
**എന്നേയ്ക്കും നിനക്കു സ്തുതി**
**ബാറെക്മോർ**

*Inserted by: Firm Believer, New York*

## കഥ ഇതുവരെ

അലീനയുടെ നന്മകൾ തിരിച്ചറിയുകയാണ് ബബിത. അലീനയിലെ വേലക്കാരി എന്ന ലേബൽ തിരുത്തിക്കുറിക്കാൻ അവൾ വീട്ടിൽ ശ്രമം തുടങ്ങി. വൈജയന്തിയുടെ പുതിയ താമസസ്ഥലം ശിവശങ്കരമേനോൻ കണ്ടുപിടിക്കുന്നു. പ്രതിസന്ധിയിൽ തളരാതെ പരിഹാരങ്ങൾ നിർദ്ദേശിക്കാറുള്ള അലീനയുടെ മനസ്സിൽ എന്തൊക്കെയോ തീരുമാനങ്ങൾ ഉണ്ടാകുന്നു. ഈ കുടുംബം രണ്ടായി പിളരാതിരിക്കണം. അച്ഛനും അമ്മയും മക്കളും ഒന്നിച്ചു കഴിയുന്ന വീടായിരിക്കണം ഇത്. ഈ തീരുമാനം ബാലചന്ദ്രമേനോനെയും മക്കളെയും ഞെട്ടിച്ചു. അലീനയെ അവളുടെ യഥാർത്ഥ അച്ഛനെ ഏൽപ്പിക്കാൻ കഴിഞ്ഞതിൽ ബാലചന്ദ്രമേനോൻ സന്തുഷ്ടനാണ്. വൈജയന്തി കടപ്പാട്ടൂരെ വീട്ടിൽ തിരിച്ചെത്തി. സ്റ്റാൻലിയുടെ അപ്പച്ചൻ അലീനയെ കണ്ടനിമിഷം അയാളുടെ മനസ്സ് അൻപത്തിയഞ്ചു വർഷം പിന്നിലേക്കുപോയി. മരിച്ചുപോയ ഭാര്യ ചിന്നമ്മയുടെ തനിസ്വരൂപമായിരുന്നു അയാൾ കണ്ടത്. സ്റ്റാൻലിയും വല്യപ്പച്ചനും അലീനയുമൊത്ത് പുനലൂർക്കു പോയി. കുളത്തുപ്പുഴയിലെ വീട്ടിലെത്തി ഉച്ചഭക്ഷണം തയാറാക്കുന്നതിനിടയിലാണ് അലീന ഒരു കാറിന്റെ ശബ്ദം കേട്ടത്. കാറിൽനിന്നിറങ്ങി വന്ന ബാലചന്ദ്രമേനോനെ കണ്ട അവൾ വിസ്മയിച്ചു പോയി. വൈജയന്തി വന്നതോടെ വീട്ടിലെ ഐക്യവും ശാന്തിയും ഇല്ലാതായെന്ന് ബാലചന്ദ്രമേനോൻ അവളോട് പറയുന്നു. അലീനയുമായി ബന്ധപ്പെട്ട ആ രഹസ്യം രോഹിത്ത് ബാലചന്ദ്രമേനോനിൽനിന്ന് കേൾക്കുന്നു. മകൻ തൊടുത്തുവിട്ട വാക്കുകൾ വൈജയന്തിയുടെ കാതിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. അവളുടെ മനസിൽ പഴയകാല സ്മരണകൾ ഇരമ്പി.

**(തുടർന്നു വായിക്കുക)**

# മഴതോരും മുൻപേ...

**ജോയ്സി**

**137**

**സ്റ്റാ**ൻലി തോട്ടത്തിലേക്കു പോകാൻ ഒരുങ്ങുകയായിരുന്നു. ആന്റപ്പൻ വന്നു വാതിൽക്കൽ തലകാട്ടി.

“സാബ്....”

“എന്താടോ?”

ബൂട്ട്സ് ഇടുന്നതിനിടയിൽ സ്റ്റാൻലി ചോദിച്ചു.

“പൗലോസ് കാണാൻ വന്നിരിക്കുന്നു.”

“ഏതു പൗലോസ്?”

“ഇവിടുത്തെ കുക്കായിട്ടു നിന്ന....”

“അവനോ.... അവൻ കുക്കായിട്ടു നിന്നവനല്ല. കക്കാനായിട്ടു നിന്നവനാ. അവനെന്തിനാണു വന്നത്?”

“സാബിനെ കാണണമെന്ന്.”

“ഊം....”

ജാക്കറ്റുംകൂടി ധരിച്ചശേഷം ജീപ്പിന്റെ സ്വിച്ച് കീയെടുത്തു സ്റ്റാൻലി മുറിവിട്ടിറങ്ങി.

അയാൾ പൂമുഖത്തു ചെന്നപ്പോൾ പൗലോസ് അവിടെ ഭയഭക്ത്യാദരങ്ങളോടെ നിൽപ്പുണ്ട്. സ്റ്റാൻലിയെ കണ്ട് അയാൾ തല കുനിച്ചു വണങ്ങി.

“പൗലോസിന് എന്തുപറ്റി.... എലിപ്പനി പിടിച്ചോ? ആകെയൊരു ക്ഷീണം.”

“സുഖമില്ലാരുന്നു മുതലാളീ.”

“താനെത്ര ദിവസം കഴിഞ്ഞു തിരിച്ചു വരുമെന്നാ എന്നോടു പറഞ്ഞിരുന്നത്.... നാലോ അതോ അഞ്ചോ?”

“മുതലാളീ ഞാൻ പെട്ടെന്നു വരാൻവേണ്ടി പോയതാ. പക്ഷേ സുഖമില്ലാതായിപ്പോയി.”

“തനിക്കു പകരം തന്റെ പട്ടിയായിരിക്കും വരുന്നതെന്നു താനിവിടെ രാജപ്പനോടും ബൈജുവിനോടും പറഞ്ഞിരുന്നില്ലേ? ഞാനിവിടെ തന്റെ പട്ടി വരുന്നതും നോക്കിയിരിപ്പാണ്. ഒരു പട്ടിക്കൂടും ഞാൻ ശരിയാക്കിയിട്ടുണ്ട്.”

“മുതലാളീ, ഞാൻ വെറുതെ അവന്മാരോടു തമാശ പറഞ്ഞതാ. എന്റെ വീട്ടിലാണെങ്കി ഒരു പട്ടിപോലുമില്ല.”

“ഉണ്ടായിരുന്നെങ്കിൽ താനൊരെണ്ണത്തിനെ ഇങ്ങോട്ടു വിട്ടേനെ, അല്ലേടോ?”

“ഇല്ല മുതലാളീ....”

“ഊം....”

സ്റ്റാൻലി ജീപ്പ് ഇട്ടിരുന്ന ഷെഡ്ഡിലേക്കു നടന്നു.

പൗലോസ് പിന്നാലെ ചെന്നു.

“മുതലാളീ, ഞാൻ ജോലിക്ക് കേറിക്കോട്ടെ?”

“എന്തു ജോലിക്ക്?”

“ഇവിടെ കുക്കായിട്ട്....”

പൗലോസ് ഞരങ്ങി.

“പൗലോസേ, നീ തിരിച്ചുവരുമെന്നു കരുതി ഞാൻ കുറച്ചു വെയ്റ്റ് ചെയ്തു. ഒടുവിൽ പകരം ആളെവെച്ചു. ഇനി ഒഴിവുണ്ടാകുമ്പോ പറയാം.”

സ്റ്റാൻലി ജീപ്പിൽ കയറിയിരുന്നു.

“മുതലാളീ എനിക്കൊരബദ്ധം പറ്റിയതാ. ഞാനിവിടുന്നു പോകരുതാരുന്നു.”

“എനിക്കും ഒരബദ്ധം പറ്റി. നിന്നെ ഞാനിവിടെ നിർത്തരുതായിരുന്നു പൗലോസേ.”

“ഞാൻ ഇനിയൊരിക്കലും എനിക്കു പറ്റിയ തെറ്റ് ആവർത്തിക്കില്ല.”

സ്റ്റാൻലി ജീപ്പോടിച്ചു തോട്ടത്തിലേക്കു പോയി. പൗലോസ് ഔതക്കുട്ടിച്ചായനെ ചെന്നു കണ്ടു.

“എന്നെ സഹായിക്കണം.... വേറൊരു നിവൃത്തീം ഇല്ലാഞ്ഞിട്ടാ.”

“ഞാനീ നാട്ടുകാരനല്ല പൗലോസേ.... പുനലൂരാ എന്റെ സ്വദേശം.”

ഔതക്കുട്ടിച്ചായൻ നിഷ്കരുണം കയ്യൊഴിഞ്ഞു.

“അങ്ങനെ പറയരുത്. ഇനി എന്റെ കയ്യീന്ന് ഒരു കുഴപ്പോം വരത്തില്ല.”

“മുൻപു നിന്റെ കയ്യീന്നു കുറെ കുഴപ്പങ്ങള് വന്നിട്ടുണ്ട്, അല്ലേടാ? എന്തായിരുന്നെടാ നിന്റെ അഹങ്കാരം.! ആ പെങ്കൊച്ച് എന്തൊരു മര്യാദയ്ക്കാ നിന്നോടു പെരുമാറിയത്. അവള് ലാലിച്ചന്റെ മകളാണെന്ന് നിനക്കറിയാരുന്നല്ലോ. പക്ഷേ, ആ അധികാരം വല്ലതും നിന്റടുത്തു കാണിച്ചോ വളരെ വിനയത്തിലും നയത്തിലും ചില കാര്യങ്ങൾ പറഞ്ഞുതരികയല്ലേ ചെയ്തുള്ളൂ. പക്ഷേ, അന്നേരം നിനക്ക് അഹങ്കാരം.”

“ഞാൻ സമ്മതിച്ചല്ലോ, എനിക്കു ചില അബദ്ധങ്ങള് പറ്റിപ്പോയി.”

“അല്ല പൗലോസേ, നീയെന്താ വിചാരിച്ചെ.... ലാലിച്ചൻ സ്വന്തം മകളെ പിരിച്ചുവിട്ടിട്ട് നിന്നെ പ്രധാനമന്ത്രിയായിട്ടു വാഴിക്കുമെന്നോ കള്ളത്തരത്തിന്റെ ആശാനല്ലാരുന്നോടാ നീ. അതു പിടിച്ചപ്പം നല്ല വാക്കും ക്ഷമേം പറഞ്ഞ് ഇവിടെ നിൽക്കുന്നതിനു പകരം നീ ലാലിച്ചനെ മര്യാദ പഠിപ്പിക്കാൻവേണ്ടി ജോലിയിട്ടിട്ടു പോയി. ദാണ്ടെ.... ലാലിച്ചൻ നീയില്ലാത്ത കാരണം പട്ടിണി കിടന്നു കോലംകെട്ടു. നിന്റെ തൃക്കൈകൊണ്ടു പാകംചയ്തു കൊടുത്താലല്ലേ അവൻ വല്ലതും കഴിക്കൂ.”

പൗലോസ് നിരാശനായി നിന്നു ഔതക്കുട്ടിച്ചായൻ പതിയെ പിന്തിരിഞ്ഞു.

വാതിൽ കടക്കാൻനേരം ഒന്നു തിരിഞ്ഞുനോക്കിയിട്ട് ഇത്രകൂടി പറഞ്ഞു.

“നീയാ പെങ്കൊച്ചിന്റെ കാലുപിടിച്ച് നോക്ക്.... അല്ലാതെ വേറൊരു രക്ഷയുമില്ല.”

അലീന കിച്ചണിലായിരുന്നു.

വർക്കേരിയയ്ക്കു പിന്നിലെ വരാന്തയിൽ ആരോ ചുമയ്ക്കുന്നതു കേട്ട് അവൾ തലനീട്ടി നോക്കി.

അലീന പെട്ടെന്നു വർക്കേരിയയുടെ വാതിൽക്കലേക്കു ചെന്നു.

“ആങ്ഹാ.... പൗലോസുചേട്ടനായിരുന്നോ. ഇതെന്തുപറ്റി..... ക്ഷീണിച്ചുപോയല്ലോ.”

“സുഖമില്ലായിരുന്നു.... അതുകൊണ്ടാ.”

“അങ്ങോട്ടിരിക്ക്.”

അലീന ചൂണ്ടിക്കാണിച്ച ബെഞ്ചിലേക്ക് പൗലോസ് ഇരുന്നു.

“എന്തൊക്കെയുണ്ട് പൗലോസുചേട്ടാ വിശേഷങ്ങൾ. രാവിലെ വല്ലതും കഴിച്ചാരുന്നോ. ഒരു ചായ എടുക്കട്ടെ?”

പൗലോസ് ഒന്നും മിണ്ടിയില്ല.

അലീന പോയി ചായ എടുത്തോണ്ടുവന്നു പൗലോസിനു കൊടുത്തു.

“ഇതു കുടിക്കുമ്പോഴേക്കും കഴിക്കാനുള്ളതു എടുത്തുവയ്ക്കാം.”

പൗലോസ് ബെഞ്ചിലിരുന്നു ചായ മൊത്തിക്കുടിച്ചു.

ഇത്രയും രുചിയുള്ളൊരു ചായ ജീവിതത്തിലൊരിക്കലും കുടിച്ചിട്ടില്ലെന്ന് അയാൾക്കു തോന്നി.

അലീന അയാൾക്കു കഴിക്കാൻ പാലപ്പവും സ്റ്റ്യൂവും എടുത്തു. വർക്കേരിയയിലെ ചെറിയ ഡൈനിങ് ടേബിളിൽ വെച്ചു. എന്നിട്ടു പൗലോസുചേട്ടനെ വിളിച്ചു.

അയാൾ ചെന്നു കഴിക്കാനിരുന്നു.

പൗലോസിന് അവളുടെ മുഖത്തു നോക്കാൻ വിഷമമായിരുന്നു. ആഹാരം കഴിക്കുന്നതിനിടയിൽത്തന്നെ അയാൾ ചുറ്റുപാടും കണ്ണോടിച്ചു.

താൻ കിച്ചൺ കൈകാര്യം ചെയ്തിരുന്നപ്പോൾ ഇല്ലാത്ത വൃത്തിയും വെടിപ്പും അടുക്കും ചിട്ടയുമെല്ലാം അയാൾ എല്ലായിടത്തും കണ്ടു.

ഭക്ഷണം കഴിച്ച ശേഷം അയാൾ എഴുന്നേറ്റു കൈകഴുകി. ഇനി എന്തുപറയണമെന്നറിയാതെ വിഷണ്ണനായി നിന്നു.

“ഇവിടുന്നു പോയശേഷം പൗലോസുചേട്ടൻ മൂന്നു സ്ഥലത്തു ജോലിക്കു നിന്നു അല്ലേ?” അലീന ചോദിച്ചു. “ഒരു ഹോട്ടലിലും രണ്ടു വീടുകളിലും. ഹോട്ടലിൽ നല്ല ശമ്പളമുണ്ടായിരുന്നു. പക്ഷേ, വെളുപ്പിനു നാലുമണിക്കു തുടങ്ങുന്ന ജോലി തീരുന്നത് രാത്രി പതിനൊന്നിന്. ഇടയ്ക്കൊന്ന് കുത്തിയിരിക്കാൻ സമയമില്ല. ഒരു വീട്ടിൽ ജോലിക്കു നിന്നപ്പം ശമ്പളം കുറഞ്ഞുപോയി. വേറൊരിടത്തു നിന്നപ്പോ അധികാരോം സ്വാതന്ത്ര്യോം തീരെയില്ല.”

പൗലോസുചേട്ടൻ തലകുനിച്ചു നിന്നു കേട്ടു.

“ഇവിടായിരുന്നപ്പോ എന്തു സുഖമായിരുന്നെന്നു പൗലോസുചേട്ടനു മനസ്സിലായല്ലോ. ജോലി തീർത്തിട്ടു വിശ്രമിക്കാൻ ഇഷ്ടംപോലെ സമയം. പൗലോസുചേട്ടനെ ചോദ്യം ചെയ്യാനോ പൗലോസുചേട്ടന്റെ അധികാരപരിധിയിലേക്കു കടന്നു കേറാനോ ആരുമില്ലായിരുന്നു. നല്ല ശമ്പളവുമുണ്ടായിരുന്നു. പപ്പയ്ക്കാണെങ്കി പൗലോസുചേട്ടനില്ലെങ്കി ജീവിക്കാൻ പറ്റില്ലെന്നൊരു വിചാരമുണ്ടായിരുന്നു. എല്ലാ സ്വാതന്ത്ര്യോം പപ്പ തന്നില്ലേ? പക്ഷേ, പൗലോസുചേട്ടൻ തിരിച്ച് ആ നന്ദി പപ്പയോടു കാണിച്ചോ? ഇല്ല. തട്ടിപ്പും വെട്ടിപ്പുമൊക്കെ നടത്തി പപ്പയെ പറ്റിച്ചോണ്ടിരുന്നു. ഭയങ്കര കഷ്ടമല്ലേ പൗലോസുചേട്ടാ അത്?”

പൗലോസിനു തല ഉയർത്താനുള്ള ധൈര്യമില്ലായിരുന്നു.

“അതെല്ലാം പോട്ടെ..... പപ്പയ്ക്കു നഷ്ടം വരുത്താതെയെങ്കിലും നോക്കണ്ടാരുന്നോ പൗലോസുചേട്ടൻ? ആവശ്യമില്ലാത്തത്രയും സാധനങ്ങൾ വാങ്ങി കേടാക്കിക്കളയുക, ഭക്ഷണം ഉണ്ടാക്കുന്നതിനിടയിൽ മനഃപൂർവം കുറെ നഷ്ടപ്പെടുത്തുക, ഉണ്ടാക്കിയ ഭക്ഷണം വേസ്റ്റ് കൂമ്പാരത്തിൽ തള്ളുക.... ഇതൊക്കെയല്ലേ പൗലോസുചേട്ടൻ ചെയ്തോണ്ടിരുന്നത്? നമുക്കു ചോറും ശമ്പളോം തരുന്നവരോട് ഒരു കൂറും നന്ദീം വേണ്ടേ? അതു പൗലോസുചേട്ടൻ കാണിച്ചില്ല. അതുകൊണ്ടാ അന്നു ഞാൻ ഇടപെട്ടത്. അല്ലാതെ പൗലോസുചേട്ടനോടുള്ള വിരോധംകൊണ്ടൊന്നുമല്ല.... ഇപ്പഴുമില്ല വിരോധം.”

പൗലോസ് മെല്ലെ മുഖമുയർത്തി.

കുറ്റബോധത്തോടെ അയാൾ പറഞ്ഞു.

“എനിക്കു തെറ്റുപറ്റിപ്പോയി.”

“തെറ്റുപറ്റി എന്നു പറയാൻ ആർക്കും സാധിക്കും. രണ്ടോ മൂന്നോ വാക്കിന്റെ ചെലവേയുള്ളു. മുൻപു തെറ്റുപറ്റിയിരുന്നു എന്ന് പിന്നീടുള്ള പ്രവൃത്തികൊണ്ടു മറ്റുള്ളവർക്കു കാണിച്ചുകൊടുക്കണം. അതാണു ശരിക്കുള്ള മാപ്പുപറച്ചിൽ. എന്തായാലും പൗലോസുചേട്ടൻ ഇവിടെ നിൽക്ക്. പപ്പ വരുമ്പോ ഞാനൊന്നു പറഞ്ഞു നോക്കട്ടെ.”

സ്റ്റാൻലി തോട്ടത്തിൽനിന്ന് മടങ്ങിവന്നപ്പോൾ ഉച്ചയായി. അയാൾ ഊണു കഴിക്കാനിരുന്നപ്പോൾ അലീന പൗലോസിന്റെ കാര്യം പറഞ്ഞു.

“അയാളെ ഞാൻ രാവിലെ കണ്ടിരുന്നല്ലോ.... തിരിച്ചു പോയില്ലേ?”

സ്റ്റാൻലി ചോദിച്ചു.

“തെറ്റു ചെയ്തവർക്കു തിരുത്താൻ ഒരവസരം കൊടുക്കണ്ടേ പപ്പാ?”

“തിരുത്താനുള്ള അവസരം നമ്മൾ കൊടുത്തിരുന്നല്ലോ.... അയാളതു വേണ്ടെന്നു വച്ചുപോയതല്ലേ?”

“എല്ലാരും ഒരുപോലെ ബുദ്ധിമാന്മാരല്ലല്ലോ പപ്പാ. ചിലർ ആദ്യം കിട്ടുന്ന അവസരത്തിൽത്തന്നെ ജയിച്ചു കേറിപ്പോകും.... ചിലതൊക്കെ എത്ര അവസരം കിട്ടിയാലാ ഒന്നു രക്ഷപ്പെടുന്നത്?”

സ്റ്റാൻലി അലീനയെ സൂക്ഷിച്ചു നോക്കി.

“എനിക്കു വെച്ചുവിളമ്പിത്തന്നു നീ മടുത്തോ?”

“ങും.... മടുത്തു.”

അലീന പരിഭവിച്ചു.

“ങാ.... നിന്റെ ഇഷ്ടംപോലെ ചെയ്യ്. പിന്നീട് എന്റെ മുൻപിൽ പരാതിയുമായിട്ട് വന്നേക്കരുത്. എവിടെ പൗലോസ്?”

അലീന എഴുന്നേറ്റുപോയി പൗലോസിനെ വിളിച്ച് ഊണുമേശയ്ക്കു മുന്നിൽ കൊണ്ടുവന്നു നിർത്തി. അയാൾ തലകുനിച്ചു നിന്നു.

“ഇവിടെ നോക്കെടാ.” സ്റ്റാൻലി പരുഷസ്വരത്തിൽ പറഞ്ഞു.

പൗലോസ് മുഖമുയർത്തി.

“എന്റെ മോളൊരു വാക്കു പറഞ്ഞതുകൊണ്ടു മാത്രം തനിക്കൊരു ചാൻസുകൂടി തരികയാ. ഇനി എന്തെങ്കിലും അഹങ്കാരം കാണിച്ചാൽ പിന്നെ മാപ്പില്ല.”

പൗലോസ് ഒരു ദീർഘനിശ്വാസമെടുത്തു തലയാട്ടി.

“നിന്നെ സ്ഥിരമായിട്ട് എടുത്തതല്ല. കുറെ ദിവസം ഞങ്ങളു നോക്കും.... നിന്റെ പെരുമാറ്റമൊക്കെ നല്ലതാണോന്ന്. സൂക്ഷിച്ചു നിന്നാ നിനക്കു കൊള്ളാം.”

ഔതക്കുട്ടിച്ചായന്റെ അഭിപ്രായമായിരുന്നു അത്. പിന്നീട് പൗലോസിനെ കണ്ടപ്പോൾ ബൈജു ചെറുതായൊന്നു കളിയാക്കി.

“എന്തായാലും കിലുക്കത്തിൽ ഇന്നസെന്റ് ചെയ്തപോലെ കേണൽ സാബിനെ ചീത്തവിളിച്ചു പോകാതിരുന്നതു നന്നായി.”

“അതിന് അന്നു പൗലോസുചേട്ടൻ ലോട്ടറി ടിക്കറ്റൊന്നും എടുത്തിട്ടില്ലാരുന്നല്ലോ.”

രാജപ്പനും ചെറിയൊരു ഒളിയമ്പു തൊടുത്തു.

***   ***   ***

ഈസ്റ്റർ വരികയാണ്.

# നോവൽ

ഔതക്കുട്ടിച്ചായന് ഇത്തവണ ഈസ്റ്റർ ആഘോഷം പുനലൂരിൽ നടത്തണമെന്ന് ഒരാഗ്രഹം. കുടുംബാംഗങ്ങളെയെല്ലാം തറവാട്ടിൽ വിളിച്ചുകൂട്ടി ഒന്നാന്തരം ഒരാഘോഷമാക്കി മാറ്റണം.

പക്ഷേ, ഔതക്കുട്ടിച്ചായന് സ്റ്റാൻലിയോട് അതു പറയാൻ ധൈര്യം പോര. അയാൾ ആലീനയെ ശരണം പ്രാപിച്ചു. അലീന ഇക്കാര്യം സ്റ്റാൻലിയുടെ മുൻപിൽ അവതരിപ്പിക്കാമെന്നേറ്റു. പക്ഷേ, ഔതക്കുട്ടിച്ചായൻ ഒരു പ്രത്യുപകാരം ചെയ്യണം. അവൾക്ക് സ്റ്റാൻലിയുടെ മുൻപിൽ ഒരപേക്ഷ വയ്ക്കാനുണ്ട്. പെസഹാ വ്യാഴാഴ്ച അവൾക്കു ചില അനാഥാലയങ്ങൾ സന്ദർശിക്കണം. അതിനുള്ള അനുമതി സ്റ്റാൻലിയിൽനിന്നു വാങ്ങണം. അക്കാര്യം ഔതക്കുട്ടിച്ചായനും ഏറ്റു.

ഔതക്കുട്ടിച്ചായന്റെ അപേക്ഷയുമായി ആദ്യം അലീനയാണു സ്റ്റാൻലിയെ സമീപിച്ചത്.

"പപ്പാ, നമുക്കീ വർഷം ഈസ്റ്റർ പുനലൂരിൽ വെച്ച് ആഘോഷിച്ചാലോ. പപ്പാടെ അനുജന്മാരെയും മക്കളെയുമെല്ലാം തറവാട്ടിൽ വിളിച്ചുകൂട്ടി ഒരു പെരുന്നാളുപോലെ."

"വേണ്ട.... വേണ്ട. അതിന്റെ യാതൊരാവശ്യോം ഇല്ല."

സ്റ്റാൻലി തീർത്തു പറഞ്ഞു.

"അഞ്ചലീന്ന് അവരേക്കൂടി വിളിക്കാം പപ്പാ."

"വേണ്ടെന്നു പറഞ്ഞില്ലേ. ഇവിടെവച്ചുള്ള ആഘോഷങ്ങളൊക്കെ മതി."

അലീന തോറ്റ മട്ടിൽ ഔതക്കുട്ടിച്ചായനെ നോക്കി. ഔതക്കുട്ടിച്ചായൻ ഇടപെട്ടു.

"ലാലിച്ചാ, അലീന നമ്മുടെ കുടുംബത്തിലോട്ടു വന്നതിനു ശേഷമുള്ള ആദ്യത്തെ ഈസ്റ്ററല്ലേ.... അതു നമ്മളു കുടുംബക്കാരെല്ലാം ഒന്നുചേർന്ന് ആഘോഷിക്കണ്ടേ?"

"ഓഹോ! അപ്പച്ചനാണ് അവളെക്കൊണ്ടിതു പറയിച്ചത്, അല്ലേ?"

"ആണെങ്കിലെന്താ... ന്യായമായ ആവശ്യമല്ലേ ഞാൻ പറഞ്ഞത്."

ഔതക്കുട്ടിച്ചായനു ശുണ്ഠി കയറി.

"അപ്പച്ചനു വേറെ പണിയൊന്നുമില്ലേ? അപ്പച്ചനൊരു കാര്യം ചെയ്യ്, നേരെ പുനലൂർക്കു വിട്ടോ. അവിടെച്ചെന്ന് ഈസ്റ്ററെല്ലാം ആഘോഷിച്ചിട്ടു സൗകര്യം പോലിങ്ങു വന്നാതി."

"അതു ഞാനെന്റെ ഇഷ്ടംപോലെ ചെയ്തോളാം. നീയാരാ എന്നോടു കല്പിക്കാൻ... ഏ? എന്റെ മടീക്കിടന്ന്...."

"മതി... മതി...."

അലീന ഇടപെട്ടു.

ഔതക്കുട്ടിച്ചായൻ ദേഷ്യമടക്കിപ്പിടിച്ചു സ്റ്റാൻലിയുടെ മുൻപിൽനിന്നു പോയി.

"ഈ പുനലൂരുവെച്ചുതന്നെ ഈസ്റ്റർ ആഘോഷിക്കണംന്ന് എന്താ ഇത്ര നിർബന്ധം?" സ്റ്റാൻലി ആരോടെന്നില്ലാതെ ചോദിച്ചു. "ബൈബിളിൽ എഴുതിവെച്ചിട്ടുണ്ടോ?"

സ്റ്റാൻലി അലീനയെ നോക്കി.

"ഞാൻ വായിച്ചിട്ടില്ല."

അലീന ചെറുചിരിയോടെ പറഞ്ഞു. "പുനലൂരുവെച്ച് ആഘോഷിക്കാൻ പാടില്ലെന്നും അതിലില്ല."

"നിങ്ങളു രണ്ടുപേരുംകൂടിയുള്ള നാടകമാണോ ഇത്?" സ്റ്റാൻലി



ചോദിച്ചു.

"ഉം...." അലീന സമ്മതിച്ചു മൂളി.

"ഇത്രയുംകാലം ആർക്കും പുനലൂരിൽവെച്ച് ആഘോഷം നടത്തണ്ടായിരുന്നു. സ്റ്റാൻലീന്നു പേരുള്ള ഒരു മകൻ കുളത്തുപ്പുഴ ഒറ്റയ്ക്കു താമസിക്കുന്നുണ്ടെന്ന് ഈ അപ്പച്ചൻ ഇന്നുവരെ ഓർത്തിട്ടില്ല. ക്രിസ്മസും ഈസ്റ്ററും ഓണവുമൊക്കെ എല്ലാ വർഷോം ഉണ്ടായിരുന്നല്ലോ.... ആർക്കും വേണ്ടായിരുന്നല്ലോ സ്റ്റാൻലിയെ."

പപ്പയുടെ ഉള്ളിൽ എവിടെയൊക്കെയോ അമർഷം പുകഞ്ഞു കിടപ്പുണ്ടെന്ന് അലീനയ്ക്കു തോന്നി.

"എന്നും അങ്ങനെ ആർക്കും വേണ്ടാത്തവരായിട്ടു നമ്മളിരിക്കണോ പപ്പാ? ഇപ്പം നല്ല ഡിമാന്റുണ്ടല്ലോ.... അതങ്ങു വരവുവെച്ചാപ്പോരെ?"

അലീന സ്റ്റാൻലിയുടെ മുഖത്തേക്കു പാളി നോക്കി.

ഇല്ല.... ഒട്ടും അയവില്ല.

അവൾ രംഗത്തുനിന്നു പിന്മാറി.

പിറ്റേന്ന് അത്താഴം കഴിഞ്ഞു സ്റ്റാൻലി കൈ കഴുകുമ്പോഴാണ് ഔതക്കുട്ടിച്ചായൻ അലീനയുടെ ആഗ്രഹത്തെപ്പറ്റി സ്റ്റാൻലിയോടു പറഞ്ഞത്. "അവൾക്കു പെസഹാ വ്യാഴാഴ്ച ഏതൊക്കെയോ അനാഥാലയത്തിൽ പോണംന്നു പറഞ്ഞു."

സ്റ്റാൻലി നെറ്റി ചുളിച്ചു.

"ഏത് അനാഥാലയത്തിൽ.... എന്തിന്?"

"അവൾക്ക് ആരെയൊക്കെയോ കാണണമെന്നോ, അവിടെന്തൊക്കെയോ വാങ്ങിക്കൊടുക്കണമെന്ന്...."

ഔതക്കുട്ടിച്ചായൻ പൂർത്തിയാക്കാതെ നിർത്തി.

"എന്താ അലീനാ പ്രശ്നം?"

സ്റ്റാൻലി നേരിട്ടു ചോദിച്ചു.

"പെസഹാവ്യാഴമല്ലേ പപ്പാ.... ചില ഓർഫനേജുകളിൽ വേണ്ട സാധനങ്ങളൊക്കെ വാങ്ങിക്കൊടുത്താൽ കൊള്ളാമെന്നുണ്ട്."

"എന്തു സാധനങ്ങൾ?"

"അപ്പവും റൊട്ടിയും ശർക്കരയും തേങ്ങയും.... പിന്നെ ഈസ്റ്റർ ആഘോഷിക്കാനുള്ള...."

"അതു പള്ളീലെവിടെങ്കിലും കൊടുത്താപ്പോരേ... ഒരു ദാനധർമ്മം നടത്തണം എന്നല്ലേയുള്ളൂ. നീയൊരു ഓർഫനേജിലാണു കുറേ കൊല്ലം താമസിച്ചതും വളർന്നതും.... സമ്മതിച്ചു. എന്നുവെച്ച് അതു ജീവിതകാലം മുഴുവൻ തലേൽ വെച്ചോണ്ടു നടക്കണോ?"

"എനിക്കതു മറക്കാൻ പറ്റില്ല പപ്പാ."

"ശരി, ബൈജുവിന്റെ കയ്യിലോട്ട് ഒരു ലിസ്റ്റെഴുതി കൊടുത്തേക്ക്. കൊടുക്കേണ്ടതൊക്കെ അവൻ വാങ്ങിക്കൊണ്ടുപോയി കൊടുത്തോളും."

"അതു പോര പപ്പാ.... ഞാൻതന്നെ പോകണം. ഞാനോർത്തു പപ്പേം എന്റെകൂടെ വരുമെന്ന്. എന്റെ കൂടെയുണ്ടായിരുന്ന പലരും ഇപ്പഴും ഓരോരോ അനാഥാലയത്തിലുണ്ട്. എന്റെ പപ്പയാണെന്നു പറഞ്ഞ് അവർക്ക് പരിചയപ്പെടുത്താമല്ലോന്നു വിചാരിച്ചു,"

"ഞാനുംകൂടി വരാനോ. എനിക്കീ ഓർഫനേജെന്നു കേൾക്കുന്നതേ ഇഷ്ടമല്ല. കണ്ട അനാഥരുടെയൊക്കെ മുൻപിൽ വിളിച്ചോണ്ടു പോയി എന്നെ പരിചയപ്പെടുത്തീട്ട് എന്താ കാര്യം? എനിക്കതു നാണക്കേടാണ്."

സ്റ്റാൻലി യാതൊരു ദയയുമില്ലാതെ പറഞ്ഞു.

അതൽപ്പം കൂടിപ്പോയെന്ന് ഔതക്കുട്ടിച്ചായന് തോന്നി.

അലീനയുടെ മുഖം വാടിപ്പോയിരുന്നു.

"പപ്പ ഇങ്ങനെ പറയുമെന്നു ഞാനൊരിക്കലും വിചാരിച്ചില്ല, കേട്ടോ..." അലീനയുടെ സ്വരത്തിൽ സങ്കടം കലർന്നു. "ഓരോ ക്രിസ്മസ് വരുമ്പഴും ഈസ്റ്റർ വരുമ്പഴും പപ്പയുടെ മകൾ കഴക്കൂട്ടത്തെ അനാഥാലയത്തിൽ കാത്തിരുന്നിട്ടുണ്ട്. ആരെങ്കിലും ഒരു കേക്ക് കൊണ്ടുവരും. അല്ലെങ്കിൽ അപ്പമോ റൊട്ടിയോ കൊണ്ടുവരുമെന്നുള്ള പ്രതീക്ഷയോടെ. ആരെങ്കിലും കൊണ്ടുവരുമായിരുന്നു. സന്തോഷത്തോടെ അതു പങ്കിട്ടു കഴിച്ചിട്ടുള്ളവളാ ഞാൻ. എത്രയോ വർഷം! ഇപ്പഴും ഓരോരോ അനാഥാലയങ്ങളിൽ അനാഥക്കുഞ്ഞുങ്ങൾ അങ്ങനെ കാത്തിരിക്കുന്നുണ്ട്. ഒരു കഷണം അപ്പത്തിനും റൊട്ടിക്കും വേണ്ടി. ഒരു തവണയെങ്കിലും പപ്പ എന്റെകൂടെ വന്ന് അവരെ സന്തോഷിപ്പിക്കണ്ടേ. പപ്പ എത്ര വർഷം കൊടുത്താലും ആ കടപ്പാട് തീരുമോ പപ്പാ?" അലീന നിറകണ്ണുകളോടെ സ്റ്റാൻലിയെ നോക്കി. പിന്നെ തിരിഞ്ഞു കിച്ചണിലേക്കു പോയി.

സ്റ്റാൻലി സ്തംഭിച്ചു നിൽക്കുകയാണ്. ഔതക്കുട്ടിച്ചായനും പതുക്കെ രംഗത്തുനിന്നു പിൻവലിഞ്ഞു.

സ്റ്റാൻലി ഞെട്ടിയുണർന്നപോലെ കൺമിഴിച്ചു ചുറ്റും നോക്കി.

ആരുമില്ല.

മുറിയിലെത്തിയ ഉടൻ രണ്ടു പെഗ്ഗ് തുടരെത്തുടരെ ഒഴിച്ചു കുടിച്ചു. ചുരുട്ടു പുകച്ചുകൊണ്ടു മുറിയിലൂടെ നടന്നു.

കണ്ണിനകത്തു കുരുങ്ങിക്കിടക്കുന്ന ദൃശ്യത്തെ മായ്ക്കാനെന്നോണം അയാൾ കണ്ണുചിമ്മി.

ഏതോ ഒരോർഫനേജിന്റെ വരാന്തയിൽ രാവിലെമുതൽ വഴിക്കണ്ണുമായി ഇരിക്കുന്ന ഒരനാഥപ്പെൺകുഞ്ഞ്.

ഉച്ചയായി, സായാഹ്നമായി, സന്ധ്യയായി. അവസാനം അവൾ കാത്തിരുന്നയാൾ വന്നെത്തി.

അയാൾ ഒരപ്പക്കഷണം അവൾക്കു സമ്മാനിച്ചു.

അവൾക്കു സന്തോഷമായി.

അനാഥാലയത്തിന്റെ ഭിത്തി ചാരിയിരുന്ന് അവൾ അതു സന്തോഷത്തോടെ കടിച്ചുതിന്നുന്നു.

സ്റ്റാൻലി വീണ്ടും വീണ്ടും കണ്ണു ചിമ്മി.

ഇല്ല.... മായുന്നില്ല.

*** *** ***

ലൈറ്റണച്ച് ഉറങ്ങാൻ കിടന്നതേയുള്ളു അലീന.

വാതിലിൽ തട്ടുന്ന ശബ്ദം കേട്ട് അവൾ ലൈറ്റിട്ടു എഴുന്നേറ്റു ചെന്നു വാതിൽ തുറന്നു.

സ്റ്റാൻലി വാതിലിനപ്പുറം നിൽപ്പുണ്ടായിരുന്നു.

"നീ ഉറങ്ങിയാരുന്നോ?"

"ഇല്ല." അലീന പറഞ്ഞു.

(ശേഷം 34-ാം പേജിൽ)


## ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*
*ദാനിയേൽ റഫറൻസ് ബൈബിൾ*
*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*
*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*
*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*
website: www.danielbible.com

## ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം
ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!
ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു
https://ttb.twr.org/podcasts
e-mail: malayalamttb@radio882.com
website: www.radio882.com
USA contact: Ph: 972-475-4880
e-mail: ki_thomas@hotmail.com



## MOTHERS PRAYER

തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നമ്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ-സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.

ബന്ധപ്പെടേണ്ട വിലാസം:
Sister: Annamma Ninan
39241 N Stockton Ln, Beach Park, IL - 60083.
Phone - 847-623-2973
Email- Mothersprayerusa@sbcglobal.net

# നോവൽ

(33-ാം പേജിൽ നിന്നും)

"ലൈറ്റ് കണ്ടില്ല."

"ഇപ്പം അണച്ചതേയുള്ളു."

സ്റ്റാൻലി മുറിക്കകത്തു കടന്നു റൂമിലൂടെ ഒന്നു ചുറ്റിനടന്നു.

"നീയെന്താ എസിയിടാഞ്ഞത്? അതിനല്ലേ ഞാൻ വാങ്ങിവെച്ചിരിക്കുന്നത്."

"ഫാനുണ്ടല്ലോ. അതുമതി പപ്പാ. വെറുതെ എന്തിനാ അത്രേം കറന്റ് ചെലവാക്കുന്നെ?"

"ശരി. നീ കിടന്നോ. ഞാൻ കുറച്ചുനേരം ടിവി കാണട്ടെ. എന്റെ റൂമിലെ ടിവി അത്ര ശരിയല്ല."

സ്റ്റാൻലി ടിവി ഓൺ ചെയ്തു. റിമോട്ട് സെറ്റ് കയ്യിലെടുത്തു. ചാനൽ മാറ്റിക്കൊണ്ടു നിന്നു. ഇടയ്ക്ക് അലീനയെ നോക്കി.

"എന്തിനാ നിൽക്കുന്നത്.... കിടന്നോ."

അലീന കിടക്കയിൽ ഇരുന്നു.

സ്റ്റാൻലി എസിയും ഓൺ ചെയ്തു.

ക്രമേണ നനുത്ത തണുപ്പ് മുറിയിൽ വ്യാപിച്ചുകൊണ്ടിരുന്നു. അലീന ഒന്നിനുമീതെ ഒന്നായി തലയണകൾ അടുക്കിവച്ച് അതിനുമേലെ ചാഞ്ഞുകിടന്നു.

കുറേക്കഴിഞ്ഞു സ്റ്റാൻലി ടിവി നിർത്തി. അലീന ഷീറ്റ് പുതച്ചിരിക്കുന്നതു കണ്ട് അയാൾ ചോദിച്ചു.

"തണുക്കുന്നുണ്ടോ നിനക്ക്?"

"ങും...."

എസി ഓഫ് ചെയ്തിട്ട് സ്റ്റാൻലി കിടക്കയിൽ അലീനയ്ക്കരികെ ഇരുന്നു. അവളുടെ മുഖത്തേക്കു നോക്കി.

"ഏതൊക്കെ ഓർഫനേജുകളിലാണ് നിനക്കു പോകേണ്ടത്?"

"പോകണ്ടെന്നല്ലേ പപ്പാ പറഞ്ഞത്." അവൾ പരിഭവത്തോടെ പറഞ്ഞു.

''പോകാം....'' സ്റ്റാൻലി ശബ്ദം താഴ്ത്തി.

"എപ്പഴാ പോകേണ്ടത്.... വ്യാഴാഴ്ച രാവിലെ പോകണോ, അതോ ഉച്ചകഴിഞ്ഞോ?"

"രാവിലെ പോകണം. ഞാൻ ബൈജുവിനെ കൂട്ടിക്കൊണ്ടു പൊയ്ക്കോളാം പപ്പാ."

"അതു വേണ്ട.... ഞാൻ വരാം. നിനക്ക് എന്നെ പരിചയപ്പെടുത്തണ്ടേ.... നിന്റെ പപ്പയാണെന്ന്?"

അലീനയ്ക്കു കരച്ചിൽ വന്നു.

''പപ്പയ്ക്കു നാണക്കേടല്ലേ. വേണ്ട."

സ്റ്റാൻലി അവളുടെ കരം ഗ്രഹിച്ചു.

"അതു പപ്പ അറിയാതെ പറഞ്ഞുപോയതാ.... സോറി. ഞാനങ്ങനെ പറയാൻ പാടില്ലാരുന്നു. എന്റെ മോളെ ഇരുപത്തിമൂന്നു വർഷക്കാലം വളർത്തിയ സ്ഥലമല്ലേ. എനിക്കൊരു നാണക്കേടുമില്ല.... എവിടെ വേണമെങ്കിലും വരാം."

അലീന ഏങ്ങലടിച്ചുകൊണ്ട് അയാളുടെ കൈത്തണ്ടയിലേക്കു മുഖമണച്ചു.

"സാരമില്ല, പപ്പയൊരു പട്ടാളക്കാരനല്ലേ. അതുകൊണ്ടാണ്."

അയാൾ വലതുകൈകൊണ്ട് അവളുടെ കവിളത്തും നെറ്റിയിലും തലോടി.

*** *** ***

കാർ ഓടിക്കൊണ്ടിരുന്നു. കാറിന്റെ ഡിക്കിയിലും പിൻസീറ്റിലും നിറയെ ഓരോരോ ഓർഫനേജുകളിലേക്കു സംഭാവന ചെയ്യാനുള്ള പലഹാരങ്ങളും റൊട്ടിയും പഴങ്ങളുമാണ്.

രാവിലെ ആരംഭിച്ച യാത്രയാണിത്.

പുനലൂർ, കൊട്ടാരക്കര, ആയൂർ, കിളിമാനൂർ തുടങ്ങിയ സ്ഥലങ്ങളിലെ അനാഥാലയങ്ങൾ സന്ദർശിച്ചുകൊണ്ട് നെയ്യാറ്റിൻകര വഴി പൊഴിയൂർ വരെ പോയി. മടക്കത്തിൽ തിരുവനന്തപുരത്തും നെടുമങ്ങാട്ടുമുള്ള അനാഥാലയങ്ങൾ സന്ദർശിച്ചു. നെടുമങ്ങാട്ടെ തൃപ്പരപ്പ് ഓപ്പൺ ഓർഫനേജിൽ വെച്ച് അലീന തന്നോടൊപ്പം സ്നേഹനികേതനത്തിലുണ്ടായിരുന്ന അന്തേവാസികളിൽ ചിലരെ കണ്ടുമുട്ടി.

ബ്രിജീത്ത മമ്മിയുണ്ടായിരുന്നപ്പോഴത്തെ അനാഥരിൽ ചിലർ ഏതെല്ലാം ഓർഫനേജുകളിലുണ്ടെന്ന് അലീന അന്വേഷിച്ചറിഞ്ഞു.

പൈലിയപ്പാപ്പൻ മൂന്നുമാസം മുൻപു മരിച്ചുപോയി. അവസാനകാലത്തു പുറത്തുപോയി പിച്ചതെണ്ടുമായിരുന്നു. ഒരു രാത്രി വെളുത്തപ്പം വട്ടപ്പാറ വെയിറ്റിങ് ഷെഡ്ഡിൽ മരിച്ചു കിടക്കുന്നതാ കണ്ടത്. ത്രേസ്യാക്കുട്ടിക്കു പ്രാന്തുപിടിച്ച് ഇപ്പം പേരൂർക്കടയൊണ്ട്-ഊളമ്പാറേല്. അമ്മിണി ഒരുത്തന്റെകൂടെ ഒളിച്ചുപോയി. ഇപ്പം എവിടെയൊണ്ടെന്നറിയത്തില്ല. ലീലമ്മ വണ്ടിയിടിച്ചു മരിച്ചു.

കുഞ്ഞൂഞ്ഞമ്മ എന്ന വിധവ അവർക്കറിയാവുന്ന വിവരങ്ങൾ അലീനയെ അറിയിച്ചു.

അലീന, സ്റ്റാൻലിയെ അവർക്കു പരിചയപ്പെടുത്തി.

"എന്റെ പപ്പയാ...."

അലീനയും സ്റ്റാൻലിയും തിരിച്ചുപോരുമ്പോഴും കുഞ്ഞൂഞ്ഞമ്മയുടെ മുഖത്തു സംശയം തങ്ങിനിന്നു.

അലീന വിശദീകരണങ്ങളൊന്നും കൊടുത്തില്ല. അതിനു സമയമില്ലായിരുന്നു.

കഴക്കൂട്ടത്തു വന്നപ്പോൾ സ്നേഹനികേതനം ഒടുവിൽ നടത്തിയിരുന്ന വാടകക്കെട്ടിടം അലീന സ്റ്റാൻലിക്കു കാട്ടിക്കൊടുത്തു. അത് ഒരു കുടുംബം താമസിക്കുന്ന വീടായി രൂപാന്തരപ്പെട്ടിരുന്നു.

ആദ്യം തങ്ങൾ താമസിച്ചിരുന്നതും ബ്രിജിത്ത മമ്മിയുടെ സ്വന്തമായിരുന്നതുമായ കെട്ടിടവും അലീന സ്റ്റാൻലിയെ കാണിച്ചു.

ആൾവാസമില്ലാതെ അടഞ്ഞു കിടന്ന ആ കെട്ടിടത്തോടു ചേർന്ന് സ്കൂൾ ഷെഡ്ഡുപോലെ തോന്നിപ്പിക്കുന്ന ഒരു മേൽക്കൂരയും കാണാമായിരുന്നു. ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ മേൽക്കൂരയ്ക്കു മീതെ ധാരാളം പാഴ്ചെടികൾ വളർന്ന് ഉണങ്ങിനിന്നിരുന്നു.

"ഇവിടെയാ എനിക്ക് ഓർമവെച്ചത്. ഒരുപാടു വർഷം ഇവിടെ താമസിച്ചു. ആ ഷെഡ് നിറയെ അഗതികളായിരുന്നു.

അലീന സ്റ്റാൻലിയോടു പറഞ്ഞു.

മുൻപു ജീവകാരുണ്യ പ്രവൃത്തികളുടെ വിളനിലമായിരുന്ന ആ സ്ഥലം ഇന്നൊരു മൃതഭൂമി പോലെ തോന്നിച്ചു."

ബ്രിജീത്താ മമ്മിയെ അടക്കിയ സെമിത്തേരിയിലേക്ക് പോകാനിറങ്ങിയപ്പോൾ അലീന സ്റ്റാൻലിയോടു പറഞ്ഞു.

"പപ്പ കാറിലിരുന്നാ മതി കേട്ടോ.... ഞാനിപ്പം വരാം,"

പക്ഷേ സ്റ്റാൻലി ഇറങ്ങി കൂടെച്ചെല്ലുകതന്നെ ചെയ്തു.

സെമിത്തേരിയിൽ ബ്രിജീത്താ മമ്മിയെ സംസ്കരിച്ച കല്ലറയ്ക്കു മീതെയുള്ള സ്ലാബിന്മേൽ വാടിക്കരിഞ്ഞ പൂക്കളും ഛിന്നഭിന്നമായ റീത്തുകളും പാതിയുരുകിയ മെഴുകുതിരികളും അവൾ കണ്ടു.

സ്ലാബിനുമീതെ മറ്റാരുടെയോ പേര് കോറിയിട്ടിരിക്കുന്നു. ആ കല്ലറയ്ക്കുള്ളിൽ മറ്റൊരു ശവസംസ്കാരംകൂടി നടന്നുകഴിഞ്ഞിരിക്കുന്നുവെന്ന് അവൾക്കു മനസ്സിലായി.

ബ്രിജീത്താ മമ്മിയുടെ ശവകുടീരം കളങ്കപ്പെട്ടതുപോലൊരു വിഷമം അലീനയ്ക്കുണ്ടായി. ജീവിതത്തിന്റെ നല്ല പങ്കും അനാഥർക്കും അശരണർക്കും വേണ്ടി ഉഴിഞ്ഞുവെച്ച ത്യാഗനിധിയായ ആ അമ്മയ്ക്ക് ആറടി മണ്ണുപോലും സ്വന്തമായില്ലല്ലോ എന്നോർത്ത് അവൾ വേദനിച്ചു.

കണിയാപുരത്തെ കോൺവെന്റിലും അലീന സ്റ്റാൻലിയെ കൂട്ടിക്കൊണ്ടുപോയി. അവിടുത്തെ കന്യാസ്ത്രീകൾക്കു സ്റ്റാൻലിയെപരിചയപ്പെടുത്തി.

"എന്റെ പപ്പയാ...."

അവൾ പറഞ്ഞു. കന്യാസ്ത്രീകൾ സംശയത്തോടെ നോക്കുന്നതു കണ്ട് അവൾ ആവർത്തിച്ചു പറഞ്ഞു.

"സംശയിക്കണ്ട... എന്റെ സ്വന്തം പപ്പയാ."

പക്ഷേ, കോൺവെന്റിലെ കന്യാസ്ത്രീകൾക്ക് അലീന കുട്ടിയായിരിക്കുമ്പോഴേ അവളെ അറിയാം. ഇരുപത്തിമൂന്നു വയസ്സുവരെ ഇങ്ങനെയൊരാളെ അവർ കണ്ടിട്ടില്ല.

പക്ഷേ, അലീനയ്ക്കു കഥ വിസ്തരിച്ചു പറയാനൊന്നും സമയമില്ല. യഥാർത്ഥ വിവരങ്ങൾ അവൾക്ക് അറിയുകയുമില്ല. അവളുടെ ധർമസങ്കടം കണ്ട് സ്റ്റാൻലി പറഞ്ഞു.

"ഞാൻ നിന്റെ പപ്പയാണെന്നു പറയണ്ട. ആരു വിശ്വസിക്കും. എല്ലാവരുടെയും മുഖത്തു സംശയമാണ്."

"എനിക്കു പറയണം. ഞാൻ നുണയല്ലല്ലോ പറയുന്നത്. സത്യമല്ലേ." അലീന ശാഠ്യം പിടിച്ചു.

കഴക്കൂട്ടത്തുനിന്നു മടങ്ങുമ്പോഴേക്കും നേരം സന്ധ്യയായി. തിരിച്ചുവരുമ്പോൾ കൊല്ലത്ത് ത്യാഗഭവനിൽ കയറി ചിന്നുമോളെ കാണണമെന്നുണ്ടായിരുന്നു അലിനയ്ക്ക്. പക്ഷേ, ആറ്റിങ്ങലിലുള്ള ഓർഫനേജിൽക്കൂടി കയറിയിറങ്ങുമ്പോഴേക്കും നേരം നന്നേ വൈകി. ഇനി വർക്കലയിലും പോകാനുണ്ട്.

പപ്പാ ക്ഷീണിതനാണെന്ന് അലീനയ്ക്കു മനസ്സിലായി.

ഇടയ്ക്കിടെ കോട്ടുവായിടുന്നുണ്ട്. മദ്യപിക്കാത്തതിന്റെ അസ്വസ്ഥതയുമുണ്ടെന്നു തോന്നി.

വർക്കലയിലെ ഓർഫനേജിൽ കൊടുക്കാനുള്ള ഗിഫ്റ്റ് പായ്ക്കറ്റുകളുമായി അലീന ഇറങ്ങിയപ്പോൾ ഒപ്പം ചെല്ലാൻ തുനിഞ്ഞ സ്റ്റാൻലിയോട് അവൾ പറഞ്ഞു.

"പപ്പാ കാറിലിരുന്നാ മതി..... ഞാനിപ്പം ."

സ്റ്റാൻലി സമ്മതിച്ചു.

അവൾ തിരിച്ചു വന്നപ്പോൾ സ്റ്റാൻലി സ്റ്റിയറിങ്ങിൽ തലവെച്ചു കിടന്ന് ഉറങ്ങുകയാണ്.

അലീന ഡോർ തുറക്കുന്ന ശബ്ദം കേട്ട് അയാൾ ഞെട്ടിയുണർന്നു. അലീന സീറ്റിലേക്കു കയറിയിരുന്നു. അയാളുടെ ഇടതുതോളിൽ പിടിച്ചു യാചനാസ്വരത്തിൽ അവൾ പറഞ്ഞു.

"പപ്പാ സോറി.... നമുക്കു തിരിച്ചു പോകാം."

"ഇനി രണ്ടു സ്ഥലത്തുകൂടി പോകാനില്ലേ?"

"വേണ്ട... പപ്പയ്ക്കു വയ്യ."

"അതു സാരമില്ല.... നമുക്കു പോകാം." സ്റ്റാൻലി ഉഷാറായി നിവർന്നിരുന്നു.

അലീന വിതുമ്പിക്കൊണ്ട് അയാളുടെ തോളിലേക്കു മുഖം ചായ്ച്ചു.

"സോറി.... പപ്പേടെ വല്ലായ്മ ഞാൻ കണ്ടില്ല.... സോറി. ഇനിയെങ്ങും പോകണ്ട പപ്പാ."

സ്റ്റാൻലി അവളുടെ പുറത്തുകൂടി കൈ ചുറ്റി ചേർത്തുപിടിച്ചുകൊണ്ടു മുഖത്തേക്കു ഉറ്റുനോക്കി.

"നിനക്കു സന്തോഷമായോ?"

"ങും...." അവൾ തേങ്ങി.

"ഓകെ...."

സ്റ്റാൻലി കാർ സ്റ്റാർട്ട് ചെയ്തു. ഇരുട്ടിന്റെ പാരാവാരത്തിലേക്കു വെളിച്ചത്തിന്റെ രണ്ടു തുരങ്കങ്ങൾ സൃഷ്ടിച്ചുകൊണ്ടു ഹെഡ്‌ലൈറ്റുകൾ പ്രകാശിച്ചു. കാർ പിന്നെയും ഓടിത്തുടങ്ങി.

*** *** ***

ദുഃഖവെള്ളി കഴിഞ്ഞു.

ശനിയാഴ്ച ബ്രേക്ക് ഫാസ്റ്റിന് ഇരുന്നപ്പോൾ ഔതക്കുട്ടിച്ചായൻ സ്റ്റാൻലിയോടു പറഞ്ഞു.

"ലാലിച്ചാ, നീ നിന്റെ മോൾടെ കാര്യങ്ങളൊക്കെ സാധിച്ചുകൊടുത്തു. നിന്റെ അപ്പനു യാതൊരു വെലയുമില്ല. അല്ലേ?"

''അപ്പച്ചനു വെലയില്ലെന്നാരു പറഞ്ഞു?" സ്റ്റാൻലി ചോദിച്ചു.

"ഒണ്ടായിരുന്നെങ്കി നീ എന്റെ ആഗ്രഹം സാധിച്ചു തരുമായിരുന്നല്ലോ."

"ഓ.... പുനലൂര് ഈസ്റ്റർ ആഘോഷിക്കുന്ന കാര്യം! അത് അപ്പച്ചനിതുവരെ വിട്ടില്ലേ?"

"അടുത്ത കൊല്ലം ഞാനില്ലെങ്കില് നീയിരുന്ന് ഓർക്കും.... അപ്പച്ചന്റെ ആശ നടത്തിക്കൊടുക്കേണ്ടതായിരുന്നെന്ന്. മക്കൾ അപ്പന്മാരുടെ വില മനസ്സിലാക്കി വരുമ്പോഴേക്കും അവര് ഈ ലോകംവിട്ടു പൊയ്ക്കഴിഞ്ഞിരിക്കും..... അങ്ങനാ പതിവ്. ഇനി നീയായിട്ട് ആ പതിവു തെറ്റിക്കണ്ട."

സ്റ്റാൻലി ഒന്നും മിണ്ടിയില്ല.

ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞു മുറിയിലെത്തിയ ശേഷം അയാൾ അലീനയെ വിളിച്ചു പറഞ്ഞു.

"നീ ചെന്ന് ഔതക്കുട്ടിച്ചായനോടു പറ. പുനലൂർക്ക് പോകാമെന്ന്. ഇത്തവണ കൊട്ടാരമറ്റം തറവാട്ടിൽവെച്ച് ഈസ്റ്റർ ആഘോഷിച്ചില്ലെന്ന പരാതി വേണ്ട."

"ങ്ഹേ! നേരാണോ പപ്പാ.... അപ്പോ നമ്മളോ? "

"നമ്മളോടുംകൂടിയാ പറഞ്ഞത്. ചിന്നമ്മയില്ലാതെ കിളവനിവിടുന്നു പോകുമോ പുനലൂർക്ക്."

അലീനയ്ക്കു ചിരിവന്നു.

"ഈ പപ്പേടെ ആരു കാര്യം. ചെലപ്പം ഒരു പിടീം കിട്ടത്തില്ല."

ആലീന ആഹ്ലാദത്തോടെ ഓടിപ്പോകുന്നതും നോക്കി സ്റ്റാൻലി ചെറുചിരിയോടെ നിന്നു.

അലീന ഔതക്കുട്ടിച്ചായന്റെ മുൻപിൽ ചെന്ന് ഒരു വിളംബരം നടത്തി.

"ഈ വർഷത്തെ ഈസ്റ്റർ മഹാമഹം പുനലൂർ കൊട്ടാരമറ്റം തറവാട്ടിൽ വെച്ചു പൂർവാധികം ഭംഗിയായി കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു. ഇത്, റിട്ടയേർഡ് ലഫ്റ്റനന്റ് കേണൽ സ്റ്റാൻലി ജോസഫിന്റെ ഓർഡർ. കൊട്ടാരമറ്റത്തിൽ ഔതക്കുട്ടിച്ചായൻ എത്രയുംവേഗം സ്ഥലംവിടാൻ ഒരുങ്ങിക്കൊള്ളേണ്ടതാണ്."

ഔതക്കുട്ടിച്ചായൻ കണ്ണുമിഴിച്ചു നിൽക്കേ അവൾ തന്റെ മുറിയിലേക്ക് ഓടി.

സെൽഫോൺ എടുത്ത് ആദ്യത്തെ കോൾ പുനലൂരിലേക്ക് ആൻസിക്കും റോബർട്ടിനും. അടുത്തത് ജോസുകുട്ടിക്കും സാന്ദ്രയ്ക്കും. അതിനടുത്ത കോൾ റോണിക്കും ഷോബിക്കും.

എല്ലായിടത്തേക്കും ഒരേ പല്ലവിതന്നെ ആവർത്തിച്ചു വിവരം അറിയിച്ച ശേഷം അവൾ പോകാനുള്ള ഒരുക്കം തുടങ്ങി.

രണ്ടു മണിക്കൂറിനുള്ളിൽ വീടുപൂട്ടി ആന്റപ്പനെ താക്കോൽ ഏല്പിച്ച് സ്റ്റാൻലിയും ഔതക്കുട്ടിച്ചായനും അലീനയും ഇറങ്ങി.

കാറിലിരിക്കുമ്പോൾ അലീന ഔതക്കുട്ടിച്ചായനോടു പറഞ്ഞു.

''ഇപ്രാവശ്യം തിരിച്ചു വരുമ്പം ഷെറിനാന്റിയെക്കൂടി കൊണ്ടുവരണം കുളത്തുപ്പുഴയ്ക്ക്."

"അതെന്തിനാ?"

ഔതക്കുട്ടിച്ചായന്റെ നരച്ച പുരികം വളഞ്ഞു.

"എനിക്കൊരു കൂട്ടുവേണം.... ഷെറിനാന്റിക്കും ഒരു കൂട്ടുവേണം."

"ആൽബീം റോണീം സമ്മതിക്കുമെന്നു തോന്നുന്നില്ല,"

"അവരേക്കാളും അധികാരോം അവകാശോം ഉള്ള രണ്ടുപേരുണ്ടല്ലോ.... എന്റെ പപ്പയും വല്യപ്പച്ചനും. തലയിരിക്കുമ്പം വാലിളകേണ്ട കാര്യമില്ലല്ലോ."

അലീന പറഞ്ഞു.

ഔതക്കുട്ടിച്ചായൻ മൗനം അവലംബിച്ചു.

(തുടരും)

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Tel. (    ) ________ Signature ________

- ❑ Enclosing $ 375.00 for Long Membership.✪
- ❑ Enclosing my subscription of $49.00 for one year.
- ❑ Enclosing my subscription of $90.00 for two year.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Year | Lifelong* |
|---|---|---|
| $49.00 | $90.00 | $375.00 |
| REG. $55.00 | REG. $98.00 | REG. $490.00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS

2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA MasterCard DISCOVER


FLOWERS TV USA
STAR SHOW 2020
MAY & JUNE 2020
FLOWERS USA HD
| Manoj K. Jayan - Actor | Lakshmi Gopalaswami - Actress |
| Kottayam Nazeer - Comedy | Durga Krishna - Actress |
| Kannur Shereef - Singer | Sneha Ajith - Artist |
| Kalabhavan Prajod - Comedy |
| Soumya Sadanandan - Singer |
| Vaigha Rose- Actress |
| Rubbe - Artist & Choreographer |
| Rajeesh - Keyboard |
Show Director
BIJU ZACHARIA
Progamme Manager
JOE PUTHUSSERY
For more information:
BIJU ZACHARIA @ 847 630 6462, T.C.CHACKO @ 214 682 7672
REKHA NAIR @ 614 886 1870, SANJEEV SHANMUGHAMPILLAI @ 425 502 2417




Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**